2020 ഏപ്രിൽ
06
തിങ്കൾ
1195 മീനം 24

മെട്രോ വാർത്ത

Scan me
www.metrovaartha.com

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ | റായ്പുർ   www.metrovaartha.com   12 പേജ് ₹ 7.00   KOZHIKODE

വെളിച്ചമേ നയിച്ചാലും..!
കൊവിഡ് രോഗവ്യാപനത്തിനെതിരേ നടക്കുന്ന പോരാട്ടത്തിൽ രാജ്യത്തിന്റെ ശക്തി പ്രകടിപ്പിക്കാനും ലോക് ഡൗൺ കാലത്ത് അകലം പാലിച്ച് വീടുകളിൽ കഴിയുന്നവരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കാനുമായി സംഘടിപ്പിച്ച ദീപം തെളിക്കലിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി കേരളീയ ശൈലിയിൽ മുണ്ടുടുത്ത് തന്റെ ഔദ്യോഗിക വസതിക്കു മുന്നിൽ വലിയ നിലവിളക്കു തെളിച്ചപ്പോൾ.

പോരാട്ടത്തിന് പ്രകാശമേകി രാജ്യത്തെങ്ങും ദീപാവലി

കൊച്ചി: മാരകമായ കൊവിഡ് 19 പകർച്ച വ്യാധിയെ നേരിടുന്നതിൽ രാജ്യത്തിന്റെ ഐക്യം പ്രകടിപ്പിക്കാനും, ലോക് ഡൗണിൽ വീടിനുള്ളിൽ കഴിയുന്നവർക്കും നിരീക്ഷണത്തിലുള്ളവർക്കും ധൈര്യവും ആത്മവിശ്വാസവും പകരാനും, വൈറസിനെതിരേയുള്ള പോരാട്ടത്തിനു കരുത്തേകാനും പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്ത ദീപം തെളിക്കൽ രാജ്യമൊന്നടങ്കം ഒരേമനസോടെ ഏറ്റെടുത്തു.

ഇന്നലെ രാത്രി ഒൻപതിനു തന്നെ വീടുകൾക്കു മുന്നിലും ബാൽക്കണികളിലും ചെരാതുകളും മെഴുകുതിരികളും ടോർച്ചുകളും മൊബൈൽ ഫോണിലെ ഫ്ലാഷ് ലൈറ്റുകളും പ്രകാശിച്ചു. രാജ്യത്തെ ഗ്രാമ, നഗര വ്യത്യാസമില്ലാതെ എല്ലായിടത്തും കോടാനുകോടി ദീപങ്ങളാണു തെളിഞ്ഞത്. പ്രധാനമന്ത്രി നരേന്ദ്ര മോദി ഡൽഹിയിലെ തന്റെ വസതിക്കു മുന്നിൽ നീലക്കരയുള്ള മുണ്ടുടുത്താണു വലിയ നിലവിളക്കിൽ തിരി തെളിച്ചത്. മുഖ്യമന്ത്രി പിണറായി വിജയന്റെ ഔദ്യോഗിക വസതിയായ ക്ലിഫ് ഹൗസിലും സംസ്ഥാനത്തെ മറ്റു മന്ത്രിമാരുടെ വസതികളിലും കൃത്യം ഒൻപതിനു തന്നെ ലൈറ്റുകൾ അണച്ച് ദീപങ്ങൾ തെളിച്ചു.

കൊവിഡ് രോഗബാധയെ ചെറുക്കാൻ ജനത കർഫ്യൂ, 21 ദിവസം ലോക് ഡൗൺ എന്നിവ പ്രഖ്യാപിച്ചതിനു പിന്നാലെയാണു മോദി ജനങ്ങളുടെ ഐക്യം പ്രകടിപ്പിക്കാനായി ദീപം തെളിക്കാൻ ആഹ്വാനം ചെയ്തത്.

രാഷ്ട്രപതി രാംനാഥ് കോവിന്ദ്, ഉപരാഷ്ട്രപതി വെങ്കയ്യ നായിഡു, കേന്ദ്രമന്ത്രിമാർ, വിവിധ സംസ്ഥാന മുഖ്യമന്ത്രിമാർ, കലാകാരന്മാർ, സാമൂഹ്യ പ്രവർത്തകർ, ആധ്യാത്മിക നേതാക്കൾ എന്നിവരെല്ലാം ആഹ്വാനത്തിൽ പങ്കുചേർന്നു.

കേരളത്തിൽ നിന്ന് മമ്മൂട്ടി, മോഹൻലാൽ, ജയസൂര്യ, ഗായിക ചിത്ര, നടിമാരായ സുരഭി ലക്ഷ്മി, അനുശ്രീ, ജോയ് മാത്യു അടക്കം നിരവധി പ്രമുഖർ ദീപം തെളിക്കലിനെ പിന്തുണച്ച് സോഷ്യൽ മീഡിയയിലൂടെ രംഗത്തുവന്നിരുന്നു. മമ്മൂട്ടിയുടെ പിന്തുണയ്ക്ക് പ്രധാനമന്ത്രി മോദി ടിറ്ററിലൂടെ നന്ദിയും പ്രകടിപ്പിച്ചു.

മരുന്നു വേണം: മോദിയോട് ട്രംപ്

പരിഗണിക്കാമെന്നു മോദിയുടെ ഉറപ്പ്

വാഷിങ്ടൺ: കൊവിഡ് ദുരന്തം വേട്ടയാടുന്ന യുഎസ് ഇന്ത്യയുടെ സഹായം തേടി. ഒരോ മിനിറ്റിലും രണ്ടര ആളുകൾ എന്ന കണക്കിൽ മരണമടയുന്ന ന്യൂജഴ്സിയിലടക്കം വൻ പ്രതിസന്ധി നേരിടുന്ന യുഎസിലേക്ക് ഇന്ത്യ നിർമിക്കുന്ന ഹൈഡ്രോക്ലോറോകിൻ എന്ന ഗുളിക ആവശ്യത്തിന് എത്തിച്ചു തരണമെന്ന് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഇന്നലെ പ്രധാനമന്ത്രി നരേന്ദ്ര മോദിയോടു നേരിട്ടാണ് അഭ്യർഥിച്ചത്. ആന്റി കൊറോണ വൈറസ് ടാസ്ക് ഫോഴ്സുമായി കൂടിക്കാഴ്ച നടത്തിയ ശേഷമാണ് നരേന്ദ്ര മോദിയെ പ്രസിഡന്റ് ട്രംപ് ഫോണിൽ വിളിച്ചത്.

ഇന്ത്യയിൽ മലേറിയയ്ക്കെതിരേ പ്രയോഗിക്കുന്ന ഹൈഡ്രോക്ലോറോകിൻ എന്ന വാക്സിൻ കൊവിഡ് 19 വൈറസുകൾക്കെതിരേ ഫലപ്രദമായി പ്രയോഗിക്കാമെന്നു തെളിയിച്ചിട്ടുണ്ട്. താരതമ്യേന വില കുറവുള്ള ഈ ഗുളിക നിലവിലെ സാഹചര്യത്തിൽ യുഎസിലെ കൊവിഡ് രോഗികൾക്ക് ഏറെ പ്രയോജനകരമാണ്. എന്നാൽ പൂർണമായും ഇന്ത്യയുടെ കുത്തകയും ഇവിടെ മാത്രം ഉത്പാദനവുമുള്ള ഗുളിക കയറ്റിയയ്ക്കുന്നതിന് ഇന്ത്യ ശനിയാഴ്ച മുതൽ വിലക്ക് ഏർപ്പെടുത്തിയിരുന്നു. കയറ്റുമതിക്കാര്യത്തിൽ ഒരിളവും അനുവദിക്കില്ലെന്നായിരുന്നു ഡയറക്റ്ററേറ്റ് ജനറൽ ഓഫ് ഫോറിൻ ട്രെയ്ഡിന്റെ കർശന നിലപാട്. കയറ്റുമതി നിരോധനം ശനായാഴ്ച തന്നെ പ്രാബല്യത്തിൽ വരുകയും ചെയ്തു. ഇതിനു തൊട്ടു പിന്നാലെയാണ് മോദിയെ തേടി ട്രംപിന്റെ വിളിയെത്തിയത്.

"ഞാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ദീർഘ നേരം സംസാരിച്ചു. കൊവിഡ് പ്രതിരോധത്തിനും ചിത്സയ്ക്കും ഫലപ്രദമായ ടാബ്ലെറ്റാണ് ഹൈഡ്രോക്ലോറോകിൻ. ഈ ഗുളിക വളരെക്കൂടുതൽ ഉത്പാദിപ്പിക്കുന്ന രാജ്യമാണ് ഇന്ത്യ. അവരുടെ കൈയിൽ ആവശ്യത്തിൽ കൂടുതൽ സ്റ്റോക്കുണ്ട്. എന്നാൽ കയറ്റുമതിക്കാര്യത്തിൽ അവർക്കു ചില നിയന്ത്രണങ്ങൾ വന്നു. അത് ഒഴിവാക്കിത്തരണമെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദിയോട് അഭ്യർഥിച്ചിട്ടുണ്ട്. ഉദാരമായി പരിഗണിക്കാമെന്നാണ് അദ്ദേഹം പറഞ്ഞത്." വൈറ്റ് ഹൗസിലെ പതിവു പത്രസമ്മേളനത്തിൽ ട്രംപ് വിശദീകരിച്ചു.

കൊവിഡ് പ്രതിരോധത്തിനും ചികിത്സയ്ക്കും ഇന്ത്യയിൽ നിന്ന് ഔഷധം വേണമെന്ന് ആവശ്യപ്പെടുന്ന ആദ്യ രാജ്യമാണ് യുഎസ്. മലേറിയ ചികിത്സയ്ക്കു പണ്ടു മുതൽക്കേ ഉപയോഗിക്കുന്ന ഗുളികയാണിത്. അതിന്റെ വകഭേദമണിപ്പോൾ കൊവിഡ് 19നെതിരേ വിജയകരമായി പ്രയോഗിക്കുന്നത്.

ഇതിനു പുറമേ എച്ച്ഐവി വൈറസുകൾക്കെതിരേ നൽകുന്ന ചില വാക്സിനുകളുടെ കോംപിനേഷനും കൊവിഡ് 19നെതിരേ വിജയകരമാണെന്നു ഇവിടെ കണ്ടെത്തിയിരുന്നു. ഏതാനും ദിവസം മുൻപ് കൊവിഡ് ബാധിച്ചു മുങ്ങിനടന്ന ബ്രിട്ടീഷ് പൗരനെ കണ്ടെത്തി കളമശേരി മെഡിക്കൽ കോളെജ് ആശുപത്രിയിൽ നൽകിയ ചികിത്സയ്ക്ക് ഈ മരുന്നാണ് ഉപയോഗിച്ചത്. റിറ്റോനാവിർ, ലോപ്പിനാവിർ എന്നീ മരുന്നുകളുടെ കോംപിനേഷനാണ് ബ്രിട്ടീഷ് പൗരനു നൽകിയത്. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസേർച്ചിന്റെ അംഗീകാരത്തോടെയും രോഗിയുടെ സമ്മതത്തോടെയുമാണ് ഈ വാക്സിൻ നൽകിയത്. ഏഴു ദിവസത്തെ ചികിത്സയ്ക്കു ശേഷം നെഗറ്റിവ് ആയി അദ്ദേഹം ആശുപത്രി വിട്ടു. രോഗം ഗുരുതരമായ മറ്റു ചിലരിലും ഈ ഔഷധം പ്രയോഗിക്കുന്നുണ്ട്.

ഉന്നത നേതാക്കളുമായി മോദിയുടെ ചർച്ച

ന്യൂഡൽഹി: രാജ്യത്തെ രാഷ്ട്രീയ കക്ഷികളുടെ ഉന്നത നേതാക്കൾ, മുൻ രാഷ്ട്രപതിമാർ തുടങ്ങിയവരുമായി കൊവിഡ് വ്യാപനവും പ്രതിരോധ നടപടികളും ചർച്ച ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. കോൺഗ്രസ് അധ്യക്ഷ സോണിയ ഗാന്ധി, പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി, മുൻ രാഷ്ട്രപതിമാരായ പ്രണബ് മുഖർജി, പ്രതിഭ പാട്ടീൽ, മുൻ പ്രധാനമന്ത്രിമാരായ മൻമോഹൻ സിങ്, എച്ച്.ഡി. ദേവഗൗഡ തുടങ്ങിയവരുമായി മോദി സംസാരിച്ചു. വിവിധതലങ്ങളിൽ പ്രധാനമന്ത്രി നടത്തുന്ന ചർച്ചകളുടെ ഭാഗമാണിതെന്ന് സർക്കാർ വൃത്തങ്ങൾ.

മുലായം സിങ് യാദവ്, അഖിലേഷ് യാദവ്, നവീൻ പട്നായിക്, കെ. ചന്ദ്രശേഖർ റാവു, എം.കെ. സ്റ്റാലിൻ, പ്രകാശ് സിങ് ബാദൽ എന്നിവരുമായും മോദി സംസാരിച്ചു. പാർലമെന്റിലെ വിവിധ കക്ഷികളുടെ നേതാക്കളുമായി ഈ മാസം എട്ടിന് പ്രധാനമന്ത്രി വിഡിയോ ലിങ്ക് വഴി ചർച്ച നടത്തുന്നുണ്ട്.

കൊറോണ: രണ്ടു മലയാളികൾ കൂടി വിദേശത്തു മരിച്ചു

കോട്ടയം: കൊറോണ ബാധിച്ച് രണ്ടു മലയാളികൾ കൂടി വിദേശ രാജ്യങ്ങളിൽ മരിച്ചു. മലയാളി വിദ്യാർഥി തിരുവല്ല കടപ്ര വലിയപറമ്പിൽ തൈക്കടവിൽ ഷോൺ ഏബ്രഹാം (21) ന്യൂയോർക്കിലും കോട്ടയം കുറുപ്പന്തറ സ്വദേശി ബീന ജോർജ് (54) അയർലൻഡിലുമാണ് മരിച്ചത്. ക്യാൻസർ ചികിത്സയിലായിരുന്നു ബീന. രണ്ടു ദിവസം മുൻപാണ് ബീനയ്ക്ക് കൊവിഡ് സ്ഥിരീകരിച്ചത്.

കൊറോണ സ്ഥിരീകരിച്ചതിനെ തുടർന്ന് ന്യൂയോർക്കിൽ ഒരാഴ്ചയോളം ചികിത്സയിലായിരുന്നു ഷോൺ ഏബ്രഹാം. ന്യൂയോർക്കിലെ എൽമണ്ടിൽ സ്ഥിരതാമസക്കാരനായിരുന്ന ഷോൺ കൊമേഴ്സ് വിദ്യാർഥിയായിരുന്നു. അമെരിക്കയിലെ മലയാളി സംഘടന ഫോമയുടെ സ്ഥാപക നേതാക്കളിലുൾപ്പെട്ട കടപ്ര വലിയപറമ്പിൽ തൈക്കടവിൽ സജി ഏബ്രഹാമിന്റെ മകനാണ്.

ബീന ജോർജ്, ഷോൺ ഏബ്രഹാം

8 പേർക്കു കൂടി രോഗബാധ
1,58,617 പേർ നിരീക്ഷണത്തിൽ

തിരുവനന്തപുരം: കേരളത്തിൽ എട്ടുപേർക്ക് കൂടി കൊവിഡ് 19 കൊറോണ വൈറസ് ബാധ സ്ഥിരീകരിച്ചു. കോഴിക്കോട് ജില്ലയിൽ നിന്ന് അഞ്ചു പേർക്കും പത്തനംതിട്ട, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിന്നും ഓരോരുത്തർക്കുമാണ് രോഗം സ്ഥിരീകരിച്ചത്. കോഴിക്കോട് ജില്ലയിൽ രോഗം ബാധിച്ചവരിൽ നാലു പേർ ഡൽഹി നിസാമുദ്ദീൻ മർകസിൽ നിന്നും ഒരാൾ ദുബായിൽ നിന്നും വന്നതാണ്.

പത്തനംതിട്ടയിൽ രോഗം സ്ഥിരീകരിച്ചയാൾ ഡൽഹിയിൽ നിന്നു വന്നതാണ്. കണ്ണൂർ, കാസർഗോഡ് ജില്ലയിലുള്ളവർക്ക് രോഗം ബാധിച്ചത് സമ്പർക്കത്തിലൂടെയാണ്. നിസാമുദ്ദീനിൽ നിന്നും വന്ന 10 പേർക്കാണ് ഇതുവരെ രോഗം സ്ഥിരീകരിച്ചത്. പത്തനംതിട്ടയിൽ രോഗം സ്ഥിരീകരിച്ച വ്യക്തിക്ക് ഡൽഹിയിൽ നിന്നു വന്ന ട്രെയ്നിൽ സമ്പർക്കത്തിലൂടെയാണു പകർന്നതെന്നാണു സൂചന. നിസാമുദ്ദീനിൽ നിന്നു വന്നവർ ഈ ട്രെയ്നിലുണ്ടായിരുന്നു എന്നാണു വിവരം.

കേരളത്തിൽ 314 പേർക്കാണ് ഇരേവരെ രോഗബാധ സ്ഥിരീകരിച്ചത്. ആറുപേരുടെ പരിശോധനാ ഫലം ഇന്നലെ നെഗറ്റീവ് ആയി. കണ്ണൂർ ജില്ലയിൽ നിന്നും 4 പേരുടെയും തിരുവനന്തപുരം (മലപ്പുറം സ്വദേശി), കോഴിക്കോട് ജില്ലകളിൽ നിന്നും ഓരോരുത്തരുടേയും പരിശോധനാ ഫലമാണ് നെഗറ്റീവായത്. നിലവിൽ 256 പേർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. ഇതുവരെ ആകെ 56 പേർ രോഗമുക്തി നേടി ഡിസ്ചാർജായി. രണ്ട് പേർ മരിച്ചിരുന്നു.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1,58,617 പേർ നിരീക്ഷണത്തിലാണ്- 1,57,841 പേർ വീടുകളിലും 776 പേർ ആശുപത്രികളിലും. 188 പേരെയാണ് ഇന്നലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

പേജ് 5

കൊവിഡ് ലോക് ഡൗൺ നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ ഓശാനപ്പെരുന്നാൾ ദിനമായ ഇന്നലെ തിരുവനന്തപുരം പാളയം സെന്റ് ജോസഫ്സ് കത്തീഡ്രലിൽ ഒഴിഞ്ഞ ബെഞ്ചുകൾക്കിടയിൽ മാസ്ക് ധരിച്ച് ഏകനായി പ്രാർഥിക്കുന്ന വിശ്വാസി. *» കെ.ബി. ജയചന്ദ്രൻ*

സ്വർണം

ഗ്രാം	- 3,975
പവൻ	- 31,800

www.facebook.com/metrovaarthaofficial

സ്ത്രീയുടെ 'അധൈര്യത്തിലെ ധൈര്യ'വുമായി ഷാജി എൻ. കരുൺ

എം.ബി. സന്തോഷ്

തിരുവനന്തപുരം: സ്ത്രീയുടെ അധൈര്യത്തിലെ ധൈര്യം പ്രമേയമാക്കി പുതിയ ചലച്ചിത്രത്തിന്റെ പിറവിക്കുള്ള എഴുത്തിലേക്കു കടന്നിരിക്കുകയാണ് ലോക സിനിമ ശ്രദ്ധിക്കുന്ന മലയാളത്തിന്റെ പ്രിയപ്പെട്ട സംവിധായകൻ ഷാജി എൻ. കരുൺ.

ജനനം, മാതൃത്വം ഉൾപ്പെടെ സ്ത്രീയുടെ പല തലങ്ങളിലായി വ്യാപരിക്കുന്ന അത്മാംശം പ്രകൃതിയുമായി എങ്ങനെയെല്ലാം ഇടപഴകി മുന്നോട്ടുപോകുന്നു എന്നതിന്റെ കൂടിയുള്ള അന്വേഷണമായിരിക്കും ഈ ചലച്ചിത്രം. കാഴ്ചയുടെ സൗന്ദര്യത്തിലേക്കും ഭാഷയിലേക്കും അനുഭവത്തെ പരിവർത്തനപ്പെടുത്തുക എന്നതാണ് ഷാജി പുതിയ ചിത്രത്തിലൂടെ ഉദ്ദേശിക്കുന്നത്. വീണുകിട്ടിയ കൊറോണ അവധിയെ ആ രീതിയിൽ സർഗാത്മകമായി വിനിയോഗിക്കുകയാണ്. പിറവി, സ്വം, വാനപ്രസ്ഥം, കുട്ടിസ്രാങ്ക്, ഓള് എന്നിവയ്ക്കു ശേഷമുള്ള സിനിമയുടെ ആശയം എഴുതുമ്പോൾ ഇടയ്ക്ക് നിന്നുപോകുന്നുണ്ടെങ്കിലും അത് മറികടക്കാനാവുന്നുണ്ടെന്ന് അദ്ദേഹം.

പണം കൊയ്യുക എന്ന ലക്ഷ്യത്തോടെ സിനിമയെടുക്കുന്നവരെ സിനിമക്കാരെന്ന് വിളിക്കാൻ പറ്റില്ല. അവരെ, സിനിമ എന്ന മാധ്യമത്തെ തന്ത്രപരമായി ഉപയോഗിക്കുന്ന കച്ചവടക്കാരെന്നു പറയാം. മലയാളത്തിൽ അക്രമം അഥവാ വയലൻസ് മുഖ്യപ്രമേയമായ സിനിമകൾ വരുന്നുണ്ട്. ഒരാൾ മരിച്ചു കിടക്കുന്നത് കാണുമ്പോൾ ദയയും വിഷമവുമാണ് പ്രേക്ഷകർക്ക് ഉണ്ടാകേണ്ടത്. എന്നാൽ, ഇവിടെ അത് ആഘോഷമായി മാറുകയാണ്. മരണം സന്തോഷിക്കാവുന്ന ഒന്നാവുന്നു. പുരാണങ്ങളിൽ യുദ്ധമൊക്കെയുണ്ടെങ്കിലും ചോരയുടെ ആഘോഷം തീരെക്കുറവാണ്. എന്നാൽ, ഇവിടെ അക്രമം വിവരിക്കാൻ പോവുകയാണ് കലാകാരനെന്ന് ഷാജി കുറ്റപ്പെടുത്തി.

'കൊറിയക്കാരുടെ വയലൻസിനെപ്പറ്റി പറഞ്ഞാൽ, അവർ കശാപ്പുകാരെക്കാൾ കഷ്ടമാണ്. ഇറച്ചിവെട്ടുകാരനും ഒരു ദയയുണ്ട്, അത് അന്വേഷിക്കുന്നില്ല. ഇറച്ചി മാത്രമേ കാണുന്നുള്ളൂ.'- അദ്ദേഹം പറഞ്ഞു.

കെഎസ്എഫ്ഡിസി ചെയർമാൻ കൂടിയായ ഷാജി എൻ. കരുൺ കേരള ചലച്ചിത്ര അക്കാഡമിയുടെ ആദ്യ ചെയർമാനാണ്. 'കേരള ചലച്ചിത്ര അക്കാഡമിയെ നശിപ്പിച്ചു എന്നുതന്നെ പറയാം. അക്കാഡമിയെ രൂപപ്പെടുത്തുമ്പോഴുണ്ടായിരുന്ന കാഴ്ചപ്പാട് ഇപ്പോൾ അതിനില്ല.

സ്വന്തം ദേഹത്തെ സ്നേഹിക്കുന്ന ആൾക്കാരായി, സ്വന്തം താത്പര്യത്തിന്റെ സംരക്ഷകരായി അക്കാഡമി അധഃപതിച്ചു. വലിയൊരു കാഴ്ചപ്പാടിനെ കാണാൻ അക്കാഡമി തയ്യാറായില്ല'- അദ്ദേഹം മുഖം നോക്കാതെ ആഞ്ഞടിക്കാൻ മടിക്കുന്നില്ല.

ബേക്കറിയിൽ ചായക്കട നടത്തിയതിന് രണ്ട് പേർക്കെതിരേ കേസ്

തേഞ്ഞിപ്പലം: മേലേ ചേളാരിയിൽ ബേക്കറിയിൽ ചായക്കട നടത്തിയതിന് രണ്ടു പേർക്കെതിരെ പൊലീസ് കേസെടുത്തു -പരപ്പനങ്ങാടി - കുണ്ടംകടവ് സ്വദേശി സൈതലവിയുടെ മകൻ അബ്ദുസമ്മത് (47), ചേളാരി - ചേറക്കോട് സ്വദേശി, ചോലക്കാട്ടിൽ അബൂബക്കർ മകൻ മുഹമ്മദ് (39) എന്നിവർക്കെതിരെയാണ് തേഞ്ഞിപ്പലം പൊലീസ് കേസെടുത്തത്. കൊവിഡ് - 19 ന്റെ പശ്ചാത്തലത്തിൽ സർക്കാറിന്റെ നിർദ്ദേശം ലംഘിച്ച് മേലേ ചേളാരിയിൽ സമസ്ത ബിൽഡിംഗിൽ പ്രവർത്തിക്കുന്ന വെസ്റ്റ് ബേക്കറി എന്ന സ്ഥാപനത്തിൽ ഇന്നലെ രാവിലെ ചായ കട നടത്തിയതിനാണ് കേസെടുത്തതെന്ന് പൊലീസ് വ്യക്തമാക്കിയത് .

ഉപ്പ് സത്യാഗ്രഹത്തിന്റെ 90ാം വാർഷികദിനം ഇന്ന്

ബാലുശേരി: ഐതിഹാസികമായഉപ്പ് സത്യാഗ്രഹത്തിന്റെ നവതി ആഘോഷവേളയിൽ കൊറോണ വൈറസിനെതിരെ പടപൊരുതുന്ന എല്ലാ സഹോദരങ്ങൾക്കും ഐക്യദാർഢ്യം പ്രഖ്യാപിച്ച് കൊണ്ട് കേരളത്തിലെ ഗാന്ധിമാർഗപ്രവർത്തകർ സർവോദയ മണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് രാവിലെ 8 മണി മുതൽ വൈകുന്നേരം 5 മണി വരെ സ്വഭവനങ്ങളിൽ ഗാന്ധിജിയിലേക്ക് മടങ്ങാം ആരോഗ്യം സംരക്ഷിക്കാം എന്ന മുദ്രാവാക്യം ഉയർത്തി ഉപവസിക്കും. ബാലുശ്ശേരി മേഖലയിലെ ഉപവാസത്തിന് സ്വാതന്ത്ര്യ സമര സേനാനി കെ.എം.ഗോപാലൻ നായർ നേതൃത്വം നൽകും. ഗാന്ധി സ്മാരക നിധി , ബാപ്പുജി ട്രസ്റ്റ്, സബർമതി ട്രസ്റ്റ്, സമഗ്ര ബാലുശ്ശേരി-ബാലുശ്ശേരിയിലെ മറ്റ് ഗാന്ധിമാർഗപ്രവർത്തകർ ഈ പരിപാടിയിൽ പങ്കാളികൾ ആകുന്നതാണ്.

കയർ മേഖലയെ ഒഴിവാക്കിയത് അനീതിയെന്ന്

തേഞ്ഞിപ്പലം: കോവിഡ്- 19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ ധന സഹായ പാക്കേജിൽ നിന്ന് കയർ മേഖലയിൽ ജോലി ചെയ്യുന്നവരെ ഒഴിവാക്കിയത് അനീതിയാണെന്ന് കേരള സ്റ്റേറ്റ് കയർ തൊഴിലാളി ഫെഡറേഷൻ (ഐഎൻടിയുസി) മലപ്പുറം ജില്ലാകമ്മറ്റി ആക്ഷേപമു ന്നയിച്ചു. കൊറോണ വ്യാപന ഭീഷണിയിൽ കയർ മേഖലയിലെ ആയിരക്കണക്കിന് തൊഴി ലാളികളാണ് തൊഴിൽ സ്തംഭനം നേരിടുന്നത്. സംഘടിത - അസംഘടിത - മറ്റുതൊഴിൽ മേഖലയിലെ തൊഴിലാളികൾക്ക് കോവിഡ് 19-നെതുടർന്ന് സർക്കാർ ധന സഹായ പാക്കേജ് പ്രഖ്യാപിച്ചിട്ടും കയർ മേഖലയിലെആയിരകണക്കിന് തൊഴിലാളികളെ ഒഴിവാക്കിയത് അനീതിയാണ്. അംഗത്വമുള്ള മുഴുവൻ കയർ തൊഴിലാളികൾക്കും ക്ഷേമനിധി ബോർഡിൽ നിന്നും 5000 രൂപ വരുന്ന വിഷുവിന് മുമ്പ് സർക്കാർ ധനസഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡന്റ് സി കൃഷ്ണൻ അധ്യക്ഷത വഹിച്ചു. വി പി ഹംസകോയ, കെ എം പ്രസന്ന കുമാർ, കെ സലീം, കെ എസ് ഉണ്ണി കൃഷ്ണൻ, പി വി ആലിക്കുട്ടി, ടി. കൃഷ്ണ കുമാർ, കെ എം പ്രകാശൻ, ഒ കൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

ജാഗ്രതാ ദിനം ഇന്ന്

കോഴിക്കോട്: ദണ്ഡിയാത്രയുടെ 90-ാം വാർഷികത്തോട് അനുബന്ധിച്ച് ഇന്ന് മണ്ഡലം, വാർഡ് കോൺഗ്രസ് കമ്മിറ്റികളുടെ നേതൃത്വത്തിൽ കോവിഡ് 19 ജാഗ്രതാ ദിനമായി ആചരിക്കും. ഇതിന്റെ ഭാഗമായി ആരോഗ്യ മാർഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നാല് പേർ ചേർന്ന് മണ്ഡലം, വാർഡ് കമ്മിറ്റികളുടെ നേതൃത്വത്തിൽ വൈകീട്ട് അഞ്ച് മണിക്ക് മഹാത്മാഗാന്ധിയുടെ ഛായാചിത്രത്തിൽ പുഷ്പാർച്ചനയും ആരോഗ്യ പ്രവർത്തകർക്കുള്ള നന്ദി വിളംബരവും നടക്കും. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി സ്വാതന്ത്ര്യം എന്തെന്ന് പഠിപ്പിക്കാനും ബ്രട്ടീഷ് സാമ്രാജ്യത്വത്തിനെതിരായിട്ടുള്ള ശക്തമായ സമരമുഖമായ ദണ്ഡിയാത്രയുടെ 90-ാം വാർഷിക പരിപാടി വിപുലമായ തലത്തിൽ നടത്താനിരുന്നത് മാറ്റിവെച്ചുകൊണ്ടാണ് കോവിഡ് 19 ജാഗ്രതാ ദിനമായി ആചരിക്കാൻ തീരുമാനമെടുത്തിരിക്കുന്നത്.

ഇന്നേ ദിവസം ലോകത്ത് കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി പിടഞ്ഞുമരിച്ച ആരോഗ്യ പ്രവർത്തകരോടും മറ്റുള്ളവർക്കുമുള്ള ആദരാഞ്ജലി അർപ്പിക്കുകയും ഈ മഹാമാരിയിൽനിന്ന് മാനവ സമൂഹത്തെ രക്ഷപ്പെടുത്താൻ കഷ്ടപ്പെടുന്ന ആരോഗ്യ പ്രവർത്തകർക്ക് നന്ദി രേഖപ്പെടുത്താനുള്ള നന്ദി വിളംബരവും ഇതിന്റെ ഭാഗമായി നടക്കും. പരിപാടികൾ പൂർണ്ണമായും ആരോഗ്യ മാർഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടായിരിക്കും.

ലോക് ഡൗണിൽ തൊഴിൽ രഹിതരായ നിർധന കുടുംബങ്ങൾക്കുള്ള ഭക്ഷണ കിറ്റ് വിതരണം പള്ളിക്കൽ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ഡോ.എ.കെ മുഹമ്മദ് കുട്ടി ഉദ്ഘാടനം ചെയ്യുന്നു.

തൊഴിൽ രഹിതരായ കുടുംബങ്ങൾക്ക് ഭക്ഷണ കിറ്റ് നൽകി

തേഞ്ഞിപ്പലം: ലോക് ഡൗണിൽ തൊഴിൽ രഹിതരായ നാനൂറോളം നിർധന കുടുംബങ്ങൾക്ക് പള്ളിക്കൽ സർവ്വീസ് സഹകരണ ബാങ്ക് ഭക്ഷണ കിറ്റ് നൽകി . പള്ളിക്കൽ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ഡോ.എ.കെ മുഹമ്മദ് കുട്ടി ഭക്ഷണ കിറ്റ് വിതരണ ഉദ്ഘാടനം നിർവഹിച്ചു. പത്ത് ദിവസത്തേക്കുള്ള ഭക്ഷ്യ വസ്തുക്കളാണ് വിതരണം നടത്തിയത്.ബാങ്ക് സെക്രട്ടറി ടി.പി മുഹമ്മദ് അബ്ദുൽ റഹിമാൻ, സി.അസീസ്, കെ.ടി മുസ്തഫ, എ.സി ഷൈജ, മുസ്തഫ പള്ളിക്കൽ, സി.വേലായുധൻ, കെ.ഖാലിദ് തുടങ്ങിയവർ പങ്കെടുത്തു.

മാസ്കുകൾ മെഡിക്കൽ ഓഫീസർ ഡോ സിന്ധു ഏറ്റുവാങ്ങുന്നു.

മാസ്കുകൾ നിർമിച്ച് നൽകി എൻഎസ്എസ് വൊളന്റിയർമാർ

ബാലുശേരി:കൊറോണ കാലത്തെ അതിജീവിക്കുന്നതിനായി വീടുകളിൽ ഇരുന്ന് മാസ്കുകൾ നിർമ്മിച്ച് നൽകി എൻ എസ് എസ് വൊളന്റിയർമാർ മാതൃകയായി. പലോറ ഹയർ സെക്കന്ററി സ്കൂൾ എൻ എസ് എസ് യൂണിറ്റാണ് വൊളന്റിയർ മാരുടെ അമ്മമാരുടെ സഹായത്താൽ നിർമ്മിച്ചു നൽകിയ മാസ്കുകൾ ഉള്ളിയേരി കമ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എത്തിച്ചു നൽകിയത്. മെഡിക്കൽ ഓഫീസർ ഡോ സിന്ധു ഏറ്റുവാങ്ങി. ഹെൽത്ത് ഇൻപെക്ടർ ബാലകൃഷ്ണൻ, പ്രോഗ്രാം ഓഫീസർ ടി.കെ ശ്രീജ എന്നിവർ സംസാരിച്ചു. അളക എം., മുഹമ്മദ് നാദിൽ, സുരേഷ് മന്നോത്ത് എന്നിവർ നേതൃത്വം നൽകി.

പൊലീസ് സഹായവുമായി ലിസിയുടെ വീട്ടിലെത്തിയപ്പോൾ

ഹൃദയം നിറഞ്ഞു പൊലീസും മനം നിറഞ്ഞു ലിസിയും

പേരാമ്പ്ര : പേരാമ്പ്രയിയെ അറിയപെടുന്ന സാമൂഹ്യപ്രവർത്തകയും തെരുവിന്റെ കൂട്ടുകാരിയായ ഡയാന ലിസിക്ക് ലോക്ക്ഡൗണിൽ സഹായവുമായി പൊലീസെത്തി. രാജസ്ഥാനിൽ നിന്ന് ബന്ധുക്കളുടെ അക്രമണത്തിൽ നിന്ന് രക്ഷപ്പെട്ട് വർഷങ്ങൾക്ക് മുമ്പ് പേരാമ്പ്രയിൽ എത്തിച്ചേർന്ന ഡയാനലിസി പേരാമ്പ്രയിലെ ഉദാരമനസ്ക്കരുടെ സഹായത്താൽ ലഭിച്ച വീട്ടിൽ തനിച്ചാണ് താമസം. പേരാമ്പ്ര ചേനോളി റോഡിലെ വീട്ടിൽ കഴിയുന്ന ഡയാന ലിസിക്ക് ആവശ്യമായ ഭക്ഷ്യ ധാന്യങ്ങൾ പേരാമ്പ്ര ഇൻസ്പെക്ടർ ഓഫ് പൊലീസ് കെ. സുമിത്ത് കുമാറിന്റെ നേതൃത്വത്തിൽ പൊലീസ് വീട്ടിലെത്തിച്ചു നൽകി. ജനമൈത്രി ബീറ്റ് ഓഫീസർമാരായ ശ്രീജിത്ത്, ലിസ്ന സിപിഒ നിജീഷ്, ആർടിപിസിമാരായ രാഹുൽ, പ്രജീഷ് എന്നിവരാണ് ഭക്ഷ്യധാന്യങ്ങളുമായെത്തിയത്. 2020 മാർച്ച് 8 ലോക വനിതാദിനത്തിൽ പേരാമ്പ്ര പൊലീസ് സ്റ്റേഷനിൽ വച്ച് കോഴിക്കോട് റൂറൽ സൂപ്രണ്ട് ഓഫ് പൊലീസ് ഡോ. എ. ശ്രീനിവാസ് ലിസിയെ ആദരിച്ചിരുന്നു.

ഗുഡ്സ് ഓട്ടോറിക്ഷയും ഡ്രൈവറും പിടിയിൽ

തേഞ്ഞിപ്പലം: സിമന്റ് കയറ്റിയ ഗുഡ്സ് - ഓട്ടൊ റിക്ഷയും ഡ്രൈവറും പൊലീസിന്റെ പിടിയിൽ .ചേലേമ്പ്ര - പല്ലിപറമ്പ് , തെക്കേ പറമ്പിൽ കുഞ്ഞി കമ്മുവിന്റെ മകൻ ഹസൻകുട്ടി (46) നെയാണ് പിടി കൂടി കേസെടുത്തത്. ഇടിമുഴിക്കൽ - കൊളക്കുത്ത് റോഡിൽ പെരുന്നീരി ഭാഗത്ത് നിന്ന് ഇന്നലെ11-30നാണ് സംഭവം . സർക്കാറിക്കാറിന്റെ നിർദ്ദേശം ലംഘിച്ച് അനധികൃതമായി ഗുഡ്സ് ഓട്ടോയിൽ സിമന്റ് കയറ്റി പോവു ക യായിരുന്നെന്ന് പൊലീസ് വ്യക്തമാക്കി യത് .കൊവിഡ്ർ - 19 ന്റെ പശ്ചാചാത്തലത്തിൽ സർക്കാർ നിയന്ത്രണങ്ങൾ ലംഘിച്ച് അനധികതമായ് സർവ്വീസ് നടത്തിയതിയതിനാണ് പൊലീസ് കേസെടുത്തത്.

ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്തു

കുറ്റ്യാടി:കോവിഡിന്റെ പശ്ചാത്തലത്തിൽ ലോക് ഡൗൺ സാഹചര്യത്തിൽ നിർദ്ധനരായ കുടുംബങ്ങൾക്ക് ഏഴാം വാർഡ് കോൺഗ്രസ് കമ്മിറ്റി സമാഹരിച്ച നൂറോളം ഭക്ഷ്യധാന്യ കിറ്റുകൾ എടവൻ താഴ കോളനിയിൽ ഗ്രാമപഞ്ചായത്തംഗം എ ടി ഗീത എഡിഎസ് സെക്രട്ടറി അജിതയ്ക്ക് കൈമാറി ഉൽഘാടനം ചെയ്തു ഇ എം അസ്ഹർ അധ്യക്ഷത വഹിച്ചു. ശ്രീജേഷ് ഊരത്ത്, സി എച്ച് മൊയ്തു, കാവിൽ കുഞ്ഞബ്ദുല്ല,എൻ സി നാരായണൻ, പി പി ശശികുമാർ, പി കുഞ്ഞിരാമൻ, എൻ പി മുരളി കൃഷ്ണൻ, കെ കെ ജിതിൻ, എൻ കെ ദാസൻ എന്നിവർ നേതൃത്വം നൽകി

സമൂഹ കിച്ചണിലേക്ക് പച്ചക്കറികൾ നൽകി

തിരൂരങ്ങാടി : നന്നമ്പ്ര പഞ്ചായത്തിലെ സമൂഹ കിച്ചണിലേക്ക് ചെറുമുക്ക് നാട്ടുകാര്യം കൂട്ടായ്മയുടെ ഒരു ദിവസത്തേക്കുള്ള പച്ചക്കറികൾ വിതരണം ചെയ്തു. സമൂഹ കിച്ചണുകളെ ജനകീയമാക്കുക എന്ന ലക്ഷ്യത്തോടെ നന്നമ്പ്രയിലെ വിവിധ രാഷ്ട്രീയ പാർട്ടികൾ, വിവിധ ക്ലബുകൾ ,സന്നദ്ധ സംഘടനകൾ, കൂട്ടായ്മകൾ തുടങ്ങിയവരു ടെയല്ലാം സഹകരണത്തോടെയാണ് സമൂഹ കിച്ചൻ മുന്നോട്ട് പോയി കൊണ്ടിരിക്കുന്നത്. വരും ദിവസങ്ങളിലും ജനകീയമാക്കാനാണ് പഞ്ചായത്തിന്റെ തീരുമാനം. കൂട്ടായ്മ ഭാരവാഹികളായ, കാമ്പ്ര ബാവഹാജി, വി പി ഖാദർ ഹാജി, കമാൽ ചെറുമുക്ക്, എം എം സിദ്ധിഖ്, ഇ പി സൈതലവി, മുസ്തഫ ചെറുമുക്ക് എന്നിവർ ചേർന്ന് നന്നമ്പ്ര പഞ്ചായത്ത് പ്രസിഡന്റ് പനയത്തിൽ മുസ്തഫക്ക് നൽകി ഉദ്ഘാടനം ചെയ്തു.

ഹാൻസ് വിൽപ്പന: ഒരാൾ പിടിയിൽ

തേഞ്ഞിപ്പലം: നിരോധിത ലഹരി വസ്തുവായ ഹാൻസ് വിൽപ്പന നടത്തിയതിന് ഒരാളെ പൊലീസ് കസ്റ്റഡിയിലെടുത്തു. തേഞ്ഞിപ്പലം നിരോൽ പ്പാലം തട്ടാശ്ശേരിമാട് , കുഞ്ഞാലിയുടെ മകൻ മൊയ്തീൻ കുട്ടി (86) നെ യാണ് തേഞ്ഞിപ്പലം പൊലീസ് അറസ്റ്റ് ചെയ്തത്. നീരോൽപ്പാലം - ദേവതിയാൽ മുറുക്കാൻ കടയ്ക്ക് സമീപം നിരോധനം ലംഘിച്ച് അനധികൃതമായ് നിരോധിത ലഹരി വസ്തുവായ ഹാൻസ് വിൽപന നടത്തിയതിന് ഇയാൾക്കെ തിരെ കേസെടുത്തത്.

അതിഥിയല്ലെങ്കിലും ഇവരും മനുഷ്യരാണ്

കൈതക്കലിലെ കുടുംബം പട്ടിണിയിൽ

ദേവരാജ് കന്നാട്ടി

പട്ടിണിയിലായ കൈതക്കലിലിലെ കുടുംബം

പേരാമ്പ്ര : ആരും പട്ടിണിക്കിടക്കരുതെന്ന സർക്കാരിന്റെ നയം നടപ്പിലാക്കാൻ നാടാകെ സാമൂഹിക അടുക്കളയും ഭക്ഷ്യധാന്യ കിറ്റുകളുമായ് സാമൂഹ്യ സംഘടനകളും രംഗത്തുള്ളപ്പോൾ നൊച്ചാട് പഞ്ചായത്തിലെ കൈതക്കലിൽ 30 തോളം സാംബവ സമുദാക്കാർ പട്ടിണിയിൽ. ലോക്ക്ഡൗണിൽ മനുഷ്യർക്ക് മാത്രമല്ല മൃഗങ്ങൾക്കും ഭക്ഷണം ഉറപ്പാക്കുന്നതിന് വേണ്ടി തെരുനായ്ക്കൾക്കും പറവകൾക്കും ഭക്ഷണവും വെള്ളവും കൊടുക്കുമ്പോഴാണ് ഇവിടെ 30 തോളം മനുഷ്യജീവികൾ പട്ടിണിയിലെന്ന് പരാതി.

നൊച്ചാട് ഗ്രാമപഞ്ചായത്ത് ആറാം വാർഡ് കൈതക്കൽ പുറ്റാട്ട് പരേതനായ ഒതയോത്ത് ശേഖരന്റെ വീട്ടിൽ കഴിയുന്നവർക്കാണ് ഈ ദുർഗതി. കഴിഞ്ഞ മാസം അഞ്ചാം തിയ്യതി ശേഖരന്റെ മരണത്തോടെ ഇവിടെ എത്തിയ ബന്ധുക്കളാണ് പട്ടിണിയിൽ അകപ്പെട്ടത്. വിവിധ ഇടങ്ങളിൽ നിന്നെത്തിയ ബന്ധുക്കൾ തിരിച്ചു പോവാറില്ല. ഇതിനിടയിലാണ് കൊറോണ പ്രതിരോധത്തിനായ് ലോക്ഡൗൺ പ്രഖ്യാപിച്ചത്. എവിടുന്നെങ്കിലും കിട്ടുന്ന ചക്ക കൊണ്ടുവന്ന് പുഴുങ്ങി കഴിക്കുന്നത് കൊണ്ടാണ് ഇവരുടെ ജിവൻ നിലനിൽക്കുന്നത്. ഇനിയും അധികാരികൾ ശ്രദ്ധിച്ചിട്ടില്ലെങ്കിൽ പട്ടിണി കിടന്ന് മരിക്കുമെന്നും ഇവർ പറയുന്നു.

അരിക്കുളം, മേപ്പയ്യൂർ, അഞ്ചാംപീടിക, പേരാമ്പ്ര, തൊട്ടിൽപ്പാലം തുടങ്ങിയ സ്ഥലങ്ങളിലൽ നിന്ന് എത്തിപ്പെട്ടവരാണ് ഇവർ. ഇപ്പോൾ ഭക്ഷണ സാധനങ്ങൾ തീർന്നിരിക്കുകയാണെന്നും വാർഡ് മെമ്പർ ഉൾപ്പെടെയുള്ള അധികാരികളെ വിവരമറിയിച്ചിട്ടും ഫലപ്രദമായ ഒരു നടപടിയും കൈക്കൊണ്ടില്ലെന്നാണ് ഇവരുടെ പരാതി. എന്നാൽ ഇവിടെയുള്ള പലരുടേയും വീടുകൾ സമീപത്തു തന്നെയാണെന്നും അവർ അവരവരുടെ വീടുകളിലേക്ക് താമസം മാറണമെന്നാണ് നാട്ടുകാർ പറയുന്നത്. ചെറിയൊരു വീട്ടിൽ 30 തോളം ആളുകൾ താമസിക്കുന്നത് ലോക്ഡൗൺ ലംഘനമാണ്. ഇത്രയധികം ആളുകൾ ഈ സാഹചര്യത്തിൽ ഠന്നിച്ച് കഴിയുന്നതിനെതിടെ ആരോഗ്യ വകുമപ്പാ പൊലീസോ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇവിടെ മരണം നടന്നപ്പോൾ എല്ലാ സഹായങ്ങളും നാട്ടുകാർ ചെയ്തിട്ടുണ്ടെന്നും പറയുന്നു.

ഇവരുടെ അവസ്ഥ ശനിയാഴ്ചയാണ് അറിയുന്നതെന്ന് ഗ്രാമപഞ്ചായത്തംഗം എം. കെ. അമ്മത് പറഞ്ഞു. വിഷയം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ളവരുടെ ശ്രദ്ധയിൽപ്പെടുത്തി വേണ്ടത് ആലോചിക്കുമെന്നും അദ്ദേഹം അറിയിച്ചു. അതിഥി തൊഴിലാളികൾക്ക് പാലും കൊടുക്കണമെന്ന് സർക്കാർ നിർദ്ദേശമുള്ളപ്പോഴാണ് ഇവിടെ അതിഥിയല്ലെങ്കിലും നാട്ടുകാരായ മനുഷ്യർക്ക് പാലും പഴവുമില്ലെങ്കിലും ജീവൻ നിലനിർത്താനാവശ്യമായ അന്നം നൽകാൻ അധികൃതരും സാമഹ്യ അടുക്കളകളിലും മറ്റും ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്ത് സാമൂഹ്യ മാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്ന സാമൂഹ്യസംഘടനകളും തയ്യാറാവണം.

ഇത്തരമൊരു അവസ്ഥ പഞ്ചായത്തിൽ ഇതുവരെ ആരും അറിയിച്ചിട്ടില്ലെന്നും ഇപ്പോഴാണ് അവിടുത്തെ അവസ്ഥയെകുറിച്ച് അറിയുന്നതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. മരണം നടന്ന സമയത്ത് നാട്ടുകാർ ആവശ്യമായ ഭക്ഷണസാധനങ്ങൾ എത്തിച്ചുകൊടുത്തിരുന്നതായും അതിനുശേഷം പിരിഞ്ഞു പോവാത്തതും ഭക്ഷണ ക്ഷാമമുള്ളതും ആരും പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിരുന്നില്ല. ഗ്രാമപഞ്ചായത്തിൽ സാമൂഹ്യ അടുക്കള പ്രവർത്തിക്കുന്നുണ്ടെന്നും അവിടെ നിന്ന് ഭക്ഷണം എത്തിച്ചു നൽകാമായിരുന്നെന്നും അദ്ദേഹം പറഞ്ഞു. ഇന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ആരോഗ്യ വകുപ്പ് അധികൃതർ, പൊലീസ് എന്നവർക്കൊപ്പം അവിടം സന്ദർശിക്കുമെന്നും ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും സെക്രട്ടറി അറിയിച്ചു.

സർക്കാർ അല്പം മനുഷ്യത്വം കാണിച്ചാൽ മതി: ബിജെപി

പേരാമ്പ്ര: നൊച്ചാട് പഞ്ചായത്തിലെ കൈതയ്ക്കലിൽ 30 ഓളം സാംബവ സമുദായക്കാർ പട്ടിണിയിൽ നാളുകൾ തള്ളി നീക്കുകയാണ് ആരും പട്ടിണി കിടക്കു തെന്ന സർക്കാർ നയം നടപ്പിലാക്കാൻ നാടൊന്നായി പ്രവർത്തിക്കുമ്പോഴാണ് സിപിഎം ഭരിക്കുന്ന പഞ്ചായത്തിൽ 30 ഓളം മനുഷ്യജീവനുകൾ പട്ടിണി കൊണ്ട് പൊറുതിമുട്ടുന്നത് അവർക്ക് സർക്കാർ പറയുന്ന ഈ അഥിതി തൊഴിലാളികൾക്ക് നൽകുന്ന പരിഗണനയൊന്നും വേണ്ട അല്പം മനുഷ്യത്വം കാണിച്ചാൽ മതിയെന്ന് ബി.ജെ.പി മണ്ഡലം ആവശ്യപ്പെട്ടു. ആറാം വാർഡിൽ പരേതനായ ഒതയോത്ത് ശേഖരന്റെ വീട്ടിൽ കഴിയുന്നവർക്കാണ് ഈ ദുർഗ്ഗതി, പഞ്ചായത്ത് ഭരിക്കുന്നത് സിപിഎമ്മും തൊഴിൽമന്ത്രിയുടെ സ്വന്തം പഞ്ചായത്തും എന്നിട്ടും പരിഹരിക്കാം എന്ന വാഗ്ദാനമല്ലാതെ ഈ പാവങ്ങളുടെ പ്രശ്നത്തിന് പരിഹാരം കാണുന്നില്ലെന്ന് ബിജെപി കുറ്റപ്പെടുത്തി. വിവരമറിഞ്ഞ് എത്തിയ ബി.ജെ.പി മണ്ഡലം കമ്മറ്റി ഭാരവാഹികൾ അത്യാവശ്യത്തിനുള്ള അരിയും പച്ചക്കറിയും പലവ്യഞ്ജനങ്ങളും കൈമാറി. നിയോജക മണ്ഡലം പ്രസിഡണ്ട് വി.സി ബിനീഷ്. കെ.എം ഷിബി, അനൂപ്.കെ, ടി.പി രാജേഷ്, ഉണ്ണികൃഷ്ണൻ, രാജൻ എന്നിവർ നേതൃത്വം നൽകി.

പേരാമ്പ്രയിലും പക്ഷികണ്ണുകൾ നിരീക്ഷണം തുടങ്ങി

പേരാമ്പ്ര : ലോക്ക്ഡൗൺ ലംഘനം തടയുന്നതിന് ഇന്നലെ മുതൽ പേരാമ്പ്രയിലും ഡ്രോൺ ക്യാമറകൾ നിരീക്ഷണത്തിനിറങ്ങി. ഇന്നലെ മൂന്ന് മണിക്ക് പേരാമ്പ്ര പട്ടണത്തിൽ ഡ്രോൺ ക്യാമറകൾ പറന്ന് തുടങ്ങി. പൊലീസിന്റെ കണ്ണെത്താത്ത സ്ഥലങ്ങളിൽ ലോക്ക്ഡൗൺ ലംഘനം നടക്കുന്നത് പക്ഷിക്കണ്ണുകൾ ഉപ്പിയെടുക്കും. വീട്ടിൽ ഒതുങ്ങിക്കഴിയാതെ അനാവശ്യമായി പുറത്തിറങ്ങി നടക്കുന്നവരെയും കൂട്ടും കൂടുന്നവരെയും നിരീക്ഷിക്കാൻ ഡ്രോൺ ക്യാമറകൾ സഹായിക്കും. ഇമ്മാൾ പൊലീസിന്റെ നിരീക്ഷണം മുഖ്യമായും നടക്കുന്നത് പട്ടണങ്ങളിലും പൊതു നിരത്തുകളിലുമാണ്. എന്നാൽ ഉൾനാടുകളിൽ ലോക്ഡൗണിന് യാതൊരു പ്രാധാന്യവും നൽകാതെ ആളുകൾ ഒത്തുകൂടുകയും പ്രഭവതസവാരി നടത്തുകയും നാട്ടിൻ പുറങ്ങളിലെ കടകളിൽ ആവശ്യമില്ലാതെ വന്നിരിക്കുകയും പണംവെച്ചുള്ള ശീട്ടുകളി ഉൾപ്പെടെ വിവിധ വിനോദങ്ങളിലും തൊഴിലുകളിലും ഏർപ്പെടുകയും ആളൊഴിഞ്ഞ സ്ഥലങ്ങളിൽ വ്യാജവാറ്റ് നടത്തുകയും എല്ലാം ചെയ്യുന്നു. ഇവയൊക്കെ പിടികൂടാൻ ഡ്രോൺ ക്യാമറകൾ പൊലീസിന് സഹായകമാവും. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരം 350 ൽ പരം ഡ്രോണുകൾ നിരീക്ഷണ പറക്കലുകൾ നടത്തുന്നുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ ഡ്രോണിന്റെ സഹായത്താൽ നിരവധി കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കുറ്റ്യാടി ഗ്രാമപഞ്ചായത്ത് കമ്യൂണിറ്റി കിച്ചനിലേക്ക് ഊരത്ത് വയലിൽ നിന്നും വിളവെടുത്ത ജൈവ പച്ചക്കറികൾ ജനാധിപത്യ മഹിളാ അസോസിയേഷൻ കുറ്റ്യാടി മേഖലാ കമ്മറ്റിക്കു വേണ്ടി എം.എം. വിനീത ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന് കൈമാറുന്നു.

അവശ്യസാധന കിറ്റുകൾ വിതരണം ചെയ്തു

തിരൂരങ്ങാടി : മൂന്നിയൂർ, ആലിൻ ചുവട് ടൗൺ കോൺഗ്രസ് കമ്മറ്റി നൂറോളം പാവപ്പെട്ട കുടുംമ്പങ്ങൾക്ക് അവശ്യ സാധന കിറ്റുകൾ വിതരണം ചെയ്തു, മണ്ഡലം കമ്മറ്റിയുടെ ആഹ്വാന പ്രകാരം മണ്ഡലത്തിന്റെ വിവിധ മൊഭാഗങ്ങളിൽ നടന്ന് വരുന്ന കിറ്റ് വിതരണത്തിന്റെ ഉദ്ഘാടനം മണ്ഡലം പ്രസിഡന്റ് കെ.മൊയ്തീൻ കുട്ടി നിർവ്വഹിച്ചു.

ഡിസിസി മെമ്പർ കെ.വിജയൻ.മണ്ഡലം സെക്രട്ടറിമാരായ മൊയ്തീൻ മൂന്നിയൂർ, കെ. പി .മുഹമ്മദ്, ചാനേത്ത് അബ്ദു, ' സേവാദൾ മണ്ഡലം ചീഫ് എ.പി.ആഷിർ , മുഹമ്മദ് പിച്ചൻ വീടൻ, ഷാഹുൽ ഹമീദ് പരാടൻ എന്നിവർ പങ്കെടുത്തു.

ആലിൻ ചുവട് ടൗൺ കോൺഗ്രസ് കമ്മറ്റിയുടെ അവശ്യ സാധന കിറ്റ് വിതരണം മണ്ഡലം പ്രസിഡന്റ് കെ.മൊയ്തീൻ കുട്ടി ഉദ്ഘാടനം ചെയ്യുന്നു

കർണാടക അതിർത്തിയിൽ കൊവിഡ് പ്രതിരോധത്തിലേർപ്പെട്ട് ഫയർഫോഴ്സ്

തലശേരി : കർണാടക അതിർത്തിയിൽ കൊവിഡ് - 19 പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് തലശേരി, പാനൂർ സ്റ്റേഷനിലെ ആറംഗ സംഘ ഫയർഫോഴ്സ് സേനാംഗങ്ങൾ. കേരള-കർണാടക അതിർത്തിയായ തലപ്പാടിയിലാണ് അതിർത്തി കടന്നു വരുന്ന വാഹനങ്ങൾ അണു വിമുക്തമാക്കുന്നത്. ചെറുതും വലതുമായ വാഹനങ്ങൾ സോഡിയം ഹൈപ്പോ ക്ലോറൈഡ് വെള്ളത്തിൽ ചേർത്താണ് ശുചീകരിക്കുന്നത്. രണ്ട് ഷിഫ്റ്റുകളിലാണ് ജോലി. തലശേരി റസ്ക്യൂ ഓഫീസർമാരായ വിനീഷ് നെയ്യോത്ത്, ബൈജു കോട്ടായി, ബിനീഷ്, പാനൂർ സ്റ്റേഷനിലെ റസ്ക്യൂ ഉദ്യോഗസ്ഥരായ ഷൈജു, വൈശാഖ്, ലിനീഷ് എന്നിവരാണ് നേതൃത്വം നൽകുന്നത്.

വ്യാജ മദ്യം: മലപ്പുറം ജില്ലയിൽ എക്സൈസ് പരിശോധന ശക്തമാക്കി

മലപ്പുറം: സംസ്ഥാനത്തു സമ്പൂർണ ലോക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ മദ്യശാലകൾ അടച്ചതിനെ തുടർന്ന് ജില്ലയിൽ വ്യാജ വാറ്റും മറ്റ് ലഹരി വസ്തുക്കളുടെ ഉപയോഗവും തടയുന്നതിനായി എക്സൈസ് വകുപ്പ് പരിശോധന ശക്തമാക്കി. പ്രത്യേക സ്ക്വാഡുകളായി തിരിഞ്ഞാണ് പരിശോധന.

ജില്ലയിലെ വിവിധ ഭാഗങ്ങളിലായി ഇതുവരെ 326 റെയ്ഡുകൾ നടന്നു. മാർച്ച് 24 മുതൽ തുടങ്ങിയ പ്രത്യേക പരിശോധനയിൽ രണ്ട് ലിറ്റർ ചാരായം, 1,200ലിറ്റർ വാഷ്, നാല് ലിറ്റർ ഐ.എം.എഫ്.എൽ എന്നിവ പിടിച്ചെടുത്തു. 13 അബ്കാരി കേസുകളും മൂന്ന് എൻ.ഡി.പി.എസ്, 66 കോട്പ കേസുകളടക്കം 82 കേസുകളാണ് ഇതുവരെ ജില്ലയിൽ രജിസ്റ്റർ ചെയ്തത്. 2,322 വാഹനങ്ങളും എക്സൈസ് പിടിച്ചെടുത്തു.

എൻ.ഡി.പി.എസ്, അബ്കാരി കേസുകളിലായി ആറ് പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. കൂടാതെ പൊന്നാനി, മാറഞ്ചേരി എന്നിവിടങ്ങളിൽ നിന്ന് 28,500 പായ്ക്കറ്റ് ഹാൻസും ഇത് കടത്തി കൊണ്ടുവരാൻ ഉപയോഗിച്ച മഹീന്ദ്ര പിക് അപ്പ് വാഹനവും പിടിച്ചെടുത്തു. ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ നിന്നായി 11 കിലോഗ്രാം പുകയില ഉൽപ്പന്നങ്ങളും പിടികൂടിയിട്ടുണ്ട്.

മദ്യ വിൽപന ശാലകൾ അടച്ചതിനെ തുടർന്ന് മദ്യാസക്തിയും പിൻവാങ്ങൽ ലക്ഷണങ്ങളുമുള്ള 36 പേരെ ചികിത്സയ്ക്കായി വിവിധ ആശുപത്രികളിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. 13 പേരെ വിമുക്തി ഡി അഡിക്ഷൻ സെന്ററിലും 23 പേരെ വിവിധ സർക്കാർ, സ്വകാര്യ ആശുപത്രികളിലുമാണ് പ്രവേശിപ്പിച്ചിരിക്കുന്നത്.

ജില്ലയിലെ എൻ.ഡി.പി.എസ് അബ്കാരി കുറ്റകൃത്യങ്ങളുടെ വിവരങ്ങൾ നൽകാൻ 0483-2734886 ഈ നമ്പറിൽ ബന്ധപ്പെടാം. ആൽക്കഹോൾ പിൻവാങ്ങൽ ലക്ഷണമുള്ളവർക്ക് ചികിത്സ ആവശ്യമെങ്കിൽ 9447701622 എന്ന നമ്പറിലും ബന്ധപ്പെടാവുന്നതാണെന്ന് അസി.എക്സൈസ് കമ്മീഷണർ അറിയിച്ചു. വരും ദിവസങ്ങളിലും ജില്ലയിൽ പരിശോധന ശക്തമാക്കുമെന്നും അസി.എക്സൈസ് കമ്മീഷണർ പറഞ്ഞു.

വാഹനങ്ങൾ അണുവിമുക്തമാക്കുന്ന ഫയർഫോഴ്സ് ജീവനക്കാർ

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No. 49 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com

ആദ്യ ചിത്രവുമായി നദിയ മൊയ്തു

നോക്കെത്താ ദൂരത്തിൽ മോഹൻലാലിന്റെ നായികയായി മുപ്പത്തിനാല് വർഷം മുമ്പ് സിനിമയിലേക്ക് എത്തിയ നടിയാണ് നദിയ മൊയ്തു. ഇന്നും ആ കഥാപാത്രം നിത്യഹരിതമായി നിലനിൽക്കുന്നുണ്ട്. അടുത്തിടെ മോഹൻലാൽ ചിത്രം നീരാളിയിലൂടെ അഭിനയത്തിലേക്ക് നദിയ മടങ്ങിയെത്തിയിരുന്നു. ഇപ്പോഴിതാ ആരാധക മനസുകളിലേക്കും ഒരുമടങ്ങി വരവിന്റെ വാതിൽ തുറന്നിരിക്കുകയാണ് നദിയ. തന്റെ വിശേഷങ്ങളും ചിന്തകളും പങ്കുവയ്ക്കാൻ ഇൻസ്റ്റഗ്രാമിൽ ഒരു അക്കൗണ്ട് തുറന്നിരിക്കുകയാണ് നദിയ. ആദ്യ പോസ്റ്റിൽ തന്റെ ആദ്യ ചിത്രമായ നോക്കെത്താ ദൂരത്ത് കണ്ണും നട്ട് എന്ന ചിത്രത്തിന്റെ ഓർമ്മകളാണ് നദിയ പങ്കുവെച്ചത്.

'എത്ര മനോഹരമാണ്... എന്റെ ആദ്യചിത്രം.. സംവിധായകൻ ഫാസിലിനോടാണ് അതിന് ഞാൻ എന്നെന്നേക്കുമായി കടപ്പെട്ടിരിക്കുന്നത്. ഒരായിരം സ്നേഹം... ഇത്രയും വർഷമായി നിങ്ങൾ എനിക്കു നൽകുന്ന സ്നേഹത്തിനും പിന്തുണയ്ക്കും തിരികെ തരാൻ സ്നേഹം മാത്രം...' നദിയ കുറിച്ചു.

ഫാസിലിന്റെ തന്നെ തിരക്കഥയിൽ 1984ൽ പുറത്തെത്തിയ ചിത്രമാണ് നോക്കെത്താ ദൂരത്ത് കണ്ണും നട്ട്. മലയാളത്തിലെ മികച്ച നടിക്കുള്ള ഫിലിം ഫെയർ പുരസ്കാരവും തന്റെ ആദ്യചിത്രത്തിലൂടെ നദിയാ മൊയ്തുവിന് ലഭിച്ചിരുന്നു.

ദേവദാസിലെ പാട്ടിനെകുറിച്ച് ശ്രേയ

ബോളിവുഡിലും തെന്നിന്ത്യൻ സിനിമ പ്രേമികളും ഒരു പോലെ ഇഷ്ടപ്പെടുന്ന ഗായികയാണ് ശ്രേയ ഘോഷൽ. സരിഗമ എന്ന ടെലിവിഷൻ റിയാലിറ്റി ഷോയിലൂടെ സംഗീത രംഗത്ത് സജീവമായ ശ്രേയ ഘോഷൽ 2002 ലാണ് പിന്നണി ഗാനരംഗത്ത് തന്റേയതായ വ്യക്തിമുദ്രപതിപ്പിക്കുന്നത്. ദേവദാസ് എന്ന ചിത്രത്തിലൂടെ ബോളിവുഡിൽ എത്തിയ താരം ഒറ്റ പാട്ട് കൊണ്ട് തന്നെ ഇന്ത്യൻ സംഗീത രംഗത്ത് തന്റേതായ സ്ഥാനം ഉറപ്പിക്കുകയായിരുന്നു. 16ാം വയസ്സിൻ ഇന്ത്യൻ സംഗീത ലോകത്തെത്തിയ ശ്രേയ ആദ്യ സിനിമയായ ദേവദാസിൽ പാടിയ അനുഭവം പങ്കുവെയ്ക്കുകയാണ് താരം. ബെർക്കിലി കോളെജ് ഓഫ് മ്യൂസിക്കിലെ വിദ്യാർഥികളുമായി പങ്കുവെച്ച മുഖാമുഖം പരിപാടിയിലാണ് ഇക്കാര്യം വെളിപ്പെടുത്തിയത്.

സഞ്ജയ് ലീല ബൻസാലിയുടെ ദേവദാസ് എന്ന ചിത്രത്തിൽ താൻ ടെയ്ക്ക് ആണന്ന് അറിയാതെ പാടിയതെന്ന് ശ്രേയ പറഞ്ഞു. അദ്ദേഹം നൽകിയ നിർദേശത്തിനനുസരിച്ച് ചുമ്മാ പാടി നോക്കിയതാണെന്നും അവർ ഇത് റെക്കോഡ് ചെയ്യുകയായിരുന്നെന്നും പ്രിയ ഗായിക കുട്ടികളോട് സംസാരിക്കവെ പറഞ്ഞു. 2002 ൽ പുറത്തു വന്ന ദേവദാസ് എന്ന ചിത്രത്തിലെ ബൈരി പിയ എന്ന് തുടങ്ങുന്ന ഗാനമായിരുന്നു താൻ ആലപിച്ചത്. പ്രണയവും കുറുമ്പും കൂടി കലർന്ന ഗാനം പാടാൻ ഏറെ ബുദ്ധിമുട്ട് ഉണ്ടായിരുന്നു. ആ പാട്ടിൽ നിറയെ ഭാവങ്ങളായിരുന്നു. ഓരോ വാക്കിലും നൽകേണ്ട ഭാവങ്ങൾ സഞ്ജയ് സാർ പറഞ്ഞു തരുമായിരുന്നു. ഒരു 16 കാരിയ്ക്ക് അതെല്ലാം മനസ്സിലാക്കിയെടുക്കാൻ ഏറെ ബുദ്ധിമുട്ടായിരുന്നു.

പാട്ടിലാണെങ്കിൽ ഓരോ വരിയിലും നിറയെ റൊമാൻസ്. അതിന്റേതായ പക്വതയോടെ വികാരം മനസിലാക്കി എടുക്കാൻ ഏറെ ബുദ്ധിമുട്ടിയെന്ന് ശ്രേയ പറഞ്ഞു.

ദീപികയുടെ പാചക പരീക്ഷണങ്ങൾ

അപ്രതീക്ഷിതമായി ലഭിച്ച അവധി ദിനങ്ങൾ ആഘോഷമാക്കുകയാണ് ബോളിവുഡിലെ താരദമ്പതികളായ രൺവീർ സിങ്ങും ദീപിക പദുകോണും. സോഷ്യൽ മീഡിയയിൽ സജീവമായ താരങ്ങൾ തങ്ങളുടെ വിശേഷങ്ങൾ പ്രേക്ഷകരോട് പങ്കുവെയ്ക്കാറുണ്ട്. ഇപ്പോഴിത പാചക പരീക്ഷണത്തിലാണ് സൂപ്പർ താരം. വസ്ത്രത്തിൽ മാത്രമല്ല ഭക്ഷണത്തിലും പുതിയ പരീക്ഷണങ്ങൾ ഇഷ്ടപ്പെടുന്ന രൺവീർ തന്നെയാണ് പ്രിയതമയുടെ പാചക പരീക്ഷണത്തെ കുറിച്ച് പങ്കുവെച്ചിരിക്കുന്നത്. പ്രിയതമന് വേണ്ടി തായ് വിഭവങ്ങളാണ് ദീപിക തയാറാക്കിയിരിക്കുന്നത്.

തായ് സാലഡ്, തായ് ഗ്രീൻ കറി, വെജിറ്റബിൾ ടോംയം സൂപ്പ്, പിന്നെ ചോറുമാണ് ദീപിക തയാറാക്കിയിരിക്കുന്നത്. ഇതിനു പുറമേ രൺവീറിന്റെ സഹായത്തോടെ ദീപിക ഒരു കേക്കും തയാറാക്കിയിട്ടുണ്ട്. ഇതിനെ ഐസ്ക്രീമും ന്യൂട്ടില്ലയും ഉപയോഗിച്ച് അതിമനോഹരമാക്കിയിട്ടുമുണ്ട് രൺവീർ ഈ ചിത്രങ്ങൾ സോഷ്യൽ മീഡിയയിൽ പങ്കുവെയ്ക്കുകയും ചെയ്തിട്ടുണ്ട്. ലോക്ക് ഡൗൺ ദിനങ്ങൾ കാര്യക്ഷമമായി തന്നെ വിനിയോഗിക്കുകയാണ് ദീപിക. വാർഡ്രോബ് ക്ലീൻ ചെയ്യുന്നതിന്റെ ചിത്രങ്ങൾ നേരത്തെ ദീപിക പങ്കുവെച്ചിരുന്നു. നടി പിയാനെ പഠിക്കുന്നതിന്റെ ചിത്രം രൺവീറും പങ്കുവെയ്ക്കുകയുണ്ടായി. ഇതിന് ശേഷമായിരുന്നു ദീപികയുടെ പാചക പരീക്ഷണം. ലോക്ക് ഡൗൺ ആഘോഷമാക്കുന്നതിനൊപ്പം തന്നെ ജനങ്ങൾക്ക് സഹായ ഹസ്തവുമായി ഈ താരദമ്പതികൾ രംഗത്തെത്തിയിട്ടുണ്ട്. പ്രധാനമന്ത്രിയുടെ കെയേഴ്സ് ഫണ്ടിലേയ്ക്ക് ധനസഹായവും നൽകിയിട്ടുണ്ട്. ദീപിക തന്നെയാണ് ഇക്കാര്യം പങ്കുവെച്ചിരിക്കുന്നത്. എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല. ദീപികയും രൺവീറും ചേർന്നാണ് പണം നൽകിയിരിക്കുന്നത്. ബോളിവുഡ് താരങ്ങളായ അക്ഷയ് കുമാർ, ഷാരൂഖ് ഖാൻ, വിക്കി കൗശൽ, വരുൺ ധവാൻ,കത്രീന കൈഫ്. സാറ, ആലിയ ഭട്ട്, അനുഷ്ക ശർമ തുടങ്ങിയവരും ഫണ്ടിലേയ്ക്ക് സംഭാവന നൽകിയിട്ടുണ്ട്. ദീപികയും രൺവീറും വിവാഹത്തിന് ശേഷം ഒന്നിച്ചെത്തുന്ന ചിത്രമാണ് 83. ഇന്ത്യൻ ക്രിക്കറ്റ് ഇതിഹാസം കപിൽദേവിന്റെ ജീവിതകഥ പറയുന്ന ചിത്രത്തിൽ കപിൽ ദേവായിട്ടാണ് രൺവീർ എത്തുന്നത്. കപിലിന്റെ ഭാര്യ റോമിദേവിയായിട്ടാണ് ദീപിക ചിത്രത്തിലെത്തുന്നത്.

ഓൺലൈനിൽ മാർഷൽ ആർട്ട്സ് ക്ലാസുമായി ബാബു ആന്റണി

തൊണ്ണൂറുകളിൽ മലയാള സിനിമയിൽ വില്ലൻ വേഷത്തിലും നായകന്റെ സപ്പോർട്ടിനായെത്തുന്ന സ്റ്റണ്ട് സ്റ്റാറോ ഒക്കെയായി തിളങ്ങിയ ബാബു ആന്റണി ഇപ്പോൾ ഹൂസ്റ്റണിൽ സ്ഥിരതാമസമാക്കിയിരിക്കുകയാണ്. ഒരു കാലത്ത് മലയാള സിനിമയിൽ മിന്നിത്തിളങ്ങിയിരുന്ന താരം ബ്ലാക്ക് ബെൽറ്റ് ജോതാവാണ്.

താരമിപ്പോൾ ഓൺലൈനായി മാർഷൽ ആർട്സ് ക്ലാസ്സുകൾ ആരംഭിച്ചിരിക്കുകയാണ് എന്നതാണ് ഏറ്റവും പുതിയ റിപ്പോർട്ട്. ലോകമെമ്പാടും കൊറോണയെ പ്രതിരോധിക്കാനായുള്ള മാർഗമെന്നോണം സ്കൂളുകളടക്കം പൂട്ടിയിട്ടിരിക്കുകയാണ്. ഈ അവസരത്തിലാണ് ബാബു ആന്റണി കുട്ടികളെ ആക്റ്റീവായി നിലനിർത്താനായി ഓൺലൈനിലൂടെ മാർഷൽ ആർട്സ് ക്ലാസ്സുകൾ ആരംഭിച്ചിരിക്കുന്നത്.

കഴിഞ്ഞ നാൽപ്പത് വർഷത്തോളമായി താരം മാർഷൽ ആർട്സ് പരിശീലിക്കുന്നു. ഫിഫ്ത് ഡാൻ ബ്ലാക്ക് ബെൽറ്റ് ജേതാവായ താരം ഒരു പറ്റം കുട്ടികളെ മാർഷൽ ആർട്സ് പഠിപ്പിക്കുന്നുമുണ്ട്. 2015 മുതൽ അമെരിക്കയിൽ ബസോമ (ബാബു ആന്റണി സ്കൂൾ ഓഫ് മാർഷൽ ആർട്സ്) എന്ന പേരിൽ ഒരു സ്ഥാപനം നടത്തുന്നുമുണ്ട് താരം. കരാട്ടേ, തായ് ചി, കുങ്ഫു എന്നീ അഭ്യാസമുറകളാണ് ഇവിടെ പഠിപ്പിക്കുന്നത്.

തെന്നിന്ത്യൻ ചലച്ചിത്ര മേഖലയിൽ നിരവധി മാർഷൽ ആർട്സ് അഭ്യാസ മുറകൾ അവരിപ്പിച്ച താരം ഏറെ സജീവമായിരുന്നത് മലയാളം സിനിമയിലായിരുന്നു. മിക്സ്ഡ് മാർഷൽ ആർട്സ് (എംഎംഎ), കുങ് ഫു, തായ്കാണ്ടോ. ഐക്കിഡോ, ജുയി ജിറ്റ്സു, ജൂഡോ, കിക്ക് ബോക്സിങ്, വെസ്റ്റേൺ ബോക്സിങ് എന്നീ വിഭാഗങ്ങളിൽ പ്രത്യേക പരിശീലനം നേടിയിട്ടുള്ള താരമാണ് ബാബു ആന്റണി. ഇന്ത്യയിലെയും രാജ്യത്തിന് പുറത്തുമുള്ള വിദഗ്ധരിൽ നിന്നുമാണ് താരം ഈ വിഭാഗങ്ങളിൽ പരിശീലനം സ്വായത്തമാക്കിയത്.

രാവിലെയും വൈകിട്ടുമായാണ് ഓൺലൈൻ മാർഷൽ ആർട്സ് പരിശീലനം നൽകുന്നത്. അക്കാഡമിയിൽ അഡ്മിഷൻ എടുത്തിട്ടുള്ള വിദ്യാർഥികൾക്ക് മാത്രമല്ല അമെരിക്കയിൽ ഇത് പഠിക്കാൻ താത്പര്യമുള്ള എല്ലാ കുട്ടികൾക്കും താരം ഓൺലൈനിലൂടെ ക്ലാസ്സ് നൽകുന്നുണ്ട്. യുഎസ്സിലും പുറത്തും ഇന്ത്യയിലും അടക്കമുള്ളവർക്ക് ഇത്തരത്തിൽ ക്ലാസ്സ് നൽകാൻ താത്പര്യമുണ്ടെന്നും താരം പറയുന്നു

ഇരുന്നൂറോളം ചിത്രങ്ങളിൽ താരം അഭിനയിച്ചിട്ടുണ്ട്. തന്റെ ആറു വയസുള്ളപ്പോൾ മുതൽ താരം കേരളത്തിൽ വെച്ച് മാർഷൽ ആർട്സ് പഠിക്കാനാരംഭിച്ചതാണെന്നും കളരിപ്പയറ്റ് അഭ്യസിച്ചിട്ടുണ്ടെന്നും താരം പറഞ്ഞു. മഹാരാഷ്ട്രയിലെ പൂനെയിൽ സിമ്പിയോസിസ് ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയിൽ എംബിഎ പഠനത്തിനായി ചെന്നപ്പോൾ അവിടെ വെച്ചും പ്രഗത്ഭരായ ആശാന്മാരുടെ കീഴിൽ മാർഷൽ ആർട്സ് പഠനം തുടർന്നെന്നും പിന്നീടാണ് കരാട്ടേയും മാർഷൽ ആർട്സും കൂടുതൽ പഠിച്ചതെന്നും താരം പറയുന്നു.

ചിത്രങ്ങൾ വരച്ച് ശ്യാമിലി

ലോക്ഡൗൺ കാലത്തും തിരക്കിലാണ് മലയാള സിനിമാപ്രേക്ഷകരുടെ ഇഷ്ട താരമായിരുന്ന ശ്യാമിലി. അഭിനയത്തിനൊപ്പം ചിത്രരചനയിലും താത്പര്യമുള്ള ശ്യാമിലി പുതിയ ചിത്രങ്ങളുടെ പൂർത്തീകരണത്തിന് ഇടയിലാണ് ഇപ്പോൾ. തന്റെ ചിത്രങ്ങൾ ഇൻസ്റ്റഗ്രാമിൽ പങ്കുവയ്ക്കുകയാണ് ശ്യാമിലി. വീട്ടിലിരിക്കൂ, ക്രിയേറ്റീവ് ആവൂ, നിങ്ങളുടെ സ്കിൽ മിനുക്കിയെടുക്കൂ, നിങ്ങളുടെ പാഷനെ പിന്തുടരുന്നത് നിർത്താതിരിക്കൂ, എന്നാണ് ശ്യാമിലി കുറിച്ചിരിക്കുന്നത്. അടുത്തിടെ ബാംഗ്ലൂരിലെ ഒരു ആർട്ട് ഗ്യാലറിയിൽ ശ്യാമിലി വരച്ച ചിത്രങ്ങളുടെ പ്രദർശനം നടന്നതും വാർത്തയായിരുന്നു. പ്രശസ്ത ആർട്ടിസ്റ്റായ എ.വി.ഇളങ്കോ ആണ് ചിത്രരചനയിൽ ശ്യാമിലിയുടെ ഗുരു. കുട്ടിക്കാലം മുതൽ തന്നെ ചിത്രകലയിൽ താൽപര്യമുള്ള ശ്യാമിലി അഞ്ചു വർഷം നീണ്ട പഠനത്തിനൊടുവിലാണ് ബാംഗ്ലൂർ ശേഷാദ്രിപുരത്തെ ഇളങ്കോസ് ആർട് സ്പെയ്സിൽ സംഘടിപ്പിച്ച എക്സിബിഷനിലാണ് ശ്യാമിലി വരച്ച ചിത്രങ്ങൾ പ്രദർശിപ്പിച്ചത്.

ബേബി ശാലിനിയും അനിയത്തി ശ്യാമിലിയും മലയാളികളുടെ ഹൃദയം കവർന്ന ബാലതാരങ്ങൾ ആയിരുന്നു. രണ്ടാം വയസിലാണ് ശ്യാമിലി അഭിനയിച്ചു തുടങ്ങുന്നത്. കന്നട, മലയാളം, തമിഴ് ചിത്രങ്ങളിൽ ബാലതാരമായി അഭിനയിച്ച ശ്യാമിലി മികച്ച ബാലതാരത്തിനുള്ള ദേശീയ അവാർഡും കരസ്ഥമാക്കിയിരുന്നു.

ശ്യാമിലിയുടെ രണ്ടാം വരവ്. സിദ്ധാർത്ഥ് നായകനായ 'ഒയേ' എന്ന തെലുങ്ക് ചിത്രത്തിൽ നായികയായി കൊണ്ടായിരുന്നു. കുഞ്ചാക്കോ ബോബൻ നായകനായ 'വള്ളിയും തെറ്റി പുള്ളിയും തെറ്റി' എന്ന ചിത്രത്തിലും നായികയായി അഭിനയിച്ചിരുന്നു. രണ്ടാം വരവിൽ നാലോളം ചിത്രങ്ങളിൽ അഭിനയിച്ചെങ്കിലും ചിത്രങ്ങൾ ശ്രദ്ധിക്കപ്പെടാത്തതിനെ തുടർന്ന് അഭിനയത്തിൽ നിന്നും ബ്രേക്ക് എടുത്ത് പഠന തിരക്കുകളിൽ മുഴുകുകയായിരുന്നു ശ്യാമിലി.

ചാക്കോച്ചന്റെ വ്യായാമം

ലോക്ഡൗണിൽ ജിമ്മുകളും ഫിറ്റ്നസ് സെന്ററുകളുമെല്ലാം അടക്കുകയും ജോഗിങ്ങിനു പോലും പുറത്തിറങ്ങാൻ പറ്റാത്ത സ്ഥിതിവിശേഷമായതിനാലും മിക്കവരുടെയും വ്യായാമകാര്യങ്ങൾ നിന്ന പോലെയാണ്. വീട്ടിലെ വെറുതെയിരിപ്പും ആക്റ്റീവ് അല്ലാത്ത ലൈഫ്സ്റ്റൈലും ഫിറ്റ്നസിനെ താളം തെറ്റിയ്ക്കുമല്ലോ എന്ന ടെൻഷനാണ് പലർക്കും. എന്നാൽ വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും എന്ന നയമാണ് വ്യായാമത്തിന്റെ കാര്യത്തിൽ ഫിറ്റ്നസ് പ്രേമികളായ സെലബ്രിറ്റികളുടെ നയം. കുഞ്ചാക്കോ ബോബന്റെ ഇൻസ്റ്റഗ്രാം പോസ്റ്റാണ് ഇതിൽ ശ്രദ്ധ കവരുന്ന ഒന്ന്. സ്റ്റെയർ കെയ്സ് ഏരിയയേയും വർക്ക് ഔട്ട് സ്ഥലമാക്കി മാറ്റിയിരിക്കുകയാണ് ചാക്കോച്ചൻ. തന്റെ ക്വാറന്റൈയിൻ കാല ട്രെയിനിങ് പങ്കുവയ്ക്കുകയാണ് താരം. സ്റ്റെപ്പുകൾ ഉപയോഗിച്ച് നിങ്ങളെ തന്നെ ചെയ്യൂ എന്നാണ് പോസ്റ്റിൽ ചാക്കോച്ചൻ പറയുന്നത്. രാവിലത്തെ 10 കിലോമീറ്ററിന്റെ ഓട്ടം കഴിഞ്ഞുവെന്നും ഇൻസ്റ്റഗ്രാം പോസ്റ്റിൽ താരം കുറിച്ചിരുന്നു.

സഹായവുമായി നയൻതാര



തമിഴ് സിനിമാ ഇൻഡസ്ട്രിയിലെ ദിവസ വേതന ജീവനക്കാർക്ക് സഹായവുമായി നയൻതാര. 20 ലക്ഷം രൂപയാണ് ജീവനക്കാർക്കായി ഇവർ ഫിലിം എംപ്ലോയീസ് ഫെഡറേഷൻ ഓഫ് സൗത്ത് ഇന്ത്യ (ഫെഫ്സി) യ്ക്ക് കൈമാറിയത്.

സൂര്യ, വിജയ് സേതുപതി, രജനികാന്ത് തുടങ്ങി നിരവധി താരങ്ങൾ സാമ്പത്തികസഹായവുമായി രംഗത്തെത്തിയിരുന്നു. തമിഴിൽ വലിയ മുതൽമുടക്കിൽ ഒരുങ്ങുന്ന നിരവധി സിനിമകളുടെ ചിത്രീകരണമാണ് താത്ക്കാലികമായി മുടങ്ങി കിടക്കുന്നത്. ശങ്കർ ചിത്രം ഇന്ത്യൻ 2, വിക്രത്തിന്റെ കോബ്ര, അജിത്തിന്റെ വാലിമൈ എന്നിവയാണ് ഇതിൽ പ്രധാന സിനിമകൾ.

ഓഫീസ് കെട്ടിടം നൽകി ഷാരൂഖ് ഖാൻ

കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾക്ക് താരങ്ങളെല്ലാം തങ്ങളുടെ സഹായം എത്തിക്കുമ്പോൾ എവിടെയാണ് ബോളിവുഡിന്റെ കിങ് ഖാൻ എന്ന് നിരവധി പേർ ചോദിച്ചിരുന്നു. സോഷ്യൽ മീഡിയയിലൂടെ താരത്തെ വിമർശിച്ച് രംഗത്തെത്തിയിരുന്നു. എന്നാൽ നിരവധി സഹായങ്ങൾ വാഗ്ദാനം ചെയ്തുകൊണ്ട് വിമർശകരുടെ വായടപ്പിക്കുകയായിരുന്നു താരം. തങ്ങളുടെ നാല് നില ഓഫീസ് കെട്ടിടമാണ് കിങ് ഖാനും ഭാര്യ ഗൗരി ഖാനും ബിഎംസിയ്ക്ക് വാഗ്ദാനം ചെയ്തിരിക്കുന്നത്. സ്ത്രീകൾക്കും കട്ടികൾക്കും മുതിർന്നവർക്കുമുള്ള ക്വാറന്റൈൻ കേന്ദ്രമാക്കി ഈ കെട്ടിടത്തെ മാറ്റാനാണ് വിട്ടു നൽകിയിരിക്കുന്നത്. പിന്നാലെ ഇരുവർക്കും നന്ദി പറഞ്ഞു കൊണ്ട് കോർപ്പറേഷൻ രംഗത്തെത്തിയിട്ടുണ്ട്.

ഷാരൂഖിന്റെ ഉടമസ്ഥതയിലുള്ള കൊൽക്കത്ത നൈറ്റ് റൈഡേഴ്സിലൂടെയാണ് ഷാരൂഖ് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സാമ്പത്തിക സഹായം നൽകിയത്. തന്റേയും ഗൗരിയുടേയും പേരിലുള്ള റെഡ് ചില്ലീസ് എന്റർടെയ്മെന്റിന്റെ പേരിൽ മഹാരാഷ്ട്ര മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കും സംഭാവന നൽകിയിട്ടുണ്ട്. ആരോഗ്യ പ്രവർത്തകർക്കുള്ള പിപിഇയും മറ്റും താരം നൽകും. മുംബൈയിലുള്ള 5500 നിർധന കുടുംബങ്ങൾക്ക് ഒരുമാസം ഭക്ഷണം നൽകുമെന്നും ഷാരൂഖ് അറിയിച്ചിട്ടുണ്ട്. താരത്തിന്റെ കീഴിലുള്ള മീർ ഫൗണ്ടേഷനാണ് ഇത് നിർവഹിക്കുക.

മെട്രൊ വാർത്ത

ലോകാഃ സമസ്താഃ സുഖിനോ ഭവന്തു

1195 മീനം 24 ശഅ്ബാൻ 11

2020 ഏപ്രിൽ 6 തിങ്കൾ

ലോകത്തിനു പ്രതീക്ഷയേറ്റി ഇന്ത്യയുടെ പ്രകാശ ഗോപുരം

ലോകത്തിന്റെ നെറുകയിൽ ഇന്ത്യയുടെ വിജയസൂചകമായ പ്രകാശത്തിന്റെ വർണരാജികൾ പരത്തിക്കൊണ്ടാണു കഴിഞ്ഞ രാത്രി ഇരുട്ടി വെളുക്കുന്നത്. അറുപത്തയ്യായിരത്തോളം പേരെ കാലപുരിക്കയച്ച കൊവിഡ് 19 വൈറസുകൾക്കെതിരേ, 132 കോടി ജനങ്ങളുടെ നിശ്ചയദാർഢ്യത്തിന്റെ വെള്ളിവെളിച്ചം ഇരുട്ടിനെ കീറിമുറിച്ചെത്തിയപ്പോൾ ലോകത്തിനാകെ അതു വലിയ പ്രതീക്ഷ നൽകി. കൊവിഡ് പ്രതിരോധത്തിൽ ഇന്ത്യ കൈയെത്തിപ്പിടിക്കുന്ന ഓരോ വിജയത്തിനുമുള്ള കൈയടി കൂടിയായി ഈ ദീപക്കാഴ്ച. കൊവിഡ് പ്രതിരോധത്തിനു ജനങ്ങളെ അണിനിരത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ വെളിച്ച വിപ്ലവമാണ് ഇന്നലെ രാത്രി ഒൻപതിനു കന്യാകുമാരി മുതൽ കശ്മീർ വരെ തെളിഞ്ഞത്.

കൊവിഡിന്റെ കരാളഹസ്തം ഏറ്റവും ക്രൂരമായി വിളയാടുന്നത് യുഎസിലാണ്. 3,01,962 പേർക്ക് ഇതുവരെ അവിടെ രോഗം ബാധിച്ചു. 8175 പേർ ഇതിനകം മരണമടഞ്ഞു. മരണസംഖ്യ ഓരോ ദിവസവും ആയിരം എന്ന കണക്കും മറികടന്നു കുതിക്കുകയാണ്. ഈ ആഴ്ച അതീവ ഗുരുതരമാകും സ്ഥിതിയെന്നാണ് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് പറയുന്നത്. ഈ വൈതകരണിയിൽ നിന്ന് കരകയറാൻ പ്രസിഡന്റ് ട്രംപ് ഇന്ത്യയുടെ സഹായം തേടിയിരിക്കയാണ്. ഇന്നലെ രാവിലെ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി നടത്തിയ നീണ്ട ടെലിഫോൺ സംഭാഷണത്തിലാണ് പ്രസിഡന്റ് ഇന്ത്യയുടെ സഹായം അഭ്യർഥിച്ചത്. കൊറോണ ചികിത്സയ്ക്ക് ഇന്ത്യ പരീക്ഷിച്ചു വിജയിച്ച ഹൈഡ്രോക്ലോറോകിൻ എന്ന വാക്സിൻ യുഎസിന് എത്തിച്ചുകൊടുക്കണമെന്നായിരുന്നു അഭ്യർഥന. പ്രസിഡന്റിന്റെ അഭ്യർഥന മോദി അതീവ ഗൗരവമായി അംഗീകരിച്ചു. മലമ്പനിക്കു നൽകുന്ന ക്യുവറിങ് വാക്സിനാണിത്. ഇന്ത്യയിൽ നിന്നു മലമ്പനി സമ്പൂർണമായി നിർമാർജനം ചെയ്യാൻ ഉപയുക്തമായ വാക്സിൻ. അതിന്റെ പരിഷ്കരിച്ച പതിപ്പ് കൊവിഡ് വൈറസുകൾക്കെതിരേ ഫലപ്രദമായി പ്രയോഗിക്കാമെന്ന് ഇന്ത്യ കണ്ടെത്തിയിട്ടുണ്ട്. ഇതിനു പുറമേ എച്ച്ഐവി വൈറസുകൾക്കുള്ള പ്രതിരോധ വാക്സിനും ഒരളവു വരെ കൊവിഡിനെ പ്രതിരോധിക്കുന്നുണ്ട്.

ഹൈഡ്രോക്ലോറോകിൻ എന്ന ഔഷധത്തിന്റെ നിർമാണം ഇന്ത്യയുടെ കുത്തകയാണ്. നിലവിൽ ഇതിന്റെ കയറ്റുമതിയും നിരോധിച്ചിട്ടുണ്ട്. എന്നാൽ ഇന്നലെ രാവിലെ പ്രസിഡന്റ് ട്രംപ് നടത്തിയ അഭ്യർഥനയെത്തുടർന്ന് ഇതിന്റെ ഉത്പാദനം വർധിപ്പിക്കാനും കയറ്റുമതി നിയന്ത്രണത്തിൽ ഇളവ് അനുവദിക്കാനും തീരുമാനിക്കപ്പെട്ടു. ഇന്ത്യയുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് യുഎസിനു സാധ്യമായ സഹായങ്ങളെല്ലാം ചെയ്യാമെന്നാണു പ്രധാനമന്ത്രിയുടെ ഉറപ്പ്.

മഹായുദ്ധങ്ങളെക്കാൾ മാരകമാണു മഹാവ്യാധികളെന്നു ലോകം ആവർത്തിച്ചുറപ്പിക്കുന്ന അവസരമാണു കടന്നു പോകുന്നത്. രണ്ടാം ലോകമഹാ യുദ്ധത്തിനു ശേഷം അത്തരത്തിലൊരു ആഗോള വെല്ലുവിളി ഇനിയും ഉണ്ടായിട്ടില്ലെന്നു പറയാം. 1990കളിലെ ഗൾഫ് യുദ്ധം ഒരളവോളം അതിന്റെ അരികു വരെയെത്തിയെങ്കിലും അപകടത്തിന്റെ ഗൗരവം തിരിച്ചറിഞ്ഞ് ബന്ധപ്പെട്ട ഓരോ രാജ്യവും അകലം പാലിച്ചതോടെ ലോകമഹാ യുദ്ധമെന്ന ഭീഷണി മാറിക്കിട്ടി. എന്നാൽ അതിനു ശേഷം ലോകത്തെ കീഴടക്കാനെത്തിയതു പ്രഹര ശേഷി കൂടിയ ആയുധങ്ങളായിരുന്നില്ല, പൊടുന്നനെ പൊട്ടിപ്പുറപ്പെട്ട് സർവനാശം വിധിക്കുന്ന മാരക വൈറസുകളായിരുന്നു. അതിൽ അവസാനത്തേതാണു കൊവിഡ് 19 ന്ന പുതിയ ഇനം വൈറസുകൾ.

കൊവിഡെനിതിരായ പോരാട്ടത്തിൽ ലോകത്തെ മിക്കവാറും എല്ലാ രാജ്യങ്ങളും തളർന്ന അവസ്ഥയിലാണ്. ഏഴു ഭൂഖണ്ഡങ്ങളിലും രോഗാണുവിന്റെ സാന്നിധ്യം സജീവം തന്നെ. ഇന്നലെ വൈകുന്നേരത്തോടെ ലോകാരോഗ്യ സംഘടന പുറത്തുവിട്ട കണക്കു പ്രകാരം ലോകത്താകെ 12,04,611 പേർക്കു രോഗം സ്ഥിരീകരിച്ചു. മരണസംഖ്യ 64,710. ഒരു മിനിറ്റിൽ ശരാശരി പത്തു പേരെങ്കിലും മരിക്കുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ജനസംഖ്യയിൽ ഏറ്റവും മുന്നിലുള്ള രണ്ടാമത്തെ രാജ്യമായ ഇന്ത്യയിൽ ഇതുവരെ കൊവിഡ് പ്രതിരോധം ഫലപ്രദമാകാൻ കാരണം ജനങ്ങളുടെ സമ്പൂർണമായ സഹകരണം തന്നെയായിരുന്നു. എന്നാൽ ഒറ്റപ്പെട്ടതെങ്കിലും ചില വ്യതിചലനങ്ങളും സംഭവിക്കുന്നുണ്ട്. രാജ്യത്തു റിപ്പോർട്ട് ചെയ്യപ്പെട്ട കൊവിഡ് കേസുകളിൽ 90 ശതമാനവും വിദേശങ്ങളിൽ നിന്നു വന്നവരിൽ നിന്നു പകർന്നു കിട്ടിയതാണ്. അവരിൽ നിന്ന് സമൂഹവ്യാപനത്തിലേക്ക് ഇതുവരെ കടന്നിട്ടില്ല. എന്നാൽ, സമീപകാലത്ത് ഡൽഹിയിലെ നിസാമുദ്ദീനിലെ മതപരമായ ചടങ്ങിൽ പങ്കെടുത്തവരിൽ നിന്നു പകർന്നു കിട്ടയത് അഞ്ഞൂറോളം പേർക്കാണ്. ഇവരുമായി സമ്പർക്കം പുലർത്തിയവരെ പൂർണമായി കണ്ടെത്താൻ കഴിഞ്ഞാലേ രോഗവ്യാപനത്തിന്റെ വ്യാപ്തി തിട്ടപ്പെടുത്താനാവൂ. രാജ്യമൊന്നാകെ ഇപ്പോൾ കാട്ടുന്ന കനത്ത ജാഗ്രത തകർക്കാൻ ഈ കണ്ണിയിൽ നിന്നു വിട്ടു നിൽക്കുന്ന ഏതാനും ചിലർ വിചാരിച്ചാൽ മതി.

അവർക്കുള്ള മുന്നറിയിപ്പു കൂടിയാണ് ഇന്നലെ രാത്രി ഒൻപതിന് ഒൻപതു മിനിറ്റ് രാജ്യമൊട്ടാകെ തെളിയിച്ച പ്രകാശ വീചികൾ. അതിന്റെ വെളിച്ചം ഉൾക്കൊള്ളാതെ പേകുന്നവർ സ്വന്തം ജീവനും രാജ്യത്തിന്റെ നിലനിൽപ്പിനും കൂടിയാണു ഭീഷണി ഉയർത്തുന്നത്. അതൊരിക്കലും അനുവദിച്ചുകൊടുക്കാൻ കഴിയാത്തതുമാണ്.

കണ്ടുപഠിക്കണം തരൂരിനെ, ഹൈബിയേയും

ഫിംഗർ പ്രിന്റ്

സി.പി. രാജശേഖരൻ

പത്തനംതിട്ട റാന്നി സ്വദേശികളായ തോമസ് ഏബ്രഹാമിനെയും ഭാര്യ മറിയാമ്മയെയും കാണുമ്പോൾ ഇറ്റാലിയൻ പ്രധാനമന്ത്രി ഗ്യൂസെപ്പെ കോണ്ടി മൂക്കത്തു വിരൽ വച്ചു നിൽക്കും, മൂന്നു തരം. ഇവരുടെ മകൻ എന്നെങ്കിലും ഇറ്റലിയിൽ തിരിച്ചെത്തിയാൽ ഒരു വേള കോണ്ടി അയാളെ ചെന്നു കണ്ടു തിരക്കും, ഈ ദമ്പതികൾ സുഖമായിരിക്കുന്നോ, എന്ന്. ഇറ്റലിയിലെന്നല്ല കൊവിഡ് 19 കീഴടക്കിയ ഒരു രാജ്യത്തിനും വിശ്വസിക്കാൻ കഴിയില്ല, തോമസിന്റെയും മറിയാമ്മയുടെയും ജീവിതവിജയം. ഇറ്റലിയിലുള്ള മകൻ നാട്ടിൽ അവധിക്കു വന്നപ്പോൾ അച്ഛനമ്മമാർക്കു സമ്മാനിച്ചതാണു കൊവിഡ് 19 എന്ന മാരക വൈറസിനെ. അറിഞ്ഞുകൊണ്ടു കൊടുത്തതല്ല, ഈ അപരാധം. അറിയാതെ പറ്റിപ്പോയ ഒരു കൈയബദ്ധം. പക്ഷേ, ആ അബദ്ധം രണ്ടു പേരെയും എത്തിച്ചതു ചരിത്രത്തിന്റെ കൊടുമുടിയിലാണെന്നതു വേറേ കാര്യം.

ലോകത്തെ വിറപ്പിച്ച കൊവിഡ് 19 വൈറസ് ബാധിച്ച്, ഫലപ്രദമായ ചികിത്സയിലൂടെ രോഗം പൂർണമായി ഭേദമാക്കപ്പെട്ട ഇന്ത്യയിലെ ഏറ്റവും പ്രായം കൂടിയ അളായി മാറി 93കാരനായ തോമസ് ഏബ്രഹാം. ലോകത്തു തന്നെ ഈ നേട്ടം കൈവരിച്ച മുത്തച്ഛനാകും അദ്ദേഹം. ഇറ്റലി, സ്പെയ്ൻ, യുഎസ് തുടങ്ങിയ മുൻനിര രാജ്യങ്ങൾ ഈ പ്രായത്തിലുള്ളവർക്കു കൊവിഡ് 19 ബാധിച്ചാൽ അവരെ സ്വസ്ഥമായി മരിക്കാൻ വിടും അല്ലാതെ ചികിത്സിച്ചു നേരം കളയില്ല. ഈ പ്രായത്തിലുള്ള ആരെയും ചികിത്സിച്ചു സുഖപ്പെടുത്താനുള്ള വിദ്യ അവർക്കറിയാത്തതാണു കാരണം. എന്നാൽ, സർക്കാർ ചെലവിലുള്ള പൊതുജനരോഗ്യ പദ്ധതിയുടെ ചുമലിൽ പിടിച്ച് തോമസ് ഏബ്രാഹാം കൊവിഡിനെ ആട്ടിയോടിക്കുമ്പോൾ ഇറ്റാലിയൻ പ്രധാനമന്ത്രിയല്ല, ലോക നേതാക്കളെല്ലാം കൊച്ചു കേരളത്തിലേക്കും അതുവഴി ഇന്ത്യയിലേക്കും കണ്ണുപായിക്കുന്നു, ലേശം കുശുമ്പോടെ. അതു കാണുമ്പോൾ അഭിമാനം കൊണ്ടു തലയുയർത്തുകയാണ് കേരള സംസ്ഥാന ആരോഗ്യ വകുപ്പും അതിലെ മുഴുവൻ ജീവനക്കാരും.

അവരുടെ അധ്വാനത്തിനു വേഗത്തിൽ ഫലം കാണുനുള്ള സഹായവുമായി മുന്നിട്ടിറങ്ങിയ തിരുവനന്തപുരം എംപി ശശി തരൂരാണ് ഇപ്പോൾ വാർത്തയിലെ താരം. മുഖ്യമന്ത്രി പിണറായി വിജയൻ അടക്കമുള്ളവരുടെ മുക്തകണ്ഠമായ പ്രശംസ ഏറ്റുവാങ്ങുകയാണു തരൂരിപ്പോൾ. കൊവിഡ് 19 സ്ഥിരീകരണം ഏറ്റവും കുറവുള്ള രാജ്യമാണ് ഇന്ത്യ. ജനസംഖ്യയുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യയിലെ രോഗവ്യാപനം കഷ്ടിച്ചു മൂവായിരത്തിലൊതുങ്ങുകയാണ്. 132 കോടി ജനങ്ങളുള്ള ഇന്ത്യയിലെ യഥാർഥ കണക്ക് ഇതായിരിക്കില്ലെന്ന് ഉറപ്പ്. എന്നാൽ ഇവിടെ രോഗപരിശോധന തുലോം വളരെ കുറവാണ്. കൂടുതൽ പേരെ പരിശോധിക്കുന്നതിലൂടെ മാത്രമേ എത്ര പേരിലേക്കു രോഗം പടർന്നിട്ടുണ്ടെന്നു കൃത്യമായി കണ്ടെത്താൻ കഴിയൂ. എന്നാൽ കൂടുതൽ പേരെ പരിശോധിക്കാനുള്ള സൗകര്യം ഇവിടെയില്ലാത്തതിനാൽ അതിനു കഴിയുന്നതുമില്ല. ഈ കുറവു പരിഹരിക്കാൻ തന്നാൽ കഴിയുന്നതു ചെയ്തിരിക്കയാണു ശശി തരൂർ. രാജ്യത്ത് ഒരു എംപിക്കും ചെയ്യാൻ കഴിയാത്തത്.

ശശി തരൂർ

ഹൈബി ഈഡൻ

പ്രതിഭാ ഹരി

എംപി ഫണ്ടിൽ നിന്നുള്ള ഒരു വിഹിതം സമാഹരിച്ച് കൊവിഡ് 19 ദ്രുത പരിശോധനാ കിറ്റുകൾ വാങ്ങി സ്വന്തം മണ്ഡലത്തിലെ കൊവിഡ് പരിശോധന വേഗത്തിലാക്കാനുള്ള ശ്രമത്തിലാണ് അദ്ദേഹം. പൂന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹകരണത്തോടെ നിർമിക്കുന്ന ആർടി-പിസിആർ കിറ്റുകളാണ് ശശി തരൂർ എത്തിക്കുന്നത്. ആദ്യഘട്ടത്തിൽ ആയിരം എണ്ണം എത്തിക്കഴിഞ്ഞു. ഇനി രണ്ടായിരം എണ്ണം കൂടി ഉടനെത്തും. അതോടെ, രോഗ സാധ്യത ഏറെയുള്ള മൂവായിരത്തിൽപ്പരം ആളുകളിൽ വളരെ വേഗത്തിൽ രോഗനിർണയം നടത്താനാവും. മറ്റു പരിശോധനകളിലൂടെ ഫലം കിട്ടാൻ ഒരു ദിവസം എടുക്കുമ്പോൾ ആർടി-പിസിആർ പരിശോധനയ്ക്കു രണ്ടര മണിക്കൂർ മതി. ഇത്തരം കിറ്റുകളുടെ നിർമാണം വേഗത്തിലാക്കാൻ അമെരിക്ക അടക്കമുള്ള രാജ്യങ്ങൾ ശ്രമം തുടങ്ങിയിട്ടേയുള്ളൂ. ഇന്ത്യയിൽ അതു ലഭ്യമാണെങ്കിലും എണ്ണത്തിൽ കുറവുണ്ട്. ഈ കുറവ് വരും ദിവസങ്ങളിൽ പരിഹരിക്കപ്പെടും. രോഗവ്യാപനം ചെറുക്കുന്നതിൽ പുതിയ സംവിധാനം ഏറെ ഗുണം ചെയ്യും. എംപി ഫണ്ടിൽ നിന്നു തന്നെ അതിനുള്ള വക കണ്ടെത്തുകയും പ്രചാരത്തിലാക്കുകയും ചെയ്തതോടെയാണു തരൂർ താരമായത്. വരുംദിവസങ്ങളിൽ ഇതിന്റെ ലഭ്യത കൂടും. തരൂരിനു തോന്നിയ ഈ ബുദ്ധി മറ്റ് എംപിമാർക്കു തോന്നാതിരുന്നതു നിരാശപ്പെടുത്തുന്നു.

തരൂരിനെക്കാൾ മുൻപേ കൊവിഡിനെതിരേ രംഗത്തിറങ്ങിയ എംപിയാണു ഹൈബി ഈഡൻ. പാർലമെന്റ് സമ്മേളനം അവസാനിക്കുന്നതിനു തൊട്ടുമുൻപാണ് കൊവിഡ് വ്യാപനം ഏറെ രൂക്ഷമായത്. സമ്മേളനം കഴിഞ്ഞ് എല്ലാവരും നാട്ടിലേക്കു മടങ്ങാനുള്ള തിരക്കിലമർന്നപ്പോൾ ഡൽഹിയിലെ എംപി ഫ്ളാറ്റിൽ ഹൈബിക്ക് ഉറക്കമില്ലാത്ത രാത്രികളായിരുന്നു. സ്വന്തം മണ്ഡലമായ എറണാകുളത്തിന്റെ പരിധിയിൽവരുന്ന കളമശേരി മെഡിക്കൽ കൊളെജിൽ കൊവിഡിനെതിരേയുള്ള ജീവൻരക്ഷാ ഉപകരണങ്ങൾ സജ്ജമാക്കാനുള്ള വഴികളായിരുന്നു അദ്ദേഹം ആലോചിച്ചത്. ഒരു ദിവസം തച്ചിനിരുന്ന് കാര്യങ്ങൾ പഠിച്ച് ജില്ലാ കലക്റ്റർ എസ്. സുഹാസുമായി ചർച്ച നടത്തി, എംപി ഫണ്ടിൽ നിന്ന് ഒരു കോടി രൂപ കണ്ടെത്തി. കളമശേരി സർക്കാർ മെഡിക്കൽ കോളെജിൽ അടിയന്തിര ഘട്ടത്തിൽ ഉപയോഗിക്കാനുള്ള വെന്റിലേറ്ററുകൾ എത്തിക്കാനുള്ള ധാരണയായി. ഇതു സംബന്ധിച്ച എംപിയുടെ നിർദേശം എറണാകുളത്തപ്പൻ ക്ഷേത്രത്തിനു സമീപത്തുള്ള ജില്ലാ കലക്റ്ററുടെ ബംഗ്ലാവിലെത്തിയപ്പോൾ ഞായറാഴ്ച പുലർച്ചെ മൂന്നു മണി. എല്ലാവരും മൂടിപ്പുതച്ചുറങ്ങുന്ന ഈ സമയത്തും ഹൈബിയുടെയും ജില്ലാ കലക്റ്ററുടെയും ഓഫിസുകൾ സജീവമായിരുന്നു.

ജില്ലാ കലക്റ്ററുടെ ശുപാർശയിൽ ഒരു കോടി രൂപ ചെലവിൽ സാധ്യമായത്ര വെന്റിലേറ്ററുകൾ വാങ്ങാൻ തീരുമാനമായി. പക്ഷേ, വെന്റിലേറ്ററുകൾ വരേണ്ടതു ബംഗളൂരുവിൽ നിന്നാണ്. അവിടെ സാധനം സ്റ്റോക്കില്ല. അതുകൊണ്ട് ഹൈബി നിരാശനായില്ല. ജില്ലാ കലക്റ്ററും. ലോക്കൽ പർച്ചേസ് ആകാമെന്നു കലക്റ്ററുടെ ഉപദേശം. സംസ്ഥാന മെഡിക്കൽ സർവീസ് കോർപ്പറേഷനാണ് പർച്ചേസ് ഓർഡർ നൽകേണ്ടത്. ലോക്കൽ പർച്ചേസ് നടത്താൻ അവർക്ക് അനുമതിയില്ല. പക്ഷേ ഹൈബി വിട്ടില്ല. അടിയന്തിര സാഹചര്യം പരിഗണിച്ച് ലോക്കൽ പർച്ചേസിനു വകുപ്പുതല അനുമതി വാങ്ങി. അതിനു മുൻപേ, ഐഎംഎയുടെ സഹകരണം തേടിയ ഹൈബി, ബംഗളൂരുവിലെ കമ്പനിയിൽ സ്റ്റോക്ക് ഉണ്ടായിരുന്ന അവസാനത്തെ രണ്ട് വെന്റിലേറ്റുകൾ ഞൊടിയിടയിൽ കളമശേരിയിലെത്തിച്ചു. സാധാരണ ഗതിയിൽ നാലു മുതൽ എട്ടു വരെ ആഴ്ച വരെ എടുക്കുന്ന പർച്ചേസ് നടപടിക്രമങ്ങൾ ഇവരെല്ലാം കൂടി പൂർത്തിയാക്കിയത് നാലേ നാലു ദിവസം കൊണ്ട്. ഏഴാമത്തെ ദിവസം ബംഗളൂരുവിൽ നിന്നുള്ള രണ്ട് വെന്റിലേറ്ററുകൾ കളമശേരി മെഡിക്കൽ കോളെജിലെത്തിച്ചു പ്രവർത്തന സജ്ജമാക്കി. അവശേഷിക്കുന്ന വെന്റിലേറ്ററുകളും വൈകാതെയെത്തും. കൂടാതെ ഇസിഎംഒ മെഷിൻ, എൻഐവി വെന്റിലേറ്റർ, മൾട്ടി പാരമോനിറ്റർ, സിആർ റീഡർ തുടങ്ങിയ ഉപകരണങ്ങളും കളമശേരി മെഡിക്കൽ കോളെജിന്റെ ഭാഗമാക്കും ഹൈബി ഈഡൻ എംപി.

കഴിഞ്ഞ പ്രളയ കാലത്ത് എറണാകുളം മണ്ഡലത്തിലും പുറത്തുമായി ഹൈബി ഈഡൻ നിർമിച്ചു നൽകിയത് ആയിരത്തോളം വീടുകൾ. സന്നദ്ധ സംഘടനകളുടെയും സുഹൃത്തുക്കളുടെയും സംഭാവനയിൽ നിന്നാണ് അതിനുള്ള പണം സ്വരൂക്കൂട്ടിയത്. പ്രളയ ദുരിതാശ്വാസ നടപടികളിൽ കേരളത്തിലെ മറ്റൊരു ജനപ്രതിനിധിക്കും എത്തിപ്പെടിക്കാൻ കഴിയാത്ത നേട്ടം. അന്നത്തെ കൈയടിയെക്കാൾ വലുതാണ് ഹൈബിക്ക് ഇപ്പോൾ കിട്ടുന്നത്.

** **

ശശി തരൂരിന്റെയും ഹൈബി ഈഡന്റെയുമൊക്കെ കൊവിഡ് 19 ചെറുത്തുനില്പ് കൈയടി നേടുമ്പോഴാണ് കായംകുളം എംഎൽഎയു. പ്രതിഭയുടെ കൊറോണ വൈറസ് ദുർഗന്ധം പരത്തുന്നത്. സ്വന്തം പാർട്ടിക്കുള്ളിൽ ഒറ്റപ്പെട്ടു പോകുന്ന പ്രതിഭ, അരിശം തീർക്കുന്നതു മാധ്യമ പ്രവർത്തകരോടും. നാട്ടിലെ കൊവിഡ് 19 പ്രതിരോധത്തിലും പുനരധിവാസത്തിലും ആരോഗ്യ വകുപ്പ് ജീവനക്കാരും പൊലീസും ജനപ്രതിനിധികളും കഴിഞ്ഞാൽ ജനങ്ങളുമായി നേരിട്ടു ബന്ധപ്പെടുന്നവരാണ് മാധ്യമ പ്രവർത്തകർ. അവർക്കു രോഗം പിടിപെടാനുള്ള സാധ്യത മുൻനിർത്തി, അപകട മേഖലകളിൽ നിന്ന് മാധ്യമ സുഹൃത്തുക്കൾ അകലം പാലിക്കണമെന്നാണു മുഖ്യമന്ത്രി പിണറഖായി വിജയൻ പോലും ഉപദേശിച്ചത്.

എന്നാൽ സ്വന്തം വീട്ടിലിരുന്ന് ചാറ്റിങ്ങും പോസ്റ്റിങ്ങും നടത്തി കൊറോണയെ തഴുകുന്ന പ്രതിഭയെപ്പോലെ പ്രതിഭയുള്ളവരല്ല മാധ്യമപ്രവർത്തകർ. പ്രതിഭ കടന്നു ചെല്ലാൻ മടിക്കുന്ന സ്ഥലങ്ങളിലെല്ലാം അവർ ചെന്നെത്തും. ആരും കാണാത്തതെല്ലാം അവർ കണ്ടെത്തും. പ്രതിഭ പറഞ്ഞതു പോലെ ഈ കൊറോണക്കാലത്തും കഴിഞ്ഞ പ്രളയക്കാലത്തുമൊക്കെ അവർ സ്വന്തം ശരീരം വിറ്റുതന്നെയാണ് ജോലി ചെയ്തത്. പക്ഷേ, പ്രതിഭ ഉദ്ദേശിക്കുന്ന അർഥത്തിലല്ലെന്നു മാത്രം.

വിഴുങ്ങാൻ വരുന്ന പ്രളയവും പ്രാണനെടുക്കാൻ വരുന്ന കൊവിഡ് 19ഉം, നാട്ടിൽ നടക്കുന്ന കലാപങ്ങളും അക്രമങ്ങളും കൊള്ളയും കൊള്ളിവയ്പുകളും ലോകമഹായുദ്ധങ്ങളുമൊക്കെ നേരിട്ടു നിന്നു റിപ്പോർട്ട് ചെയ്യുന്നവർ വിധിക്കു മുന്നിൽ സ്വന്തം ശരീരത്തെയാണു വിട്ടുകൊടുക്കുന്നത്. മരണത്തെപ്പോലും അവർ ഭയക്കുന്നില്ല. സ്വന്തം കുടുംബത്തെപ്പോലും അവർ തൽക്കാലം മറന്നു മാറ്റി നിർത്തുന്നു. ആയുസിന്റെ ബലം ഒന്നുകൊണ്ടു മാത്രം രക്ഷപ്പെട്ടു വരുന്ന ഈ കർമനിരതരുടെ മാനത്തിനു മാത്രം പ്രതിഭ വില പറയരുത്. ശരീരത്തിന്റെ വിലയും നിലയും നന്നായറിയാവുന്ന ഒരാളും അതിനു മുതിരില്ലെന്നെങ്കിലും തിരിച്ചറിയട്ടെ, പ്രതിഭയിലെ പ്രതിഭ.

മഹാരാജാ കൂൾ ആൻഡ് ഹോട്ട് ബാർ ഒരു ഓർമ്മ

ഡോ ആസാദ്

കോഴിക്കോടു നഗരത്തിൽ മുപ്പത്തിയഞ്ചു വർഷം മുമ്പുണ്ടായിരുന്ന ഒരു സൗഹൃദ സംഘത്തിന്റെ ഓർമക്കുറിപ്പാണിത്. ദേശാഭിമാനിയിലും നഗരത്തിലുമായി നിരന്തരം കണ്ടുമുട്ടിക്കൊണ്ടിരുന്ന, ഏറെക്കുറെ ഒരേ വഴിക്കു സഞ്ചരിച്ചിരുന്ന സാംസ്കാരിക പ്രവർത്തകരുടെ കൂട്ടുചേരൽ. സൗഹൃദ സംഘത്തിന്റെ ഔപചാരികമായ ആദ്യ കൂടിച്ചേരൽ മിഠായിത്തെരുവിലെ വളരെ കുറച്ചുപേർ മാത്രം എത്തിപ്പെടുന്ന ഹോട്ടലിൽ ആയിരുന്നു. മഹാരാജാ കൂൾ ആൻഡ് ഹോട്ട് ബാർ. താഴെ ബേക്കറി. മുകളിൽ ഹോട്ടൽ. ബേക്കറിയ്ക്കകത്തു കടന്നു വേണം മുകളിൽ കയറാൻ. തേഞ്ഞരഞ്ഞ മരക്കോണിയിലെ കയറ്റം അൽപ്പം സാഹസമായിരുന്നു. ഞങ്ങൾ മിക്കവാറും ചായകുടിക്കാനും സംസാരിക്കാനും കയറുന്ന സ്ഥലമാണ്. അതിപ്പോൾ അവിടെയില്ല.

രൂപീകരണം ഹോട്ടലിലായിരുന്നുവെങ്കിലും അനൗദ്യോഗിക ഓഫീസ് ചെറൂട്ടി റോഡിലെ ഗാന്ധിഗൃഹത്തിൽ ടി.പി. കുഞ്ഞിക്കണ്ണൻ മാഷ് താമസിക്കുന്ന മുറിയായിരുന്നു. ദേശാഭിമാനിയുടെ അടുത്താണെന്ന സൗകര്യവും ഉണ്ടായിരുന്നു. കെഇഎൻ, ടി.പി. കുഞ്ഞിക്കണ്ണൻ, ഹമീദ് ചേന്നമംഗലൂർ, കെ.പി. മോഹനൻ, എം.എം. നാരായണൻ, എ.കെ. രമേശ്, കെ.എ. സുനിൽ കുമാർ, സിദ്ധാർത്ഥൻ വി, അശോക് ശ്രീനിവാസ്, സി.പി. ഹരീന്ദ്രൻ, പി. വിജയൻ, പി. മധുസൂദനൻ, എം. മാധവൻ, വേണു അടിവാരം, ആസാദ് തുടങ്ങിയവരായിരുന്നു സംഘം പ്രവർത്തകർ. ശരീയത്ത് സംവാദങ്ങളെ തുടർന്ന് ഇളകി മറിഞ്ഞ സാംസ്കാരിക അന്തരീക്ഷത്തിൽ ചില ഉത്തരവാദിത്തങ്ങൾ നിർവഹിക്കാനുണ്ടെന്ന വിചാരമായിരുന്നു എല്ലാവർക്കും.

ജനകീയ പുസ്തക പ്രസാധനത്തിന്റെ പരീക്ഷണമായിരുന്നു സൗഹൃദസംഘം ഏറ്റെടുത്തത്. എം.എൻ. വിജയന്റെയും കെഇഎന്നിന്റെയും പുസ്തകങ്ങളാവട്ടെ ആദ്യമെന്നു തീരുമാനിച്ചു. ചിതയിലെ വെളിച്ചത്തിനു ശേഷം വിജയൻ മാസ്റ്ററുടെ പുസ്തകമൊന്നും പുറത്തു വന്നിരുന്നില്ല. ഒന്നര പതിറ്റാണ്ടിന്റെ മൗനമാണ് മുറിക്കുന്നത്. എം.എൻ. വിജയന്റെ പ്രഭാഷണങ്ങൾ, കെഇഎൻ എഴുതിയ സ്വർഗം, നരകം, പരലോകം എന്നീ പുസ്തകങ്ങൾ ആദ്യ പുസ്തകങ്ങളായി പുറത്തു വന്നു.

വടക്കൻ കേരളത്തിലെ പ്രഭാഷണ വേദികളിൽ എം.എൻ. വിജയനും കെഇഎന്നും ഹമീദും നിറഞ്ഞു നിന്ന സമയമാണ്. മതവർഗീയതയെ നിശിതമായി കടന്നാക്രമിച്ച കാലം. ഫാഷിസത്തിന്റെ മനശാസ്ത്രം വിജയൻമാഷ് പ്രവചന വീര്യത്തോടെ വിളിച്ചുപറഞ്ഞ കാലം. സാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിൽ മതേതര ജനാധിപത്യ മൂല്യങ്ങളുടെ സമരോത്സാഹം ഉണർന്നുനിന്ന കാലം.

രണ്ടു പുസ്തകങ്ങളും ഒരുങ്ങിയത് ബേപ്പൂരിൽ ഉണ്ണിയേട്ടന്റെ രാഗം പ്രിന്റിങ്ങ് പ്രസ്സിലാണ്. അവിടെ പ്രസ്സുടമയും ഉപഭോക്താവും തമ്മിലുള്ള ബന്ധമായിരുന്നില്ല. പ്രസ്സുടമയുടെ വീട്ടിൽ ചായയും ഉച്ചഭക്ഷണവും കഴിക്കാവുന്ന സൗഹൃദമായി അതു വളർന്നു. ലളിതമായ പുറംചട്ടയും നല്ല ലേ ഔട്ടുമായി വിലക്കുറവിൽ പുസ്തകങ്ങൾ ലഭ്യമാക്കാനായിരുന്നു ശ്രമം. പ്രകാശന സമയത്തുതന്നെ റോയൽറ്റി നൽകാനായതും വിജയം. സാംസ്കാരിക രാഷ്ട്രീയ പരിപാടികളിൽ പുസ്തകം വിറ്റിരുന്നതും ഞങ്ങൾതന്നെയായിരുന്നു.

തുടർന്ന് ഹമീദ് ചേന്ദമംഗലൂരിന്റെ മതേതര വിചാരം, പി. വിജയന്റെ മാർക്സിസവും നവനിരൂപണവും എന്നീ കൃതികൾ പുറത്തിറങ്ങി. പി. വിജയന്റെ വിമർശന കൃതിക്ക് തായാട്ട് അവാർഡു ലഭിച്ചു. മൂന്നു വർഷത്തിനിടയിലെ നാലു പുസ്തകങ്ങളാണിവ.

ഒരു ലഘുലേഖയും കണക്കിൽ പെടുത്തേണ്ടതുണ്ട്. റബ്ബറും പത്ര രാഷ്ട്രീയവുമാണത്. രണ്ടോ മൂന്നോ എഡിഷനുകൾതന്നെ വേണ്ടിവന്നു. കെഇഎന്നായിരുന്നു മുഖ്യ എഴുത്തുകാരനെങ്കിലും കെഇഎൻ, ആസാദ്, സുനിൽ എന്നിവരുടെ കൂട്ടുകൃതിയായാണ് അതു പുറത്തുവന്നത്.

ഗാന്ധിഗൃഹത്തിലും രാധ തിയേറ്ററിന് എതിർ വശത്തുണ്ടായിരുന്ന അടച്ചുപോയ മോഡേൺ ഹോട്ടലിലും കോട്ടപ്പുറത്തു സെലക്റ്റ് ലോഡ്ജിലും ഓഫീസ് പ്രവർത്തിച്ചിട്ടുണ്ട്. സാംസ്കാരിക സദസ്സുകളുടെ വേദികളായിരുന്നു അവ. എൺപത്തിയേഴു പകുതിയാകുമ്പോഴേക്കും ഞാൻ എംഫിലിന് മദ്രാസിലെത്തി. കുറച്ചുകാലംകൂടി സൗഹൃദസംഘം നിലനിന്നു. പലരും പുതിയ ഉത്തരവാദിത്തങ്ങളിലേക്കു തിരിഞ്ഞു. സൗഹൃദ സംഘം പതുക്കെ പിരിയുകയായി. കോഴിക്കോട്ടെ പുരോഗമന കലാസാഹിത്യ സംഘം പ്രവർത്തനങ്ങളുടെ ഊർജ്ജമായി അതു മാറി.

സംഹൃദ സംഘം പ്രവർത്തനങ്ങൾക്കു പലനിരയിലുള്ള പങ്കാളിത്തവും പിന്തുണയും ലഭിച്ചിരുന്നു. സിദ്ധാർത്ഥൻ പരുത്തിക്കാടും ആർട്ടിസ്റ്റ് ചൻസും കെ എസ് ഹരിഹരനും ടി എ റസാക്കും ഉൾപ്പെടെയുള്ള നീണ്ട നിരയാണത്. അതൊക്കെ വിശദമായി പിന്നീടെഴുതാം.

മെട്രൊ മെയിൽ



ലോക്ക് ഡൗൺ കഴിഞ്ഞാൽ ഈ പാലം പണിയണേ

കോവിഡ് നിയന്ത്രണത്തിന്റെ ഭാഗമായി പല്ലന ആറ്റിലെ കെവി ജെട്ടിയിൽ കടത്തിറക്ക് നിർത്തിയതോടെ മറുകര കടക്കാൻ ആശ്രയം ജീർണാവസ്ഥയിലായ തൂക്ക് പാലമാണ്. പാലത്തിന്റെ ദുഃസ്ഥിതി മൂലം നേരത്തെ പലരും കടത്തുവള്ളത്തിലായിരുന്നു മറുകര കടന്നിരുന്നത്.

ഏഴര മീറ്റർ ഉയരത്തിലുള്ള പാലത്തിന്റെ നടപ്പാതയിലെ ഇരുമ്പ് ഷീറ്റുകൾ ദ്രവിച്ച് അടർന്നു മാറി. കൈവരികളുടെ കമ്പി വലകൾ ദ്രവിച്ചു അടർന്നു ആറ്റിൽ വീണു. പാലവുമായി ബന്ധപ്പെട്ട ഉരുക്കുവടങ്ങൾ മുറുക്കാത്തതിനാൽ ആട്ടം വർധിച്ചു. എത്രയും വേഗം ഇതു നവീകരിച്ചില്ലെങ്കിൽ കാഴ്ചവസ്തുവായി പോലും നിലനിർത്താൻ കഴിയാതാവും.

കൊവിഡ് ലോക്ക് ഡൗൺ കഴിഞ്ഞാൽ തദ്ദേശ സ്വയംഭരണ സ്ഥാപനമോ, എംഎൽഎയോ മുൻകൈ എടുത്ത് ഈ പാലം പുതുക്കി പണിതു തരണം

പ്രമോദ്
പ്ലാഞ്ചേരിയിൽ

നടക്കുമോ നവംബറിലെ പോരാട്ടം

വിദേശകാര്യലേഖകൻ

ഏറ്റവും കൂടുതൽ കൊറോണ വൈറസ് ബാധിതരുള്ളത് അമെരിക്കയിലാണ്. ഇതിനകം മൂന്ന് ലക്ഷം ആളുകളാണ് അമെരിക്കയിൽ രോഗ ബാധിതരായിട്ടുള്ളത്. 8100 ആളുകൾ മരിച്ചു. സ്ഥിതിഗതികൾ വരും ദിവസങ്ങളിൽ രൂക്ഷമാകുമെന്നാണ് അമെരിക്കൻ പ്രസിഡന്റ് തന്നെ പറയുന്നത്. ഒരു ലക്ഷത്തിനും രണ്ടര ലക്ഷത്തിനുമിടയിൽ ആളുകൾക്ക് ജീവൻ നഷ്ടപ്പെട്ടേക്കാമെന്ന് ചില ഔദ്യോഗിക റിപ്പോർട്ടുകൾ തന്നെ സൂചിപ്പിക്കുന്നു. അമെരിക്ക അതിന്റെ ആധുനിക ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധിയെ ആണ് അഭിമുഖീകരിക്കുന്നത്. ഈ ഘട്ടത്തിലാണ് ചില കേന്ദ്രങ്ങൾ ഒരു പ്രധാനപ്പെട്ട സംശയം ഉന്നയിക്കുന്നത്. അമെരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിന് എന്ത് സംഭവിക്കും?.

ആശങ്കങ്ങൾക്കിടയിൽ ഇത് ലോകം ചർച്ച ചെയ്യുന്നുണ്ട്. ലോകത്തെ ഏറ്റവും ശക്തനായ നേതാവിനെ തെരഞ്ഞെടുക്കാനുള്ള പക്രിയ ആയിട്ടാണ് ഇത് കണക്കാക്കപ്പെടുന്നത്.

നാല് വർഷം കൂടുമ്പോഴാണ് അമെരിക്കയിൽ തെരഞ്ഞെടുപ്പ് നടക്കുന്നത്. ഡൊണാൾഡ് ട്രംപിന്റെ രണ്ടാം മത്സരവുമാവും അത്.1845 ലാണ് അമെരിക്കയിലെ പ്രസിഡന്റ് തെരഞ്ഞെടുപ്പ് സംബന്ധിച്ച് നിയമം നിലവിൽ

വന്നത്. അതിന് ശേഷം എല്ലാ നാല് വർഷം കൂടുമ്പോഴും നവംബർ മാസത്തിലെ ആദ്യ തിങ്കൾ കഴിഞ്ഞുള്ള ചൊവ്വാഴ്ച തെരഞ്ഞെടുപ്പ് നടന്നിട്ടുണ്ട്. ഭരണഘടന പ്രകാരം ജനുവരി മൂന്നാം തീയതി പുതിയ കോൺഗ്രസ് അധികാരത്തിലെത്തണം. ജനുവരി 20ന് പുതിയ പ്രസിഡന്റ് അധികാരമേൽക്കണം. ഇതിലൊന്നും മാറ്റം വരുത്തുക എളുപ്പമല്ല. ഭരണ രീതിയിൽ പ്രസിഡന്റിന് വലിയ അധികാരങ്ങളുണ്ടെങ്കിലും തെരഞ്ഞെടുപ്പ് മാറ്റാൻ അദ്ദേഹത്തിന് കഴിയില്ല. ഇതുകൊണ്ടെക്കെ തന്നെ ഇനിയുള്ള ദിവസങ്ങൾ നിർണായകമാണ്.

നാല് വർഷം കൂടുമ്പോഴുള്ള നവംബർ മാസത്തെ ആദ്യ തിങ്കളാഴ്ച കഴിഞ്ഞുള്ള ചൊവ്വാഴ്ചയാണ് അമെരിക്കയിൽ പ്രസിഡന്റ് തെരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് നിയമ പ്രകാരം നടക്കേണ്ടത്. അത് എന്തായാലും നടന്നിരിക്കണമെന്നതാണ് വ്യവസ്ഥ. തെരഞ്ഞെടുപ്പിന്റെ പക്രിയകൾ പതിവുപോലെ നടക്കുകയായിരുന്നു. മാർച്ച് മൂന്നിന്റെ സൂപ്പർ ട്യൂസ് ഡേയായിലായിരുന്നു ബെർനി സാന്റേഴ്സിന് തിരിച്ചടിയായി ഡെമോക്രാറ്റ് സ്ഥാനാർഥിത്വത്തിന് വേണ്ടി മത്സരിക്കുന്ന ജോ ബിദൻ മുന്നേറ്റം നടത്തി. ട്രംപ് റിപ്പബ്ലിക്കൻ പാർട്ടിയുടെ വേദികളിലും പ്രചാരണം നടത്തുകയായിരുന്നു. ഈ ഘട്ടത്തിലാണ് കൊറോണ അമെരിക്കയെ കീഴടക്കിയത്. ആദ്യം അലസതയോടെ ഇതിനെ കണ്ട ട്രംപ് പിന്നീട് നടപടികൾ ഊർജിതമാക്കി. അപ്പോഴെക്കും രംഗം വഷളായി.

ഇപ്പോൾ തെരഞ്ഞെടുപ്പ് നടപടികൾ തടസപ്പെട്ടിരിക്കയാണ്. ഡെമോക്രാറ്റുകളുടെ അവശേഷിക്കുന്ന പ്രൈമറികൾ ചിലത് നടന്നിട്ടില്ല. കൺവെൻഷനും മാറ്റിവെച്ചു. ജോർജ്ജിയയും ലൂസിയാനയും പ്രൈമറികൾ മാറ്റിവെച്ചു. ഡെമോക്രാറ്റ് സ്ഥാനാർത്ഥിയാകാൻ സാധ്യതയുള്ള ബിദൻ സ്വന്തം ആസ്ഥാനത്ത് കുടുങ്ങി കിടക്കുന്നു. തെരഞ്ഞെടുപ്പ് റാലികൾ സാധ്യമാകാതെ ട്രംപ് കൊറോണ നിരീക്ഷണത്തിലാണ്. ഡെമോക്രാറ്റിക് പാർട്ടിയുടെ രീതി പ്രകാരം ഈ പക്രിയ ജൂൺ 9 നകം പൂർത്തിയാക്കേണ്ടതാണ്. അതുപോലെ സ്ഥാനാർഥികളെ തെരഞ്ഞെടുക്കുന്ന പ്രതിനിധികൾ ആരൊക്കെയാണെന്ന കാര്യത്തിൽ ജൂൺ 20 നകം തീരുമാനമാകണം.

ആളുകളുടെ മരണം, അടച്ചിടൽ മൂലമുണ്ടാകുന്ന സാമ്പത്തിക മാന്ദ്യം തുടങ്ങി നിലവിൽ അമെരിക്ക അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പലതാണ്. അതുകൊണ്ട് തന്നെ അസാധാരണമായി എന്തെങ്കിലും സംഭവിക്കുമോ എന്ന ആശങ്കയും ചിലർ പ്രകടിപ്പിക്കുന്നുണ്ട്. നവംബറിൽ കാര്യങ്ങൾ ഇപ്പോവ ലോകം കാണുന്നതു പോലെയല്ലങ്കിൽ ലക്ഷകണക്കിന് ജീവൻ പൊലിയുമോ എന്ന് ആശങ്കയുണ്ടെന്നാണ് അമെരിക്ക ഔദ്യോഗികമായി പറയുന്നത്. പക്ഷെ, ഇതുപോലെ രോഗം വേട്ടയാടിയ സാഹചര്യത്തിലും അമെരിക്കയിൽ തെരഞ്ഞെടുപ്പ് നടന്നിട്ടുണ്ട്. 6,75,000 പേർ മരിച്ച 1918ലെ സ്പാനിഷ് ഫ്ലൂവിന്റെ സമയത്താണ് ഉപതെരഞ്ഞെടുപ്പ് നടന്നത്. അതുകൊണ്ട് ഉറപ്പിക്കാം പുതിയ ഭരണാധികാരിയെ തെരഞ്ഞെടുക്കുന്നതിൽ കൊവിഡ് 19 നാവും നിർണായകമാവുക.

ഒന്നര വയസുകാരി ചികിത്സയ്ക്കായി പുറപ്പെട്ടു

തിരുവനന്തപുരം: കണ്ണിനെ ബാധിച്ച ക്യാൻസർ രോഗത്തിന്റെ ചികിത്സക്കായി ഒന്നര വയസുകാരി അൻവിതയും രക്ഷിതാക്കളും ഇന്നലെ രാവിലെ ആലപ്പുഴ ചേർത്തലയിൽ നിന്ന് ആംബുലൻസിൽ ഹൈദരബാദിലേക്ക് തിരിച്ചു. അവിടെ എൽ.വി. പ്രസാദ് അശുപത്രിയിൽ തിങ്കളാഴ്ച ചികിത്സ ആരംഭിക്കും.

മാധ്യമ വാർത്തയെ തുടർന്ന് മുഖ്യമന്ത്രി പിണറായി വിജയന്റെ നിർദേശത്തെ തുടർന്ന് ആരോഗ്യ വകുപ്പ്മന്ത്രി കെ.കെ. ശൈലജ ഇടപെട്ടതോടെയാണ് ചികിത്സയ്ക്കു വഴിയൊരുങ്ങിയത്. ചികിത്സയ്ക്കു ശേഷം കുട്ടിയെ ഇതേ ആംബുലൻസിൽ തിരികെ വീട്ടിലെത്തിക്കുമെന്ന് മന്ത്രി കെ.കെ. ശൈലജ പറഞ്ഞു.

ലോക് ഡൗൺ കാലമായതിനാൽ വളരെയേറെ ബുദ്ധിമുട്ടിയാണ് കുഞ്ഞിനെയും മാതാപിതാക്കളെയും ഹൈദരബാദിലെത്തിക്കാൻ സംവിധാനമൊരുക്കിയത്. കേരള സാമൂഹ്യ സുരക്ഷാ മിഷനാണ് കുഞ്ഞിനെ ഹൈദരബാദിലെത്തിക്കാൻ ആവശ്യമായ യാത്ര സൗകര്യം ഏർപ്പെടുത്തിയത്. യാത്രാനുമതിയും ആംബുലൻസ് കടന്നു പോകുന്ന മറ്റു സംസ്ഥാനക്കൾക്കുള്ള നിർദേശവും പൊലീസ് ആസ്ഥാനത്ത് നിന്ന് നൽകിയിരുന്നു. എല്ലാ ജില്ലാ പൊലീസ് മേധാവികൾക്കും ആസ്ഥാനത്തു നിന്നു നിർദേശങ്ങൾ നൽകിയിരുന്നു.

യാത്രാ ചെലവും മറ്റും സർക്കാരാണ് വഹിക്കുന്നത്. ചേർത്തലയിൽ നിന്ന് ഇന്നലെ രാവിലെ 7.15ന് യാത്ര തിരിച്ച ആംബുലൻസ് രാത്രി 11 മണിയോടെ ഹൈദരബാദിലെത്തി. സാമൂഹ്യ സുരക്ഷാ മിഷൻ ഉദ്യോഗസ്ഥർ രാവിലെ വീട്ടിലെത്തി രക്ഷിതാക്കൾക്ക് യാത്രാ ചെലവിന് ആവശ്യമായ തുക കൈമാറി.

റൂം ക്വാറന്റൈനിൽ കഴിയുന്ന യുവാവ് ബൈക്കിൽ കറങ്ങി

പൊലീസ് കേസെടുത്ത് ഐസോലേഷൻ വാർഡിലേക്ക് മാറ്റി

കാസർഗോഡ്: കോവിഡ് 19 രോഗനിയന്ത്രണത്തിനായി റൂം ക്വാറന്റൈനിൽ കഴിയാൻ നിർദേശിച്ച യുവാവ് ബൈക്കിൽ കറങ്ങി നടന്നു. കറങ്ങിയ യുവാവിനെ കുമ്പള പൊലീസ് പിടികൂടി കേസെടുത്ത് ഐസോലേഷനിലേക്ക് മാറ്റി. എരിയാലിലെ അജ്മൽ അമാനെ (21) യാണ് കുമ്പള എസ്ഐ സന്തോഷിന്റെ നേതൃത്വത്തിലുള്ള പൊലീസ് സംഘം കുമ്പള നയിക്കാപ്പിൽ ബൈക്കിൽ കറങ്ങുന്നതിനിടെ പിടികൂടിയത്. നാട്ടുകാർ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് അജ്മൽ അമാനെ പിടികൂടിയത്.

യുവാവിന്റെ പിതാവിന് നേരത്തെ കൊവിഡ് രോഗം സ്ഥിരീകരിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ യുവാവിനോടും വീട്ടുകാരോടും റൂം ക്വാറന്റൈനിൽ കഴിയാൻ നിർദേശിച്ചിരുന്നു. ഈ നിർദേശം പാലിക്കാതെയാണ് യുവാവ് ബൈക്കിൽ പലപ്പോഴായി പുറത്ത് കറങ്ങിയത്. യുവാവിനെ കാസർഗോഡ് ഐസോലേഷൻ വാർഡിലേക്ക് മാറ്റിയതിനാൽ അറസ്റ്റ് രേഖപ്പെടുത്തിയിട്ടില്ല.

കൊവിഡ് രോഗത്തിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്ത ദീപം തെളിക്കൽ. കൊച്ചിയിൽ നിന്നൊരു ദൃശ്യം. **- മനു ഷെല്ലി**

പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ഇടപെടും : മുഖ്യമന്ത്രി

പ്രവാസികളുമായി വിഡിയോ കോൺഫറൻസിങ് നടത്തി

നിയന്ത്രണം കഴിയുന്നതുവരെ നിലവിലുള്ള സ്ഥലങ്ങളിൽ തന്നെ തുടരണം. അത് കഴിഞ്ഞാൽ വിവിധ രാജ്യങ്ങളിൽ നിന്ന് വിമാന സർവ്വീസ് ഏർപ്പെടുത്തുന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെടും.

തിരുവനന്തപുരം: കൊവിഡ്19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ വ്യത്യസ്ത തലങ്ങളിൽ ഇടപെടുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇക്കാര്യത്തിൽ പ്രവാസി മലയാളി സംഘടനകളും വിദേശങ്ങളിലെ പ്രമുഖ മലയാളി വ്യക്തിത്വങ്ങളും മുൻകൈയെടുക്കണമെന്നും അദ്ദേഹം അഭ്യർഥിച്ചു. പ്രമുഖ പ്രവാസി മലയാളികളുമായി നടത്തിയ വിഡിയോ കോൺഫറൻസിൽ മുഖ്യമന്ത്രി കൊവിഡ് ബാധയുമായി ബന്ധപ്പെട്ട സാഹചര്യം വിലയിരുത്തി.

വിദേശരാജ്യങ്ങളിൽ നിരീക്ഷണത്തിൽ കഴിയേണ്ടി വരുന്ന സ്ത്രീകൾക്ക് സുരക്ഷിത താമസസ്ഥലം ഒരുക്കുന്നതിൽ പ്രത്യേക ശ്രദ്ധ ചെലുത്തണമെന്ന് പ്രവാസി സമൂഹത്തോട് മുഖ്യമന്ത്രി അഭ്യർഥിച്ചു. സ്കൂളുകൾ അടഞ്ഞുകിടക്കുമ്പോഴും വലിയ തുക ഫീസായി കൊടുക്കേണ്ടി വരുന്നുവെന്നു ഗൾഫ് രാജ്യങ്ങളിലെ മലയാളി സമൂഹം ശ്രദ്ധയിപ്പെടുത്തി. വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന മലയാളി മാനെജ്മെന്റുകളുമായി ഇക്കാര്യം സംസാരിക്കണമെന്ന അഭ്യർഥന കോൺഫറൻസിലുണ്ടായി. ആ വിഷയം പ്രത്യേകം പരിഗണിക്കാമെന്ന് മുഖ്യമന്ത്രി ഉറപ്പു നൽകി. നിയന്ത്രണം കഴിയുന്നതുവരെ നിലവിലുള്ള സ്ഥലങ്ങളിൽ തന്നെ തുടരണം. അത് കഴിഞ്ഞാൽ വിവിധ രാജ്യങ്ങളിൽ നിന്ന് വിമാന സർവ്വീസ് ഏർപ്പെടുത്തുന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെടും.

കൊവിഡ് ബാധിച്ചതല്ലാത്ത മരണങ്ങൾ നടന്നാൽ മൃതദേഹം നാട്ടിലെത്തിക്കാനുള്ള നടപടികൾക്ക് തടസമില്ല. കുടുംബത്തിന് പണം ആവശ്യമുണ്ടെങ്കിലും പ്രവാസികൾക്ക് പണം അയക്കാനാവാത്ത പ്രശ്നമുണ്ട്. ഈടില്ലാതെ, പിന്നീട് പ്രവാസികൾ തിരിച്ചടക്കുന്ന രീതിയിൽ, പ്രവാസികളുടെ കുടുംബത്തിന് വായ്പ കൊടുക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. ഇക്കാര്യം എസ്എൽബിസിയുടെ ശ്രദ്ധയിൽ പ്പെടുത്തി ആവശ്യമായ നടപടിയെടുക്കും. തിരിച്ചടവ് മുടങ്ങിയ പ്രവാസി ക്ഷേമനിധി അംഗങ്ങൾക്ക് പിഴ ഒഴിവാക്കി കൊടുക്കും.

ചില വിദേശ രാജ്യങ്ങളിൽ ബാച്ചിലേഴ്സ് അക്കമോഡേഷനുകളിലും ലേബർ ക്യാംപുകളിലും ഒന്നിച്ചുകഴിയുന്നവരിൽ ആർക്കെങ്കിലും അസുഖം വരികയോ സംശയം വരികയോ ചെയ്താൽ അവർക്ക് ക്വാറന്റൈനിൽ പോകാൻ പ്രത്യേക മുറിയോ മറ്റ് സൗകര്യമോ ഇല്ലാത്ത അവസ്ഥയുണ്ട്. ഓരോ പ്രദേശത്തുമുള്ള സംഘടനകൾ, ലോകകേരള സഭ അംഗങ്ങൾ എന്നിവരെല്ലാം പൊതുവായ ആലോചന ഇക്കാര്യത്തിൽ നടത്തണം. ഇത്തരം അനുഭവങ്ങൾ ഉണ്ടായാൽ അവരെ താമസിപ്പിക്കാനുള്ള സൗകര്യവും ഭക്ഷണവും ഒരുക്കാനാകണം.

പുറത്തുപോയി ജോലി ചെയ്യുന്ന ഡോക്റ്റർമാർ, നഴ്സുമാർ, ലബോറട്ടറി ജീവനക്കാർ, ഫാർമസിസ്റ്റുകൾ, മറ്റ് പാരാമെഡിക്കൽ സ്റ്റാഫ്, ശുചീകരണ ജീവനക്കാർ, മാലിന്യസംസ്കരണത്തിൽ ഏർപ്പെട്ടവർ തുടങ്ങിയവരുടെ സുരക്ഷ വളരെ പ്രധാനമാണ്. ഇവർക്ക് സാനിറ്റൈസർ, മാസ്ക്, മറ്റു സുരക്ഷാ സംവിധാനങ്ങൾ എന്നിവ ഒരുക്കുന്നതിൽ അവിടത്തെ സംഘടനകൾ ശ്രദ്ധിക്കണം- മുഖ്യമന്ത്രി നിർദേശിച്ചു.

വ്യവസായ വകുപ്പ് മന്ത്രി ഇ.പി. ജയരാജൻ, റവന്യൂ വകുപ്പ് മന്ത്രി ഇ. ചന്ദ്രശേഖരൻ എന്നിവരും പങ്കെടുത്തു. യുഎഇയിൽ നിന്ന് എം.എ. യൂസഫലി, രവി പിള്ള, ഡോ. ആസാദ് മൂപ്പൻ, ആശ ശരത്, ഒ.വി. മുസ്തഫ, അൻവർ നഹ, പ്രമോദ് മങ്ങാട്, ഐകസ് ജോൺ പട്ടാണി പറമ്പിൽ, സൗദി അറേബ്യയിൽ നിന്ന് ജോർജ് വർഗീസ്, വി.കെ. അബ്ദുറുഫ്, ഒമാനിൽ നിന്ന് പി.എം. ജാബിർ, ഖത്തറിൽ നിന്ന് സി.വി. റപ്പായി, ജെ.കെ. മേനോൻ, കുവൈറ്റിൽ നിന്ന് സാം പൈകകോട്, അജിത് കുമാർ, ബഹ്റിനിൽ നിന്ന് പി. സുബൈർ, പി.വി. രാധാകൃഷ്ണപിള്ള, വർഗീസ് കുര്യൻ, യുഎസിൽ നിന്ന് ഡോ. എം. അനിരുദ്ധൻ, ഡോ. മാധവൻ പിള്ള, ജപ്പാനിൽ നിന്ന് കെ. അബ്ദുള്ള വാവ, ബംഗ്ളാദേശിൽ നിന്ന് ഇന്ദു വർമ, ഹെയ്തിയിൽ നിന്ന് നിസാർ, യുകെയിൽ നിന്ന് ടി. ഹരിദാസ്, ഇറ്റലിയിൽ നിന്ന് അനിത പിള്ള, ഓസ്ട്രേലിയയിൽ നിന്ന് വി.എസ്. സമേഷ് കുമാർ, മുരളി തുമ്മാരുകുടി, ഉക്രൈനിൽ നിന്ന് ബോബൻ മേനോൻ, ജോർജിയയിൽ നിന്ന് ജേക്കബ് തുടങ്ങിയവർ പങ്കെടുത്തു.

ചൂടിനാശ്വാസമായ് വേനൽമഴ

തിരുവനന്തപുരം: വേനൽച്ചൂടിന് ആശ്വസമായി മഴയെത്തി. തെക്കൻ കേരളത്തിൽ ഇന്നലെ ഉച്ചയോടെ ആരംഭിച്ച മഴ രാത്രി വൈകിയും തുടർന്നു. ഇടിമിന്നലും കാറ്റുമൊക്കെയായ് മണിക്കൂറുകളോളം തകർത്ത് പെയത മഴയിൽ വിവിധ ജില്ലകളിൽ ചെറിയ നാശനഷ്ടങ്ങളും ഉണ്ടായി.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എറണാകുളം, തൃശൂർ, മലപ്പുറം, പാലക്കാട് കോഴിക്കോട്, വയനാട് ജില്ലകളിലും കണ്ണൂർ ജില്ലയുടെ മലയോരമേഖലയിലും ശക്തമായ മഴ ലഭിച്ചു. ബുധനാഴ്ച്ച വരെ പരക്കെ മഴ ലഭിക്കാൻ സാധ്യതയുണ്ടെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചിട്ടുണ്ട്. ഇന്നും നാളെയും കാസഗോഡ് ഒഴികെ മറ്റുസ്ഥലങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്. മഴ ശക്തമായതോടെ അന്തരീക്ഷ താപനിലയും 39 ഡിഗ്രിയിൽ നിന്നും 37 ഡിഗ്രിയായ് കുറഞ്ഞിട്ടുണ്ട്.

ഭക്ത്യാദരവോടെ ഓശാന ഞായർ; വിശുദ്ധവാരത്തിനു തുടക്കം

സ്വന്തം ലേഖകർ

കൊച്ചി: യേശുക്രിസ്തുവിന്റെ പീഡാനുഭവങ്ങളുടെ സ്മരണ ആചരിക്കുന്ന വിശുദ്ധ വാരാചരണത്തിന് തുടക്കമായി. ക്രൈസ്തവ സമൂഹം ഇന്നലെ ഓശാന തിരുനാൾ ആചരിച്ചതോടെയാണ് തുടക്കമായത്. കൊവിഡ് 19ന്റെ പശ്ചാത്തലത്തിൽ പള്ളികൾ അടച്ചിട്ട് പരമാവധി അഞ്ചുപേരിൽ താഴെ ആളുകളെ മാത്രം ഉൾക്കൊള്ളിച്ചായിരുന്നു ചടങ്ങുകൾ. നൂറുകണക്കിനാളുകൾ തിങ്ങിനിറയുന്ന പള്ളികൾ ഇത്തവണ വിജനമായിരുന്നു.

വിശ്വാസികൾ വീടുകളിലിരുന്നാണ് ഓശാനയെ വരവേറ്റത്. ഓശാന ഞായറിലെ പ്രധാന ചടങ്ങായ കുരുത്തോല വിതരണം ഇത്തവണ ഉണ്ടായിരുന്നില്ല. .

യേശു ക്രിസ്തുവിനെ കുരിശിലേറ്റുന്നതിന് മുമ്പ് ജറുസലേമിൽ സ്വീകരണം നൽകിയതിനെയാണ് ഓശാന ഞായർ അനുസ്മരിക്കുന്നത്. സൈത്തിൻ കൊമ്പുകൾ വീശി കഴുതപ്പുറത്ത് കയറി വന്ന യേശുവിനെ ദാവീദിന്റെ പുത്രന് ഓശാന എന്ന് വിളിച്ച് ജനം സ്വീകരിച്ചുവെന്നാണ് വിശ്വാസം. പെസഹാ ദിനത്തിൽ അപ്പംമുറിക്കൽ ശുശ്രൂഷകൾക്ക് പോയവർഷത്തെ കുരുത്തോല ഉപയോഗിക്കാനാണ് സഭകളുടെ നിർദേശം. പെസഹാ വ്യാഴാഴ്ച ദിനത്തിലെ കാൽകഴുകൽ ശുശ്രൂഷയും ഇത്തവണയില്ല. ദുഃഖവെള്ളിയാഴ്ചയിലെ കുരിശിന്റെ വഴി ഒഴിവാക്കി.

എന്നാൽ ഈസ്റ്റർ വരെയുള്ള ശുശ്രൂഷകൾ പതിവ് പോലെ കാർമ്മികരും ചുരുക്കം ചിലരെയും വച്ച് നടത്തും. വിശ്വാസികളെ പൂർണ്ണമായും ഒഴിവാക്കിയിരിക്കുകയാണ്. സഭയുടെ ചരിത്രത്തിൽ ആദ്യമായാണ് വിശ്വാസികളെ പങ്കെടുപ്പിക്കാതെ വിശുദ്ധവാര കർമങ്ങൾ നടത്തേണ്ടിവരുന്നത്.

തിരുവനന്തപുരത്ത് പാളയം പള്ളിയിൽ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം തനിച്ചാണ് കുർബാന അർപ്പിച്ചത്. മലങ്കര റീത്ത് വിഭാഗത്തിന്റെ തലവൻ കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ സഭയുടെ ആസ്ഥാനത്തും മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ ബസേലിയോസ് പൗലോസ് ദ്വതീയൻ കാതോലിക്കാ ബാവ പരുമല സെമിനാരിയിലും ശുശ്രൂഷകൾ നടത്തി.

എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ കാർമികത്വത്തിലായിരുന്നു ശുശ്രൂഷകൾ. ബസിലിക്ക വികാരി ഫാ. ഡേവിസ് മാടവന സഹകാർമികനായി. എറണാകുളം സെന്റ് ഫ്രാൻസിസ് അസീസി കത്തീഡ്രലിൽ വരാപ്പുഴ ആർച്ച് ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ മുഖ്യകാർമികത്വം വഹിച്ചു. മോൺ. ജോസഫ് പടിയാരംപറമ്പിൽ, ഫാ. ലെനീഷ് ജോസഫ് എന്നിവർ സഹകാർമികരായി.

കരിങ്ങാച്ചിറ യാക്കോബായ പള്ളിയിൽ മെത്രാപ്പൊലീത്തൻ ട്രസ്റ്റി ജോസഫ് മാർ ഗ്രിഗോറിയോസ്, കോതമംഗലം സെന്റ് ജോർജ് കത്തീഡ്രലിൽ ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, ഫോർട്ട്കൊച്ചി ബിഷപ്സ് ഹൗസ് ചാപ്പലിൽ കൊച്ചി ബിഷപ് ഡോ. ജോസഫ് കരിയിൽ എന്നിവർ മുഖ്യകാർമികത്വം വഹിച്ചു.

സൗജന്യ റേഷനിൽ തൂക്കക്കുറവ്; 53 കടകൾക്കെതിരെ കേസ്

തിരുവനന്തപുരം: സൗജന്യമായി വിതരണം ചെയ്യുന്ന റേഷനരിയിലുൾപ്പെടെ തൂക്കത്തിൽ കുറവ് വരുത്തി വിൽപന നടത്തിയ റേഷൻ കടകൾക്കെതിരെ ലീഗൽ മെട്രോളജി വകുപ്പ് കേസ് രജിസ്റ്റർ ചെയ്തു. സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ ചില റേഷൻ കടകളിൽ നിന്ന് നൽകിയ പത്ത് കിലോ അരിയിൽ ഒരു കിലോയും പതിനഞ്ച് കിലോ അരിയിൽ ഒന്നര കിലോയും വരെ കുറവുള്ളതായി കണ്ടെത്തി.

ഇതിന് പുറമേ മുദ്ര ചെയ്യാത്ത അളവ് തൂക്ക ഉപകരണങ്ങൾ ഉപയോഗിച്ചതിനും കേസ് രജിസ്റ്റർ ചെയ്തു. സംസ്ഥാനത്താകെ 53 റേഷൻ കടകൾക്കെതിരെയാണ് കേസെടുത്തത്. 12 റേഷൻ കടയുടമകളിൽ നിന്ന് 55000 രൂപ പിഴ ഈടാക്കി.ഉപഭോക്താക്കൾക്ക് കൺട്രോൾ റൂമിലും 1800 425 4835 എന്ന ടോൾ ഫ്രീ നമ്പരിലും സുതാര്യം മൊബൈൽ ആപ്ലിക്കേഷനിലും lmd.kerala.gov.in ലും പരാതികൾ അറിയിക്കാമെന്ന് ലീഗൽ മെട്രോളജി കൺട്രോളർ അറിയിച്ചു.

ഓപ്പറേഷൻ സാഗർ റാണി: 2,865 കിലോ മോശം മത്സ്യം പിടികൂടി

തിരുവനന്തപുരം: ഓപ്പറേഷൻ സാഗർ റാണിയുടെ ഭാഗമായി നടന്ന പരിശോധനകളിൽ ഉപയോഗശൂന്യമായ 2,865 കിലോഗ്രാം മത്സ്യം പിടികൂടി നശിപ്പിച്ചു. സംസ്ഥാനത്താകെ നടന്ന 165 പരിശോധനകളിൽ 14 സ്ഥലങ്ങളിൽ നോട്ടീസ് നൽകുകയും ചെയ്തു. ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ മത്സ്യങ്ങളിൽ മായം ചേർക്കുന്നുണ്ടെന്ന വിവരത്തെ തുടർന്നാണ് ഓപ്പറേഷൻ സാഗർ റാണി ശക്തിപ്പെടുത്തിയതെന്ന് ആരോഗ്യമന്ത്രി കെ.കെ. ശൈലജ.

മത്സ്യങ്ങളിൽ വിവിധതരം രാസവസ്തുക്കൾ ചേർത്ത് വിൽപ്പന നടത്തുന്ന പ്രവണത തടയുക എന്ന ലക്ഷ്യത്തോടെ ഭക്ഷ്യസുരക്ഷാ വകുപ്പ് ആവിഷ്ക്കരിച്ച പദ്ധതിയാണ് സാഗർ റാണി. തിരുവനന്തപുരത്ത് 12 ഇടങ്ങളിൽ, കൊല്ലം 26, പത്തനംതിട്ട 14, ആലപ്പുഴ 10, കോട്ടയം 13, ഇടുക്കി 4, എറണാകുളം 11, തൃശൂർ 12, പാലക്കാട് 15, മലപ്പുറം 12, കോഴിക്കോട് 24, വയനാട് 5, കണ്ണൂർ 7 എന്നിങ്ങനെയാണ് വിവിധ ജില്ലകളിൽ പരിശോധനകൾ നടത്തിയത്. കൊല്ലത്ത് 9, പത്തനംതിട്ട 1, ആലപ്പുഴ 2, എറണാകുളം 2 എന്നിങ്ങനെയാണ് നോട്ടീസ് നൽകിയത്.

2018ൽ ആരംഭിച്ച ഓപ്പറേഷൻ സാഗർ റാണി മൂന്ന് ഘട്ടങ്ങളായാണ് നടപ്പിലാക്കിയത്. രാസവസ്തു പ്രയോഗം മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെപ്പറ്റി മത്സ്യബന്ധന തൊഴിലാളികൾ, ഫിഷ് മർച്ചന്റ്സ് അസോസിയേഷൻ അംഗങ്ങൾ എന്നിവർക്ക് ബോധവത്കരണം നടത്തുകയാണ് ആദ്യ ഘട്ടത്തിൽ ചെയ്തത്. റസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ എന്നിവരുടെ സഹായത്താൽ മത്സ്യ ഉപഭോതാക്കൾക്കും ഇത് സംബന്ധിച്ച് ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

മത്സ്യബന്ധന വിതരണ കേന്ദ്രങ്ങൾ പരിശോധിച്ച് മത്സ്യം, ഐസ്, വെള്ളം എന്നിവയുടെ സാംപിളുകൾ ശേഖരിച്ച് അവയുടെ കെമിക്കൽ, മൈക്രോബയോളജി പരിശോധനകളിലൂടെ വിവരശേഖരണം നടത്തുകയാണ് രണ്ടാം ഘട്ടത്തിൽ ചെയ്തത്. ഇതിൽ കണ്ടെത്തിയ ഗുരുതരമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കർശന പരിശോധന നടത്തുകയായിരുന്നു മൂന്നാം ഘട്ടത്തിൽ ചെയ്തത്.

മഹാമാരിക്കിടയിൽ ഭാഗ്യത്തിന്റെ പേമാരിയും

ജോസ് മാളിയേക്കൽ

കുന്നംകുളം: കൊറോണ ഭീഷണിക്കിടയിൽ കൈവന്ന മഹാഭാഗ്യത്തിന്റെ അമ്പരപ്പിലാണ് കേച്ചേരി എരനെല്ലൂർ സ്വദേശി വടക്കുംചേരി വീട്ടിൽ ഷനോജ്. അബുദാബി ഡ്യൂട്ടി ഫ്രീയുടെ ബിഗ് ടിക്കറ്റ് ബംബർ സമ്മാനമായ 41 കോടി രൂപ ഷനോജും രണ്ട് സുഹൃത്തുക്കളും ചേർന്നെടുത്ത ടിക്കറ്റിനാണ് ലഭിച്ചത്. കൊറോണ വ്യാപനം മൂലം ജോലിയില്ലാതിരിക്കുന്നതിനിടെയാണ് ഭാഗ്യദേവതയുടെ കടാക്ഷം മൂവർ സംഘത്തിനെ തേടിയെത്തിയത്.

16 വർഷം മുൻപാണ് ഷനോജ് മണലാരണ്യത്തിലേക്കു യാത്രയായത്. ഹോട്ടൽ ഹൗസ് കീപ്പിങ് ജോലിയിലൂടെ വിദേശജീവിതത്തിന് തുടക്കം കുറിച്ച ഷനോജ് പിന്നീട് ടൂറിസ്റ്റ് ടാക്സി ഡ്രൈവറായും മാറി. ഇതിനിടെ സുഹൃത്തുക്കളായ ജിജേഷ്, ഷാജഹാൻ എന്നിവരുമായി ചേർന്ന് റാസൽ ഖൈമയിൽ ചെറിയ രീതിയിൽ ടാക്സി സർവീസിനും തുടക്കം കുറിച്ചു. ലാഭങ്ങളിലാതെ, ചെറിയ നഷ്ടങ്ങളിലൂടെ മുന്നോട്ട് പോകുന്നതിനിടയിൽ കഴിഞ്ഞ നാല് മാസമായി മൂവരും ചേർന്ന് ബിഗ് ടിക്കറ്റ് എടുക്കുന്നത് തുടർക്കഥയായി മാറി.

കണ്ണൂർ സ്വദേശിയായ ജിജേഷ് ഓൺലൈനിലൂടെയാണ് 041779 എന്ന നമ്പറിലുള്ള ബിഗ് ടിക്കറ്റ് സ്വന്തമാക്കിയത്. 20 ദശലക്ഷം ദിർഹമാണ് ബംബർ സമ്മാനതുക. ഇന്ത്യൻ രൂപ പ്രകാരം 41.5 കോടിയോളം രൂപ. ഷനോജിനും, ജിജേഷിനുമൊപ്പം ടാക്സി ഡ്രൈവറായി ജോലി ചെയ്യുന്ന മലപ്പുറം സ്വദേശി ഷാജഹാനും ചേർന്നെടുത്ത ടിക്കറ്റിലൂടെ മഹാഭാഗ്യമാണ് മൂവരെയും തേടിയെത്തിയത്. കൊറോണ വ്യാപിച്ചതോടെ വിനോദ സഞ്ചാരികളുടെ വരവുകുറഞ്ഞതിനാൽ ഒരുമാസമായി കാര്യമായ ജോലിയില്ലാതെ ആകെ ബുദ്ധിമുട്ടിനിൽക്കുന്ന സമയത്താണ് ഏറ്റവും വലിയ നറുക്ക് വീണത്..

ഷനോജിനെ തേടിയെത്തിയ സൗഭാഗ്യത്തിന്റെ സന്തോഷത്തിലാണ് മാതാവ് സുമതിയും ഭാര്യ സജിതയും മക്കളായ നിവേദ് കൃഷണയും ഗൗരി കൃഷ്ണയും. രണ്ട് സഹോദരിമാരും ഒരു സഹോദരനുമടങ്ങുന്നതാണ് ഷനോജിന്റെ കുടുംബം.16 വർഷമായി പ്രവാസജീവിതം നയിക്കുന്ന ഷനോജ് സ്വന്തമായി ഒരു വീട് നിർമ്മിച്ചു കൊണ്ടിരിക്കുകയാണ്. വീട് നിർമാണം പൂർത്തീകരിച്ച് മാതാവിനും ഭാര്യയ്ക്കും മക്കൾക്കുമൊപ്പം മെച്ചപ്പെട്ട ജീവിതം നയിക്കണമെന്നതാണ് ആഗ്രഹമെന്ന് ഫോണിലൂടെ സന്തോഷം പങ്കുവെയ്ക്കുന്നതിനിടെ ഷനോജ് വ്യക്തമാക്കി.

മൂവരും ചേർന്നെടുത്ത ടിക്കറ്റിലൂടെ ഓരോരുത്തർക്കും 14 കോടി രൂപയോളമാണ് ലഭിക്കുക. ഒട്ടും പ്രതീക്ഷിക്കാതെ കൈവന്ന ഭാഗ്യത്തിന്റെ സന്തോഷത്തിലാണ് എരനെല്ലൂരിൽ ഷനോജിന്റെ കുടുംബം.

ഗൾഫിൽ ബംബർ ലോട്ടറിയടിച്ച ഷനോജ് കുടുംബത്തോടൊപ്പം.

ആനയായാലും കരുതൽ വേണം..!

മാസ്ക് ധരിച്ച് ആനയെ കുളിപ്പിക്കുന്ന പാപ്പാൻ. കൊവിഡ് കാലത്ത് തൃശൂർ കൊക്കർണിപ്പറമ്പിൽ നിന്നൊരു ദൃശ്യം. -കെ.കെ. നജീബ്

ദ്രുതപരിശോധനയുമായി കേരളം; അതിർത്തികളിലും ടെസ്റ്റ്

കർക്കശ നടപടികൾക്ക് മഹാരാഷ്ട്ര

ഏപ്രിൽ 14നു ശേഷം സംസ്ഥാനത്തു ലോക്ക്ഡൗൺ പിൻവലിക്കുന്നത് ജനങ്ങൾ നിയന്ത്രണങ്ങൾ എത്രമാത്രം പാലിക്കുന്നു എന്നതിന് അനുസരിച്ചായിരിക്കുമെന്ന് മുഖ്യമന്ത്രി പറയുന്നു.

ലോ കോസ്റ്റ് വെന്റിലേറ്ററുമായി റെയ്ൽവേ

ന്യൂഡൽഹി: നിർമാണച്ചെലവു കുറഞ്ഞ വെന്റിലേറ്റർ നിർമിച്ച് ഇന്ത്യൻ റെയിൽവേ. വെന്റിലേറ്ററിന്റെ പേര് ജീവൻ. കൊറോണയിൽ നിന്ന് നിരവധി പേരുടെ ജീവൻ രക്ഷിക്കാൻ ഇതിനു കഴിയുമെന്ന് റെയിൽവേ അധികൃതർക്കു പ്രതീക്ഷ. കപുർത്തല റെയിൽ കോച്ച് ഫാക്റ്ററിയിലാണ് ഇതു വികസിപ്പിച്ചത്. ഐസിഎംആറിന്റെ അനുമതിക്കു സമർപ്പിച്ചിരിക്കുകയാണ് ഈ വെന്റിലേറ്റർ.

കംപ്രസർ ഇല്ലാതെ 10,000 രൂപയോളമാണ് ഇതിനു നിർമാണച്ചെലവു വരുന്നത്. ഐസിഎംആർ അനുമതി ലഭിച്ചാൽ ദിവസം 100 വെന്റിലേറ്ററുകൾ വീതം നിർമിക്കാൻ തങ്ങൾക്കു കഴിയുമെന്ന് ആർസിഎഫ് ജനറൽ മാനെജർ രവീന്ദർ ഗുപ്ത അവകാശപ്പെടുന്നു. സ്ഥിതിഗതികൾ തീരെ മോശമായാൽ മേയ് പതിനഞ്ചോടെ ലക്ഷത്തിലേറെ വെന്റിലേറ്ററുകൾ ഇന്ത്യയ്ക്കു വേണ്ടിവരുമെന്നാണ് ചില വിദഗ്ധർ മുന്നറിയിപ്പു നൽകുന്നത്. രാജ്യത്ത് ഇപ്പോഴുള്ള വെന്റിലേറ്ററുകൾ 57,000 എന്നും കണക്കാക്കുന്നു. വെന്റിലേറ്ററിന് അഞ്ചു ലക്ഷത്തിലേറെ ചെലവു വരും. ഇതിലാണ് ജീവൻ വെന്റിലേറ്റർ ഗണ്യമായ കുറവു വരുത്തുന്നത്. ഏതു വെന്റിലേറ്ററും നിർവഹിക്കുന്ന പ്രധാന ദൗത്യങ്ങൾ ഇതിനും നിർവഹിക്കാനാവുമെന്ന് രവീന്ദർ ഗുപ്ത പറഞ്ഞു. ഇന്നലെ നടത്തിയ അന്തിമ ടെസ്റ്റ് വിജയമായിരുന്നുവെന്നും അദ്ദേഹം. ചില അഡീഷനൽ ഇൻഡിക്കേറ്ററുകൾ കൂട്ടിച്ചേർത്താലും വിപണിയിൽ ലഭ്യമായ വെന്റിലേറ്ററിന്റെ പകുതി വില പോലും ജീവനു വരില്ലെന്നാണ് റെയിൽവേ അവകാശപ്പെടുന്നത്.

സ്വകാര്യ ആശുപത്രികൾ തുറന്നുപ്രവർത്തിക്കണം

തിരുവനന്തപുരം: സർക്കാർ ആശുപത്രികളോടൊപ്പം സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളും തുറന്നുപ്രവർത്തിക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ. ശൈലജ നിർദേശിച്ചു. കൊവിഡ് 19 പകരുന്ന സാഹചര്യത്തിൽ ഒട്ടേറെ ആശുപത്രികൾ കൊവിഡ് സ്പെഷ്യാലിറ്റി ആശുപത്രികളായി മാറ്റിയിട്ടുണ്ട്. അവിടെ സാധാരണ ചികിത്സകൾക്കായി രോഗികൾക്ക് വരാൻ പ്രയാസമുണ്ടാകും. അതിനാൽ മറ്റെല്ലാ ആശുപത്രികളും പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണ്.

ലോക് ഡൗൺ ആയതിനാൽ സാധാരണ നിലയിൽ രോഗികൾക്ക് ആശുപത്രികളിൽ എത്തിച്ചേരാനുള്ള പ്രയാസ മുണ്ടാകും. അങ്ങനെയുള്ള ഘട്ടങ്ങളിൽ ഫോൺ മുഖേന രോഗികൾക്ക് ബന്ധപ്പെടാനുള്ള സൗകര്യം ഉണ്ടായിരിക്കണം. ആവശ്യഘട്ടത്തിൽ ആരോഗ്യ പ്രവർത്തകരും ജനപ്രതിനിധികളും പൊലീസിന്റെ സഹായത്തോടെ രോഗികളെ ആശുപത്രികളിലെത്തിച്ച് ആവശ്യമായ ചികിത്സ നൽകേണ്ടതാണെന്നും മന്ത്രി വ്യക്തമാക്കി.

കൊവിഡ് അല്ലാത്ത മറ്റു രോഗങ്ങൾക്കെല്ലാം കൃത്യമായ ചികിത്സ ഉറപ്പുവരുത്തണം. സർക്കാർ ആശുപത്രികൾ മാത്രമല്ല എല്ലാ സ്വകാര്യ ആശുപത്രികളും ചികിത്സ ഉറപ്പുവരുത്തണമെന്ന് മുഖ്യമന്ത്രി നിർദേശിച്ചിട്ടുണ്ട്. ജീവിതശൈലീ രോഗങ്ങൾ, മറ്റു രോഗങ്ങൾ തുടങ്ങി ഒന്നിനുപോലും ചികിത്സ കിട്ടാത്ത അവസ്ഥ പാടില്ല. അവശ്യ സർവീസ് എന്ന നിലയിൽ സർക്കാർ- സ്വകാര്യ ആശുപത്രികളെല്ലാം പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്താൻ എല്ലാവരും തയാറാകണം.

ഐഎംഎ അടക്കമുള്ള സംഘടനകൾ സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം ഉറപ്പുവരുത്താൻ മുൻകൈയെടുക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഈ ആശുപത്രികളെല്ലാം ആരോഗ്യ വകുപ്പിന്റെ മാർഗനിർദേശങ്ങളനുസരിച്ച് പ്രവർത്തിക്കണം. പകർച്ചവ്യാധികളുടെ കാലത്ത് പരിശോധനയും ചികിത്സയും നടത്തേണ്ട രീതിയെക്കുറിച്ചുള്ള മാനദണ്ഡങ്ങൾ എല്ലാവരും പാലിക്കേണ്ടതാണെന്നും മന്ത്രി വ്യക്തമാക്കി.

പാക്കിസ്ഥാനും നമിക്കുന്നു, എയർ ഇന്ത്യയെ

ന്യൂഡൽഹി: കൊവിഡ് 19 പടർന്നുപിടിച്ചപ്പോൾ അടച്ചുപൂട്ടിയ വുഹാനിൽ നിന്ന് വിദ്യാർഥികളെ ഇന്ത്യയിലെത്തിച്ച എയർ ഇന്ത്യയുടെ രക്ഷാദൗത്യം ലോകമൊട്ടാകെ പ്രശംസിക്കപ്പെട്ടിരുന്നു. ശ്രീലങ്കയും മാലദ്വീപുമുൾപ്പെടെ രാജ്യങ്ങളിൽ നിന്നുള്ളവരെയും രക്ഷിച്ച എയർ ഇന്ത്യയോട് അന്നു പാക് വിദ്യാർഥികളും സഹായം തേടി. എന്നാൽ, ഇന്ത്യൻ സഹായം സ്വീകരിക്കുന്നതു 'കുറച്ചിലായി' കണ്ട പാക് ഭരണകൂടം വിദ്യാർഥികളുടെ ആവശ്യം തുടക്കത്തിലേ തള്ളി.

എന്നാൽ, രോഗബാധ കൂടുതൽ രൂക്ഷമായി ആഗോള സമൂഹത്തെത്തന്നെ നിശ്ചലമാക്കിയിരിക്കെ എയർ ഇന്ത്യയുടെ രക്ഷാ ദൗത്യങ്ങളെ പരസ്യമായി അംഗീകരിക്കുകയാണു പാക്കിസ്ഥാൻ. പാക് എയർ ട്രാഫിക് കൺട്രോളാണ് എയർ ഇന്ത്യയുടെ ദൗത്യങ്ങളിൽ അഭിമാനമുണ്ടെന്നു വ്യക്തമാക്കിയത്.

കഴിഞ്ഞദിവസം ജർമൻ സാമ്പത്തിക തലസ്ഥാനമായ ഫ്രാങ്ക്ഫർട്ടിലേക്ക് ദുരിതാശ്വാസ സാമഗ്രികളും ഇന്ത്യയിൽ കുടുങ്ങിപ്പോയ യൂറോപ്യൻ പൗരന്മാരുമായി രണ്ടു പ്രത്യേക സർവീസുകൾ നടത്തിയിരുന്നു എയർ ഇന്ത്യ. ഈ സർവീസുകളിലൊന്നു പാക് വ്യോമാതിർത്തിയിലെത്തിയപ്പോഴായിരുന്നു അപ്രതീക്ഷിത പ്രശംസയെന്ന് എയർ ഇന്ത്യയുടെ പൈലറ്റുമാരിലൊരാൾ വെളിപ്പെടുത്തി.

"പകർച്ചവ്യാധിക്കാലത്ത് രക്ഷാ ദൗത്യം നടത്തുന്ന നിങ്ങളിൽ അഭിമാനിക്കുന്നുവെന്ന് പാക് എയർ ട്രാഫിക് കൺട്രോളിൽ നിന്നു പറഞ്ഞത്"

"സത്യത്തിൽ അഭിമാന നിമിഷമായിരുന്നു, ഞങ്ങൾ മുഴുവൻ ജീവനക്കാർക്കും. പാക് വ്യോമാതിർത്തിയിലേക്കു കയറിയപ്പോൾ കറാച്ചി കൺട്രോൾ റൂമിൽ നിന്ന് ആദ്യം ഉപചാരവാക്കുകൾ പറഞ്ഞു. ഫ്രാങ്ക്ഫർട്ടിലേക്കുള്ള ദുരിതാശ്വാസ സാമഗ്രികളല്ലേ എന്ന ചോദ്യം. അതെയെന്ന് ഞങ്ങളുടെ മറുപടി. നിങ്ങൾക്കു കടന്നുപോകാമെന്നും മറുപടി. ഇതിനു ശേഷമാണ്, പകർച്ചവ്യാധിക്കാലത്ത് രക്ഷാ ദൗത്യം നടത്തുന്ന നിങ്ങളിൽ അഭിമാനിക്കുന്നുവെന്ന് പാക് എയർ ട്രാഫിക് കൺട്രോളിൽ നിന്നു പറഞ്ഞത്"- ഒരു മുതിർന്ന എയർ ഇന്ത്യാ പൈലറ്റ് പറഞ്ഞു.

യാത്രയിൽ പിന്നെയുമുണ്ടായി മനസു കുളിർക്കുന്ന അനുഭവങ്ങൾ. ഇറാൻ വ്യോമാതിർത്തിയിലേക്കു കയറാൻ റഡാർ സന്ദേശങ്ങൾ നേരിട്ടു ലഭിക്കുന്നുണ്ടായിരുന്നില്ല. ഇക്കാര്യം പാക് എടിസിയെ അറിയിച്ചപ്പോൾ അവർ ഇറാനെ അറിയിക്കുകയും കമ്യൂണിക്കേഷൻ സുഗമമാക്കുകയും ചെയ്തു.

ബോയിങ് 777,787 വിമാനങ്ങളാണു സർവീസ് നടത്തിയത്. മുംബൈയിലും ഡൽഹിയിലുമായി കുടുങ്ങിയ കനേഡിയൻ, യൂറോപ്യൻ പൗരന്മാർ വിമാനത്തിലുണ്ടായിരുന്നു.

ഇറാൻ വ്യോമാതിർത്തിയിലും സ്നേഹോഷ്മള സ്വീകരണമാണു ലഭിച്ചതെന്നു ക്യാപ്റ്റൻ. ഇറാനിലൂടെ 1000 മൈലുകൾ നേർ രേഖയിലാണു പറന്നത്. ഇത് എന്റെ പൈലറ്റ് കരിയറിലാദ്യ സംഭവമാണ്. സാധാരണഗതിയിൽ ഇറാൻ അവരുടെ സ്വന്തം സൈനിക വിമാനങ്ങൾക്കു മാത്രമേ ഈ റൂട്ട് അനുവദിക്കൂ. നമ്മുടേത് ഉൾപ്പെടെ വിമാനങ്ങൾക്ക് നേരേയുള്ള പാത നൽകാറില്ല. ഇറിനിൽ സംഘർഷം ഇത്രയും രൂക്ഷമായിരിക്കെയാണ് അവർ നമുക്ക് ഈ തന്ത്രപ്രധാന പാത അനുവദിച്ചത്.

ഇറാനുശേഷം തുർക്കിയുടെ വ്യോമപാതയും കടന്നാണ് ജർമനിയിലെത്തിയത്. അവിടെയും നല്ല അനുഭവങ്ങളായിരുന്നു. ഒറ്റയടിക്ക് 20 മണിക്കൂർ നീണ്ട പറക്കലിൽ ഉടനീളം എല്ലാ സുരക്ഷാ സംവിധാനങ്ങളുമുപയോഗിച്ചിരുന്നു തങ്ങളെന്നും ക്യാപ്റ്റൻ.

ദൗത്യം പൂർത്തിയാക്കി മടങ്ങിയെത്തിയ വിമാനയാത്രക്കാർക്ക് ഇനി 14 ദിവസം സമ്പർക്ക വിലക്കാണ്. ഇതിനു ശേഷമേ വീടുകളിലേക്കു മടങ്ങാനാവൂ.

സ്വകാര്യരംഗത്തെ ആരോഗ്യ പ്രവർത്തകർ ആശങ്കയിൽ

സുധീർ നാഥ്

കൊവിഡ് രോഗം പടർന്ന് ആശങ്ക വിതയ്ക്കുന്നതിനൊപ്പം രാജ്യത്തെ സ്വകാര്യ ആശുപത്രികളിലെ ആരോഗ്യ പ്രവർത്തകരും വലിയ ആശങ്കയിൽ. കേരളത്തിനു പുറത്തു ജോലി ചെയ്യുന്ന ആരോഗ്യ പ്രവർത്തകരാണ് ഇവരിലേറെയും. കൊവിഡ് രോഗികളെ സ്വകാര്യ ആശുപത്രികൾ കഴിവതും സൗകര്യക്കുറവ് പറഞ്ഞ് ഒഴിവാക്കുന്ന സാഹചര്യമാണുള്ളത്. അഡ്മിറ്റായതിനു ശേഷം കൊവിഡ് രോഗം സ്ഥിരീകരിച്ചാൽ അത് പുറംലോകത്തു നിന്നു മറച്ചുവയ്ക്കാൻ സ്വകാര്യ ആശുപത്രികൾ ശ്രമിക്കുന്നു എന്ന ആക്ഷേപവും ഉയർന്നിട്ടുണ്ട്.

ഈ രോഗിയുമായി സമ്പർക്കത്തിലുള്ള എല്ലാ ആരോഗ്യ പ്രവർത്തകരും കൊറോണ സ്ഥിരീകരണം അറിയാറില്ല. അറിയിക്കാറുമില്ല. ഇതാണ് നഴ്സുമാർ അടക്കമുള്ളവരുടെ ആശങ്കയ്ക്കുള്ള മുഖ്യ കാരണം. കൊറോണ രോഗി ആശുപത്രിയിൽ ഉണ്ടെന്നറിഞ്ഞാൽ മറ്റ് രോഗികൾ നഷ്ടപ്പെടുമെന്ന ഭീതി ഈ ആശുപത്രികൾക്കുണ്ട്.

ഡൽഹിയിലെ പല സ്വകാര്യ ആശുപത്രികളിലും കൊറോണ രോഗികൾ മരിക്കാനിടയായത് ആരോഗ്യ പ്രവർത്തകരുടെ കണക്കിൽ വന്നിട്ടില്ല എന്നതാണ് വാസ്തവം. ചികിത്സയിലുള്ള രോഗികളിൽ കൊവിഡ് ബാധിച്ചവരുണ്ടോ എന്ന കാര്യം മറച്ചുവയ്ക്കുന്നത് കടുത്ത മനുഷ്യാവകാശ ലംഘനമാണ്. കൊറോണ വൈറസ് ബാധ ഏറ്റ രോഗിയെ ഐസിയുവിൽ പ്രവശിക്കുന്നത് ലോകാരോഗ്യ സംഘടനയുടെ ഒരു മാനദണ്ഡങ്ങളും പാലിക്കാതെയാണ്. ഡൽഹി സർക്കാർ സ്വകാര്യ മേഖലയിലെ ആശുപത്രികളിൽ നടക്കുന്ന ഇത്തരം പ്രവൃത്തികൾക്കെതിരെ ശക്തമായ ഇടപെടൽ നടത്തുന്നില്ലെന്ന പരാതി വ്യാപകം.

ഡൽഹിയിലെ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു ഡോക്റ്ററടക്കം ആറ് നഴ്സിങ് ജീവനക്കാർക്കാണ് കൊവിഡ് സ്ഥിരീകരിച്ചിരിക്കുന്നത്. ക്യാൻസർ രോഗികളിൽ രോഗപ്രതിരോധ ശേഷി തീരെ കുറവാണ്. ഇവിടെ ഇപ്പോൾ 38 രോഗികളും 42 ആരോഗ്യ പ്രവർത്തകരുമുണ്ട്. മറ്റു ജീവനക്കാർ പുറമെ. ഇവരിൽ ഏഴുപേർക്ക് രോഗം സ്ഥിരീകരിച്ചത് വലിയ ഞെട്ടലാണുണ്ടാക്കിയിരിക്കുന്നത്. മഹാരാജാ അഗ്രസൻ ആശുപത്രിയിൽ നാല് ആരോഗ്യ പ്രവർത്തകർക്ക് കൊവിഡ് സ്ഥിരീകരിച്ചു. അവിടെ ഐസിയുവിൽ പ്രവേശിപ്പിച്ച രോഗി മറ്റൊരു വലിയ ആശുപത്രിയിൽ എത്തിയപ്പോൾ കൊവിഡ് സ്ഥിരീകരിച്ചു. പക്ഷെ മഹാരാജ അഗ്രസൺ ഹോസ്പിറ്റലിൽ തൊട്ടടുത്ത ഐസുവിലെ രോഗിയുടെ മരണം കൊവിഡ് ബാധ കൊണ്ടാണെന്ന് സ്ഥിരീകരിച്ചതോടെയാണ് അവരെ പരിചരിച്ച ആരോഗ്യ പ്രവർത്തകരെയും പരിശോധിച്ചത്. അപ്പോഴാണ് ഡോക്റ്റർ ഉൾപ്പടെ നാല് ആരോഗ്യ പ്രവർത്തകർക്ക് കൊവിഡ് സ്ഥിരീകരിച്ചത്. 17 ആരോഗ്യ പ്രവർത്തകർക്കാണ് ഇതിനോടകം കൊവിഡ് സ്ഥിരീകരിച്ചിരിക്കുന്നത്. ഒട്ടേറെ നഴ്സിങ് ജീവനക്കാർ കൊവിഡ് പരിശോധനാ ഫലം കാത്തിരിക്കുന്നു.

സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ആരോഗ്യ പ്രവർത്തകർക്കാവശ്യമായ അവശ്യവസ്തുക്കളുടെ ദൗർലഭ്യവും അശാസ്ത്രീയ രോഗീപരിചരണവും മൂലം നിരവധി ആരോഗ്യ പ്രവർത്തകരാണ് രോഗബാധിതരാകുന്നത്.

കൊവിഡ് ആരോഗ്യ പ്രവർത്തകരുടെ സുരക്ഷയ്ക്കായുള്ള മാർഗനിർദേശങ്ങൾ തേടി ഡൽഹിയിലെ യുണൈറ്റഡ് നഴ്സസ് അസോസിയേഷൻ (യുഎൻഎ) സുപ്രീം കോടതിയെ സമീപിച്ചിരിക്കുകയാണ്. വിവിധ സംസ്ഥാനങ്ങളിലായി നഴ്സുമാരുൾപ്പടെ 50ലധികം ആരോഗ്യ പ്രവർത്തകർക്ക് കൊവിഡ് രോഗം സ്ഥിരീകരിച്ച സാഹചര്യത്തിൽ കൊറോണ വാർഡുകളിൽ ജോലി ചെയ്യുന്ന ആരോഗ്യ പ്രവർത്തകരുടെ സുരക്ഷയ്ക്കായുള്ള മാർഗനിർദേശങ്ങൾ തയാറാക്കാൻ കേന്ദ്ര സർക്കാറിന് നിർദേശം നൽകണമെന്നാണ് അരുടെ ആവശ്യം.

2020 മാർച്ച് 11ന് ലോകാരോഗ്യ സംഘടന കൊറോണയെ മഹാമാരിയായി പ്രഖ്യാപിക്കുകയും മാർച്ച് 19ന് ആരോഗ്യ പ്രവർത്തകർക്കായുള്ള ഇടക്കാല മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തെങ്കിലും ദേശീയ കൊവിഡ് 19 മാനെജ്മെന്റ് പ്രോട്ടോക്കോൾ തയാറാക്കാൻ പോലും കേന്ദ്ര ആരോഗ്യ മന്ത്രാലയം തയാറായിട്ടില്ലെന്ന് യുഎൻഎ ദേശിയ വർക്കിങ് പ്രസിഡന്റ് റിൻസ് ജോസഫ് പറഞ്ഞു.

സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ആരോഗ്യ പ്രവർത്തകർക്കാവശ്യമായ അവശ്യവസ്തുക്കളുടെ ദൗർലഭ്യവും അശാസ്ത്രീയ രോഗീപരിചരണവും മൂലം നിരവധി ആരോഗ്യ പ്രവർത്തകരാണ് രോഗബാധിതരാകുന്നത്. ആരോഗ്യ പ്രവർത്തകർക്ക് വ്യക്തി സംരക്ഷണത്തിന് ആവശ്യമായ ഉപകരണങ്ങൾ ഉറപ്പു വരുത്തുക, കൊറോണ വാർഡിൽ ജോലി ചെയ്യുന്നവർക്കായി പ്രത്യേക താമസ സൗകര്യവും യാത്രാ -ഭക്ഷണ സൗകര്യങ്ങളും ഏർപ്പെടുത്തുക, നഴ്സുമാരുൾപ്പടെയുള്ള ആരോഗ്യ പ്രവർത്തകർക്ക് സൗജന്യ കൊറോണ ടെസ്റ്റിനും സൗജന്യ ചികിത്സയ്ക്കും സൗകര്യങ്ങളൊരുക്കുക, ജോലിക്കിടയിൽ രോഗ ബാധിതരാകുന്ന ആരോഗ്യ പ്രവർത്തകരുടെ കുടുംബത്തിനാവശ്യമായ സംരക്ഷണം തുടങ്ങിയ ആവശ്യങ്ങളും ഹർജിയിൽ ചൂണ്ടിക്കാട്ടുന്നു. അഡ്വ. സുഭാഷ് ചന്ദ്രൻ, അഡ്വ. ബിജു രാമൻ എന്നിവർ മുഖേനയാണ് ഹർജി സമർപ്പിച്ചിരിക്കുന്നത്.

വായുവിലൂടെ പകരില്ല: ഐസിഎംആർ

ന്യൂഡൽഹി: കൊറോണ വൈറസ് വായുവിലൂടെ പകരുമെന്ന ആശങ്കയ്ക്ക് അടിസ്ഥാനമില്ലെന്ന് ഇന്ത്യൻ കൗൺസിൽ ഒഫ് മെഡിക്കൽ റിസർച്ച് (ഐസിഎംആർ). വായുവിലൂടെ പകരുമെന്ന് തങ്ങളുടെ ശാസ്ത്രജ്ഞർ കണ്ടെത്തിയതായി നേരത്തേ അമെരിക്ക അവകാശപ്പെട്ടിരുന്നു. എന്നാൽ, ഈ അവകാശവാദത്തിനു തെളിവില്ലെന്ന് ഐസിഎംആർ വ്യക്തമാക്കി. കൊറോണ വായുവിലൂടെ പകരുമെങ്കിൽ ഇതാവുമായിരുന്നില്ല അവസ്ഥ.

വായുവിലൂടെ പകരുമെങ്കിൽ ഒരു രോഗിയുടെ കുടുംബത്തിലെ എല്ലാവർക്കും അതു വരേണ്ടതാണ്. രോഗികൾ ചികിത്സയിൽ കഴിയുന്ന ആശുപത്രികളിലെ മറ്റു രോഗികളിലേക്കും പടരേണ്ടതാണ്- ഐസിഎംആർ ഹെഡ് സയന്റിസ്റ്റ് ഡോ. രാമൻ ഗംഗാഖേദ്കർ പറഞ്ഞു. ആരോഗ്യ മന്ത്രാലയം ജോയിന്റ് സെക്രട്ടറി ലവ് അഗർവാളിനൊപ്പം വാർത്താസമ്മേളനത്തിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കാസർഗോഡിനെ കണ്ണൂരും ഒറ്റപ്പെടുത്തുന്നു

കാസർഗോഡ്: സംസ്ഥാനത്ത് ഏറ്റവുമധികം കോവിഡ് ബാധിതരുള്ള ജില്ല ഒറ്റപ്പെടുന്നു. സംസ്ഥാനാതിർത്തി കൂടിയായ തലപ്പാടിയിൽ കർണാടകം മണ്ണിട്ടാണ് റോഡ് അടച്ചെതെങ്കിൽ, കണ്ണൂർ ജില്ലയുമായി അതിർത്തി പങ്കിടുന്ന ചെറുപുഴയിലും മറ്റും കല്ലിട്ടാണ് അടച്ചിരിക്കുന്നത്. കേരള പൊലീസിന്റെ നിർദേശപ്രകാരമാണിതെന്നു സൂചനയുണ്ട്.

ശനിയാഴ്ച്ച രാത്രിയാണ് കണ്ണൂർ -കാസർകോട് അതിർത്തിയായ കിണർമുക്കിൽ കല്ലും ടാർ വീപ്പയും ഉപയോഗിച്ചു റോഡ് അടച്ചത്. പുളിങ്ങോം പാലാവയൽ പാലം വഴിയുള്ള ഗതാഗതവും കണ്ണൂർ പൊലീസ് തടഞ്ഞു. ജില്ലാ പൊലീസ് മേധാവി യതീഷ് ചന്ദ്ര അതിർത്തി പ്രദേശങ്ങൾ സന്ദർശിച്ച ശേഷമായിരുന്നു റോഡ് ഗതാഗതം തടഞ്ഞത്. ഇതോടെ ആംബുലൻസുകൾക്ക് ഇനി പരിയാരം മെഡിക്കൽ കോളെജിലേക്കു പോകാനും പ്രയാസമായി. ഗതാഗതം ദേശീയപാതയിലെ കാലിക്കടവ് വഴി മാത്രമേ ഇനി അനുവദിക്കൂ.

സംസ്ഥാനത്തുള്ള രോഗബധിതരുടെ പകുതിയോളം കാസർഗോഡാണുള്ളത്. കണ്ണൂരിലാകട്ടെ 50ൽ താഴെയും. ഇതിനെ തുടർന്നാണ് കാസർഗോഡ് നിന്നുള്ള ആളുകളുടെ പ്രവേശനം ജില്ലയിലേക്കു പൂർണമായും തടയാൻ തീരുമാനിച്ചത്. കഴിഞ്ഞ ദിവസം കാസർഗോഡുള്ള ഒരു കുട്ടിയെ പരിശോധിക്കാൻ പയ്യന്നൂരെ ഒരു സ്വകാര്യ ആശുപത്രി ചികിൽസിക്കാൻ തയാറായിരുന്നില്ല. ഇത്തരം വേർതിരിവ് നടന്നുവരുന്നതിനിടെയാണ് അതിർത്തി അടച്ചത്.

ഇനി കിലോമീറ്ററുകൾ അധികം സഞ്ചരിച്ചു വേണം മലയോരത്തെ രോഗികളെയും കൊണ്ടുള്ള ആംബുലൻസുകൾക്ക് ഇനി പരിയാരം മെഡിക്കൽ കോളെജിലെത്താൻ. പാലാവയലിൽനിന്ന് പുളിങ്ങോം ഭാഗത്തേക്കു പോകാനുള്ള സൗകര്യവും പുളിങ്ങോം പാലം അടച്ചതോടെ ഇല്ലാതായി. പാലാവയലിലെ ജനങ്ങൾ പുളിങ്ങോം പിഎച്ച്സിയെയാണ് ആശ്രയിക്കുന്നത്. പാലം അടച്ചതോടെ അതുവഴിയുള്ള യാത്ര അസാധ്യമായി.

4 ദിവസം കൊണ്ട് കൊവിഡ് രോഗികൾ ഇരട്ടിച്ചു

ന്യൂഡൽഹി: 4.1 ദിവസം കൊണ്ട് രാജ്യത്തെ കൊവിഡ് രോഗികൾ ഇരട്ടിക്കുന്നു എന്നതാണ് ഇപ്പോഴത്തെ തോതെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം. തബ് ലീഗ് സമ്മേളനവുമായി ബന്ധപ്പെട്ടവരിൽ രോഗം പടർന്നതാണ് ഈ ഗതിവേഗത്തിനു കാരണം. അതല്ലെങ്കിൽ രോഗികൾ ഇരട്ടിക്കാൻ 7.4 ദിവസം എടുത്തേനേ എന്നാണു കണക്കുകൾ കാണിക്കുന്നതെന്ന് ആരോഗ്യ മന്ത്രാലയം ജോയിന്റ് സെക്രട്ടറി ലവ് അഗർവാൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ശനിയാഴ്ചയ്ക്കു ശേഷം ഇന്നലെ വൈകിട്ടു വരെ 472 പുതിയ കേസുകളുണ്ടായി. 11 പേർ മരിച്ചു- അദ്ദേഹം പറഞ്ഞു.

വ്യാജ വാർത്തകൾ കണ്ടെത്താൻ 'ആന്റി ഫേക് ന്യൂസ്' വിഭാഗം

തിരുവനന്തപുരം: വ്യാജ വാർത്തകൾ കണ്ടെത്താൻ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ ആന്റി ഫേക് ന്യൂസ് വിഭാഗം പ്രവർത്തനം തുടങ്ങാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ തീരുമാനമായി. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിൽ നിന്ന് നിയോഗിക്കപ്പെടുന്ന അംഗങ്ങളെ കൂടാതെ ആരോഗ്യം, പൊലീസ്, ഐടി വകുപ്പുകളിലെ പ്രതിനിധികളും അംഗങ്ങളായിരിക്കും. വാട്ട്സാപ്പ്, ഫേസ്ബുക്ക് സംവിധാനങ്ങൾ ഉപയോഗിച്ച് പൊതുജനങ്ങളുടെ പങ്കാളിത്തവും ഉറപ്പാക്കും.

വ്യാജവാർത്തകൾ പരിശോധിച്ച് സ്വന്തം നിലയിൽ പരിഹാരം കാണാൻ പറ്റുന്നവ, ബന്ധപ്പെട്ട അധികൃതർക്ക് റിപ്പോർട്ട് ചെയ്യേണ്ടവ, പീനൽ നടപടികൾക്ക് വിധേയമാക്കേണ്ടവ എന്ന രീതിയിൽ കൈകാര്യം ചെയ്യും. വിഭാഗത്തിന്റെ മേൽനോട്ടം ശുചിത്വ മിഷൻ ഡയറക്റ്റർ മിർ മുഹമ്മദിനായിരിക്കും.

മറ്റുള്ളവരെ സേവിക്കാനാവണം ജീവിതം: മാർപാപ്പ

വത്തിക്കാൻ സിറ്റി: ആയിരക്കണക്കിനു വിശ്വാസികൾ പങ്കെടുക്കാറുള്ള വത്തിക്കാനിലെ ഓശാന ഞായർ ചടങ്ങുകൾക്ക്, വിശ്വാസി സമൂഹത്തിന്റെ നേരിട്ടുള്ള പങ്കാളിത്തമൊഴിഞ്ഞ സെന്റ് പീറ്റേഴ്സ് ബസലിക്കയിൽ ഫ്രാൻസിസ് മാർപാപ്പ നേതൃത്വം നൽകി. ഇറ്റലി കൊവിഡ് മഹാമാരിയുടെ പിടിയിലായിരിക്കുന്നതു മൂലം ഇക്കുറി ചടങ്ങുകൾക്ക് ജനങ്ങളുടെ സാന്നിധ്യം വിലക്കിയിരിക്കുകയാണ്. തീരാദു:ഖത്തിന്റെ ഈ നാളുകളിലും ഓരോരുത്തരുടെയും ജീവിതം മറ്റുള്ളവരെ സേവിക്കാനുള്ളതാവണമെന്ന് മാർപാപ്പ പറഞ്ഞു.

സെന്റ് പീറ്റേഴ്സ് ബസലിക്കയിൽ നടന്ന വിശുദ്ധ കുർബാനയിൽ മാർപാപ്പയ്ക്കൊപ്പം അദ്ദേഹത്തിന്റെ സഹായികളും ക്ഷണിക്കപ്പെട്ട ഏതാനും ബിഷപ്പുമാരും കന്യാസ്ത്രീകളും വിശിഷ്ടാതിഥികളും മാത്രമാണു പങ്കെടുത്തത്. ലളിതമായ ചടങ്ങുകളുടെ തത്സമയ സംപ്രേഷണമുണ്ടായിരുന്നു. വീടുകളിൽ ഇരുന്നു കൊണ്ടാണെങ്കിലും ആത്മീയമായി ക്രിസ്തുവിനൊപ്പം വിശുദ്ധവാര കർമങ്ങളിലൂടെ കഴിയണമെന്ന് അദ്ദേഹം പറഞ്ഞു. മഹാമാരിയുടെ രന്തത്തിൽ അകപ്പെട്ടവർക്കു വേണ്ടി നിശബ്ദ സേവനം ചെയ്യുന്ന ഡോക്റ്റർമാർ, നഴ്സുമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ തുടങ്ങിയവരെ പാപ്പ പ്രത്യേകം സ്മരിച്ചു.

മറ്റുള്ളവരെ സഹായിക്കുന്നില്ലെങ്കിൽ ജീവിതത്തിന് ഒരർഥവുമില്ലെന്ന് മഹാമാരി കാണിച്ചുതരുന്നു. ഇന്നത്തെ യഥാർഥ ഹീറോകൾ പ്രശസ്തരോ സമ്പന്നരോ ഒന്നുമല്ല. മറ്റുള്ളവരെ സേവിക്കാൻ വേണ്ടി സ്വയം ജീവിതം ഉഴിഞ്ഞുവച്ചവരാണ്- ആരോഗ്യ പ്രവർത്തകരെ സ്മരിച്ചുകൊണ്ട് അദ്ദേഹം കൂട്ടിച്ചേർത്തു. ക്ലേശമനുഭവിക്കുന്നവർക്ക് സഹായമെത്തിക്കാൻ കഴിയണം- അദ്ദേഹം ഓർമിപ്പിച്ചു.

യുഎസ് പതറുന്നു, യുകെയിൽ ഈ ആഴ്ച നിർണായകം

വാഷിങ്ടൺ: കൊവിഡ് വ്യാപനത്തിൽ ഒരു മയവുമില്ലാതെ കുതിക്കുന്ന യുഎസ്, സഹായത്തിനായി വിവിധ രാജ്യങ്ങൾക്കു മുന്നിൽ കൈ നീട്ടുന്നു. ഇന്ത്യയിൽ നിന്ന് ഹൈഡ്രോക്ലോറോകിൻ ഗുളിക ഇറക്കുമതി ചെയ്യാൻ അനുവദിക്കണമെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദിയോട് അഭ്യർഥിച്ചതിനു പിന്നാലെ ചൈനയിൽ നിന്ന് കൂടുതൽ ഉപകരണങ്ങൾ ആവശ്യപ്പെട്ട് അദ്ദേഹം പ്രസിഡന്റ് സിജിങ് പിങ്ങിനോട് സന്ദേശമയച്ചു.

രോഗികളുടെ എണ്ണം കൂടുന്നതിനനുസരിച്ച് വെന്റിലേറ്ററുകൾ അടക്കം കടുത്ത ക്ഷാമമുണ്ടെന്നാണ് പ്രസിഡന്റ് ട്രംപ് അറിയിച്ചത്. എന്നാൽ ചൈനയിൽ നിന്നുള്ള കൊവിഡ് പ്രതിരോധ ഔഷധങ്ങൾക്കും ഉപകരണങ്ങൾക്കും ഒരു നിയന്ത്രണവുമില്ലെന്ന് അധികൃതർ വ്യക്തമാക്കി. കരാർ ലഭിക്കുന്ന മുറയ്ക്ക് ലഭ്യമാക്കുമെന്നും അറിയിപ്പ്.

അതിനിടെ മറ്റു രാജ്യങ്ങളിലേക്ക് അയയ്ക്കുന്ന മാസ്കുകൾ അടക്കമുള്ള ഉപകരണങ്ങൾ യുഎസ് വഴിമാറ്റി തട്ടിയെടുക്കുന്നതായി ആരോപണമുയർന്നതാണ്. തങ്ങളുടെ രണ്ടു ലക്ഷം മാസ്കുകൾ യുഎസ് കെനിയൻ വിമാനത്താവളത്തിൽ വച്ചു തട്ടിയെടുത്തതായി ജർമനി ആരോപിച്ചിരുന്നു. ക്യാനഡയും യുഎസിനെതിരേ സമാനമായ ആരോപണം ഉന്നയിച്ചിരുന്നു. ഇതിനു പിന്നാലെ യുഎസ് നയതന്ത്ര പ്രതിനിധികളുമായി കഴിഞ്ഞ ദിവസം ക്യാനഡയുടെ വിദേശകാര്യ വക്താവ് കൂടിക്കാഴ്ച നടത്തി. കൊറോണ പ്രതിരോധത്തിൽ ഇരുരാജ്യങ്ങളും യോജിച്ചു നീങ്ങണമെന്നും ഒരാൾക്കു മറ്റേയാൾ ഭീഷണിയാകരുതെന്നും നിർദേശിച്ചു.

അതിനിടെ കൊവിഡ് രോഗം സ്ഥിരീകരിക്കപ്പെട്ടവരുടെ എണ്ണം ആഗോളതലത്തിൽ 12,25,035 ആയി. മരണസംഖ്യ 66,502. ഏറ്റവും കൂടുതൽ രോഗികളുള്ളത് യുഎസിൽ-3,01,902. മരണസംഖ്യ 8,454.

രോഗികളുടെ എണ്ണത്തിൽ ഇന്നലെ മാത്രം ഏറ്റവും കൂടുതൽ വർധനയുണ്ടായത് ബ്രിട്ടനിൽ- 5903. രണ്ടാം സ്ഥാനത്ത് സ്പെയ്ൻ. രോഗികളുടെ എണ്ണം 80,261. ഇന്നലെ മാത്രം സ്ഥിരീകരിക്കപ്പെട്ടത് 4591 പേർക്ക്. ഇറ്റലിയിൽ ഇന്നലെ പുതുതായി ആർക്കും രോഗം സ്ഥിരീകരിച്ചില്ല. സ്പെയ്നിൽ മരണ സംഖ്യ മാർച്ച് 17നുശേഷം ഏറ്റവും കുറവുണ്ടായതും ഇന്നലെ. ഇറ്റലി, സ്പെയ്ൻ, യുകെ തുടങ്ങിയ രാജ്യങ്ങളിലൊന്നും ഇന്നലെ ഓശാന ഞായർ ആഘോഷങ്ങളില്ലായിരുന്നു. കൊവിഡ് പ്രതിസന്ധി ഏറ്റവും രൂക്ഷമായ യൂറോപ്പിൽ സ്ഥിതി ഭീകരമാണ്.

ഈ ആഴ്ച അവസാനത്തോടെ യുകെയിൽ സ്ഥിതി അതിരൂക്ഷമാകുമെന്നാണു പ്രവചനം. അടുത്ത ഏഴു മുതൽ പത്തു ദിവസങ്ങൾക്കകം യുകെയിൽ കൊവിഡ് മൂലമുള്ള ദുരന്തം പരമാവധിയിലെത്തുമെന്ന് അധികൃതർ ആശങ്കപ്പെടുന്നു. പ്രതിരോധ പ്രവർത്തനങ്ങളൊന്നും ഫലപ്രദമാകുന്നില്ല.

അതിനിടെ പ്രതിസന്ധി ഘട്ടത്തിൽ യൂറോപ്യൻ യൂണിയനിലെ അംഗരാജ്യങ്ങൾ ഒരുമിച്ചു നിൽക്കുന്നില്ലെങ്കിൽ യൂണിയന്റെ നിലനില്പ് പ്രതിസന്ധിയിലാകുമെന്ന് സ്പാനിഷ് പ്രധാനമന്ത്രി പെഡ്രോ സാഞ്ചസ് തുറന്നടിച്ചു. യൂണിയൻ അംഗരാജ്യങ്ങളിൽ പ്രചാരത്തിലുള്ള പത്തു പ്രമുഖ ദിനപത്രങ്ങളിൽ എഴുതിയ ലേഖനത്തിലാണ് അദ്ദേഹത്തിന്റെ മുന്നറിയിപ്പ്.

അംഗരാജ്യങ്ങളിൽ കൊവിഡ് ദുരന്തം ഏറ്റവും രൂക്ഷമായി ബാധിച്ചത് ഇറ്റലിയെയും സ്പെയ്നിനെയുമാണ്. അതിൽ നിന്നു കരകയാറാനുള്ള പരിശ്രമത്തിൽ അംഗരാജ്യങ്ങൾ സഹായിക്കുന്നില്ലെന്നും പെഡ്രോ സാഞ്ചസ് കുറ്റപ്പെടുത്തി. കൊവിഡ് പ്രതിരോധത്തിൽ യൂറോപ്യൻ യൂണിയൻ രണ്ടു ചേരിയിലാണെന്ന ആക്ഷേപവും ശക്തമാണ്.

ഇറ്റലി, സ്പെയ്ൻ, ഫ്രാൻസ്, പോർച്ചുഗൽ തുടങ്ങിയ രാജ്യങ്ങൾ ഒരു ചേരിയിലും ജർമനി, നെതർലൻഡ്സ് തുടങ്ങിയ രാജ്യങ്ങൾ മറുചേരിയിലുമാണ്. ആദ്യ ചേരിയിൽപ്പെട്ട രാജ്യങ്ങളിലാണു കൊവിഡ് ദുരന്തം രൂക്ഷം. 27 രാജ്യങ്ങളാണ് യൂണിയനിലുള്ളത്. നേരത്തേ അംഗരാജ്യമായിരുന്ന യുകെ, ബ്രക്സിറ്റ് പ്രമേയത്തിലൂടെ യൂണിയനിൽ നിന്നു പുറത്തു പോയിരുന്നു.

യൂറോപ്യൻ യൂണിയൻ തകരുമെന്ന് സ്പാനിഷ് പ്രധാനമന്ത്രി



മെഡിക്കൽ സംഘം സഞ്ചരിച്ച ലോ ഫ്ലോർ ബസിന്റെ തകരാർ പരിഹരിക്കുന്നു.

ഡോക്റ്റർമാരുടെ സംഘം സഞ്ചരിച്ച ബസ് തകരാറിലായി

ഹരിപ്പാട്: അതീവ ജാഗ്രത തുടരുന്ന കാസർകോടിന് സഹായത്തിനായി തിരുവനന്തപുരം മെഡിക്കൽ കോളെജ് ആശുപത്രിയിൽ നിന്ന് ഡോക്റ്റർമാരുടെ സംഘം സഞ്ചരിച്ച ബസ് ഹരിപ്പാട് വച്ച് തകരാറിലായി. രാവിലെ 11 മണിയോടെയായിരുന്നു സംഭവം. ഡോക്റ്റർമാരുൾപ്പെടെയുള്ള സംഘം വിശ്രമത്തിനായി ബസ് സ്റ്റേഷനു സമീപം നിർത്തി. വീണ്ടും യാത്ര തുടരാനായി സ്റ്റാർട്ടാക്കിയപ്പോഴാണ് തകരാർ മനസിലായത്.

തുടർന്ന് ഡോക്റ്റമാരുടെ സംഘത്തലവൻ കെഎസ്ആർടിസി അധികൃതരുമായി ബന്ധപ്പെട്ടു.ഡിപ്പോ ചാർജ് മാൻ പി.അജിത് കുമാറും ഇലക്ട്രീഷ്യൻ എൻ.ശിവപ്രസാദും ഉടൻ തന്നെ സംഭവ സ്ഥലത്തെത്തി. എമർജൻസി റെസ്ക്യൂ ടീം പ്രവർത്തകരുടെ സഹായത്തോടെ കേടായ ബാറ്ററി മാറി ഒരു മണിക്കൂറിനു ശേഷമാണ് സംഘത്തിന് യാത്ര തുടരാനായത്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ഡെപ്യൂട്ടി സൂപ്രണ്ട് എസ് സന്തോഷ് കുമാറിന്റെ നേതൃത്വത്തിൽ 10 ഡോക്റ്റർമാരും 10 നഴ്സുമാരും അഞ്ച് നഴ്സിങ് അസിസ്റ്റന്റുമാരുമാണ് സംഘത്തിലുണ്ടായിരുന്നത്.

നേതൃത്വം നൽകാൻ സ്വയം സന്നദ്ധ വിദഗ്ധ സംഘം

തിരുവനന്തപുരം: കാസർഗോട്ട് നൂതന കൊവിഡ് ആശുപത്രി യാഥാർഥ്യമാക്കാനും ചികിത്സ ശക്തിപ്പെടുത്താനും തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളെജിൽ നിന്നുള്ള 26 അംഗ സംഘം റോഡ് മാർഗം യാത്രതിരിച്ചു. സെക്രട്ടേറിയറ്റിന് മുന്നിൽ ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ. ശൈലജ സംഘത്തെ യാത്രയയച്ച സംഘം ഇന്നു പുലർച്ചയോടെ കാർഗോട്ടെത്തി.

കാർസർഗോഡ് കൊവിഡ് രോഗികളുടെ എണ്ണം കൂടിയ സാഹചര്യത്തിൽ ഇത്ര ദൂരം യാത്ര ചെയ്ത് സ്വയം സേവനം ചെയ്യാൻ സന്നദ്ധരായ ജീവനക്കാരെ അഭിനന്ദിക്കുന്നതായി മന്ത്രി പറഞ്ഞു. ഈ സംഘം കൊവിഡ് ആശുപത്രിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ജീവനക്കാർക്ക് പരിശീലനം നൽകുകയും രോഗികളെ ചികിത്സിക്കുകയും ചെയ്യും. മെഡിക്കൽ കോളെജ് ഡോക്റ്റർമാരുടേയും നഴ്സുമാരുടേയും അനുഭവങ്ങളും പരിചയസമ്പത്തും കാസർഗോഡിന് കരുത്താകുമെന്നും മന്ത്രി വ്യക്തമാക്കി.

മെഡിക്കൽ കോളെജ് പ്രിൻസിപ്പൽ ഡോ. അജയകുമാർ, ആശുപത്രി സൂപ്രണ്ട് ഡോ. എം.എസ്. ഷർമ്മദ്, എസ്എടി ആശുപത്രി സൂപ്രണ്ട് ഡോ. എ. സന്തോഷ് കുമാർ, ആർഎംഒ ഡോ. മോഹൻ റോയ് എന്നിവർ യാത്രയയപ്പ് ചടങ്ങിൽ പങ്കെടുത്തു.

സംഘത്തിൽ ഇവർ, അഞ്ചു ടീമുകൾ

തിരുവനന്തപുരം മെഡിക്കൽ കോളെജ് അത്യാഹിത വിഭാഗം ഡെപ്യൂട്ടി സൂപ്രണ്ട് ഡോ. എസ്.എസ്. സന്തോഷ് കുമാറിന്റെ നേതൃത്വത്തിൽ രണ്ട് ഡോക്റ്റർമാർ, രണ്ട് നഴ്സുമാർ, ഒരു നഴ്സിങ് അസിസ്റ്റന്റ് എന്നിവരുൾപ്പെടുന്ന അഞ്ചു ടീമുകളാണ് പ്രവർത്തിക്കുക.

അനസ്തീഷ്യാ വിഭാഗത്തിലെ ഡോ. നരേഷ് കുമാർ, ഡോ. രാജു രാജൻ, ഡോ. മുരളി, ന്യൂറോളജി വിഭാഗത്തിലെ ഡോ. ജോസ് പോൾ കുന്നിൽ, ഡോ. ഷമീം, ജനറൽ മെഡിസിൻ വിഭാഗത്തിലെ ഡോ. സജീഷ്, പൾമണറി മെഡിസിൻ വിഭാഗത്തിലെ ഡോ. പ്രവീൺ, ഡോ. ആർ. കമല, നെഫ്രോളജി വിഭാഗത്തിലെ ഡോ. എബി, പീഡിയാട്രിക്സിലെ ഡോ. മൃദുൽ ഗണേഷ്, സ്റ്റാഫ് നഴ്സുമാരായ ജോസഫ് ജെന്നിംഗ്സ്, എസ്.കെ. അരവിന്ദ്, പ്രവീൺ കുമാർ, അനീഷ് രാജ്, വിഷ്ണു പ്രകാശ്, എസ്. റാഷിൻ, എം.എസ്. നവീൻ, റിതുഗാമി, ജെഫിൻ പി. തങ്കച്ചൻ, ഡി. ശരവണൻ, നഴ്സിങ് അസിസ്റ്റന്റുമാരായ ആർ.എസ്. ഷാബു, കെ.കെ. ഹരികൃഷ്ണൻ, എസ്. അതുൽ മനാഫ്, സി. ജയകുമാർ, എം.എസ്. സന്തോഷ് കുമാർ എന്നിവരാണ് സംഘത്തിലുള്ളത്.

രണ്ടാഴ്ചയോളം സേവനമനുഷ്ഠിക്കുന്ന ഇവർക്ക് കാസർഗോഡ് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ എല്ലാ സൗകര്യങ്ങളുമൊരുക്കും.

കാസർഗോഡ് കൊവിഡ് സെന്റർ സജ്ജം

ദീപു മറ്റപ്പള്ളി

കാസർഗോഡ്: കൊവിഡ് വൈറസ് പ്രതിരോധ പ്രവർത്തനങ്ങൾ ജില്ലയിൽ ഊർജിതമാക്കുന്നതിന്റെ ഭാഗമായി ഉക്കിനടുക്കയിലെ മെഡിക്കൽ കോളെജിൽ കൊവിഡ് ആശുപത്രി പ്രവർത്തന സജ്ജമായി. ജില്ലയുടെ സ്വപ്ന പദ്ധതിയായ മെഡിക്കൽ കോളെജിന്റെ പ്രവർത്തനം ഇന്നു ഭാഗികമായി ആരംഭിക്കും. കൊറോണ ഐസൊലേഷൻ വാർഡാണ് ആദ്യം തുറക്കുക. മെഡിക്കൽ കോളെജ് അഡ്മിനിസ്ട്രേഷൻ ബ്ലോക്കിനായി പണിത കെട്ടിടമാണ് താത്കാലികമായി കൊവിഡ് ചികിത്സ കേന്ദ്രമായി മാറ്റുന്നത്.

മുഖ്യമന്ത്രി പിണറായി വിജയന്റെ നിർദേശ പ്രകാരം നാലു ദിവസം കൊണ്ടാണ് മെഡിക്കൽ കോളെജിനെ നൂതന കൊവിഡ് ചികിത്സാ കേന്ദ്രമായി യുദ്ധകാലാടിസ്ഥാനത്തിൽ മാറ്റിയെടുത്തത്. കൊവിഡ് സ്ഥിരീകരിച്ച 15നും 50നും ഇടയിൽ പ്രായമുള്ള രോഗികളെ ഇവിടെ ചികിത്സിക്കുമെന്ന് ദേശീയ ആരോഗ്യ പദ്ധതി ജില്ലാ പ്രോഗ്രാം മാനെജർ ഡോ. രാമൻ സ്വാതിവാമൻ പറഞ്ഞു.

തിരുവനന്തപുരം മെഡിക്കൽ കോളെജിൽ നിന്നും പത്തു ഡോക്റ്റർമാരേയും ദേശീയ ആരോഗ്യ മിഷന്റെ കീഴിൽ നിന്നും മുപ്പതോളം സ്റ്റാഫ് നഴ്സുമാരേയും മറ്റു ജീവനക്കാരേയുമാണ് ഇവിടെ നിയോഗിച്ചിരിക്കുന്നത്. ഇന്നു വൈകുന്നേരം ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കും. അതിന് ശേഷമായിരിക്കും രോഗികളെ പ്രവേശിപ്പിക്കുക. പ്രാരംഭഘട്ട ഒരുക്കങ്ങളെല്ലാം പൂർത്തികരിച്ചു.

2013 നവംബർ 30ന് കാസർഗോഡ്, മഞ്ചേശ്വരം നിയോജക മണ്ഡലങ്ങൾ അതിർത്തി പങ്കിടുന്ന ബദിയടുക്ക പഞ്ചായത്തിലെ ഉക്കിനടുക്കയിൽ 29 കോടി രൂപ ചെലവിലാണ് അക്കദമിക് ബ്ലോക്ക് കെട്ടിടത്തിന്റെ നിർമാണം പൂർത്തീകരിച്ചത്.

ഉപകരണങ്ങളും മരുന്നുകളും എത്തി

നാലു നിലയുള്ള കെട്ടിടത്തിന്റെ താഴത്തെ നിലയിലാണ് തീവ്രപരിചരണ വിഭാഗം, ഐസൊലേഷൻ വാർഡുകൾ, ഡോക്റ്റർമാരുടേയും നഴ്സുമാരുടേയും ഡ്യൂട്ടി റൂം, ഫാർമസി എന്നിവ സജ്ജീകരിക്കുക. നിരീക്ഷണത്തിലുള്ള രോഗികൾ ഒന്നാം നിലയിൽ. രണ്ടാമത്തെ നിലയിൽ ഡോക്റ്റർമാർക്കും മറ്റു ജീവനക്കാർക്കുള്ള വിശ്രമ മുറികൾ. ഒന്നാം ഘട്ടത്തിൽ ഒൻപത് ഐസൊലേഷൻ വാർഡുകളും രണ്ട് കിടക്കകൾ വീതമുള്ള അഞ്ച് ഐസൊലേഷൻ മുറികളുമാണ് സജ്ജമാക്കിയിരിക്കുന്നത്. തീവ്രപരിചരണ വിഭാഗത്തിൽ 12 കിടക്കകൾ. കുഴൽക്കിണറിൽ നിന്നും ശുദ്ധജലം ലഭ്യമാക്കും. ആംബുലൻസ്, യാത്രാ സൗകര്യം, ടെലിഫോൺ, കാന്റീൻ എന്നീ അനുബന്ധ സൗകര്യങ്ങളും ഒരുക്കും.

ആദ്യഘട്ടത്തിൽ 4.21 കോടി രൂപയുടെ കട്ടിലുകളും കിടക്കകളും ഉൾപ്പെടെയുള്ള ഫർണിച്ചറുകൾക്ക് 7.81 കോടി രൂപയുടേയും മരുന്നുകൾ വാങ്ങാൻ രണ്ടു കോടി രൂപയുടേയും ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്. 200 കിടക്കകളും 102 കട്ടിലുകളും ശനിയാഴ്ച രാത്രിയോടെ എത്തി. 9.6 കോടി രൂപയുടെ ഉപകരണങ്ങൾ ഉടൻ ലഭ്യമാകുമെന്ന് ജില്ലാ കലക്റ്റർ ഡോ. ഡി. സജിത് ബാബു പറഞ്ഞു.

കൊവിഡ് സെന്ററിന് ആവശ്യമായ ആശുപത്രി ഉപകരണങ്ങൾ കെഎംഎസ്‌സിഎൽ വഴിയാണ് ഒരുക്കുന്നത്. 20 ഐസിയു, അഞ്ച് വെന്റിലേറ്റർ, മൂന്ന് വെന്റിലേറ്റർ നോൺ ഇൻസേവ്, 20 മൾട്ടി പാരാമീറ്റർ മോണിറ്റർ, 20 ഇൻഫ്യൂഷൻ പമ്പ്, 40 സിറിഞ്ച് പമ്പ്, രണ്ട് ഡിഫ്രിബ്രിലേറ്റർ, 15 ക്രാഷ് കാർട്ട്, 10 ക്രാഷ് കാർട്ട് ട്രോമ, 10 ഓക്സിജൻ സിലിണ്ടർ ബൾക്ക്, 10 ആംബു ബാഗ്, നാല് ഇസിജി മെഷിൻ, പോർട്ടബിൾ എക്സ്റേ, സർജിക്കൽ ഇൻസ്ട്രുമെന്റ്സ്, മെഡിക്കൽ ഗ്യാസ്, പൈപ്പ് ലൈൻ സിസ്റ്റം തുടങ്ങി 41 ആശുപത്രി ഉപകരണങ്ങളാണ് സജ്ജമാക്കുന്നത്.

മാർച്ച് അഞ്ചു മുതൽ വന്നവർക്ക് നിർബന്ധിത നിരീക്ഷണം 14 ദിവസം

തിരുവനന്തപുരം: കൊവിഡ്19ന്റെ പശ്ചാത്തലത്തിൽ മാർച്ച് അഞ്ചു മുതൽ ലോക്ക് ഡൗൺ കാലയളവു വരെ വിദേശത്തു നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് വന്നവരും അവരുമായി സമ്പർക്കത്തിൽ ഏർപ്പെട്ടവരും നിർബന്ധിത നിരീക്ഷണത്തിൽ കഴിയേണ്ടത് 14 ദിവസമാണെന്ന് മുഖ്യമന്ത്രിയുടെ ഓഫിസ് അറിയിച്ചു.

ഈ കാലയളവിൽ വന്ന ഹൈ റിസ്ക് വിഭാഗത്തിൽപ്പെട്ടവർ 28 ദിവസം നിർബന്ധിത നിരീക്ഷണത്തിൽ കഴിയേണ്ടതുണ്ട്. രോഗലക്ഷണങ്ങൾ ഉള്ളവരുടെ പരിശോധനാ ഫലം പോസിറ്റീവ് ആകുന്ന പക്ഷം അവരുമായി സമ്പർക്കത്തിലേർപ്പെട്ടവർ 14 ദിവസം കൂടി നിരീക്ഷണത്തിൽ തുടരണം. കോവിഡ് വൈറസ് ബാധ സ്ഥിരീകരിച്ചവർ ടെസ്റ്റ് റിസൽറ്റ് നെഗറ്റീവായതിനു ശേഷവും 14 ദിവസം നിർബന്ധിത നിരീക്ഷണത്തിൽ തുടരണം.

വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ ഓശാനപ്പെരുന്നാളിനോടനുബന്ധിച്ച് ഫ്രാൻസിസ് മാർപാപ്പ കൊവിഡിന്റെ പശ്ചാത്തലത്തിൽ ഏകനായി തിരുക്കർമങ്ങൾ നിർവഹിക്കുന്നു.

മാത്യു വർക്കി

അങ്കമാലി: റിട്ട. ട്രാവൻകൂർ റയോൺസ് ഡെപ്യൂട്ടി സൂപ്രണ്ട് യോർദ്ദനാപുരം ചിറ്റിനപ്പിള്ളി മാത്യു വർക്കി (89) അന്തരിച്ചു. സംസ്കാരം ഇന്ന് പത്തിന് ജോൺ ദി ബാപ്പിസ്റ്റ് പള്ളിയിൽ. ഭാര്യ: മേയ്ക്കാട് അരീയ്ക്കൽ ഏല്യാക്കുട്ടി. മക്കൾ: ജോയ്സൺ (റിട്ട. (അധ്യാപകൻ, ജമാ അത്ത് എച്ച്എസ്എസ്, തണ്ടേക്കാട്), ഷാജി (കെഎസ്ഇബി സബ് എൻജിനീയർ), ഷൈനി (സെന്റ് സെബാസ്റ്റ്യൻസ് എച്ച്എസ്എസ്, കുറ്റിക്കാട്), ഷൈജി(യുഎസ്എ), ജോൺസൻ (സീയെം സ്റ്റോഴ്സ്, കാലടി), ജോബിൻ (ഓസ്ട്രേലിയ). മരുമക്കൾ : ബീന (മാർ ഏല്യാസ് എച്ച് എസ് എസ്, കോട്ടപ്പടി), ലിജി (സെന്റ് മേരീസ് എൽ പി എസ്, തുറവൂർ), ഡേവീസ്(റിട്ട.എം ഡി, കുറ്റിക്കാട് ഫാർമേഴ്സ് സഹകരണ ബാങ്ക്), ജെയ്സൺ (യുഎസ്എ), അമൃത (ഓസ്ട്രേലിയ).

ജോസഫ് സേവ്യർ

അങ്കമാലി: കറുകുറ്റി കൊരട്ടികുന്നേൻ ജോസഫ് സേവ്യർ (72) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ലീന. മക്കൾ: സുഗുണ (കീഴ്മാട്), സന്തോഷ് (സൗദി അറേബ്യ). മരുമക്കൾ: സാജു, ജെസി.



സതീഷ്കുമാർ

വെള്ളറട: പെരുങ്കടവിള ശ്രീറാമിൽ സതീഷ്കുമാർ ((48) അന്തരിച്ചു. ഭാര്യ: ലത. മക്കൾ: ശ്രീവിഷ്ണു, ശ്രീറാം.

പൊടിച്ചി

അടൂർ:പുതുശേരിഭാഗം പുലിമല ചരുവിളയിൽ പരേതനായ പൊടിയന്റെ ഭാര്യ പൊടിച്ചി (74) അന്തരിച്ചു. സംസ്കാരം നടത്തി. മകൾ: തങ്കമണി. മരുമകൻ:പരേതനായ സോമൻ.

ശോശാമ്മ

തോട്ടഭാഗം:കുന്നേൽ ഗ്രേസ് വില്ലയിൽ പരേതനായ എം.എ. വർഗീസിന്റെ ഭാര്യ ശോശാമ്മ (91) അന്തരിച്ചു .

മറിയാമ്മ

അങ്കമാലി: താവളപ്പാറ അത്തിയ്ക്കക്കുഴി പരേതനായ മാത്തുക്കുട്ടിയുടെ ഭാര്യ മറിയാമ്മ (79) അന്തരിച്ചു. സംസ്കാരം ഇന്ന് പത്തിന് തവളപ്പാറ സെന്റ് മേരീസ് യാക്കോബായ പള്ളിയിൽ. മക്കൾ : ഷാജി, ബൈജു, ജിജു . മരുമക്കൾ :ജെസി, ഷിജി, മിനി.

അബ്ദു

ചുള്ളിപ്പാറ: കൂർമ്മത്ത് മുഹമ്മദ് കുട്ടിയുടെ മകൻ അബ്ദു(50) അന്തരിച്ചു. മാതാവ് നഫീസ മാട്ടാൻ പൂക്കിപ്പറമ്പ്. ഭാര്യ സുലൈഖ. മക്കൾ: ജംഷീർ, ജംഷാദ്, ജാബിർ, നസീബ ജാസ്മിൻ. മരുമകൻ: ഫൈസൽ തെയ്യാല. സഹോദരങ്ങൾ: നാസർ ദമ്മാം, ഹസൈൻ, ഷൗകത്ത്(ഇരുവരും ബാംഗ്ലൂർ), ആസ്യ, സുലൈഖ, ഹാജറ, നൂർജഹാൻ

അംബികാദേവി

വെള്ളറട: ചായ്ക്കോട്ടുകോണം കളത്തറയ്ക്കൽ കെ.എൽ. ഭവനിൽ കൃഷ്ണൻനായരുടെ ഭാര്യ അംബികാദേവി (64) അന്തരിച്ചു. മക്കൾ: ലേഖ, പരേതയായ കല.

മീനാക്ഷി അമ്മ

ചേർത്തല: സിഎംസി 19-ാം വാർഡ് കളത്തിൽ പറമ്പിൽ പരേതനായ വേലായുധകർത്താവിന്റെ ഭാര്യ മീനാക്ഷി അമ്മ (95) അന്തരിച്ചു. സംസ്ക്കാരം വീട്ടുവളപ്പിൽ നടന്നു. ഗോവിന്ദ പണിക്കർ, ബേബി ജി. നായർ. പരേതയായ സതി കുമാരി, പരേതയായ ബാബു. സോമശേഖര പണിക്കർ, ഉഷാദേവി. മരുമക്കൾ: പരേതയായ ഗിരിജമ്മ, ഗോപിനാഥൻ നായർ, പരേതയായ വി. ജയകുമാർ, ഇന്ദിരാ ബാബു, ജയശ്രീ, മധുസൂദനൻ നായർ.

കെ.വി. വർഗീസ്

പറവൂർ: മുൻ സൈനികൻ കൊച്ചാൽ കോട്ടയ്ക്കൽ കെ.വി. വർഗീസ് (85) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: എൽസി. മക്കൾ: സുനി, സുനിൽ (ബഹ്റിൻ), സുനിത (നേവൽ ബേസ്), സഞ്ജു, സന്തോഷ്. മരുമക്കൾ: ബാബു (ബിസിനസ്), തങ്കച്ചൻ (കേരള വിഷൻ), തോമസ് (എക്സ്. മിലിട്ടറി), ഹേമ (ബഹ്റിൻ), ജെഫ്ന.



അനിൽകുമാർ

നെയ്യാറ്റിൻകര: ഊരൂട്ടമ്പലം ഇടത്തറ കുന്താലംവിള വീട്ടിൽ അനിൽകുമാർ (60) അന്തരിച്ചു. ഭാര്യ: രമണി.

എം.കെ. പാത്തുമ്മബി

കക്കോടി: മോരിക്കര കൂവിൽ എം.കെ. പാത്തുമ്മബി (78) അന്തരിച്ചു. ഭർത്താവ്: പരേതനായ ഇമ്പിച്ചി കോയട്ടി. മക്കൾ: മമ്മദ്കോയ, അമീർ, മുജീബ് (എൻസിപി മണ്ഡലം സെക്രട്ടറി), സിറാജുദ്ദീൻ, അഷ്റഫ്, ബഷീർ, നസീർ, ആയിഷക്കുട്ടി, സുബൈദ, റസീന. മരുമക്കൾ: മമ്മദ്, സലീം, മൈമുന, സാഹിറ, സമീദ, സൽമത്ത്, ഹസീന, പരേതനായ സൈനബി.



ജയദാസൻ

മാള: വലിയപറമ്പ് മേപ്പറിയാരത്ത് ജയദാസൻ (55) അന്തരിച്ചു. ഭാര്യ: ജയ. സംസ്കാരം ഇന്ന് രാവിലെ 10 ന് കപ്രശ്ശേരി പൊതു ശ്മശാനത്തിൽ.

മറിയാമ്മ

മാരാമൺ: പാലക്കുന്നത്ത് കൗങ്ങേലിൽ (റിവർ വ്യൂ) പരേതനായ പി. ടി. ജോർജിന്റെ ഭാര്യ മറിയാമ്മ (94) അന്തരിച്ചു. സംസ്കാരം നടത്തി. തിരുവല്ല ഇലഞ്ഞിമൂട്ടിൽ കണ്ടത്തിൽ കുടുംബാംഗമാണ്.

എം.ഐ. രാമകൃഷ്ണൻ

കൂത്താട്ടുകുളം: മേട്ടുംപുറത്ത് (എക്കാലയിൽ) എം.ഐ. രാമകൃഷ്ണൻ (88) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11 ന് വീട്ടുവളപ്പിൽ. ഭാര്യ: കുറിച്ചിത്താനം തടിയിൽ കമലാക്ഷി. മക്കൾ: വിജയൻ, ജയൻ, കുസുമം, വിജയ. മരുമക്കൾ : ലീന, ബീന, തമ്പാൻ, ഗംഗാധരൻ.



കാർത്തികേയൻ

ചേർത്തല: റിട്ട: വില്ലേജ് ഓഫീസർ പട്ടണക്കാട് പഞ്ചായത്ത് 11-ാം വാർഡിൽ മുണ്ടുചിറയിൽ സി.ഡി കാർത്തികേയൻ (84) അന്തരിച്ചു. ഭാര്യ: പരേതയായ തങ്കമ്മ. മക്കൾ: പ്രിയ ബാബു (അധ്യപിക എച്ച്എസ്എസ്, കണ്ടമംഗലം), പ്രശാന്ത്. കെ (കിൻഡർ ഹോസ്പ്പിറ്റൽ, ചേർത്തല). മരുമക്കൾ : ബാബു ടി.എൻ (ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്, കുറുപ്പന്തറ), രശ്മി പ്രശാന്ത് (അധ്യാപിക എസ്.എൻ. ജി.എം കോളേജ്, വളമംഗലം).



ജോൺ ജോയി

വൈപ്പിൻ: മുനമ്പം അറയ്ക്കൽ ജോൺ ജോയി (75) അന്തരിച്ചു. ഭാര്യ: ബേബി. മക്കൾ: ജെയ്ബി, നയ്ബി. മരുമക്കൾ: മെൽവിൻ, ഡയണസ്റ്റ്.

പി.ആർ. സോണിയ

വൈക്കം: പടിഞ്ഞാറെനട (കോട്ടപ്പാടം) ശിവപ്രസാദത്തിൽ പരേതനായ ജെയിന്റെ ഭാര്യ പി.ആർ. സോണിയ (48) അന്തരിച്ചു. വൈക്കം കോടതിയിലെ അഭിഭാഷകയായിരുന്നു. സംസ്കാരം നടത്തി. മക്കൾ: ശിവഗംഗ, ശിവശങ്കരൻ.



മുല്ലൻ

വടക്കാഞ്ചേരി: തോന്നല്ലൂർ മുളക്കൽ മുല്ലൻ (83) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: കാളി. മക്കൾ: നളിനി, പ്രദീപൻ. മരുമക്കൾ: ഉണ്ണികൃഷ്ണൻ, പ്രസീദ.

കല്യാണി

ചേർത്തല: കണിച്ചുകുളങ്ങര പരേതനായ തത്തകുളങ്ങര കൊച്ചുവേലുവിന്റെ ഭാര്യ കല്യാണി (99)അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ശിവാനന്ദൻ, രഘുവരൻ, പരേതരായ ബാബു, നളിനി. മരുമക്കൾ: ഗിരിജ, സുശീല, പരേതരായ ഓമന, കരുണാകരൻ.

മാലതി

ആലുവ: തോട്ടക്കാട്ടുകര മാലതി നിവാസ്സിൽ പി.യു. തമ്പി (റിട്ട: സീനിയർ അഡ്മിനിസ്ട്രേറ്റിവ് അസിസ്റ്റന്റ് - ആരോഗ്യ വകുപ്പ്) യുടെ ഭാര്യ മാലതി (84) (റിട്ട: ഹെൽത്ത് സൂപ്പർവൈസർ - ആരോഗ്യ വകുപ്പ്) അന്തരിച്ചു. സംസ്കാരം ഇന്ന് 10ന് യുസി കോളെജ് ടിഎൻഎസ് സ്മശാനത്തിൽ. മക്കൾ: ശശികുമാർ (യുഎഇ), ശാന്തകുമാർ (യുഎഇ). മരുമക്കൾ: രേഖ ശശികുമാർ, സിന്ധു ശാന്തകുമാർ. തൃപ്പൂണിത്തുറ കാരുളിൽ കുടുംബാംഗമാണ് പരേത. അങ്കമാലി എൽഎഫ് ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുന്ന മൃതദേഹം രാവിലെ 10ന് നേരെ സ്മശാനത്തിലേക്കാണ് എത്തിക്കുന്നത്.

എഡിസൻ

വെള്ളറട: പെരുങ്കടവിള പഴമല മലഞ്ചരിവ് പുത്തൻവീട്ടിൽ എഡിസൻ (55 സബ് ഇൻസ്പെക്റ്റർ സിആർപിഎഫ്, പള്ളിപ്പുറം) അന്തരിച്ചു. ഭാര്യ: അജിതകുമാരി. മക്കൾ: അഖിൽ, അഞ്ചിത.

മറിയക്കുട്ടി

വാഴക്കുളം: വെള്ളാപ്പിള്ളിൽ പരേതനായ ചാക്കോയുടെ ഭാര്യ മറിയക്കുട്ടി (93) അന്തരിച്ചു. സംസ്കാരം ഇന്ന് 11 ന് വാഴക്കുളം സെന്റ് ജോർജ് ഫൊറോന പള്ളിയിൽ. വാഴക്കുളം കുന്നത്ത് കുടുംബാംഗമാണ് പരേത. മക്കൾ: ബേബി, റോസിലി, ഓമന, ജോർജ്, റാണി, റോയി. മരുമക്കൾ: കുഞ്ഞൂഞ്ഞ്, ലൂയിസ്, ചാക്കോച്ചൻ, മോളി, ജോസഫ്, മേരി.

വത്സല

തിരുവാങ്കുളം: മാമല - കക്കാട് തെരുവിൽപടിക്കൽ കാർത്തികേയന്റെ (മണി) ഭാര്യ വത്സല (60) അന്തരിച്ചു. മകൾ: ശ്രീക്കുട്ടി (നേഴ്സ്മാക്സ് ഹോസ്പിറ്റൽ, ഡൽഹി). സംസ്ക്കാരം നടത്തി.

മാധവിഅമ്മ

കോക്കല്ലൂർ: കാറലാപ്പൊയിലിലെ തേവർ കണ്ടി മാധവിഅമ്മ (95) അന്തരിച്ചു. മക്കൾ: മാധവൻ നായർ, കുട്ടി നാരായണൻ നായർ, ചിരുതേയിക്കുട്ടി അമ്മ, ജാനകി അമ്മ, കാർത്യായനി അമ്മ, പരേതനായ ഭാസ്കരൻനായർ. മരുമക്കൾ: നളിനി, പത്മിനി, പത്മിനി, ഗോപാലൻ നായർ, പരേതരായ കേളുക്കുട്ടി നായർ, രാഘവൻ നായർ.

മേരി

പറവൂർ: അമ്പാട്ട് മേരി (74) അന്തരിച്ചു. സംസ്കാരം നടത്തി. ഭർത്താവ്: പരേതനായ ചാക്കോ. മക്കൾ: മിനി, നിമ്മി, ഷിമ്മി, ഗ്രീഗർ, മനോജ്. മരുമക്കൾ: സതീഷ്, ബെന്നി, ആൻസി.

ചന്ദ്രവല്ലി

മോതിരവയൽ: ഉരുൾവാഴക്കാലായിൽ ശ്രനിവാസന്റെ ഭാര്യ ചന്ദ്രവല്ലി (78) അന്തരിച്ചു.

കൃഷ്ണൻ

ചൊവ്വര: തെറ്റാലി - നെടുവന്നൂർ റോഡിൽ ഐരൂർ വീട്ടിൽ കൃഷ്ണൻ (74) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: തുരുത്ത് പാണ്ടൻകുടി ശാന്ത. മക്കൾ: സുനിത, സുധീഷ്. മരുമക്കൾ: രാജേന്ദ്രൻ, ശ്രീതു.

അബ്ദുൽ അസീസ്

കുന്നിക്കോട്: കോടിയാട്ട് കിഴക്കേതിൽ അബ്ദുൽ അസീസ് (90) അന്തരിച്ചു. ഭാര്യ: നബീസ ബീവി. മക്കൾ: സൈനുലാബിദീൻ (കെമിയ ട്രേഡേഴ്സ്, കുന്നിക്കോട്), താജുദീൻ, കമറുദീൻ (ബിസിനസ്), അൻസാരി (കൃഷിവകുപ്പ്), ജലാലുദീൻ ഫസലുദീൻ (എഫ്എസിടി), സബൂറാ ബീവി. മരുമക്കൾ: അലീമത്ത്, ഹസീന ബീവി, പാരീഷാ ബീവി, റംലത്ത്, ഹസീന, ഷിഫ.

ആലിമുഹമ്മദ്

തേഞ്ഞിപ്പലം: ചെനക്കലങ്ങാടി പുറക്കാട്ട് ആലി മുഹമ്മദ് (ബാബുഹാജി-72) അന്തരിച്ചു.
ഭാര്യ: കദീജ. മക്കൾ: ഹബീബ, നസീറ, ജാഫർ സാദിഖ്, നൗഫൽ, അബ്ദുൾ ഹന്നാൻ, അബു ത്വാഹിർ, അബ്ദുൾ ഹകീം, ഫാത്തിമ ഹന്ന. മരുമക്കൾ: അബ്ദുൾ സമദ്(പടിക്കൽ), മുഹമ്മദ് ബഷീർ(ചാലിയം), ഷംന(മുണ്ടിയംകാവ്), റിഷാന(കടലുണ്ടിനഗരം).

കർമലി

വൈപ്പിൻ: കുഴുപ്പിള്ളി ചെറുവൈപ്പ് ചിറ്റേത്ത് പരേതനായ ജോർജിന്റെ ഭാര്യ കർമലി (80) അന്തരിച്ചു. മക്കൾ: സന്തോഷ്, സലോമി, ജോൺസൺ, എഡിസൺ, ആന്റി. മരുമക്കൾ: ഷീബ, സിന്ധു, ബിന്ദു, പരേതനായ തോമസ്.

സി.പത്മാവതി

വെള്ളറട: മഞ്ചവിളാകം കരയ്ക്കാട്ടുവിള അജിത് ഭവനിൽ വിമുക്ത ഭടൻ പരേതനായ തങ്കപ്പന്റെ ഭാര്യ സി.പത്മാവതി (78) അന്തരിച്ചു. മക്കൾ: രാജൻ, ഉഷ, ശോഭ, പരേതനായ അജിത്ത്. മരുമക്കൾ ഡി. ചന്ദ്രിക, ആർ. സുരേന്ദ്രൻ, കെ. ജി.തമ്പി.

മേരി

മനക്കൊടി: അരിമ്പൂർ പാവറട്ടിക്കാരൻ പരേതനായ ലോനപ്പൻ ഭാര്യ മേരി (83) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ ഒൻപതിന് മകൻ ഷൈജന്റെ വസതിയിൽ നിന്നാരംഭിച്ച് മനക്കൊടി സെന്റ് ജോസഫ് പള്ളിയിലെ ശുശ്രൂഷകൾക്ക്ശേഷം അരിമ്പൂർ സെന്റ് ആന്റണീസ് പള്ളി സെമിത്തേരിയിൽ. മക്കൾ: ജെയ്സൺ, ബെന്നി, ഷെർളി, ജോബി, മാർട്ടിൻ, ഷൈജൻ, ഡോളി, ജീജോ. മരുമക്കൾ: ബീന, ഷീന, ജോയ്, ജോസ്നി, വിൻസി, ജാൻസി, റോസ്മോൾ.

ടി. കെ. ശ്രീധരൻ

തിരുവല്ല: ഇരുവെള്ളിപ്ര ഉഴത്തിൽ ടി. കെ. ശ്രീധരൻ (പൊടിയൻ - 94) അന്തരിച്ചു. ഭാര്യ: സരോജിനി. മക്കൾ: പരേതനായ ഒ.എസ്. വിജയകുമാർ, ഒ.എസ്. ഓമന , സുശീല , ഒ.എസ്. രമേശ് കുമാർ .



ഡി.ജയേന്ദ്രൻ

നെയ്യാറ്റിൻകര: കമുകിൻകോട് മണത്തോട്ടത്ത് വീട്ടിൽ ഡി.ജയേന്ദ്രൻ (70) അന്തരിച്ചു. ഭാര്യ ടി. വിജയമ്മ. മക്കൾ: ഷാജൻ, ജീന. മരുമക്കൾ: എസ്. ദേവിലാൽ, എൽ. ആശാറാണി.

സുമാംഗിയമ്മ

ആലപ്ര: സതീസദനം പരേതനായ ദാമോദര പണിക്കരുടെ ഭാര്യ സുമാംഗിയമ്മ (ആശാട്ടിയമ്മ, ചമ്പക്കര വിലങ്ങിയിൽ കിഴക്കേതിൽ കുടുംബാംഗം - 85)അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10ന് വീട്ടുവളപ്പിൽ. മക്കൾ: കെ.ഡി. സുധാകരൻ (റിട്ട.പ്രൊഫ. ബിഷപ്പ് മൂർ കോളേജ് മാവേലിക്കര), വി.ഡി. മധുസൂദനൻ നായർ (എം.എസ് കാറ്ററിങ് സർവീസ് ആലപ്ര), ഡോ. ഡി സതീദേവി(അഷ്ടപദി,വെങ്ങാനൂർ, തിരുവനന്തപുരം), എസ്.ഡി. സതീശൻ നായർ (ചീഫ് സബ് എഡിറ്റർ മാതൃഭൂമി, കോട്ടയം), സിന്ധു എസ് പണിക്കർ. മരുമക്കൾ: വിനോളിൻ (കളരി,വെള്ളാപ്പാട്, പാലാ), ലത എം നായർ (മണ്ണിൽ, ചാത്തൻതറ), പൂർണേന്ദു (റവന്യു വകുപ്പ്, കലക്ട്രേറ്റ് കോട്ടയം- വൃന്ദാവനം, നെടുങ്കുന്നം), അഡ്വ. പി.കെ പ്രതാപൻ പറവേലിൽ (കണ്ണാടി, ആലപ്പുഴ).



ജി.മോഹനൻ

നെയ്യാറ്റിൻകര: വെടിവച്ചാൻകോവിൽ മുടവൂർപ്പാറ ചാത്തലംപാട്ടുകോണത്ത് തംബുരു ഭവനിൽ ജി.മോഹനൻ(57) അന്തരിച്ചു. ഭാര്യ: കുശലാകുമാരി. മകൻ: മിഥുൻ തമ്പുരു.

ചന്ദ്രിക

കുന്നംകുളം: ചെറുവത്താനി കോരങ്ങത്ത് പരേതനായ നാരായണൻ ഭാര്യ ചന്ദ്രിക (82) അന്തരിച്ചു. മക്കൾ: ശശിധരൻ, സുകുമാരൻ, അംബുജ, ലളിത, പ്രകാശൻ, ദിനേശൻ, ഷാജി, സുധീർ, സുനിൽ, സിന്ധു. മരുമക്കൾ: കോമള, ഗീത, രവി, ജയരാജൻ, രോഷ്നി, രജിത, രമ്യ, ഷീന, നീതു, പ്രദീപ്. സംസ്കാരം നടത്തി.

ചന്ദ്രൻ

ഹരിപ്പാട്: കാർത്തികപ്പള്ളി വെട്ടുവേനി മണി ഭവനത്തിൽ ചന്ദ്രൻ (71)അന്തരിച്ചു. സംസ്ക്കാരം നടത്തി. ഭാര്യ: സരസമ്മ. മക്കൾ: ജയരാജ്, ജയപ്രകാശ്. മരുമക്കൾ: സന്ധ്യ, സംഗീത.

കുളിക്കാനിറങ്ങിയ യുവാവ് ആറ്റിൽ മുങ്ങിമരിച്ചു

വൈശാഖ്

വെള്ളറട: ആറ്റിൽ കുളിക്കാനിറങ്ങിയ യുവാവ് കയത്തിൽ മുങ്ങിമരിച്ചു. വെങ്ങാനൂർ വൈഷ്ണവത്തിൽ പരേതനായ ശശിധരൻനായരുടെയും സുധയുടെയും മകൻ ശംഭു എന്നു വിളിക്കുന്ന വൈശാഖ് (20) ആണ് മരിച്ചത്. ശനിയാഴ്ച ഉച്ചകഴിഞ്ഞ് കീഴാറൂർ കുറ്റിയായണിക്കാട് ശാസ്താംകുഴി കടവിൽ വച്ചായിരുന്നു സംഭവം. വീട്ടിലെ ബന്ധുക്കളായ രണ്ടുകുട്ടികളെയും കൂട്ടി സമീപത്തുള്ള ആറ്റിലെ കടവിൽ കുളിക്കാൻ പോയതായിരുന്നു. കുട്ടികളെ കരയിൽ ഇരുത്തിയ ശേഷം കടവിലേക്കിറങ്ങിയ വൈശാഖ് അപരിചിതമായ കയത്തിൽ പെടുകയായിരുന്നു. നീന്തൽ
വശമില്ലായിരുന്ന വൈശാഖ് മുങ്ങിത്താഴുന്നതു സമീപത്തിൽ മീൻപിടിക്കുകയായിരുന്നവരുടെ ശ്രദ്ധയിൽപെട്ടു. ഇവർ അറിയിച്ചതിനെ തുടർന്ന് സ്ഥലത്തെത്തിയ ആര്യങ്കോട് പൊലീസും നാട്ടുകാരും ചേർന്ന് വൈശാഖിനെ കരക്കെത്തിച്ചു പെരുങ്കടവിള പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലും തുടർന്ന് നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലും എത്തിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ജ്യേഷ്ഠ സഹോദരൻ വിഷ്ണു രണ്ടര മാസം മുൻപ് ഹൃദയാഘാതം മൂലം മരണമടപ്പെട്ടതിലുണ്ടതായ വിഷമങ്ങൾ കാരണം വൈശാഖും അമ്മയും കുറ്റിയായണിക്കാടുള്ള ബന്ധുവീട്ടിൽ താമസിച്ചുവരുകയായിരുന്നു. പോസ്റ്റ്മോർട്ടം നാത്തിയ മൃതദേഹം ഇന്നലെ ഉച്ചയോടെ ബന്ധുക്കൾ ഏറ്റുവാങ്ങി ലോക്ക്ഡൌൺ നിർദേശപ്രകാരം തിരുവനന്തപുരം ശാന്തി കവാടത്തിൽ സംസ്ക്കരിച്ചു.

ജനറൽ വാർത്തകൾ

റിയാദിൽ കൊവിഡ് ബാധിച്ച് മലപ്പുറം സ്വദേശി മരിച്ചു

സഫ്വാൻ

തേഞ്ഞിപ്പലം: കൊറോണ രോഗ ലക്ഷണങ്ങളുമായി അഞ്ചു ദിവസം മുമ്പ് റിയാദിലെ സൗദി ജർമ്മൻ ആശുപത്രിയിൽ പ്രവേശിക്കപ്പെട്ട മലപ്പുറം ജില്ലയിലെ പെരുവള്ളൂരിൽ താമസകാരനായ ചെമ്മാട് സ്വദേശി നടമ്മൽ പുതിയകത്ത് സഫ്വാൻ (41) മരിച്ചു. ശനിയാഴ്ച രാത്രി 9.30നായിരുന്നു മരണം. പനിയും തൊണ്ടവേദനയുമായി സൗദി ജർമൻ ആശുപത്രിയിൽ എത്തിയ സഫ്വാന് കൊവിഡ് സ്ഥിരീകരിച്ചത് കഴിഞ്ഞ വെള്ളിയാഴ്ച വൈകുന്നേരമാണ്. എന്നാൽ ഹൃദയാഘാതമാണ് മരണകാരണമെന്നാണ് പ്രാഥമിക വിവരം.

റിയാദിൽ ഡ്രൈവറായി ജോലി ചെയ്യുന്ന സഫ്വാന്റെ ഭാര്യ പാണഞ്ചേരി ഖമറുന്നീസ ഇക്കഴിഞ്ഞ മാർച്ച് എട്ടിനാണ് നാട്ടിൽ നിന്നും സന്ദർശക വിസയിൽ റിയാദിൽ എത്തിയിരുന്നു. പരേതരായ കെ.എൻ.പി. മുഹമ്മദ്, ഫാത്തിമ ദമ്പതികളുടെ മകനാണ് സഫ്വാൻ. അനീസ്, ഷംസുദ്ദീൻ, അബ്ദുൽ സലാം, ഇല്യാസ്, മുസ്തഫ, റിസ്വാൻ (ദുബായ്), ലുഖ്മാൻ (ഖുൻഫുദ), സൈഫുന്നിസ, ഹാജറ, ഷംസാദ്, ഖദീജ, ആതിഖ എന്നിവർ സഹോദരങ്ങളാണ്.

ഭാര്യ ഖമറുന്നിസക്കും സമാനമായ രോഗലക്ഷണങ്ങൾ ഉള്ളതായി അറിഞ്ഞതിനെ തുടർന്ന് ആരോഗ്യ മന്ത്രാലയത്തിന്റെ എമർജൻസി സർവീസിൽ അറിയിച്ച് ആശുപത്രിയിൽ എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിനിടെയാണ് സഫ്വാന്റെ മരണം സംഭവിച്ചിരിക്കുന്നത്. റിയാദ് ചെമ്മാട് അസോസിയേഷന്റെ സജീവ പ്രവർത്തകനായിരുന്നു.

കർണാടക അതിർത്തി: നിലപാടിൽ ഉറച്ച് യെദ്യൂരപ്പ

കാസർഗോഡ്: മംഗളൂരു അതിർത്തി തുറക്കില്ലെന്ന നിലപാടിൽ ഉറച്ച് കർണാടക മുഖ്യമന്ത്രി ബി.എസ്.യെദ്യൂരപ്പ. കാസർഗോഡ് സ്ഥിതി ഗൗരവതരമെന്നും രോഗികളെ മംഗളൂരുവിലേക്ക് പ്രവേശിപ്പിക്കാൻ ബുദ്ധിമുട്ടുണ്ടെന്നും യെദ്യൂരപ്പ വ്യക്തമാക്കി. സ്ഥിതി ഗുരുതരമായതിനാൽ അതിർത്തി തുറക്കുന്നത് കർണാടകയിലെ ജനങ്ങളുടെ സുരക്ഷയ്ക്ക് ഭീഷണിയാണ്. കൂട്ടത്തിൽ രോഗികൾ ഉണ്ടോ എന്ന് തിരിച്ചറിയാൻ കഴിയില്ലെന്നും അതിർത്തി അടച്ചത് മുൻകരുതലിന്റെ ഭാഗമായിട്ടാണെന്നും കേരളവുമായുള്ള നല്ല ബന്ധത്തെ ഇത് ബാധിക്കില്ലെന്നും യെദ്യൂരപ്പ പറഞ്ഞു. ജെഡിഎസ് ദേശീയ അധ്യക്ഷൻ എച്ച്. ഡി. ദേവഗൗഡയ്ക്ക് അയച്ച മറുപടിക്കത്തിലാണ് മുഖ്യമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.

കാസർഗോഡ് അതിർത്തി തുറന്ന് കൊടുക്കണമെന്നാവശ്യപ്പെട്ട് ദേവഗൗഡ യെദ്യൂരപ്പയ്ക്ക് കത്തയച്ചിരുന്നു. വിഷയത്തിൽ ഇടപെട്ട് അതിർത്തി പാതകൾ അടിയന്തരമായി തുറക്കണമെന്നാവശ്യപ്പെട്ട് നേരത്തെ രണ്ട് തവണ മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രിക്ക് കത്തയച്ചിരുന്നു. എന്നാൽ പാത തുറക്കാൻ കർണാടക തയാറായിരുന്നില്ല.

ചികിത്സ കിട്ടാതെ കാസർഗോട്ട് ഇന്നലെ രണ്ട് മരണം

സ്വന്തം ലേഖകൻ

കാസർഗോഡ്: കർണാടകയുടെ അതിർത്തി അടച്ചുള്ള പിടിവാശി തുടരുന്നതിനിടെ ചികിത്സ കിട്ടാതെ ഇന്നലെ രണ്ട് മരണം. ഇതോടെ വിദഗ്ദ്ധ ചികിൽസ കിട്ടാതെയുള്ള മരണം ഒൻപതായി. തുമിനാട് സ്വദേശി യൂസഫ് (55), ഹൊസങ്കടി സ്വദേശി രുദ്രപ്പ (51) എന്നിവരാണ് ഇന്നലെ മരിച്ചത്. യൂസഫിനെ നെഞ്ച് വേദനയെതുടർന്ന് ഉപ്പളയിലെ ക്ലിനിക്കിൽ എത്തിച്ചെങ്കിലും വിദഗ്ദ്ധ ചികിത്സക്കായി മറ്റ് ആശുപത്രിയിലേക്ക് കൊണ്ടുപോകാനായിരുന്നു നിർദേശം. കൊണ്ടുപോകുന്നതിനിടെ ആയിരുന്നു മരണം. ഹൃദ്രോഗ ബാധിതനായി കഴിഞ്ഞ കുറേ കാലമായി ചികിത്സയിലുമായിരുന്നു ഹൊസങ്കടിയിലെ രുദ്രപ്പ. കർണാടക അതിർത്തി ഗ്രാമത്തിലാണ് രുദ്രപ്പയുടെ വീട്. ഇവിടെനിന്ന് എട്ടുകിലോമീറ്റർ മാത്രം അകലെയായിരുന്നു അദ്ദേഹം ചികിത്സ തേടിയിരുന്ന ആശുപത്രി. എന്നാൽ അതിർത്തി അടച്ചതോടെ ചികിത്സ തുടരാൻ സാധിച്ചില്ല. ഇന്നലെ രോഗം മൂർച്ഛിച്ചതോടെ മംഗളൂരുവിലേക്ക് പോയെങ്കിലും അതിർത്തി കടത്തിവിട്ടില്ല. തുടർന്ന് തിരിച്ച് ഉപ്പളയിലെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. കർണാടക അതിർത്തി അടച്ചതിനെത്തുടർന്ന് കാസർഗോഡ് ചികിത്സ ലഭിക്കാതെ മരിച്ചവരുടെ എണ്ണം ഒൻപതായി ഉയർന്നു. അതേസമയം കേരള-കർണാടക അതിർത്തിയായ തലപ്പാടി ചെക്ക് പോസ്റ്റ് തുറക്കാനാകില്ലെന്ന് കർണാടക മുഖ്യമന്ത്രി ബി എസ് യെഡിയൂരപ്പ ആവർത്തിച്ചു. കർണാടകം അതിർത്തി അടച്ചതുമായി ബന്ധപ്പെട്ട കേസ് നാളെ സുപ്രീംകോടതി പരിഗണിക്കും.

പച്ചക്കറിക്ക്യഷി : സംശയ നിവാരണത്തിന് ഹരിത കേരളം മിഷൻ ഫെയ്സ്ബുക്ക് ലൈവ്

തിരുവനന്തപുരം: വീട്ടിൽ മൈക്രോ ഗ്രീൻ കൃഷി, പച്ചക്കറി കൃഷി തുടങ്ങിയവ ചെയ്യുന്നവർക്ക് സംശയനിവാരണത്തിനായി ഹരിത കേരളം മിഷൻ ഫെയ്സ്ബുക്ക് ലൈവ് സംഘടിപ്പിക്കുന്നു. ഇന്ന് വൈകിട്ട് നാല് മണി മുതൽ അഞ്ചു മണി വരെയാണ് ലൈവ്. മൈക്രോ ഗ്രീൻ കൃഷി, പച്ചക്കറി കൃഷി എന്നിവയുമായി ബന്ധപ്പെട്ട് വിത്ത് തയ്യാറാക്കൽ, കൃഷി ചെയ്യേണ്ട വിധം, വളപ്രയോഗം തുടങ്ങി എല്ലാ കാര്യങ്ങൾക്കും വിശദമായ സംശയനിവാരണം ഹരിത കേരളം മിഷനിലെ കാർഷിക വിദഗ്ധർ നൽകും.

facebook.com/harithakeralamission പേജ് സന്ദർശിച്ച് ലൈവ് കാണാവുന്നതാണ്.

facebook.com/harithakeralamission പേജ് സന്ദർശിച്ച് ലൈവ് കാണാവുന്നതാണ്. കൊറോണ ക്കാലത്ത് വീടുകളിൽ പച്ചക്കറിക്ക്യഷി ചെയ്യണമെന്ന മുഖ്യമന്ത്രിയുടെ ആഹ്വാനത്തെ തുടർന്ന് ഇതിനായുള്ള കർമ്മപരിപാടികൾ മറ്റ് വകുപ്പുകൾക്കൊപ്പം ഹരിത കേരളം മിഷനും ആവിഷ്കരിച്ചിരുന്നു. വിവിധ ജില്ലകളിൽ ഇതിനുള്ള മത്സരവും സംഘടിപ്പിച്ചിട്ടുണ്ട്. ഇവയ്ക്ക് നല്ല പ്രതികരണമാണ് ലഭിച്ചുവരുന്നത്. ഇതുമായി ബന്ധപ്പെട്ട് കൃഷി ചെയ്യുന്നവരിൽനിന്നും സംശയനിവാരണത്തിനായുള്ള നിരവധി ഫോൺകോളുകൾ ലഭിക്കുന്നുണ്ട്. ഇതേത്തുടർന്നാണ് ലൈവ് സംഘടിപ്പിക്കാൻ തീരുമാനിച്ചതെന്ന് ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി. എൻ. സീമ അറിയിച്ചു.

റോം കത്തുമ്പോൾ സംഗീതമോ?

അക്ഷരജാലകം

എം.കെ. ഹരികുമാർ
9995312097
Email : mkharikumar797@gmail.com

കൊറോണക്കാലം സാഹിത്യരചനയ്ക്ക് പറ്റിയതല്ലെന്ന് ആദ്യമേ തന്നെ പറയട്ടെ. അടുത്ത ചില എഴുത്തുകാരും വായനക്കാരും അത് സ്നേഹസംഭാഷണങ്ങൾക്കിടയിൽ ചോദിക്കുന്നത് സ്വാഭാവികമാണ്. എന്നാൽ അവരെ സത്യാവസ്ഥ ബോധ്യപ്പെടുത്താതിരിക്കുന്നത് വഞ്ചനയാണ്. അതുകൊണ്ടാണ് ഇത് എഴുതുന്നത്. നോവൽ എഴുതുന്നില്ലേ? കവിത കാണുന്നില്ലല്ലോ? കഥയെഴുത്ത് നിർത്തിയോ എന്നിങ്ങനെയാണ് ചോദ്യങ്ങൾ.

പതിവുള്ള കോളങ്ങൾ മാത്രമേ ഇപ്പോൾ എഴുതാൻ പറ്റുന്നുള്ളു; അത് പ്രൊഫഷന്റെ ഭാഗമായി ചെയ്യുന്നതാണ്. ഡോക്ടർമാരുടെ പ്രാക്റ്റീസ് പോലെ. മറ്റ് ക്രിയേറ്റീവ് ജോലികളൊന്നും ചെയ്യാനുള്ള ഏകാന്തത ഇപ്പോഴില്ല. കാരണം മനസ് ആധിയിൽ നിന്ന് വിമുക്തമായാലേ എന്തെങ്കിലും ചെയ്യാനൊക്കൂ. നമ്മൾ സമൂഹത്തിൽ നിന്ന് മാറി ഏകാന്തവാസം നയിക്കുകയല്ലല്ലോ. ഭൗതികമായി ഒരു മുറിയുണ്ടെങ്കിലും അത് എനിക്കു മാത്രമായി പ്രവർത്തിക്കുന്നില്ല. വിർജിനിയ വുൾഫ് വനിത എന്ന നിലയിലുള്ള തന്റെ സാഹിത്യപ്രവർത്തനങ്ങൾക്ക് ഈ ലോകത്ത് സ്വന്തമായി ഒരു മുറി ഇല്ലെന്ന് പറഞ്ഞല്ലോ. ആ അർഥത്തിലല്ല ഞാൻ പറയുന്നത്. എന്റെ മുറി വേറെയാണ്. അത് പ്രവർത്തിക്കണമെങ്കിൽ ഞാൻ മാത്രം വിചാരിച്ചാൽ പോരാ. എന്റെ വീടു മാത്രമല്ല, എന്റെ ചുറ്റുപാടും ചേർന്നതാണ് എന്റെ ശരീരം. സ്നേഹമുള്ളവർ കഷ്ടപ്പെടുമ്പോൾ നമ്മൾ എങ്ങനെയാണ് സുഖം തേടുന്നത്.

കൊറോണ ഈ ലോകത്തിന്റെ മനസ്സിലേക്ക് തീ കോരിയിട്ടിരിക്കയാണ്. ഓരോരുത്തരും അങ്കലാപ്പിലാണ്. നല്ല ബാങ്ക് ബാലൻസുള്ളവർക്ക് സൂപ്പർ മാർക്കറ്റ് തുറന്നോ എന്ന് നോക്കിയാൽ മതി. എന്നാൽ പലർക്കും ഇപ്പോൾ തൊഴിലില്ല. നേരത്തേ തന്നെ നഷ്ടത്തിൽ പൊയ്ക്കൊണ്ടിരുന്ന കടകൾ അടച്ചിട്ടതോടെ ദൈനംദിന ജീവിതം പോലും വിഷമത്തിലായിരിക്കയാണ്. പലർക്കും മരുന്നു വാങ്ങാൻ പോലും പണമില്ല. എന്നാൽ ഇതിന് ആരെയും കുറ്റപ്പെടുത്താനാവില്ല. ഇറങ്ങിനടന്നാൽ കൊറോണ പിടിക്കും. അതേസമയം മനുഷ്യന്റെ ഈ അവസ്ഥ ദുസഹമാൺ. എന്നുവരെ ഇത് തുടരുമെന്ന് പറയാനാവില്ല. രോഗഭീതി മറ്റൊരു മാനസികാവസ്ഥയിലേക്ക് തള്ളിവിട്ടിരിക്കയാണ്. വിഷാദം സാവധാനം പിടിമുറുക്കും. ഇതൊക്കെ എനിക്കു കാണാനാവുന്നുണ്ട്. ലോകമെമ്പാടും ആയിരക്കണക്കിനാളുകൾ മരിച്ചുവീഴുകയും നമ്മൾ അതിൽ നിന്ന് രക്ഷപ്പെടുമെന്ന് ഒരു ഉറപ്പും ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ നമുക്ക് ഒരു മുറിയിലിരുന്ന് സാഹിത്യമെഴുതാൻ കഴിയുമോ? നമ്മെ സൃഷ്ടിച്ചിരിക്കുന്നത് കല്ലു കൊണ്ടല്ലല്ലോ. വൈകാരികമായ അനുഭവങ്ങൾ, സംവേദനങ്ങൾ നമ്മെ ചിലപ്പോൾ ഔപചാരികമായിപ്പോലും പെരുമാറാൻ അശക്തനാക്കും. യുഎസിൽ ഒരാഴ്ച കഴിഞ്ഞാൽ ഒരു ലക്ഷത്തിനു മുകളിൽ ആളുകൾ കൊറോണ മൂലം മരിക്കുമെന്ന് പ്രസിഡന്റ് യാതൊരു സങ്കോചവുമില്ലാതെ പറയുകയാണ്. എന്റെ വളരെ അടുത്ത സുഹൃത്തുക്കൾ യുഎസ്സിലുണ്ട്. ഞാൻ എങ്ങനെയാണ് ഈ സമയത്ത് സർഗാത്മക സാഹിത്യമെഴുതുന്നത്? ഇതൊക്കെ മനസ്സിനെ ബാധിക്കാതിരിക്കുമോ?

രോഗത്തിന്റെ ആഗോളവത്കരണമാണ് ഈ കാലയളവിൽ നമ്മൾ അഭിമുഖീകരിക്കുന്നത്. കൊറോണ ഭീതിയാണ്, മരണമാണ്, അപസ്മാരമാണ് കൊണ്ടുവരുന്നത്. കൊറോണക്കാലത്ത് കിട്ടുന്ന സമയം സാഹിത്യരചനയ്ക്ക് നീക്കിവയ്ക്കുമെന്ന് പറയുന്ന എഴുത്തുകാരോട് എന്താണ് പറയാനുള്ളതെന്ന് ഒരു സുഹൃത്ത് ചോദിച്ചതുകൊണ്ട് പറയുകയാണ്, നീറോ ചക്രവർത്തിയാകരുത് ! ചിലർ ഇത് നല്ല അവസരമായി കാണുന്നുണ്ടാകാം. ഈ മാനസികാവസ്ഥ എങ്ങനെ കിട്ടുന്നു ? മറ്റുള്ളവരെക്കുറിച്ചോ, ലോകത്തെക്കുറിച്ചോ ഒരു ചിന്തയുമില്ലാതെ, ആരോടും ഒരു ബന്ധവുമില്ലാതെ സ്വന്തം പ്രശസ്തിയിലും പണത്തിലും മാത്രം ശ്രദ്ധിക്കുന്നവർക്ക് ഇതൊക്കെ കഴിയും. ഇന്ന് പല 'ജനപ്രിയ' എഴുത്തുകാരും ജീവിക്കാത്ത ജീവിതത്തെക്കുറിച്ച് കൃത്രിമമായി എഴുതുകയാണ്. ചില പ്രസാധകന്മാർ ഇവരുമായി ചങ്ങാത്തമുള്ളവരാണ്. അങ്ങേയറ്റം കൃത്രിമമായി എഴുതാനാണ് ഇക്കൂട്ടരുടെ വാസന .

അനുഭവിച്ചു എന്ന് തെളിയിക്കുന്ന ഒരു വാചകം പോലുമില്ലാത്ത കൃതികൾ പ്രസിദ്ധീകരിക്കാൻ പ്രസാധകന്മാർ തയാറാവുന്നു. വെറുതെ ആൻഡ്രോയിഡ് കുഞ്ഞപ്പനായിട്ടു കാര്യമില്ല.

റോമാ നഗരം

റോമാ നഗരം കത്തിയെരിഞ്ഞപ്പോൾ നീറോ ചക്രവർത്തി വീണ വായിക്കുകയായിരുന്നു എന്നൊരു ചൊല്ല് നൂറ്റാണ്ടുകളായി പ്രചരിക്കുന്നുണ്ട്. എഡി 64 ൽ ഭരിച്ച നീറോ റോമിലെ അവസാനത്തെ ചക്രവർത്തിയായിരുന്നു. കുപ്രസിദ്ധമായ ഭരണത്തിനൊടുവിൽ അദ്ദേഹം രാജ്യം വിടുകയും തുടർന്ന് ആത്മഹത്യ ചെയ്യുകയുമായിരുന്നു. എഡി 64 ൽ റോമിൽ ആറ് ദിവസം തുടർച്ചയായി വൻ തീപിടിത്തമുണ്ടായി. എന്നാൽ തീയണയ്ക്കാൻ നീറോ ഒന്നും ചെയ്തതില്ല. മുപ്പത്തഞ്ച് മൈൽ അകലെ ആന്റിയം എന്ന തന്റെ വില്ലയിൽ നീറോ സുരക്ഷിതനായി സമാധാനത്തോടെയിരുന്ന് വീണ വായിക്കുകയായിരുന്നത്രേ. അദ്ദേഹത്തെ തീ അസ്വസ്ഥമാക്കിയില്ല. അദ്ദേഹം കലാസ്വാദകനായതു കൊണ്ട് തീ ഒരു ശല്യമായില്ല! വീണ വായിച്ചു എന്നത് ആലങ്കാരികമായി പറഞ്ഞതാകാം. പക്ഷേ, അതിൽ അയാളെപ്പറ്റി സമൂഹത്തിനുണ്ടായിരുന്ന കാഴ്ചപ്പാട് വ്യക്തമാണ്. ഇതിനു സാധൂകരണം നൽകുന്ന ഒരു വസ്തുത, തീപിടിച്ച് നശിച്ച സ്ഥലം നീറോ ചക്രവർത്തി സ്വന്തമാക്കുകയും അവിടെ തന്റെ പുതിയ കൊട്ടാരം പണിയുകയും ചെയ്തു എന്നതാണ്. നീറോ തന്നെയാണ് തീയിട്ടതെന്ന് സംശയിക്കാനും ഇത് ഇടവരുത്തി.

ഇതുപോലെയുള്ള നീറോ ചക്രവർത്തിയാകാൻ എഴുത്തുകാർ ശ്രമിക്കരുത്. കൊറോണക്കാലം നമ്മുടെ രോഗങ്ങളിലേക്ക് തിരിച്ചു പോകാനുള്ളതല്ല. ഇത് ഒരു ആപത്ക്കാലമാണ്. അതിജീവിക്കുമെന്ന് ഉറപ്പില്ലാത്ത ഒരു കാലത്തിന്റെ ദീനസ്വരങ്ങളാണ് ഇന്ന് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഇതിനിടയിൽ ഒരാൾ താൻ ഗംഗാ നദീതടത്തിന്റെ പശ്ചാത്തലത്തിൽ ഒരു നോവലെഴുതുകയാണെന്നും പ്രസാധകർ കാത്തിരുന്നു ക്ഷമ കെട്ടെന്നും കൊറോണ അതിനു പറ്റിയ കാലമാണെന്നും പ്രഖ്യാപിച്ചാൽ അതിലെ ഹൃദയശൂന്യത ആർക്കും ബോധ്യപ്പെടാനാവും. സെൻസിറ്റിവിറ്റി നഷ്ടപ്പെട്ടാൽ എഴുത്തുകാർ ഇതിലപ്പുറവും ചെയ്യും.

ഒരാൾ കൊറോണ, ഹേ കൊറോണ എന്നു പാടിക്കൊണ്ടു കാട്ടിലൂടെ നടക്കുന്നതിന്റെ വീഡിയോ ടിവിയിൽ കണ്ടു. ഇത് സമ്പൂർണ ഓർക്കസ്ട്രയോടു കൂടി ചിത്രീകരിച്ചിരിക്കുകയാണ്. ഇവർ ചിന്തിക്കുന്നത് കൊറോണ ബാധിച്ച് ഐസൊലേഷൻ വാർഡിൽ കിടക്കുന്നവരുടെ ബന്ധുക്കൾ ഈ പാട്ടിനൊപ്പിച്ച് ചുവടുകൾ വയ്ക്കണമെന്നായിരിക്കും. അതായത്, മഹത്തായ സഹജീവി സ്നേഹത്തിൽ നിന്നും അപാരമായ പരഹൃദയ ജ്ഞാനത്തിൽ നിന്നും പിറക്കേണ്ട കല തന്നെ ചിലരുടെ കൈയിൽ വൈകാരിക ശൂന്യതയുടെയും ക്രൂരതയുടെയും ഉപകരണമായിത്തീരുന്നു.

'വേമ്പനാട്ടു കായലിന്നു ചാഞ്ചാട്ടം' എന്ന് സിനിമയിൽ പാടുന്നതു പോലെ സന്തോഷം തരുന്നതാണോ കൊറോണ? അല്പം തിരിച്ചറിവു നാം കാണിക്കണം. നമുക്ക് ക്രൂരമായ അധിനിവേശവും വെട്ടിപ്പിടിത്തവും തുടരാൻ ഇനിയും ധാരാളം അവസരമുണ്ടല്ലോ. തങ്ങളുടെ സ്നേഹശൂന്യത ഒരാഭരണമായി അണിഞ്ഞ് സമൂഹമധ്യത്തിലേക്ക് വന്ന് കോമാളിത്തം കാണിക്കാതിരിക്കൂ എന്നാണ് അവരോടു പറയാനുള്ളത്. ജനപ്രിയ നോവലുകൾ എഴുതി തള്ളാൻ സമയം എന്ന ഘടകം മാത്രം മതി. കൃത്രിമമായി വികാരം കുത്തിനിറയ്ക്കാമല്ലാ. എന്നാൽ മികച്ച കൃതികളെഴുതാൻ, ഹാൻ റുൾഫോയുടെ 'പെഡ്രോ പരാമോ' പോലെ, കൂടുതൽ ഏകാന്തതയും സത്യസന്ധതയും വേണം. സ്വയം തപിക്കണം. അത് മൂന്നാറിലേക്ക് ടൂർ പോകുന്ന പോലെയല്ല.

ഒരിക്കൽ സുകുമാർ അഴീക്കോട് പറഞ്ഞു, 'എഴുത്തുകാരനു ഭൗതികമായ സുരക്ഷിതത്വം വേണം; എന്നാൽ അവൻ ഒരിക്കലും ആത്മീയമായി സുരക്ഷിതനാവരുത്. അങ്ങനെ വന്നാൽ അതവന്റെ രചനയിൽ നിന്ന് സഹൃദയത്വവും മാനുഷികതയും നഷ്ടപ്പെടുന്നതിനു ഇടയാക്കും.'

ചില എഴുത്തുകാർ കൊറോണക്കാലം സാഹിത്യരചനകൾക്കായി മാറ്റി വച്ചിരിക്കുകയാണെന്ന് അറിയിച്ചപ്പോൾ ശരിക്കും കുഴഞ്ഞുപോയി. ധാരാളം പുസ്തകങ്ങളിലൂടെ റോയൽറ്റി വകയായി നല്ല തുക സ സമ്പാദിക്കുന്നതിനും അടിക്കടി വലിയ തുകയുടെ അവാർഡു കിട്ടുന്നതിനും നെറ്റ്വർക്ക് ഉള്ള എഴുത്തുകാർ ഈ കാലത്ത് ഒരു വിഹിതം പാവപ്പെട്ടവർക്ക് കൊടുക്കണം.

ദാനം ചെയ്താൽ പാപം തീരുമെന്നാണ് ഭാരതീയ തത്ത്വശാസ്ത്രം പറയുന്നത്. നമ്മുടെ പാപപങ്കിലമായ അസ്തിത്വത്തെ ചികിത്സിക്കാനുള്ള ഉത്തമ ഔഷധമാണ് ദാനം. ദാനം ധർമം തന്നെയാണ്.

ഫേസ്ബുക്കിൽ വന്ന് വൈറലാകുന്നത് ധർമമല്ല; അത് ചിലപ്പോൾ അധർമമാണ്. രാഷ്ട്രീയ പാർട്ടികളുടെ പ്രിയപ്പെട്ടവരാകാനുള്ള ഒരു ഉപകരണമാണ് ഫെയ്സ്ബുക്ക്.

വാക്കുകൾ

മതങ്ങൾ പലതുണ്ട്. എന്നാൽ ഇതിനെല്ലാം ഒരു കാരണമേയുള്ളു. അതുകൊണ്ട് നമ്മൾ എല്ലാം സഹോദരങ്ങളാണ്.

- എ.ജെ. ക്രോനിൻ,
സ്കോട്ടിഷ് ഫിസിഷ്യൻ, എഴുത്തുകാരൻ.

ഒരു ദോഷൈകദൃക്ക് കാറ്റിനെക്കുറിച്ച് പരാതി പറയും; ഒരു ശുഭാപ്തി വിശ്വാസക്കാരൻ അത് മാറുമെന്ന് പ്രതീക്ഷിക്കും; ഒരു സാധാരണക്കാരൻ അതിനൊപ്പിച്ച് തോണിയുടെ സഞ്ചാരം ക്രമീകരിക്കും.

- വില്യം ആർതർ വാർഡ്,
അമെരിക്കൻ എഴുത്തുകാരൻ.

വൈദ്യം എന്റെ നിയമപ്രകാരമുള്ള ഭാര്യയും സാഹിത്യം രഹസ്യഭാര്യയുമാണ്. ഒരാളുടെയടുത്ത് മടുക്കുമ്പോൾ ഞാൻ ഉറങ്ങാനായി മറ്റേയാളുടെ അടുത്തേക്ക് പോകും.

- ആന്റൺ ചെക്കോവ്,
റഷ്യൻ കഥാകൃത്ത്.

ഞാൻ നിലനിൽക്കുന്നില്ലെന്ന് പറയാം. എന്നാൽ എന്നെ പ്രതിബിംബിപ്പിക്കുന്ന ആയിരക്കണക്കിനു കണ്ണാടികളുണ്ട്. ഞാൻ ഇടപെടുമ്പോഴെല്ലാം എന്റെ പ്രതിബിംബങ്ങളുടെ സംഖ്യ ഉയരുകയാണ്. അവർ എവിടെയോ ജീവിക്കുകയാകാം, അവർ പെരുകുകയാകാം. ഞാൻ മാത്രമായി നിലനിൽക്കുന്നില്ല.

- വ്ളാഡിമിർ നബോക്കോവ്,
റഷ്യൻ- അമേരിക്കൻ എഴുത്തുകാരൻ.

ഒരു വിമർശന്റെ വീക്ഷണത്തിൽ എഴുത്തുകാരൻ നിലനിൽക്കുന്നില്ല; കുറെ ടെക്സ്റ്റുകൾ മാത്രമാണുള്ളത്.

- ഇറ്റാലോ കാൽവിനോ,
ഇറ്റാലിയൻ നോവലിസ്റ്റ്.

കാലമുദ്രകൾ

മാധവിക്കുട്ടി.

വളരെപ്പേർ ആവേശത്തോടെ വായിച്ച, സത്യമാണെന്ന് കരുതിയ മാധവിക്കുട്ടിയുടെ ആത്മകഥയായ 'എന്റെ കഥ'യിലെ പല വിവരങ്ങളും കള്ളമാണെന്ന് അവർ തന്നെ പറഞ്ഞതോടെ, അവരെ വിശ്വസിച്ച വായനക്കാർ വിഡ്ഢികളാക്കപ്പെട്ടു.

സി.വി. ശ്രീരാമൻ.

ഒരു പഞ്ചായത്തു പ്രസിഡന്റായിരിക്കെ തന്നെ സി.വി. ശ്രീരാമൻ മികച്ച കഥകൾ എഴുതി. ബംഗാൾ പശ്ചാത്തലമായി അദ്ദേഹം എഴുതിയ വാസ്തുഹാര, ക്ഷുരസ്യധാര എന്നീ കഥകൾ ഹൃദ്യമാണ്.

അയ്യപ്പപ്പണിക്കർ.

ബുദ്ധിപരമായി വളരെ പ്രായക്കൂടുതലുള്ള ഒരു യുവാവായിരുന്നു അയ്യപ്പപ്പണിക്കർ.
അദ്ദേഹത്തിന്റെ കവിതകൾ കലയുടെ യുവത്വത്തിന്റെ കണ്ണിലൂടെയുള്ള നോട്ടമാണ്.

കരമന ജനാർദ്ദനൻ നായർ.

'എലിപ്പത്തായം' എന്ന ചിത്രത്തിലെ പ്രകടനത്തിലൂടെ കരമന സിനിമാഭിനയത്തിൽ പുതിയൊരു കാൽപ്പാടു പതിപ്പിച്ചു.

കടമ്മനിട്ട വാസുദേവൻ പിള്ള.

കാടകത്തെക്കുറിച്ചും നാടകത്തെക്കുറിച്ചും കാവുതീണ്ടലിനെക്കുറിച്ചും അഗാധമായ അറിവുകളുള്ള പടയണി കലാകാരൻ കടമ്മനിട്ട വാസുദേവൻ പിള്ളയെ ചിലർ വല്ലാതെ തമസ്കരിച്ചു എന്നു പറയട്ടെ.

യൂ ട്യൂബിൽ / നൊസ്റ്റാൾജിയ

കഴിഞ്ഞ ദിവസങ്ങളിൽ യൂ ട്യൂബിൽ ഞാൻ കണ്ട ശ്രദ്ധേയമായ ചില വീഡിയോ തുണ്ടുകളുടെ വിവരങ്ങൾ ചുവടെ: പഴയകാലത്തിന്റെ പറയാൻ വിതുമ്പുന്ന ഓർമകളായി ഇത് എന്നെ ആവേശിച്ചു. അസ്തിത്വം ഭൂതകാലത്തിന്റെ ദുരൂഹമായ ഒരായിരം പത്തികളായി ഉയർന്ന് ജീവിതത്തെ സന്ദിഗ്ദ്ധമാക്കുകയാണ്:

1) 'അനുഭവങ്ങൾ പാളിച്ചകൾ' എന്ന സിനിമയിൽ സത്യൻ, നസീർ എന്നിവർ ചേർന്നഭിനയിച്ച ഒരു രംഗം. രണ്ടു പേരും കൂടി ഒരു കള്ളുഷാപ്പിൽ കയറി മദ്യപിക്കുകയാണ്.
2) 'താമസമെന്തേ വരുവാൻ' എന്ന പാട്ട് യേശുദാസ് പതിറ്റാണ്ടുകൾക്ക് മുമ്പ് ഒരു ഗാനമേളയിൽ പാടുന്നത്.
3) ദേവരാജൻ സംഗീതസംവിധാനം ചെയ്ത 'വരിക ഗന്ധർവ ഗായകാ' എന്ന നാടകഗാനം അദ്ദേഹത്തിന്റെ സ്വന്തം ശബ്ദത്തിൽ.
4) സംഗീതസംവിധായകൻ ബാബുരാജ് അദ്ദേഹത്തിന്റെ പ്രശസ്തമായ സുറുമയെഴുതിയ മിഴികളേ, താനേ തിരിഞ്ഞും മറിഞ്ഞും, പ്രാണസഖി എന്നീ ഗാനങ്ങൾ സ്വന്തം ശബ്ദത്തിൽ പാടുന്നു.
5) ദേവരാജനെക്കുറിച്ചുള്ള ഓർമകൾ പുനരുജ്ജീവിപ്പിച്ചു കൊണ്ട് ഒ.എൻ.വി ചെയ്ത പ്രസംഗം. വേദിയിൽ മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതനാന്ദൻ.
6) 'കല്പാന്തകാലത്തോളം കാതരേ' എന്ന പാട്ട് അത് ചിട്ടപ്പെടുത്തിയ വിദ്യാധരൻ തന്നെ പാടുന്നു.
7) എസ്എസ്എൽസി പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർഥികളെ അനുമോദിക്കാൻ ചേർന്ന ചടങ്ങിൽ എം.എൻ. വിജയൻ ചെയ്ത പ്രസംഗം.
8) ദക്ഷിണാമൂർത്തിയെ ആദരിക്കുന്ന ചടങ്ങിൽ ഗായകൻ പി. ജയചന്ദ്രന്റെ പ്രസംഗം.
9) തകഴി ശിവശങ്കരപ്പിള്ള സ്വന്തം ഗ്രാമത്തെക്കുറിച്ചും വീടു പണിതതിനെക്കുറിച്ചും വിവരിക്കുന്നു.
10) കെ.എസ്. ജോർജ് വികാരതീവ്രതയോടെ 'മാരിവില്ലിൻ തേന്മലരേ' എന്ന ഗാനം ആലപിക്കുന്നു.

ആനുകാലികം

യാഥാസ്ഥിതിക അക്കാദമിക് പക്ഷപാതിയും അരസികനുമാണ് പ്രസന്നരാജൻ എന്ന് തെളിയിക്കുന്ന ലേഖനമാണ്, അദ്ദേഹം എഴുതിയ 'എസ്. ഗുപ്തൻ നായരും സമകാലിക വിമർശകരും' (ഗ്രന്ഥാലോകം).

എൺപതുകൾ മുതൽ മലയാള വിമർശനത്തിൽ കേൾക്കുന്ന നവീനവും ബൗദ്ധികവും സൗന്ദര്യാത്മകവുമായ ചർച്ചകളിൽ പുറംതള്ളിയതെല്ലാം പ്രസന്നരാജൻ ചവറ്റുകുട്ടയിൽ നിന്ന് തിരിച്ചെടുത്തു കൊണ്ടുവന്നിരിക്കുന്നു. അദ്ദേഹം പറയുന്നത് ഒരു വിമർശകൻ തന്റെ സമകാലികമായ കൃതികളെക്കുറിച്ച് എഴുതിയാലേ അർഥപൂർണമാകൂ എന്നാണ്. എസ്. ഗുപ്തൻ നായർ അദ്ദേഹത്തിന്റെ കാലഘട്ടത്തിലെയും തനിക്ക് ശേഷമുള്ള തലമുറയിലെയും എഴുത്തുകാരെ വേണ്ടവണ്ണം തിരിച്ചറിഞ്ഞില്ല എന്ന് പ്രസന്നരാജൻ ആരോപിക്കുന്നു. അത് അദ്ദേഹത്തിന്റെ പരിമിതിയാണെന്നും വ്യാഖ്യാനിക്കുന്നു. മറ്റൊരു വാദം ഇതാണ്: 'എഴുതിത്തുടങ്ങുന്ന പുതു എഴുത്തുകാരെ മനസ്സിലാക്കി പുതിയ കാലഘട്ടത്തിലെ സാഹിത്യഭാവുകത്വം വിശദീകരിക്കേണ്ട ചുമതല സാഹിത്യവിമർശകനുണ്ട്. അത് വിമർശനകലയുടെ പ്രധാന ധർമമാണ്.'

ഈ രണ്ടു നിലപാടുകളും ശുദ്ധ ഭോഷ്കാണെന്ന് അറിയിക്കട്ടെ. വിമർശകനു തന്റെ സമകാലിക കൃതികളെ ഉദ്ധരിക്കേണ്ട ചുമതലയില്ല. വലിയ വിമർശകരൊന്നും അങ്ങനെയായിരുന്നില്ല. ഇരുപതാം നൂറ്റാണ്ടിലെ വലിയ വിമർശകനായ ഹാരോൾഡ് ബ്ലൂം ഷേക്സ്പിയറെക്കുറിച്ചാണ് കൂടുതലും എഴുതിയത്. പഴയ കൃതികൾ പുനർവായന നടത്തുക എന്ന ഒരു കാര്യമുണ്ട്. ചിലർ അതിൽ സ്പെഷലൈസ് ചെയ്യും. അരിസ്റ്റോട്ടിലിനെക്കുറിച്ച് ഇപ്പോഴും എഴുതുന്നവരുണ്ട്. ഇബ്സനെക്കുറിച്ച് മാത്രം എഴുതുന്നവരുണ്ട്. ഹെമിംഗ്വേയെക്കുറിച്ച് മാത്രം അഞ്ച് കൃതികൾ എഴുതുന്നവരുണ്ട്. വിമർശകനാണ് സ്വന്തം എഴുത്ത് തിരഞ്ഞെടുക്കുന്നത്; മറ്റാരുമല്ല.

സമകാലിക കൃതികളെക്കുറിച്ച് എഴുതുന്നതിൽ പരിമിതിയുണ്ട്. കാരണം അത് പല വായനകൾക്ക് വിധേയമാകേണ്ടതാണ്, കഴമ്പുള്ളതാണെങ്കിൽ. കാഫ്കയുടെ മരണശേഷമല്ലേ കാഫ്ക പഠനങ്ങൾ ഉണ്ടായത് ? കുമാരനാശാന്റെ ജീവിതകാലത്ത് ആ കവിതകൾ വേണ്ടപോലെ വിലയിരുത്തപ്പെട്ടില്ല. മുണ്ടശ്ശേരിയും മാരാരും എത്ര സമകാലിക കൃതികൾ പഠിച്ചു ?

ഇപ്പോൾ വാരികകളിൽ വന്നുകൊണ്ടിരിക്കുന്ന കഥകളോ, പ്രസാധകന്മാർ തുന്നിക്കൂട്ടി ഇറക്കുന്ന പുസ്തകങ്ങളോ വായിച്ച് അതിനെക്കുറിച്ച് ദീർഘമായി എഴുതാൻ പ്രസന്നരാജനെപ്പോലുള്ളവർ മതിയാകും. 'ആരാച്ചാർ ' എന്ന നോവലിനെക്കുറിച്ച് ഒരു മാസികയിൽ പത്തു പുറങ്ങൾ എഴുതിത്തള്ളിയ തത്ത്വദീക്ഷയില്ലാത്ത, വകതിരിവില്ലാത്ത വിമർശകനാണ് പ്രസന്നരാജൻ എന്നു പറയാൻ ആഗ്രഹിക്കുന്നു. മഹത്തായ കൃതികൾക്കു പിറകിലുള്ള സൃഷ്ടിരഹസ്യം എന്താണെന്ന് തിരിച്ചറിഞ്ഞാലേ സാധാരണ കൃതികളുടെ നിലവാരം വ്യക്തമാവുകയുള്ളു. ഒരു നല്ല കൃതിക്കു പിന്നിൽ സവിശേഷമായ ഒരാന്തരികതയുടെ മനോഭാവം ഉണ്ടാകും. ദസ്തയെവ്സ്കിയുടെ 'നോട്സ് ഫ്രം അണ്ടർഗ്രൗണ്ട്' എന്ന നോവൽ വായിച്ചു നോക്കണം.

മഹാനായ എം.പി. ശങ്കുണ്ണി നായർ ബഷീറിനെക്കുറിച്ചോ, കാരൂരിനെക്കുറിച്ചോ, പൊൻകുന്നം വർക്കിയെക്കുറിച്ചോ എഴുതിയില്ല; അദ്ദേഹം കാളിദാസനിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. 'ഛത്രവും ചാമരവും' എന്ന കൃതി അതാണ്. എല്ലാവരും സമകാലിക കൃതികളെക്കുറിച്ച് മാത്രം എഴുതിക്കൊണ്ടിരുന്നാൽ വിമർശനം തന്നെ ഇല്ലാതാവും. ഇപ്പോൾ അവാർഡുകൊണ്ട് മൂടപ്പെടുന്ന ഒരു കൃതിയും ശേഷിക്കില്ല. കാരണം അവയ്ക്ക് പിറകിൽ സത്യസന്ധമായ ജീവിതമില്ല. ലോകത്തുള്ള സകല ഫെസ്റ്റിവലുകളും ഏറ്റുപിടിച്ച് നടത്തിക്കൊടുക്കാൻ ഓടി നടക്കുന്നവർക്ക് ഏകാന്തതയുണ്ടോ? ധ്യാനമുണ്ടോ? ജീവിതത്തോട് സത്യസന്ധതയുണ്ടോ?

ടി. പത്മനാഭൻ

കൊറോണ വൈറസ് മൂലം കഷ്ടപ്പെടുന്ന ആളുകളെ സഹായിക്കാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒരു ലക്ഷം രൂപ സംഭാവന ചെയ്യാൻ കഥാകാരൻ ടി. പത്മനാഭൻ തയാറായി. അദ്ദേഹം വലിയ സമ്പന്നനായതുകൊണ്ടല്ല ഇതു ചെയ്തത്. തന്റെ കഥകൾ വ്യാജമല്ലെന്നും താൻ അതിൽ ജീവിച്ചിട്ടുണ്ടെന്നും ഭംഗിയായി ഇതിലൂടെ വ്യക്തമാക്കുകയാണ് അദ്ദേഹം. പത്മനാഭൻ സാഹിത്യകാരന്മാരുടെ കൂട്ടത്തിൽ വ്യത്യസ്തനാണ്. റോമാനഗരം കത്തുമ്പോൾ വീണ വായിക്കാൻ പത്മനാഭനെ കിട്ടില്ല .

കഥ

ടി.പി. വേണുഗോപാലൻ എഴുതിയ 'തുന്നൽക്കാരൻ' (മാതൃഭൂമി) എന്ന കഥ നല്ലൊരു വായനാനുഭവം തന്നു. കഥാകാരന്റെ ആത്മാർഥതയാണ് എന്നെ ആകർഷിച്ചത്. സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് തുന്നൽക്കാരനായി ഒതുങ്ങേണ്ടി വന്ന ഒരു യുവാവിന്റെ ജീവിതമാണ് വിഷയം. അയാളോടൊപ്പം പത്താം ക്ലാസിൽ പഠിച്ച കുട്ടികൾ വർഷങ്ങൾക്ക് ശേഷം ഒത്തുകൂടുകയാണ്. അതിനായി അവർ ഒരു വാട്സ്ആപ്പ് ഗ്രൂപ്പ് ആരംഭിക്കുന്നു. അതിലേക്ക് തുന്നൽക്കാരനെ ക്ഷണിച്ചിരിക്കയാണ്. തെയ്യം കലാകാരനായിരുന്ന അയാൾക്ക് ഇപ്പോൾ തയ്യൽ മാത്രമേയുള്ളു. നേരിട്ടു കണ്ടാൽ മിണ്ടാത്തവരും ഫോൺ വിളിച്ചാൽ എടുക്കാത്തവരും എല്ലാം ഇപ്പോൾ ആ ഗ്രൂപ്പിലുണ്ട്. തുന്നൽക്കാരൻ ഗ്രൂപ്പിൽ ചെന്നതോടെ അവരെല്ലാം സ്മൈലി കൊണ്ടും സ്റ്റിക്കർ കൊണ്ടും അയാളെ പൊതിയുകയാണ്. ഒരു നാടകസമിതിക്കു വേണ്ടി വേഷങ്ങൾ തയ്ക്കാനുള്ളതുകൊണ്ട് തനിക്ക് ചിലപ്പോഴേ പൂർവവിദ്യാർഥി സംഗമത്തിൽ പങ്കെടുക്കാൻ കഴിയുകയുള്ളുവെന്ന് അറിയിച്ചതോടെ അഡ്മിൻ അയാളെ പുറത്താക്കുകയാണ്.

സൂക്ഷ്മമായ വികാര വിനിമയത്തിലൂടെ അനുവാചകനെ സന്തോഷിപ്പിക്കുന്ന കഥയാണിത്. ഈ കഥ പൂർവകാലത്തിന്റെ വിവിധ പഥങ്ങളിലേക്ക് എന്നെ കൂട്ടിക്കൊണ്ടുപോയി. സൗഹൃദങ്ങളുടെ ചന്തയിൽ വിലയില്ലാതായിപ്പോകുന്ന തുന്നൽക്കാർ നമുക്കു ചുറ്റിനുമുണ്ട്.

കവിത

ഒന്നാം വർഷ ബിഎഡ് വിദ്യാർഥിയായ അനുരാഗ് ഇ.കെ. എഴുതിയ 'മരിച്ചവരുടെ താഴ്വര' (മാതൃഭൂമി) അഗാധമായ മൗനങ്ങളെ ഉണർത്തുന്ന കവിതയാണ്:

'ഞാൻ ചോദ്യം ചോദിച്ചതിനു
ആൾക്കൂട്ടം തല്ലിച്ചതച്ച
കവിതയാണ്.
എന്റെ അക്ഷരങ്ങളുടെ
അടിനാഭിയിൽ
അവർ തൊഴിക്കുകയും
വാക്കുകൾക്ക് തീവയ്ക്കുകയും
ചെയ്തതിനാൽ
ഈ മരണമൊഴിയോടെ
ഞാനും കുഴിമാടത്തിലേക്ക്
പിന്മാറുന്നു.'

കുട്ടികൾക്ക് വക്രതയില്ല. അവർ കവിതയെ മുൻകൂട്ടി സങ്കല്പിച്ച് വഴിതെറ്റിക്കുന്നില്ല.

സലിം ചേനം എഴുതിയ 'നാടകം ഗ്രീൻറൂമിലാണ് തീരുക' എന്ന കവിത (കൈരളിയുടെ കാക്ക) ശൈലീപരമായ നവീനത കൊണ്ട് ശ്രദ്ധയാകർഷിക്കുകയാൺ. നാടകത്തെയും കഥാപാത്രങ്ങളെയും ഉപയോഗിച്ചുകൊണ്ട് ജീവിത സന്ദർഭങ്ങളെ ഇഴപിരിക്കുകയാണ് കവി:

'ഞാൻ സ്ക്രിപ്റ്റിലില്ലാത്ത
ഡയലോഗ്
അവളുടെ ചെവിയിൽ
പറയുന്നു .
നാടകം തീരുമ്പോൾ
ഗ്രീൻമുറിയിൽ നിന്നവർ
ആരോടും പറയാതെ
കാഴ്ചക്കാരില്ലാത്ത
ജീവിതത്തിലേക്ക്
ഇറങ്ങി നടന്നു .
ജീവിതം എന്ന റിഹേഴ്സലിൽ
പരാജയപ്പെട്ട നിങ്ങൾക്കു വേണ്ടി
ഞാനും അവളും!
ഇപ്പോഴും അഭിനയം
തുടരുകയാണ്."

പോരാളിയായ എം.എൻ.

പാവപ്പെട്ടവരുടെ ജീവിത ഉന്നമനത്തിനു വേണ്ടി കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ പ്രവർത്തിച്ച എം.എൻ. ഗോവിന്ദൻ നായരും ദേവകിപ്പണിക്കരും ഇന്നത്തെ തലമുറയ്ക്ക് അജ്ഞാതമായ വിധം രാഷ്ട്രീയ പ്രവർത്തന പാരമ്പര്യത്തിൽ ഒറ്റപ്പെട്ടു നിൽക്കുകയാണ്. ദേവകിപ്പണിക്കരുടെ നിര്യാണത്തിന്റെ പശ്ചാത്തലത്തിൽ ബൈജു ചന്ദ്രൻ എഴുതിയ 'ദേവകിപ്പണിക്കരുടെ കഥ, എമ്മെന്റെയും' എന്ന ലേഖനം (ദൽഹി സ്കെച്ചസ്, ഡൽഹിയിലെ മലയാള മാധ്യമപ്രവർത്തകരുടെ മാസിക) സമീപഭൂതകാലത്തിലെ കേരളരാഷ്ട്രീയത്തിലെ എം.എൻ. ഭാവുകത്വം വിശദമാക്കി തരുന്നു. എം.എന്നും ദേവകിയും ബുദ്ധിപരമായ തലങ്ങളിൽ രാഷ്ട്രീയമായി ഐക്യം പ്രാപിച്ചവരാണ്. ഇലക്ഷൻ തോറ്റ എം.എൻ. സാമ്പത്തികമായി വിഷമത്തിലായി. പ്രഭാഷകയും ചിന്തകയുമായ ദേവകിയാകട്ടെ അധികാര രാഷ്ട്രീയത്തിനോട് അകലം പാലിക്കുകയും ചെയ്തു.

കാഫ്കയെക്കുറിച്ച്

ഫ്രാൻസ് കാഫ്കയുടെ 'മെറ്റാമോർഫോസിസ്' (രൂപാന്തരം) എന്ന കഥ കഴിഞ്ഞ നൂറ്റാണ്ടിൽ ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. ഒരു ദിവസം ഉറക്കമുണർന്ന യുവാവ് താനൊരു ഷഡ്പദമായി മാറിയിരിക്കുന്നതായി മനസ്സിലാക്കുന്നു. ഒരു മനുഷ്യമനസ്സുമായി ആ ഷഡ്പദം നീങ്ങുകയാണ്. ഇതിനെപ്പറ്റി ഡോ.എം.എ. സിദ്ദിഖ് നടത്തിയ വായന (കാഫ്കയിലുണ്ട് മനുഷ്യരുടെ വംശനാശം, മാതൃഭൂമി) അതിസാമർഥ്യവും അതിവായനയും പ്രകടമാക്കുകയാണ്. കാഫ്കയുടെ കഥ സൗന്ദര്യാത്മക തലത്തിൽ അനുഭവിക്കാൻ ലേഖകൻ ശ്രമിക്കുന്നില്ല. പകരം ഷഡ്പദം എങ്ങനെ സംഭവിച്ചു എന്ന് യുക്തിപരമായി കണ്ടെത്താൻ തുനിയുന്നു. തികച്ചും സാഹിത്യവിരുദ്ധമായ നടപടിയാണിത്. മനഷ്യവംശത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ട് ഷഡ്പദത്തിലേക്ക് കാഫ്ക കൂടുമാറിയതായി ലേഖകൻ വാദിക്കുന്നു. കാഫ്ക എങ്ങനെയാണ് ജീവശാസ്ത്രപരമായി മറ്റൊരു അസ്തിത്വം നേടുന്നത്? കഥയിൽ ഗ്രിഗർ സാംസയാണ് ഷഡ്പദമായത്.

സിദ്ദിഖ് കാടുകയറുകയാണ്. ഒരു സാഹിത്യവിമർശന ലേഖനത്തിനു താങ്ങാവുന്നതിലേറെ ഗവേഷണ വിവരങ്ങൾ ഇതിൽ കുത്തിത്തിരുകിയിരിക്കയാണ്. യാതൊരു അനുഭൂതിയും തരാത്ത, സൗന്ദര്യരഹിതമായ വരണ്ട ലേഖനമാണിത്. കല കൈവശമില്ലാത്ത എല്ലാ ഗദ്യകാരന്മാരും ഈ ചതിക്കുഴിയിൽ തന്നെ വീഴും. മഹാഭാരതം വ്യാഖ്യാനിക്കാനുള്ള ആത്മീയശക്തി ഇല്ലാത്ത സുനിൽ പി. ഇളയിടം, കെ.സി. നാരായണൻ തുടങ്ങിയവരും ഇതേ പാതയിൽ തന്നെ.

വാസ്തവത്തിൽ കാഫ്കയുടെ കഥ ജീവശാസ്ത്രമല്ല. ഒരു വ്യക്തിപരമായ അനുഭവത്തിന്റെ ആന്തരിക പ്രത്യക്ഷതയാണ്. കാഫ്ക ഒരു സസ്യഭുക്കായിരുന്നു. വീട്ടിൽ മറ്റെല്ലാവരും മാംസാഹാരം ശീലിച്ചവരാണ്. പിതാവിനു കാഫ്കയോടുണ്ടായിരുന്ന അകൽച്ച ഇതിനെ കുടുതൽ വഷളാക്കി.കാഫ് ക സ്വന്തം മുറിയിൽ പാചകം തുടങ്ങി.അതിനു ശേഷം കാണുന്നത് വീട്ടിലെ മറ്റംഗങ്ങൾ കാഫ്കയെ പാടെ അവഗണിക്കുന്നതാണ്. ഈ ഒറ്റപ്പെടലാണ് കഥയുടെ തന്തു. അദ്ദേഹം ആന്തരികതയിൽ നിഷേധാത്മകമായ വിധം മറ്റൊന്നാകുന്നു. ഈ അനുഭവത്തെ ഒരു ഉയർന്ന കലാകാരൻ ഇങ്ങനെയല്ലേ ആവിഷ്കരിക്കേണ്ടത്. ?

വായനയ്ക്ക്

സമയം കിട്ടുന്ന മുറയ്ക്ക് വായിക്കാൻ ഏതാനും പുസ്തകങ്ങളുടെ വിവരം ചുവടെ:
1) രാജൻ കാക്കനാടന്റെ ഹിമവാന്റെ മുകൾത്തട്ടിൽ, അമർനാഥ് ഗുഹയിലേക്ക്. (പൂർണ)
2) വാൻഗോഗിന്റെ കത്തുകൾ. പരിഭാഷ: എൻ.മൂസക്കുട്ടി. (ലിപി)
3) ദസ്തയെവ്സ്കിയുടെ സർഗസപര്യ. എ. ജയകുമാർ. (ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)
4) ശ്രീരാമകൃഷ്ണ സന്യാസിമാർ കേരളത്തിൽ. രാജീവ് ഇരിങ്ങാലക്കുട (മാതൃഭൂമി)
5) ഒരു സുന്ദരിയുടെ ആത്മകഥ. പി. കേശവദേവ്. (പൂർണ)

ദർശനം

1) അഗ്നി.
അഗ്നി വിശുദ്ധമാണ്, അതിൽ ഒരു തിന്മയും ശേഷിക്കുന്നില്ല.

2) ആകാശം.
മനസ്സിനുള്ളിലാണ് അകാശം. നാം വെറുതെ മേഘങ്ങളായി ചുറ്റിത്തിരിയുന്നു.

3) ശരീരം.
ശരീരമാണ് ആകെയുള്ള ഐഡന്റിറ്റി. അതാകട്ടെ ലാബ് ടെക്നീഷ്യന്മാരുടെ വിധി തീർപ്പിനു കാത്തു നിൽക്കുകയാണ്.

4) സ്നേഹം.
പകർച്ചവ്യാധികളുടെ കാലത്ത് ഫേസ്ബുക്കാണ് സത്യം. തൊട്ടു നോക്കാതെ, അകന്നിരുന്ന് എത്ര പേരെ വേണമെങ്കിലും സ്നേഹിക്കാം.

5) സൗരയൂഥം
നമ്മൾ ഒരു സൗരയൂഥത്തിന്റെ കേന്ദ്രമാണ്. ചുറ്റിനുമുള്ളത് നമ്മുടെ പ്രജ്ഞകൊണ്ട് ചലിക്കുന്ന അജ്ഞാത ലോകങ്ങൾ.

CLASSIFIEDS

Largest collection of Wedding Cards & Printing
VALAVI & CO.
Near Market Bridge, Broadway, Ernakulam Ph:2353765, 2374985
Shop 119, 2nd Floor, Attukal Shopping Complex East Fort, Trivandrum Ph: 0471 2571105
Kalliath Royal Square, 1st Floor, Palace Road Trichur-20 Ph:0487 2322182

സാമ്പത്തികം
ധനകാര്യ സ്ഥാപനങ്ങളിൽ പണയം നൽകിയ സ്വർണ്ണം, പ്രോപ്പർട്ടി മുതലായവ തിരിച്ചെടുക്കുന്നതിനും പുതുക്കി വെയ്ക്കുന്നതിനും മാറ്റി വെയ്ക്കുന്നതിനും ബന്ധപ്പെടുക.
Kmass Agency
9895057618

Pest Control
ചിതൽ നിയന്ത്രണം കെട്ടിടം പണിക്ക് മുൻപും പിൻപും, പാറ്റ, ഉറുമ്പ്, ചെള്ള്, ഫംഗസ്, മൂട്ട, തേനീച്ച, കടന്നൽ എല്ലാ കീടങ്ങളുടെയും നിയന്ത്രണത്തിന്
9496565984

FOR SALE
ബിൽഡിങ് മെറ്റീരിയൽസ്
ഗ്രാനൈറ്റ് സ്ലാബുകൾ Sqft 65 രൂപയ്ക്ക് കേരളത്തിൽ എവിടെയും എത്തിച്ചു കൊടുക്കുന്നു.
9562355991, 8553187507

സാരസ്വതാരിഷ്ടം
സാരസ്വതാമൃത രസായനം ഓർമ്മശക്തി വർദ്ധിപ്പിക്കുന്നു കുട്ടികളിലെ പഠന വൈകല്യങ്ങൾ മാറുന്നു.
പ്രായത്തിന് അനുസരിച്ച് തടിയിലും തൂക്കത്തിലും വ്യത്യാസം വരുത്തി ശരീരം അഴകുള്ള താക്കി മാറ്റുന്നു.
എസ്.എൻ ആയുർവേദ ഔഷധശാല ഉല്പന്നം
Ph- 6282228687

ഈ പേജിൽ പരസ്യം ചെയ്യാൻ ബന്ധപ്പെടുക.
9387590005
8589003187
9020531400
9048854547

ശമ്പളം വെട്ടിക്കുറയ്ക്കാൻ തയാറായി ഇംഗ്ലീഷ് താരങ്ങൾ

ലണ്ടൻ: കൊറോണ വ്യാപനത്തിനെത്തുടർന്ന് ക്രിക്കറ്റ് മുടങ്ങുകയും വരുമാനം നിലയ്ക്കുകയും ചെയ്ത അവസരത്തിൽ അടുത്ത മൂന്ന് മാസത്തേക്ക് തങ്ങളുടെ വേതനം കുറയ്ക്കുവാനുള്ള ബോർഡിന്റെ ആവശ്യം അംഗീകരിച്ച് ഇംഗ്ലണ്ട് താരങ്ങളും. ബോർഡിന്റെ ആവശ്യം ഇംഗ്ലണ്ടിന്റെ കേന്ദ്ര കരാറുള്ള വനിത-പുരുഷ താരങ്ങളാണ് അംഗീകരിച്ചിട്ടുള്ളത്.

കേന്ദ്ര കരാറുള്ള പുരുഷന്മാർ ഇംഗ്ലണ്ട് ബോർഡിന് ഏകദേശം 5 ലക്ഷം ബ്രിട്ടീഷ് പൗണ്ട് വേതനം കുറയ്ക്കുന്നത് വഴി നൽകുമെന്നാണ് അറിയുന്നത്. ഇത് ഏകദേശം 20% വരെ തങ്ങളുടെ പഴയ വേതനത്തിൽ നിന്ന് വിട്ട് നൽകുന്നതിന് തുല്യമാണ്. വനിത താരങ്ങളും കോച്ചുമാരും സപ്പോർട്ട് സ്റ്റാഫുമെല്ലാം വേതനം വെട്ടിക്കുറയ്ക്കുവാൻ സമ്മതിച്ചിട്ടുണ്ട്. ഇംഗ്ലണ്ടിൽ ആറു മാസത്തെ ലോക്ഡൗൺ പ്രഖ്യാപിച്ചതോടെ ക്രിക്കറ്റ് അടക്കമുള്ള എല്ലാ കളികളുടെയും നടത്തിപ്പ് അനിശ്ചിതത്വത്തിലായി.

അപ്പോൾ വീരുവിനെ അടുത്തുതന്നെയിരുത്തി: സച്ചിൻ

ന്യൂഡൽഹി· 2011ലെ ഏകദിന ലോകകപ്പ് ഫൈനൽ പോരാട്ടത്തിന്റെ സമയത്ത് തന്റെ അടുത്തുണ്ടായിരുന്ന വിരേന്ദർ സെവാഗിനോട് ഒരു കാരണവശാലും എഴുന്നേറ്റു പോകരുതെന്ന് പറഞ്ഞിരുന്നതായി സച്ചിൻ ടെൻഡുൽക്കർ. ഫൈനലിൽ പുറത്തായ ശേഷം ഞാൻ തിരികെ ഡ്രസിങ് റൂമിൽ എത്തി കസേരയിൽ ഇരിക്കുമ്പോൾ സെവാഗാണ് എന്റെ അടുത്ത സീറ്റിൽ ഉണ്ടായിരുന്നത്. ക്വാർട്ടർ ഫൈനലിൽ ഓസ്ട്രേലിയയ്ക്കെതിരായ ഇന്നിങ്സിനു ശേഷം തിരികെയെത്തുമ്പോഴും എന്റെ അടുത്ത് സെവാഗായിരുന്നു. അന്ന് ഇരുന്നിടത്തുനിന്ന് അനങ്ങാതെയാണ് ഞങ്ങൾ മത്സരം കണ്ട് പൂർത്തിയാക്കിയത്. മത്സരം വിജയിക്കുയും ചെയ്തു. അതുകൊണ്ട് ഇത്തവണയും അവിടെത്തന്നെ ഇരിക്കാൻ ഞാൻ സെവാഗിനോട് ആവശ്യപ്പെട്ടു' - സച്ചിൻ പറഞ്ഞു.

അതേസമയം, തനിക്ക് ബാൽക്കണിയിൽ പോയിരുന്ന് കളി കാണണമെന്ന് ആഗ്രഹമുണ്ടായിരുന്നെങ്കിലും സച്ചിൻ സമ്മതിച്ചില്ലെന്ന് സെവാഗ് ചൂണ്ടിക്കാട്ടി. ഇത് സച്ചിൻ ശരിവച്ചു. 'ക്വാർട്ടർ ഫൈനലിൽ ഇരിക്കുന്ന സീറ്റിൽനിന്ന് മാറാതെ കളികണ്ടത് സഹായിച്ചിരുന്നുവെന്നാണ് എന്റെ വിശ്വാസം. അതുകൊണ്ടാണ് ഫൈനലിലും ഇരിക്കുന്നിടത്തുനിന്ന് അനങ്ങരുതെന്ന് ഞാൻ ആവശ്യപ്പെട്ടത്. മാത്രമല്ല, എന്റെ ബാഗിലുണ്ടായിരുന്ന എല്ലാ ദൈവങ്ങളുടെയും ചിത്രങ്ങൾവച്ച് പ്രാർഥിക്കുകയും ചെയ്തു' - സച്ചിൻ പറഞ്ഞു.

'ഇടയ്ക്ക് ബാത്റൂമിൽ പോകണമെന്ന് എനിക്ക് അതിയായ ശങ്ക തോന്നി. ഇക്കാര്യം സച്ചിനോടു പറഞ്ഞെങ്കിലും അവിടെത്തന്നെ ഇരിക്കാനാണ് അദ്ദേഹം ആവശ്യപ്പെട്ടത്. കളി കഴിഞ്ഞ് എന്തു വേണേൽ ചെയ്തോളാനും പറഞ്ഞു. ഒടുവിൽ ഡ്രിങ്ക്സിന്റെ സമയത്താണ് ഞാൻ ബാത്റൂമിൽ പോയത്' - സെവാഗ് പറഞ്ഞു.

അതേസമയം, യുവരാജ് സിങ്ങിനു മുൻപേ അഞ്ചാമനായി ഇറങ്ങാൻ മഹേന്ദ്രസിങ് ധോണിക്കു മുന്നിൽ നിർദ്ദേശം വച്ചത് സച്ചിൻ ടെൻഡുൽക്കർ. സച്ചിൻ തന്നെയാണ് ഈ വെളിപ്പെടുത്തൽ നടത്തിയത്. മൂന്നാമനായി കോഹ്‌ലി പുറത്താകുമ്പോൾ ക്രീസിൽ ഉണ്ടായിരുന്നത് ഇടങ്കയ്യൻ ഓപ്പണർ ഗൗതം ഗംഭീറായിരുന്നു. ഈ സാഹചര്യത്തിൽ ഇടംകൈ-വലംകൈ കൂട്ടുകെട്ടു തുടരുന്നതിനാണ് ഇടംകയ്യനായ യുവരാജിനു പകരം വലംകയ്യനായ ധോണിയോട് ആദ്യം ഇറങ്ങാൻ താൻ ആവശ്യപ്പെട്ടതെന്നും സച്ചിൻ പറഞ്ഞു. മുത്തയ്യ മുരളീധരൻ ഉൾപ്പെടെ മികച്ച രണ്ടു സ്പിന്നർമാരുമായി കളംപിടിക്കാനുള്ള ശ്രീലങ്കയുടെ ശ്രമത്തെ ചെറുക്കാൻ ഇടംകൈ-വലംകൈ കൂട്ടുകെട്ട് നിർണായകമായെന്നും സച്ചിൻ അഭിപ്രായപ്പെട്ടു. ആ ടൂർണമെന്റിൽ ഏറ്റവും നന്നായി കളിച്ച യുവിയെ ആറാമനായാണ് ഇറക്കിയത്. എന്നാൽ, ധോണിയെ അഞ്ചാമനാക്കി ഇറക്കിയ നീക്കം ഫലം ചെയ്തു. ഗംഭിറിനൊപ്പം മിന്നും പ്രകടനത്തോടെ ധോണി തിളങ്ങി. ലോകകിരീടം ഇന്ത്യക്കും ലഭിച്ചു.

അതേസമയം, മുത്തയ്യ മുരളീധരനെതിരെ കൂടുതൽ നന്നായി കളിക്കാൻ തനിക്കാകുമെന്ന് ചൂണ്ടിക്കാട്ടി പരിശീലകൻ ഗാരി കിർസ്റ്റന്റെ അനുമതിയോടെ ധോണി ബാറ്റിങ് ഓർഡറിൽ സ്വയം പ്രമോട്ട് ചെയ്യുകയായിരുന്നുവെന്നാണ് ഇതേക്കുറിച്ച് അന്ന് ടീമിൽ അംഗമായിരുന്ന സുരേഷ് റെയ്ന വെളിപ്പെടുത്തിയത്. ഇതിനു പിന്നാലെയാണ് ഇക്കാര്യം ആദ്യം നിർദ്ദേശിച്ചത് താനാണെന്ന സച്ചിന്റെ വെളിപ്പെടുത്തൽ. വീരേന്ദർ സെവാഗുമൊത്ത് ഒരു അഭിമുഖത്തിൽ സംസാരിക്കുകയായിരുന്നു സച്ചിൻ. 2011 ലോകകിരീടത്തിന്റെ ഓർമകളാണ് ഇരുവരും പങ്കുവച്ചത്.

'ഈ സമയം കളത്തിൽ വിരാടും ഗംഭീറുമൊത്തുള്ള കൂട്ടുകെട്ട് മികച്ച രീതിയിൽ മുന്നേറുകയായിരുന്നു. എതിരാളികളെ പിന്നിലാക്കാൻ മികച്ചൊരു കൂട്ടുകെട്ട് നമുക്ക് ആവശ്യമായിരുന്നു. ഈ സമയത്ത് ഞാൻ വീരുവിനോടു പറഞ്ഞു. ഇപ്പോൾ ഒരു ഇടംകയ്യനാണ് (ഗംഭീർ) ആദ്യം പുറത്താകുന്നതെങ്കിൽ മറ്റൊരു ഇടംകയ്യൻ (യുവരാജ് സിങ്) വേണം കളത്തിലിറങ്ങാൻ. മറിച്ച് വലംകയ്യനാണ് (കോഹ്‌ലി) പുറത്താകുന്നതെങ്കിൽ മറ്റൊരു വലംകയ്യൻ (ധോണി) ഇറങ്ങണം. ഈ സമയം അഞ്ചാം നമ്പറിൽ ഇറങ്ങാൻ യുവരാജ് തയാറായി ഇരിക്കുകയായിരുന്നു. പക്ഷേ എന്റെ അടുത്തിരുന്ന വീരുവിനോട് ഞാൻ പറഞ്ഞു: ആദ്യം വിരാട് പുറത്തായാൽ യുവരാജ് ഇറങ്ങരുത്. ഈ സമയത്ത് ഇടംകൈ-വലംകൈ കൂട്ടുകെട്ട് നിർണായകമാണ്.

യുവരാജ് മികച്ച ഫോമിലായിരുന്നു എന്നത് സത്യമാണ്. പക്ഷേ, മികച്ച രണ്ട് ഓഫ് സ്പിന്നർമാരുമായി കളിക്കുന്ന ശ്രീലങ്കയ്ക്കെതിരെ തന്ത്രപരമായൊരു മാറ്റം മികച്ചതാകുമെന്ന് എനിക്കു തോന്നി' - സച്ചിൻ പറഞ്ഞു.

ഗൗതം വളരെ മികച്ച രീതിയിലാണ് അന്ന് ബാറ്റ് ചെയ്തത്. അതുകൊണ്ടുതന്നെ ധോണിയേപ്പോലെ സ്ട്രൈക്ക് റൊട്ടേറ്റു ചെയ്യുന്ന ഒരാളാണ് കൂട്ടിനെങ്കിൽ അത് വളരെയധികം സഹായകമാകും. അതുകൊണ്ട് ഞാൻ വീരുവിനോടു പറഞ്ഞു. ഈ ഓവർ കഴിയുമ്പോൾ ബാൽക്കണിയിൽ പോയി ധോണിയോട് ഇക്കാര്യം പറയുക. ഞാൻ എന്തായാലും ഇവിടെത്തന്നെ ഇരിക്കാം' - സച്ചിൻ പറഞ്ഞു. സച്ചിൻ ഇക്കാര്യം പറഞ്ഞു പൂർത്തിയാക്കും മുൻപു കാണുന്നത് ധോണി ബാൽക്കണിയിൽനിന്ന് ഡ്രസിങ് റൂമിലേക്ക് നടക്കുന്നതാണെന്ന് സേവാഗ് പറഞ്ഞു. ഞങ്ങൾ ധോണിയെ അടുത്തേക്കു വിളിച്ചു. തന്റെ മുന്നിൽവച്ചാണ് ഇക്കാര്യം സച്ചിൻ ധോണിയോടു പറഞ്ഞതെന്നും സെവാഗ് വിശദീകരിച്ചു.

ബെൽജിയം ഫുട്ബോൾ അസോസിയേഷൻ പെട്ടു

ബ്രസൽസ്: കൊറോണ കാരണം സീസൺ ഇനിയും ബാക്കി നിൽക്കെ ബെൽജിയൻ ഫുട്ബോൾ അസോസിയേഷൻ രാജ്യത്തെ ലീഗ് അവസാനിപ്പിച്ച തീരുമാനം മാറ്റിയേക്കും. ഇതിനെതിരെ യുവേഫ രംഗത്ത് വന്ന സാഹചര്യത്തിൽ ആണ് ബെൽജിയൻ എഫ് എ പ്രതിരോധത്തിൽ ആയത്. യുവേഫ ഒരു തീരുമാനം എടുക്കും മുമ്പെ സീസൺ അവസാനിപ്പിച്ച ബെൽജിയത്തിന്റെ രീതി ശരിയായില്ല എന്ന് യുവേഫ അറിയിച്ചിരുന്നു.

രണ്ട് ദിവസം മുമ്പ് ബെൽജിയൻ ലീഗ് അവസാനിപ്പിക്കുകയും ഒന്നാമത് ഉണ്ടായിരുന്ന ക്ലബ് ബ്രുഷെയെ ചാമ്പ്യന്മാരായി പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. ഈ നടപടി അപക്വമാണ് എന്നായിരുന്നു യുവേഫ പറഞ്ഞത്. ബെൽജിയൻ ക്ലബുകളെ അടുത്ത സീസണിൽ ചാമ്പ്യൻസ് ലീഗിനോ യൂറോപ്പ ലീഗിനോ പരിഗണിക്കുകയില്ല എന്നും യുവേഫ വക്താക്കൾ പറഞ്ഞിരുന്നു.

ഇതോടെ യുവേഫയുമായി ചർച്ച നടത്താൻ തയ്യാറായിരിക്കുകയാണ് ബെൽജിയൻ എഫ് എ. യുവേഫയുമായി ചർച്ച നടത്തി ഈ തീരുമാനം നിലനിർത്തുകയോ അല്ലായെങ്കിൽ യുവേഫ ആവശ്യപ്പെടുന്നത് പോലെ ലീഗ് പുനരാരംഭിക്കുയോ ചെയ്യുക ആയിരിക്കും ബെൽജിയൻ ഫുട്ബോൾ അധികൃതകർക്ക് മുന്നിലുള്ള പോംവഴി.

ബെലാറസ് ലീഗുമായി മുന്നോട്ട്

മിൻസ്ക്(ബെലാറസ്): കൊവിഡ് 19 മഹാമാരിക്കിടയിലും രാജ്യത്തെ ഫുട്ബോൾ ലീഗുമായി മുന്നോട്ടുപോകുമെന്ന് ബെലാറസ്. കൊവിഡ് 19ന്റെ പശ്ചാത്തലത്തിൽ ലീഗ് നിർത്തിവെക്കേണ്ട യാതൊരു സാഹചര്യവുമില്ലെന്ന് ബെലാറസ് ഫുട്ബോൾ അസോസിയേഷൻ ജനറൽ സെക്രട്ടറി സെർജി സാർദെറ്റ്സ്കി പറഞ്ഞു. കൊവിഡ് 19 മഹാമാരിയെത്തുടർന്ന് ലോകമെമ്പാടും കായിക മത്സരങ്ങളെല്ലാം നിർത്തിവെച്ചിരിക്കെയാണ് വ്യത്യസ്ത നിലപാടുമായി ബെലാറസ് രംഗത്തുവന്നിരിക്കുന്നത്. നിലവിൽ രാജ്യത്തെ സാഹചര്യങ്ങളിൽ ആശങ്കപ്പെടേണ്ട ഒന്നുമില്ലെന്നും കാണികളെ പ്രവേശിപ്പിച്ചുകൊണ്ടുതന്നെ മത്സരങ്ങൾ നടത്തുമെന്നും സാർദെറ്റ്സ്കി വ്യക്തമാക്കി.

സ്റ്റേഡിയത്തിലേക്ക് പ്രവേശിപ്പിക്കുന്ന കാണികൾക്ക് പനിയുണ്ടോ എന്ന് പരിശോധിച്ച ശേഷമെ പ്രവേശനം അനുവദിക്കൂവെന്നും നിലവിലെ സാഹചര്യത്തിൽ ലീഗ് മത്സരങ്ങൾ നിർത്തിവെക്കേണ്ട യാതൊരു സാഹചര്യവുമില്ലെന്നും സാർദെറ്റ്സ്കി പറഞ്ഞുകൊവിഡ് 19 രോഗം ബാധിച്ച് ബെലാറസിൽ ഇതുവരെ നാലു പേരാണ് മരിച്ചത്.

351 പേർക്ക് രോഗം ബാധിച്ചിട്ടുണ്ട്. എന്നാൽ കായികമത്സരങ്ങളൊന്നും റദ്ദാക്കാൻ സർക്കാർ തയാറായിട്ടില്ല. കൊവിഡ് വൈറസ് ബാധയെ പേടിക്കേണ്ടെന്നും രോഗം പടരാതിരിക്കാൻ ജനങ്ങൾ വോഡ്ക കഴിക്കുകയും ഇടക്കിടെ കൈ കഴുകുകയും ചെയ്താൽ മതിയെന്നാണ് ബെലാറസ് പ്രസിഡന്റ് അലക്സാണ്ടർ ലൂക്കാഷെൻകോയുടെ നിലപാട്. ഗ്രാമങ്ങളിലെ ജനങ്ങൾ ട്രാക്ടറിൽ പാടത്ത് പണിയെടുക്കുകയാണ്.

ആരും കൊറോണയെക്കുറിച്ച് പറയുന്നില്ല. ട്രാക്ടറും പാടങ്ങളും എല്ലാ മഹാമാരിയെയും ശമിപ്പിക്കുമെന്നും ലൂക്കാഷെങ്കോ പറഞ്ഞു.മധ്യേഷ്യൻ രാജ്യമായ തജക്കിസ്ഥാനും ലീഗ് മത്സരങ്ങൾ മുൻനിശ്ചയപ്രകാരം ആരംഭിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ബെലാറസിന് പുറമെ നിക്കാരഗ്വേ, ബുറുണ്ടി തുടങ്ങിയ രാജ്യങ്ങളും ലീഗ് മത്സരങ്ങളുമായി മുന്നോട്ട് പോകുകയാണ്.

ചാംപ്യൻസ് ലീഗ് റദ്ദാക്കിയേക്കും

യുവേഫ പ്രസിഡന്റ് അലക്സാണ്ടർ കഫറിൻ.

ലണ്ടൻ: കൊറോണ കാരണം കായിക ലോകം നിശ്ചലമായ പശ്ചാത്തലത്തിൽ ചുരുങ്ങിയത് ആറു മാസത്തേക്കെങ്കിലും ഈ അവസ്ഥ തുടരേണ്ടിവരുമെന്ന് റിപ്പോർട്ട്. ഇതോടെ മാറ്റിവച്ച പല മത്സരങ്ങളും ഉപേക്ഷിക്കേണ്ടിവരും. മത്സരങ്ങൾ ഒക്കെ മാറ്റിവെക്കേണ്ടി വന്ന അവസ്ഥയാണ് ഫുട്ബോളിൽ ആകെ. ഈ സീസണിൽ യുവേഫ നടത്താനിരുന്ന എല്ലാ ഫൈനലുകളും ഇപ്പോൾ അനിശ്ചിത കാലത്തേക്ക് മാറ്റിയിരിക്കുകയാണ്. യുവേഫ ഇപ്പോൾ ഒരു ഡെഡ് ലൈൻ പ്രഖ്യാപിച്ചിരിക്കുകയാണ്. ഓഗസ്റ്റ് മൂന്നിനു മുമ്പ് ചാമ്പ്യൻസ് ലീഗ് പൂർത്തിയാക്കാൻ കഴിയില്ല എങ്കിൽ ഈ സീസൺ ചാമ്പ്യൻസ് ലീഗ് ഉപേക്ഷിക്കും എന്നാണ് യുവേഫ പറയുന്നത്. ഇതോടെ ചംപ്യൻസ് ലീഗിലെ ബാക്കി മത്സരങ്ങൾ ഇത്തവണയുണ്ടാകില്ലെന്ന സൂചനയാണ് ലഭിക്കുന്നത്.

ഓഗസ്റ്റും കഴിഞ്ഞ പിന്നെ ഈ സീസൺ തുടരുന്നത് അടുത്ത സീസണെ കൂടെ താളം തെറ്റിക്കും എന്നാണ് യുവേഫ പറയുന്നത്. പുരുഷ ചാമ്പ്യൻസ് ലീഗ്, വനിതാ ചാമ്പ്യൻസ്ലീഗ്, യൂറോപ്പ ലീഗ് എന്നിവയ്ക്ക് എല്ലാം ഈ വിധി ബാധകമാണ്. മേയ് മാസം കൊണ്ട് സാധാരണ ഗതിയിൽ യുവേഫയുടെ എല്ലാ ഫൈനലുകളും പൂർത്തിയാക്കേണ്ടതാണ്. എന്നാൽ കൊറോണ സാഹചര്യം വഷളാക്കുകയായിരുന്നു.

നടക്കേണ്ടിയിരുന്ന ഫൈനലുകൾ ജൂണിൽ ആകും നടക്കുക എന്ന് നേരത്തെ പറഞ്ഞിരുന്നു എങ്കിലും ഇപ്പോൾ ഇതൊക്കെ എന്ന് നടത്തും എന്ന് അറിയില്ല എന്നാണ് യുവേഫ പറയുന്നത്. അതുകൊണ്ട് തന്നെ എല്ലാ ഫൈനലുകളും അനിശ്ചിത കാലത്തേക്ക് മാറ്റുകയാണെന്നും അവർ അറിയിച്ചു. യൂറോകപ്പ് അടുത്ത വർഷത്തേക്ക് യുവേഫ മാറ്റിവച്ചിരുന്നു. യൂറോപ്പിലെ എല്ലാ ഫുട്ബോൾ ലീഗുകളും നീട്ടിവച്ച സാഹചര്യമാണുള്ളത്.

സീരി എ ഉപേക്ഷിക്കണമെന്ന് ക്ലബ്ബുകൾ

കൊറോണ വൈറസ് പ്രതിസന്ധി തുടരുന്ന സാഹചര്യത്തിൽ ലീഗ് ഉപേക്ഷിക്കണം എന്ന ആവശ്യവുമായി ഒമ്പതോളം ക്ലബുകൾ രംഗത്ത്. എ സി മിലാൻ അടക്കമാണ് ഒമ്പതു ക്ലബുകൾ ഈ ആവശ്യം ഉന്നയിച്ചിരിക്കുന്നത്. ലോകത്ത് കൊറോണ ഏറ്റവും ബാധിച്ച രാജ്യങ്ങളിൽ ഒന്നാണ് ഇറ്റലി. ഈ സാഹചര്യത്തിൽ ഇപ്പോഴും ഫുട്ബോൾ നടത്തുന്നത് പ്രാവർത്തികമല്ല എന്ന് ഈ ക്ലബുകൾ പറയുന്നു.

എ സി മിലാൻ, ബ്രഷ, ഉദിനെസെ, സ്പാൾ, ടൊറീനോ, സാമ്പ്ഡോറിയ, ജെനോവ, ഫിയൊറെന്റീന, കലിയരി എന്നീ ക്ലബുകളാണ് ഇപ്പോൾ മുന്നോട്ട് വന്നിട്ടുള്ളത്. കൂടുതൽ ക്ലബുകൾ ഈ തീരുമാനത്തിലേക്ക് അടുത്ത് തന്നെ എത്തും എന്നാണ് കരുതുന്നത്. ലീഗ് പുനരാരംഭിച്ചാലും കളിക്കില്ല എന്ന് നേരത്തെ ബ്രെഷ ക്ലബ് അറിയിച്ചിരുന്നു. എന്നാൽ, ലീഗ് റദ്ദാക്കുന്നതിനെക്കുറിച്ച് ഇപ്പോൾ തീരുമാനിച്ചിട്ടില്ലെന്ന് ഇറ്റാലിയൻ ഫുട്ബോൾ ഫെഡറേഷൻ അറിയിച്ചു.

അതിനിടെ, സീസൺ നടന്നില്ലെങ്കിൽ നഷ്ടം 6.1 കോടി യൂറോ എന്ന് ബേർൺലി. കൊറോണ കാരണം ഈ സീസൺ ഉപേക്ഷിക്കേണ്ടി വന്നാൽ ഇംഗ്ലീഷ് പ്രീമിയർ ലീഗ് ക്ലബുകൾ ഒക്കെ വലിയ സാമ്പത്തിക നഷ്ടം തന്നെ നേരിടും. സീസൺ പുനരാരംഭിച്ചില്ലാ എങ്കിൽ പ്രീമിയർ ലീഗ് ക്ലബായ ബേർൺലിക്ക് നഷ്ടം 61 മില്യൺ യൂറോ ആയിരിക്കും. ക്ലബ് തന്നെയാണ് ഈ വലിയ നഷ്ടത്തിന്റെ കണക്ക് പുറത്തു വിട്ടത്.

45മില്യൺ യൂറോ എങ്കിലും മത്സരത്തിന്റെ ടെലിക്കാസ്റ്റ് റൈറ്റിൽ മാത്രം നഷ്ടമാകും എന്ന് ക്ലബ് പറഞ്ഞു. ലീഗ് പുനരാരംഭിക്കുന്നത് അടച്ചിട്ട സ്റ്റേഡിയത്തിലെ മത്സരങ്ങളിലൂടെ ആയാൽ ക്ലബിന് നഷ്ടം തന്നെ ആയിരിക്കും നേരിടേണ്ടി വരിക. തങ്ങൾക്ക് ഇതാണ് നഷ്ടമെങ്കിൽ പ്രീമിയർ ലീഗിലെ വൻ ക്ലബുകൾക്ക് തങ്ങളെക്കാൾ ഇരട്ടി നഷ്ടമുണ്ടാകും എന്ന് ക്ലബ് സൂചന നൽകി.

പീറ്റേഴ്സന്റെ കാര്യത്തിൽ തെറ്റുപറ്റി: സ്ട്രോസ്

ലണ്ടൻ: ഇംഗ്ലണ്ട് ടീമിൽ കളിച്ചുകൊണ്ടിരിക്കുന്ന സമയത്ത് സൂപ്പർ ബാറ്റ്സ്മാൻ പീറ്റേഴ്സണെ വേണ്ട വിധത്തിൽ ഉപയോഗിച്ചില്ലെന്ന് ആൻഡ്രൂ സ്ട്രോസ്. അന്ന് അത്ര നല്ല ബന്ധത്തിലായിരുന്നില്ല കെവിൻ പീറ്റേഴ്സണും ആൻഡ്രൂ സ്ട്രോസും. പലപ്പോഴും പീറ്റേഴ്സൺ ടീമിന് പുറത്തായിരുന്നു. ടീം മാനേജ്മെന്റിനോടും അത്ര രസത്തിലായിരുന്നില്ല പീറ്റേഴ്സൺ. ഇപ്പോൾ അന്ന് സംഭവിച്ച തെറ്റുകളെ കുറിച്ച് തുറന്നുപറഞ്ഞിരിക്കുകയാണ് സ്ട്രോസ്.

"ടീം മാനേജുമെന്റുമായി ഉണ്ടായ പ്രശ്നത്തെത്തുടർന്ന് പല തവണ പീറ്റേഴ്സൺ ടീമിന് പുറത്തുപോയി. പല തവണ അദ്ദേഹത്തെ പരിഗണിക്കാതിരുന്നു. എന്നാൽ എപ്പോഴും ഇംഗ്ലണ്ട് ടീമിലും മറ്റ് താരങ്ങൾക്കും അദ്ദേഹം പ്രിയപ്പെട്ടവനായിരുന്നു. നായകനായ ശേഷം അദ്ദേഹത്തിന്റെ ബാറ്റിങ് പ്രതിഭയെ വേണ്ടവിധത്തിൽ ഉപയോഗിക്കാൻ സാധിച്ചില്ല. ലോകത്തിലെ മികച്ച താരങ്ങളെല്ലാം പങ്കെടുക്കുന്ന ഐപിഎല്ലിൽ കളിക്കാൻ പീറ്റേഴ്സണ് അവസരം നിഷേധിച്ചതിൽ തനിക്ക് പീറ്റേഴ്സനോട് സഹതാപമുണ്ടായിരുന്നു." മുൻ ക്യാപ്റ്റൻ പറഞ്ഞുനിർത്തി.

43 കാരനായ സ്ട്രോസ് ഇംഗ്ലണ്ടിനുവേണ്ടി 100 ടെസ്റ്റിൽ നിന്ന് 7037 റൺസും 127 ഏകദിനത്തിൽ നിന്ന് 4205 റൺസും 4 ടി20യിൽ നിന്ന് 73 റൺസും സ്ട്രോസിന്റെ പേരിലുണ്ട്. നിലവിൽ ഇംഗ്ലീഷ് ക്രിക്കറ്റ് അഡ്മിനിസ്ട്രേറ്ററാണ് സ്ട്രോസ്. 39കാരനായ പീറ്റേഴ്സൺ 104 ടെസ്റ്റിൽ നിന്ന് 8181 റൺസും 136 ഏകദിനത്തിൽ നിന്ന് 4440 റൺസും 37 ടി20യിൽ നിന്ന് 1176 റൺസും നേടിയിട്ടുണ്ട്.

അതുപറയാൻ അയാളാര്: ഗാവസ്കർ

മുംബൈ· കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യയിലെ രാജ്യാന്തര, ആഭ്യന്തര ക്രിക്കറ്റ് താരങ്ങളുടെ ശമ്പളം വെട്ടിക്കുറയ്ക്കേണ്ടി വരുമെന്ന് പറഞ്ഞ ഇന്ത്യ ക്രിക്കറ്റേഴ്സ് അസോസിയേഷൻ (ഐസിഎ) പ്രസിഡന്റ് അശോക് മൽഹോത്രയ്ക്കതിരേ രൂക്ഷവിമർശനവുമായി മുൻ ഇന്ത്യൻ ക്യാപ്റ്റൻ കൂടിയായ സുനിൽ ഗാവസ്കർ രംഗത്ത്. താരങ്ങളുടെ ശമ്പളം വെട്ടിക്കുറയ്ക്കുമെന്നു പറയാൻ ആരാണ് അശോക് മൽഹോത്രയ്ക്ക് അധികാരം നൽകിയതെന്ന കാര്യം ആശ്ചര്യമുളവാക്കുന്നതാണെന്ന് ഗാവസ്കർ ചൂണ്ടിക്കാട്ടി. ഒരു മാധ്യമത്തിലെഴുതിയ കോളത്തിലാണ് മൽഹോത്രയ്ക്കെതിരെ ഗാവസ്കർ വിമർശനമുയർത്തിയത്. 'കളിക്കാരുടെ പ്രതിഫലം വെട്ടിക്കുറയ്ക്കുന്നത് അത്ര നല്ല നടപടിയല്ലെന്ന് എനിക്കറിയാം. പക്ഷേ, സംഘടനയുടെ (ബിസിസിഐയുടെ) വരുമാനം കുറഞ്ഞാൽ സ്വാഭാവികമായും കളിക്കാരും പ്രതിഫലത്തിൽ കുറവു വരുമെന്ന് പ്രതീക്ഷിക്കണം' - ഇതായിരുന്നു അശോക് മൽഹോത്രയുടെ പരാമർശം.

അതേസമയം, കൊറോണ വൈറസ് വ്യാപനം നിമിത്തം മത്സരങ്ങൾ റദ്ദാക്കിയത് ബിസിസിഐയ്ക്ക് കനത്ത സാമ്പത്തിക നഷ്ടം വരുത്തിയേക്കാമെങ്കിലും താരങ്ങളുടെ ശമ്പളം കുറയ്ക്കുന്ന കാര്യം ഇതുവരെ പരിഗണനയിലില്ലെന്ന് ബിസിസിഐ ട്രഷറർ അരുൺ ധൂമൽ വ്യക്തമാക്കിയിരുന്നു.

ബ്രസീലിന്റെ കാവൽ ദൈവം ഇവിടെയാണ്

സി.കെ. രാജേഷ്കുമാർ

ബ്രസീലിലെ ജനങ്ങൾ ഏറെ വിശ്വസിക്കുന്ന ഒരു പള്ളിയുണ്ട്, സാവോ പോളോയിൽ. ലോകകപ്പിനൊരുങ്ങുന്ന ബ്രസീലിയൻ ഫുട്ബോൾ ടീം ഇവിടെയെത്തി പ്രാർഥിച്ചിരുന്നു. ബ്രസീലിയൻ ഫുട്ബോൾ ഇതിഹാസം റൊണാൾഡോ ഏതു പ്രധാനപ്പെട്ട ഫുട്ബോൾ ടൂർണമെന്റ് തുടങ്ങുന്നതിനു മുമ്പും ഇവിടെയെത്തി പ്രാർഥിച്ചിരുന്നു. ഈ പള്ളിയുടെ സൗകുമാര്യത അറിയാനുള്ള ഭാഗ്യമുണ്ടായി. വരൂ, പള്ളിയെ അറിയാം..

റിയോ ഡി ജനീറോയിലെയും സാവോപോളോയിലെയും കാലാവസ്ഥകൾ നന്നേ വ്യത്യസ്തമാണ്. റിയോയിൽനിന്ന് സംപൗളോയിലെത്തുമ്പോൾ നന്നേ തണുപ്പായിരുന്നു. ഏതാണ്ട് 12 ഡിഗ്രി സെൽഷ്യസ് മാത്രം ചൂട്. തണുത്ത അന്തരീക്ഷത്തിലും പ്രകൃതിനന്നേ പ്രകാശിച്ചിരുന്നു. ബ്രസീലുകാർ ഏറ്റവുമധികം ആരാധിക്കുന്ന ഒരു പള്ളിയിലേക്കുള്ള യാത്രയ്ക്കുള്ള തിടുക്കത്തിലായിരുന്നു. സംപൗളോ നഗരത്തിൽനിന്നും റിയോയിലേക്കുള്ള എക്സ്പ്രസ് പാതയിലാണ് ബ്രസീലുകാരെ കാത്തരുളുന്ന മാതാവിന്റെ(ഔർ ലേഡി ഓഫ് അപ്പരസിത) ബസലിക്ക. രാവിലെ പതിനൊന്നോടെ അവിടെയെത്തുമ്പോൾ നിരവധി വിശ്വാസികൾ അവിടെയുണ്ടായിരുന്നു. പലരും ബ്രസീലിന്റെ ലോകകപ്പ് വിജയത്തിനായി പ്രാർഥിക്കാനെത്തിയവരായിരുന്നു. ഇവിടുത്തെ മാതാവിനോടു പ്രാർഥിച്ചാൽ ഉദ്ദേശിച്ച കാര്യം നടക്കുമെന്നാണ് ബ്രസീലുകാരുടെ വിശ്വാസം. ലോകകപ്പ് കാലമായതിനാൽ ആയിരക്കണക്കിനു വിദേശികളും ഇവിടെയെത്തിയിട്ടുണ്ട്. ഏക്കറുകളോളം വിശാലമായി കിടക്കുന്ന പള്ളി ഏവരെയും അദ്ഭുതപ്പെടുത്തും.

45000 പേർക്ക് ഒരുമിച്ചിരുന്നു കുർബാന കാണാനുള്ള സൗകര്യം ഈ പള്ളിയിലുണ്ട്. ബ്രസീലിലെ ഏറ്റവും വലിയ പള്ളിയാണിത്. കറുത്ത മാതാവാണ് ഇവടത്തെ ദർശന രൂപം. റോമൻ മാതൃകയിൽ നിർമിച്ചിരിക്കുന്ന അപരസിത പള്ളിയിയിലേക്ക് നമ്മെ സ്വീകരിക്കുന്നത് ബൈബിൾ കഥാപാത്രങ്ങളുടെ വലിയ പ്രതിമകളാണ്. പള്ളിയുടെ ഇരുവശങ്ങളിലുമായി മുകളിൽ ഇവ സ്ഥിതിചെയ്യുന്നു. പള്ളിക്കുള്ളിലേക്കു കയറുമ്പോൾത്തന്നെ വലിയ നിശബ്ദത. ഭിത്തിയോട് ചേർന്നാണ് രൂപം പ്രതിഷ്ഠിച്ചിരിക്കുന്നത്.

നിരവധി ആൾക്കാർ പ്രാർഥിക്കുന്നുണ്ട്. പലരുടെയും കണ്ണിൽനിന്ന് കണ്ണുനീർ വരുന്നു. വലിയ സങ്കടങ്ങൾ മാതാവിനുമുന്നിൽ പറയുകയാണവർ. കുട്ടികൾ മുതൽ പ്രായമേറിയവർ വരെ അക്കൂട്ടത്തിലുണ്ട്. ഏതാണ്ട് രണ്ടടിയോളം ഉയരമുള്ള കറുത്ത മാതാവിനെ കണ്ടു. പ്രകാശവലയത്തിൽ കുടികൊള്ളുന്ന മാതാവിന്റെ രൂപം മനസിനും ശരീരത്തിനും ഉണർവുനൽകി. മാതാവിന്റെ തിരുസ്വരൂപം ദർശിച്ച് ബസലിക്കയുടെ ബൃഹത്തായ ഹാളിനുള്ളിലേക്കു കയറുമ്പോൾ കുർബാന നടക്കുകയാണ്. ആയിരക്കണക്കിനാളുകൾക്കിരിക്കാവുന്ന അതിവിശാലമാണ് പള്ളി ഹാൾ. അൾത്താര അതിമനോഹരമായി അലങ്കരിച്ചിരിക്കുന്നു. ഒരു ഗായകൻ അതിമനോഹരമായി പാട്ടുപാടുകയും പിയാനോ വായിക്കുകയും ചെയ്യുന്നു. ആത്മീയതയുടെ വേറിട്ട അന്തരീക്ഷമാണ് ഇവിടെ കാണാനായത്.

1717ൽ പരായിബ നദിയിൽ മത്സ്യബന്ധനത്തിനുപോയ മൂന്നു പേർ മീൻ പിടിക്കുമ്പോൾ അതാ വലയിൽ ഒരു കറുത്ത രൂപം കുടുങ്ങിക്കിടക്കുന്നു. തലയുണ്ടായിരുന്നില്ല. അവർക്ക് അതെന്തെന്നു മനസിലായില്ല. രൂപം വള്ളത്തിൽവച്ച് വീണ്ടും വലയെറിഞ്ഞു. കുറച്ചുകഴിഞ്ഞപ്പോൾ തലയും വലയിൽ കുടുങ്ങി. ഉടലും തലയും കൂട്ടിയോജിപ്പിച്ചപ്പോൾ മാതാവിന്റെ രൂപമായി. വെള്ളത്തിൽ വളരെക്കാലം കിടന്നതിനാൽ കറുത്ത രൂപമായിരുന്നു ഇത്. പരിശുദ്ധ മാതാവിന്റെ അങ്കിയുടെ നിറം നീലയാണ്. അതു കുറേക്കാലം വെള്ളത്തിൽ കിടന്നതിനാൽ കറുത്തുപോയതായിരിക്കാമെന്ന് പഠനത്തിൽ തെളിഞ്ഞുവത്രേ. രൂപത്തെ പരായിബ നദിയുടെ തീരത്തു തന്നെ പ്രതിഷ്ഠിച്ചു. ആദ്യം ഒരു കപ്പേളയായിരുന്നു ഇത്. പിന്നീട് വിശ്വാസികളേറിയതോടെ പള്ളിയായി മാറി. ഒടുവിൽ ബസലിക്കയുമായി. തികച്ചും ഗ്രാമീണമായ അന്തരീക്ഷമായിരുന്നു ഒരു കാലത്തെങ്കിൽ ഇപ്പോൾ ഇവിടം വലിയ ടൗൺഷിപ്പാണ്. നമ്മുടെ നാട്ടിൽ വേളാങ്കണ്ണി എന്നു പറയുമ്പോലെ ദേശീയ തീർഥാടന കേന്ദ്രമാണ് ഔർ ലേഡി ഓഫ് അപ്പരസിത ബസലിക്ക. ബ്രസീലിന്റെ മാധ്യസ്ഥയാണ് അപ്പരസിതയിലെ കറുത്ത മാതാവ്. മാതാവിനെ നദിയിൽനിന്നു ലഭിച്ച ഒക്ടോബർ 12ന് ദേശീയ അവധിയാണിവിടെ. ഈയടുത്തകാലത്ത് ഫ്രാൻസിസ് മാർപാപ്പയുടെ പ്രത്യേക ആഗ്രഹപ്രകാരം അദ്ദേഹം ഇവിടെ വന്നു. അക്കൂട്ടത്തിൽ കുർബാന കഴിക്കാൻ ഒരു വൈദികനും ഭാഗ്യം ലഭിച്ചു. തിടനാട് സ്വദേശിയായ ഫാ. ജയിംസ് വാരണത്തിനാണ് ആ അപൂർവ ഭാഗ്യമുണ്ടായത്. ക്രൈസ്റ്റ് ദ റഡീമർ അടക്കം ബ്രസീലിലെ വിവിധ പള്ളികളിൽ ഈ മാതാവിന്റെ രൂപത്തിന്റെ മാതൃക പ്രതിഷ്ഠിച്ചിട്ടുണ്ട്.

ബ്രസീലിലെ ഔർ ലേഡി ഓഫ് അപ്പരസിത ബസലിക്ക

ഇന്ത്യ അംഗീകരിച്ച വിശ്വാസ്യത; കൊശമറ്റം

മാത്യു കെ. ചെറിയാൻ

പി.ബി. ബാലു

കൊശമറ്റം ഗ്രൂപ്പിന്റെ എംഡി മാത്യു കെ. ചെറിയാൻ കൃഷിയെ ഏറെ സ്നേഹിക്കുന്ന വ്യക്തിയാണ്. മധ്യതിരുവിതാംകൂറിലെ കർഷകന് ഒരു പ്രത്യേകതയുണ്ട്, അവൻ മണ്ണിലിറങ്ങിയാൽ വിജയം കണ്ടേ പിന്മാറ്റമുള്ളൂ. മലവെള്ളം വന്നാലും തുടങ്ങിയ മണ്ണിൽ ഉറച്ചു നിൽക്കും. സത്യമുള്ള മണ്ണിൽ ഉറച്ചു നിന്നാൽ വിജയം ഉറപ്പാണെന്ന കർഷകന്റെ നീതിശാസ്ത്രമാണ് കൃഷിക്കപ്പുറം ബിസിനസിന്റെ ലോകത്തേക്ക് കാൽ എടുത്തു വയ്ക്കുമ്പോൾ മാത്യു കെ. ചെറിയാന്റെ മനസിൽ ഉണ്ടായിരുന്നത്. ഇന്ത്യയിലെ ഒന്നാം നിര ധനകാര്യ സ്ഥാപനമായി കൊശമറ്റം മാറിയതും ഈ മനസിന്റെ നന്മയാണ് തെളിയിക്കുന്നത്.

ഇടപാടുകാർ കൊശമറ്റത്തിന്റെ കുടുബാഗങ്ങളാണ്, വീട്ടുകാരെ ദ്രോഹിക്കാൻ നമ്മൾക്കാവില്ലല്ലോ, അതുപോലെയാണ് ഞങ്ങളുടെ നടപടികളും, സ്ഥാപനത്തിൽ എത്തുന്ന ആളുകളെ അറിഞ്ഞ് അവർക്ക് വേണ്ട സേവനങ്ങൾ ചെയ്യുകയാണ് കൊശമറ്റം, അതുകൊണ്ടുമാത്രം ലഭിക്കുന്ന വിജയമാണ് എല്ലാവരും പറയുന്ന വളർച്ച. സ്വന്തം കമ്പനികളെ ഇങ്ങനെ നോക്കി കാണുന്ന ഇദ്ദേഹം കേരളത്തിലെ വളർച്ച കൊതിക്കുന്ന മറ്റ് സ്ഥാപങ്ങൾക്ക് മാതൃക കൂടിയാണ്. പാരമ്പര്യവും വിശ്വാസ്യതയുമാണ് കൊശമറ്റം ഗ്രൂപ്പിനെ മുന്നോട്ട് നയിക്കുന്നത്. കൊശമറ്റം എന്ന കുടുംബപ്പേരിന് സേവനത്തിന്റെ മഹത്വം ഉണ്ടെന്നും ഉറച്ചു വിശ്വസിച്ചാണ് ഈ കർഷകന്റെ യാത്ര. സാമ്പത്തിക രംഗത്ത് നാലരപതിറ്റാണ്ട് വർഷത്തെ പരിചയമുള്ള മാത്യു കെ. ചെറിയാൻ, സ്വർണവായ്പാ മേഖലയിൽ ഉപയോക്താക്കൾ നൽകുന്ന പിന്തുണയുടെ അടിസ്ഥാനത്തിൽ, കൂടുതൽ ജനങ്ങളിലേക്ക് എത്തിച്ചേരുന്നതിനായി, ഇന്ത്യ മുഴുവൻ കൊശമറ്റത്തിന്റെ സേവനം എത്തിക്കുകയാണിപ്പോൾ. മലയാളികളെപ്പോലെ ഇതര സംസ്ഥാനക്കാർക്കും ഇപ്പോൾ ഒരുപോലെ പ്രിയപ്പെട്ടതാണ് കൊശമറ്റം. ബിഎസ്ഇയിൽ 2014 ഏപ്രിൽ മുതൽ 2019 വരെ ഏറ്റവും കൂടുതൽ തവണ പബ്ലിക് ഇഷ്യു മുഖേന കടപ്പത്രങ്ങൾ പുറപ്പെടുവിച്ച നോൺ ബാങ്കിങ് ധനകാര്യ സ്ഥാപനവും കൊശമറ്റം ഫിനാൻസ് ലിമിറ്റഡാണ്. ഈ പബ്ലിക് ഇഷ്യുവിനെല്ലാം ഇന്ത്യയൊട്ടാകെ ലഭിച്ച പ്രതികരണം മാത്രം മതി ജനങ്ങൾക്ക് കൊശമറ്റത്തിലെ വിശ്വാസം മനസിലാക്കാൻ. വിജയക്കുതിപ്പിലേക്കു സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഒട്ടേറെ മേഖലകൾ കൊശമറ്റത്തിനെ ഭാഗമായുണ്ട്. സ്വർണപ്പണയം, മെഡിലാബുകൾ, എസ്റ്റേറ്റുകൾ, കാറ്റാടിപാടങ്ങൾ, മണിട്രാൻസ്ഫറുകൾ, ടൂർസ് ആൻഡ് ട്രാവൽസ് എന്നിവ ഇവയിൽ ചിലതാണ്. സ്വർണപ്പണയത്തിലൂടെ പ്രവർത്തനം വിപുലപ്പെടുത്തിയാണ് ഇന്നത്തെ നിലയിൽ സ്ഥാപനം എത്തിയത്. പടവുകൾ കയറുന്നതിനു പിന്നിൽ വലിയൊരു കൂട്ടായ്മ ഉണ്ട്. അനുഭവ സമ്പത്തിലൂന്നിയ ക്രമാനുഗതമായ വളർച്ചയാണ് കൊശമറ്റം ഗ്രൂപ്പിന്റെ സവിശേഷതയും കരുത്തും. സ്ഥാപനത്തിന്റെ വളർച്ച ഇടപാടുകാരുടെയും ജീവനക്കാരുടെയും ഉന്നതി കൂടിയാകണമെന്ന് കരുതലുമുണ്ട്. പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പു വരുത്തുന്നു. എല്ലാ മേഖലകളിലും വ്യത്യസ്തമായ കാഴ്ചപ്പാടുകളാണ് സ്ഥാപനം വച്ചുപുലർത്തുന്നത്.

ഇടപാടുകാർക്ക് ആവശ്യമായ സേവനങ്ങൾ താമസം കൂടാതെ നൽകാൻ മാനേജ്മെന്റും ജീവനക്കാരും എപ്പോഴും ശ്രമിക്കുന്നു. പ്രമുഖ പൊതുമേഖലാ ബാങ്കുകളിൽ നിന്ന് വിരമിച്ചവരും ഈ മേഖലയെപ്പറ്റി പാണ്ഡിത്യമുള്ളവരുമാണ് ശാഖ ജീവനക്കാരിൽ ഏറെ. ബാങ്കിങ് ഇടപാടുകളിൽ പ്രവർത്തനപരിചയവും പ്രൊഫഷണലിസവും ഇഴചേർത്താണ് പ്രവർത്തനം. സ്ഥാപനത്തിന്റെ പ്രൊഫഷണലിസം കൊശമറ്റത്തെ മറ്റു സ്ഥാപനങ്ങളിൽ നിന്നു വേറിട്ടു നിർത്തുന്ന പ്രധാന ഘടകമാണ്. ഹ്യൂമൻ റിസോഴ്സസ് പരിശീലനമാണ് ഇതിന് സഹായിക്കുന്നത്. സാമ്പത്തിക രംഗത്തെ മാറ്റങ്ങളും ഇടപാടുകാരോടുള്ള പെരുമാറ്റവും സംബന്ധിച്ച പരിശീലനത്തിന് വിദഗ്ധരാണ് സ്ഥാപനത്തിലുള്ളത്. പ്രതിസന്ധി ഘട്ടങ്ങളിൽ സാധാരണക്കാരെ ഏറെ സഹായിക്കുന്നതും അവർ ഏറെ ആശ്രയിക്കുന്നതുമാണ് സ്വർണപ്പണയം. മറ്റാരും നൽകാത്ത വേഗവും കൃത്യതയുമാണ് ഈ മേഖലയിൽ കൊശമറ്റം നൽകുന്നത്. സേവനത്തിലെ മികവിലൂന്നിയ പ്രവർത്തനം, മിതമായ പലിശ, ഒൻപതു മാസം വരെ നീളുന്ന ലോൺ കാലാവധി എന്നിവയെല്ലാം പ്രത്യേകതകളാണ്. സ്ഥാപനത്തിലെ ജീവനക്കാരെല്ലാം സ്വർണം പരിശോധിക്കാനുള്ള പരിശീലനം നേടിയവരാണ്. സ്ഥാപനത്തിലെ പരാതി പരിഹാര സെല്ലിന്റെ പ്രവർത്തനം മാതൃകയാണ്. ജീവനക്കാരുടെ പെരുമാറ്റം ഉൾപ്പെടെ ഏതുതരം പരാതിയും ബ്രാഞ്ച് മാനെജർ മുതൽ എംഡി വരെയുള്ളവർക്ക് നൽകാം.

വൈവിധ്യവത്കരണത്തിന്റെ പാത

തുടക്കകാലത്ത് ചിട്ടിയുടെ പര്യായമെന്ന നിലയിലായിരുന്നു കൊശമറ്റം ഗ്രൂപ്പ്. കമ്പനി അതിവേഗം വൈവിധ്യവത്കരണത്തിന്റെ പാത സ്വീകരിച്ചു. രാജ്യത്തെ സാമ്പത്തിക രംഗത്ത് കരുത്താർജിച്ച നോൺ ബാങ്കിങ് ഫിനാൻഷ്യൽ കമ്പനിയെന്ന (എൻബിഎഫ്സി) പകിട്ട് കൊശമറ്റത്തിനുണ്ട്. ഒരു സ്വപ്ന പദ്ധതിയായി തുടക്കം കുറിച്ചതാണ് ഫാം ടൂറിസം. കാർഷിക മേഖലയുടെ വികാസത്തിനും ഉന്നമനത്തിനും ഉതകുന്ന രീതിയിലാണ് ഇത് നടപ്പാക്കുന്നത്. യുവതലമുറയിലേക്ക് കാർഷിക സന്ദേശം കൂടുതൽ എത്തിക്കാൻ ഫാം ടൂറിസത്തിനാകുമെന്നാണ് പ്രതീക്ഷ. ഏലം, കാപ്പി എസ്റ്റേറ്റുകൾ സ്വന്തമായുള്ളതു കൊണ്ടു തന്നെ കൊശമറ്റം ഗ്രൂപ്പിന് ഫാം ടൂറിസം നന്നായി ആസൂത്രണം ചെയ്യാനാകും. ഭാവിയിൽ കായൽ ടൂറിസം പദ്ധതി വികസിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ട്. ഭാവിയിലെ ഊർജ പ്രതിസന്ധി പരിഹരിക്കാൻ ഒരു കൈത്താങ്ങ് എന്ന നിലയിലാണ് കാറ്റിൽ നിന്നുള്ള വൈദ്യുതി ഉത്പാദന രംഗത്തേക്ക് പ്രവേശിച്ചത്. പാരമ്പര്യേതര ഊർജോത്പാദന രംഗത്തെ സാധ്യതകൾ പ്രയോജനപ്പെടുത്തുകയും വരും തലമുറയെ ഇതിനെ പ്രാധാന്യം ബോധ്യപ്പെടുത്തുകയുമാണ് ലക്ഷ്യം.

രാജ്യത്തെ നൂറുകണക്കിന് ശാഖകൾ തമ്മിൽ ഓൺലൈൻ സംവിധാനത്തിലൂടെ ബന്ധിപ്പിച്ചിരിക്കുന്നു. ഇടപാടുകളുടെ കാലതാമസം ഒഴിവാക്കാൻ കംപ്യൂട്ടർവത്കരണത്തിലൂടെ കഴിഞ്ഞു. ന്യായമായ പലിശ നിരക്കിൽ സ്വർണപ്പണയ വായ്പ ലഭ്യമാക്കുകയും കടപ്പത്രങ്ങൾ മുഖേന പണം സ്വരൂപിക്കുകയും ചെയ്യുന്ന കൊശമറ്റം ഫിനാൻസ് വിദേശനാണയ വിനിമയ രംഗത്തും സാന്നിധ്യമുറപ്പിച്ചു. വെസ്റ്റേൺ യൂണിയൻ മണി ട്രാൻസ്ഫറിന്റെ സേവനം കൊശമറ്റത്തിന്റെ എല്ലാ ശാഖകളിലും ലഭിക്കുന്നു. കൊശമറ്റം റിലയൻസ് ജനറൽ ഇൻഷ്വറൻസിന്റെ കോർപ്പറേറ്റ് ഏജന്റുമാണ്. വാഹന ഇൻഷ്വറൻസ്, തേഡ് പാർട്ടി ഇൻഷ്വറൻസ്, മെഡിക്ലെയിം പോളിസി, അപകട ഇൻഷ്വറൻസ്, വിദേശയാത്രാ ഇൻഷ്വറൻസ് തുടങ്ങിയവയും ലഭിക്കുന്നു.

മൈക്രോഫിനാൻസ്

സമൂഹത്തിലെ ഏറ്റവും താഴേത്തട്ടിലുള്ളവരുടെ വളർച്ചയ്ക്കായി കമ്പനി രൂപകൽപന ചെയ്തതാണ് മൈക്രോഫിനാൻസ്. കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലായി തുടക്കമിട്ട മൈക്രോഫിനാൻസ് യൂണിറ്റുകൾ ദ്രുതഗതിയിലാണ് വളരുന്നത്. കുടുംബസ്ഥകളായ വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനാണ് മുൻഗണന. കമ്യൂണിറ്റി ഡെവലപ്മെന്റ് എക്സിക്യൂട്ടീവ് ഇത്തരം സംഘങ്ങൾ രൂപീകരിക്കുന്നതിനും നടത്തുന്നതിനും നേതൃത്വം നൽകും. ഓരോ ഗ്രൂപ്പും കൊശമറ്റം ഗ്രൂപ്പിന്റെ ഏതെങ്കിലും ഒരു ബ്രാഞ്ചിന്റെ കീഴിലാവും പ്രവർത്തിക്കുക. ഗ്രൂപ്പ് രൂപീകരിച്ച് രേഖകളും മറ്റു വിവരങ്ങളും ശേഖരിച്ച ശേഷം സംഘാംഗങ്ങൾക്ക് രണ്ടാഴ്ചയ്ക്കകം വായ്പ ലഭ്യമാക്കും. വായ്പാ കരാർ ഒപ്പിട്ട് നൽകുമ്പോൾ അംഗങ്ങൾക്ക് വായ്പാ കാർഡ് വിതരണം ചെയ്യും. സംഘാംഗങ്ങളുടെ പരസ്പര ജാമ്യത്തിൽ ആവശ്യകതയനുസരിച്ചാണ് വായ്പകൾ നൽകുന്നത്. വായ്പാ തിരിച്ചടവ് മാസത്തവണകളായി ബന്ധപ്പെട്ട ബ്രാഞ്ചിൽ സംഘം കൺവീനർ നേരിട്ടെത്തി അടയ്ക്കണം.

കർശനമായ ആർബിഐ ചട്ടങ്ങളാണ് കൊശമറ്റത്തെ നിയന്ത്രിക്കുന്നത്. വെബ്സൈറ്റിലും ശാഖകളിലും പ്രദർശിപ്പിച്ചിട്ടുള്ള ഫെയർ പ്രാക്റ്റീസ് കോഡ് അടിസ്ഥാനത്തിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. ഉപയോക്താക്കളുടെ താത്പര്യങ്ങൾ സംരക്ഷിച്ചു രേഖകളുടെ പിൻബലത്തിൽ സുതാര്യമായാണ് സ്വർണ വായ്പകൾ നൽകുന്നത്. സ്വർണവായ്പകൾ ഇൻഷ്വർ ചെയ്യപ്പെട്ടതാണ്. ഉപയോക്താക്കൾ തന്നെയാണ് സ്ഥാപനത്തിന്റെ പ്രധാന പരസ്യം. രാജ്യമെമ്പാടുമായി ഒട്ടനവധി ശാഖകളുള്ള വൻകിട എൻബിഎഫ്സികളിൽ ഒന്നാണ് കൊശമറ്റം. സാമ്പത്തികമായി ഏറ്റവും ഞെരുക്കം അനുഭവിക്കുന്നത് ഏറെയും സാധാരണക്കാരാണ്. ഇവർക്ക് ഉറ്റസുഹൃത്തായൊരു സാമ്പത്തിക കൂട്ടാളി എന്ന നിലയിലാണ് കൊശമറ്റം പദ്ധതികൾ ആവിഷ്കരിക്കുന്നത്.

വായ്പയുടെയും പലിശയുടെയും എല്ലാ വിവരങ്ങളും ഇടപാടുകാരോട് ആദ്യം തന്നെ വ്യക്തമാക്കും. മറഞ്ഞിരിക്കുന്ന ചെലവുകളോ അമിത പലിശയോ ഈടാക്കില്ല. ഒരു ഉപയോക്താവ് സ്വർണ വായ്പയ്ക്കോ ഡിബഞ്ചർ നിക്ഷേപത്തിനോ മറ്റേതെങ്കിലും സേവനത്തിനോ ഞങ്ങളെ സമീപിച്ചാൽ അവർ പിന്നീട് മറ്റൊരിടത്തേക്കു പോകാതിരിക്കാൻ ഞങ്ങൾ ആത്മാർത്ഥമായി പരിശ്രമിക്കും. അതാണ് ഇന്ത്യയിൽ മുൻനിരക്കാരനായി കമ്പനിയെ മാറ്റുന്നത്.

സാമൂഹിക പ്രതിബദ്ധത

സാമൂഹിക, സാംസ്കാരിക, കായിക രംഗത്തും കൊശമറ്റത്തിന്റെ സാന്നിധ്യം വിലപ്പെട്ടതാണ്. നാടൻ കായിക വിനോദങ്ങളെയും മത്സരങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിൽ മുന്നിലാണ് സ്ഥാപനം. സാമ്പത്തിക പരാധീനതയുള്ള സ്കൂളുകളുടെ പുനരുദ്ധാരണം, മെഡിക്കൽ ക്യാംപ്, ചികിത്സാ സഹായങ്ങൾ എന്നിവ സാമൂഹിക സംഘടനകൾ വഴി നടത്തുന്നുണ്ട്. ലക്ഷക്കണക്കിന് രൂപയുടെ സഹായങ്ങളാണ് ഇതിലൂടെ സമൂഹത്തിൽ ലഭ്യമാക്കിയത്.

ജിഎസ്ടി താഴേക്ക്

ന്യൂഡൽഹി: തുടർച്ചയായ നാലു മാസം ഒരു ലക്ഷം കോടി രൂപയ്ക്കു മുകളിലായിരുന്ന ജിഎസ്ടി വരുമാനം മാർച്ചിൽ താഴോട്ടുപോയി. 97,597 കോടി രൂപ മാത്രമാണ് മാർച്ചിലെ ജിഎസ്ടി. ഫെബ്രുവരിയിലെ വ്യാപാരത്തിന്റെ നികുതിയാണ് മാർച്ചിൽ സർക്കാരിലെത്തുക. കഴിഞ്ഞവർഷം മാർച്ചിൽ 1.06 ലക്ഷം കോടി രൂപ ലഭിച്ചതാണ്. കൊവിഡിന്റെയും ലോക്ക്ഡൗണിന്റെയും പേരിലുള്ള കുറവ് ഏപ്രിലിലെ നികുതി പിരിവിലേ വ്യക്തമാകൂ.

മാർച്ച് പിരിവ് മോശമായെങ്കിലും വാർഷിക ജിഎസ്ടി വരുമാനം ബജറ്റിലെ പുതുക്കിയ എസ്റ്റിമേറ്റിനെക്കാൾ അൽപ്പം മെച്ചമാണ്. വാർഷിക പിരിവ് 12.16 ലക്ഷം കോടി രൂപയുണ്ട്. പുതുക്കിയ ലക്ഷ്യം 11.26 ലക്ഷം കോടിയായിരുന്നു. 2018-19ൽ 11.6 ലക്ഷം കോടി രൂപയായിരുന്നു പിരിവ്. 2019-20ലെ ബജറ്റിൽ ലക്ഷ്യമിട്ടത് 12.17 ലക്ഷം കോടി രൂപയാണ്. ഈ ഫെബ്രുവരിയിലാണ് ലക്ഷ്യം 11.26 ലക്ഷം കോടിയിലേക്കു താഴ്ത്തിയത്. ജിഎസ്ടി വരുമാനം പ്രതീക്ഷപോലെ വന്നെങ്കിലും കസ്റ്റംസ് വരുമാനം ലക്ഷ്യമിട്ടതിലും 23 ശതമാനം കുറവായി.

പെട്രോളും ഡീസലും വാങ്ങാൻ ആളില്ല

ന്യൂഡൽഹി: രാജ്യമൊട്ടാകെ അടച്ചുപൂട്ടൽ പ്രഖ്യാപിച്ചതോടെ മാർച്ച് മാസത്തിൽ രാജ്യത്ത് ഇന്ധന ഉപയോഗം ഗണ്യമായി കുറഞ്ഞു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ മാർച്ചിൽ പെട്രോൾ വിൽപ്പനയിൽ 17 ശതമാനവും ഡീസൽ 26 ശതമാനവുമാണ് ചില്ലറവിൽപ്പനയിൽ കുറവുണ്ടായിട്ടുള്ളത്. പൊതുമേഖല എണ്ണ കമ്പനികളായ ഇന്ത്യൻ ഓയിൽ, ഹിന്ദുസ്ഥാൻ പെട്രോളിയം, ഭാരത് പെട്രോളിയം എന്നിവരുടെ ചില്ലറ വിൽപ്പന അടിസ്ഥാനമാക്കിയാണ് ഈ കണക്ക്. മാർച്ചിൽ പെട്രോളിന്റെ പ്രാദേശിക വിൽപ്പന 1.94 ദശലക്ഷം ടണ്ണായും ഡീസൽ 4.98 ദശലക്ഷം ടണ്ണായും കുറഞ്ഞു. കൊറോണവ്യാപനം തടയുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ച 21 ദിവസത്തെ രാജ്യവ്യാപക അടച്ചുപൂട്ടൽ ഏപ്രിൽ പകുതിയോടെ അവസാനിക്കും. വിമാനങ്ങളടക്കം സർവീസ് നിർത്തിവെച്ചതോടെ മാർച്ച് മാസത്തിലെ വിമാന ഇന്ധന വിൽപ്പനയിൽ 33 ശതമാനത്തിന്റെ ഇടിവാണ് വന്നിരിക്കുന്നത്. മാർച്ചിൽ 4,50,000 ടണ്ണാണ് വിമാന ഇന്ധനം വിറ്റത്. അതേ സമയം പാചകവാതക വിൽപ്പന മുൻ വർഷത്തേക്കാൾ 1.7 ശതമാനം ഉയർന്ന് 2.3 ദശലക്ഷം ടണ്ണായിട്ടുണ്ട്. ലോക്ക്ഡൗൺ പ്രഖ്യാപിക്കുന്നതിന് മുമ്പ് തന്നെ വിമാന സർവീസുകളിലടക്കം നിരവധി നിയന്ത്രണങ്ങൾ രാജ്യത്ത് ഏർപ്പെടുത്തിയിരുന്നു.



ഡിപി വേൾഡിന് ബെസ്റ്റ് ഗ്രീൻ പുരസ്കാരം

കൊച്ചി: മാനുഫാക്ച്ചറിങ് സപ്ലൈ ചെയിൻ അവാർഡുകളിൽ ഡിപി വേൾഡ് ഇന്ത്യയ്ക്ക് മികച്ച ഗ്രീൻ പ്രാക്റ്റീസസ് പുരസ്കാരം ലഭിച്ചു. പരിസ്ഥിതി സൗഹൃദവും സുസ്ഥിരവുമായ സംരംഭങ്ങളെ മാനിച്ചാണ് പുരസ്കാരം. മുംബൈയിൽ നടന്ന ഒൻപതാം മാനുഫാക്ച്ചറിങ് സപ്ലൈ ചെയിൻ ഉച്ചകോടിയിൽ പുരസ്കാരം സമ്മാനിച്ചു.

ജ്യോതി ലാബ്സ് മാർഗോ ഹാൻഡ് വാഷ് പുറത്തിറക്കി

കൊച്ചി: രാജ്യത്തെ മുൻനിര എഫ്എംസിജി കമ്പനികളിലൊന്നായ ജ്യോതി ലാബ്സ് മാർഗോ ഹാൻഡ് വാഷ് വിപണിയിലിറക്കി. കഴിഞ്ഞ ജനുവരിയിലാണ് ലിക്വിഡ് ഹാൻഡ് വാഷ് വിപണിയിലേക്കു കമ്പനി പ്രവേശിച്ചത്. കൊവിഡ്-19നെ പശ്ചാത്തലത്തിൽ 85 രൂപ വിലയുള്ള 200 മില്ലിലിറ്റർ 60 രൂപയ്ക്കാണ് നൽകുന്നതെന്ന് ജ്യോതി ലാബ്സ് മാനെജിങ് ഡയറക്റ്റർ എം.ആർ. ജ്യോതി പറഞ്ഞു.

വെളുത്ത പൊന്നിനു കണ്ണീർ വില

കൊച്ചി: ഏലക്കായ വാങ്ങിയിട്ടു കുറച്ചു പണം തരാമോ എന്ന ചെറുകിട കർഷകരുടെ ചോദ്യത്തിനു മുന്നിൽ നിസഹായരായി കൈമലർത്തുകയാണ് കച്ചവടക്കാർ. ഈ സീസണിലെ ഏറ്റവും കുറഞ്ഞ വിലയാണ് നിലവിൽ ഏലക്കായക്ക് ഉള്ളത്. എന്നാൽ ആ വിലയ്ക്കു പോലും ഉത്പന്നം വിറ്റ് നിത്യവൃത്തിക്കുള്ള പണം കണ്ടെത്താൻ കർഷകർക്കു കഴിയുന്നില്ല. ഏലക്കായയുടെ ഇ-ലേലം നിലച്ചതിനൊപ്പം കച്ചവടക്കാരുടെ കടകളും അടച്ചതോടെ ഏലം കർഷകർ നട്ടം തിരിയുകയാണ്.

13ന് നിർത്തിയ ഇ-ലേലം കർഷകരുടെ ആവശ്യത്തെത്തുടർന്നു നിബന്ധനകളോടെ 18നു നടത്തിയെങ്കിലും 19നു നടന്ന ലേലത്തിനു ശേഷം വീണ്ടും നിർത്തേണ്ടി വന്നു. അന്ന് നടന്ന ലേലത്തിൽ കിലോയ്ക്ക് 3198 രൂപ ഉയർന്ന വിലയും 2359 രൂപ ശരാശരി വിലയുമാണ് രേഖപ്പെടുത്തിയത്. അതിനു ശേഷവും ചെറുകിട കർഷകരിൽ നിന്നു കച്ചവടക്കാർ ഏലക്കായ വാങ്ങിയിരുന്നെങ്കിലും ലോക്ഡൗൺ പ്രഖ്യാപിച്ചതോടെ അതും അടഞ്ഞു.

4000 രൂപയ്ക്കു മുകളിൽ എത്തിയ ഏലക്കായയുടെ വില പൗരത്വനിയമവുമായി ബന്ധപ്പെട്ട് ഡൽഹിയിൽ ഉണ്ടായ പ്രശ്നങ്ങൾക്കു ശേഷമാണ് കുറയാൻ തുടങ്ങിയത്. അതിനുശേഷം വില കുത്തനെ ഇടിയുകയായിരുന്നു. കൂടുതൽ മെച്ചപ്പെട്ട വില ലഭിക്കുമെന്ന പ്രതീക്ഷയിൽ ഏലക്കായ സൂക്ഷിച്ചുവച്ച കർഷകരാണ് ഇപ്പോൾ വലയുന്നത്. എല്ലാ കച്ചവട സ്ഥാപനങ്ങളും അടച്ചതോടെ നഷ്ടം സഹിച്ചുപോലും കൈവശമുള്ള ഏലക്കായ വിൽക്കാൻ കർഷകർക്കു കഴിയുന്നില്ല. ലേലം നിന്ന ശേഷം 2000 രൂപയ്ക്കു വരെ കച്ചവടക്കാർ ഏലക്കായ എടുത്തിരുന്നു. വിപണിയിലെ പ്രതിസന്ധി മൂലം 3500 രൂപയ്ക്ക് വാങ്ങിയ ഉത്പന്നം പോലും വിൽക്കാൻ കഴിയാതെ കെട്ടിക്കിടക്കുന്നതിനാൽ കൈപൊള്ളിയ സ്ഥിതിയിലാണ് കച്ചവടക്കാരും.

കടുത്ത വേനലിനിടെ ഏതാനും തവണ മഴ ലഭിച്ചെങ്കിലും ഏലം കൃഷിയുടെ നിലനിൽപ്പ് ഇപ്പോഴും ഭീഷണിയിലാണ്. ജലദൗർലഭ്യമാണ് മുഖ്യകാരണം. ആറുകളും തോടുകളും കുളങ്ങളും കിണറുകളും ഒപ്പം കുഴൽക്കിണറുകളും വറ്റിയതോടെ ശുദ്ധജലക്ഷാമത്തിനു പോലും പരിഹാരം കാണാൻ കർഷകർക്കു കഴിയുന്നില്ല. വളപ്രയോഗങ്ങൾ നടത്താനും കഴിയുന്നില്ല. ഹൈറേഞ്ചിലെ ഏലത്തോട്ടങ്ങളിൽ തമിഴ്നാട്ടിൽ നിന്നുള്ള തൊഴിലാളികളാണ് കൂടുതലായി എത്തിയിരുന്നത്. അവിടെ നിന്നു തൊഴിലാളികൾ എത്താതായപ്പോൾ മുതൽ കർഷകർ ആശങ്കയിലായി. വളങ്ങളും മറ്റും ലഭിക്കുന്ന കടകൾ പൂട്ടിയതോടെ സ്വന്തം നിലയ്ക്ക് വളപ്രയോഗം നടത്താനുള്ള കർഷകരുടെ ശ്രമങ്ങൾക്കും തിരിച്ചടിയേറ്റു.

എച്ച്‌യുഎൽ ഹോർലിക്സ് വാങ്ങി

മുംബൈ: ഹിന്ദുസ്ഥാൻ യൂണിലിവർ ലിമിറ്റഡ് (എച്ച്‌യുഎൽ) ഗ്ലാക്സോസ്മിത്ത്ക്ലൈൻ കൺസ്യൂമർ ഹെൽത്ത് കെയർ ലിമിറ്റഡ് (ജിഎസ്കെസിഎച്ച്) ലയനം പൂർത്തിയായി. 31,700 കോടി രൂപയുടെ മെഗാ ഡീൽ പ്രഖ്യാപിച്ച് ഒരു വർഷത്തിനുശേഷമാണ് നടപടികൾ പൂർത്തിയാക്കുന്നത്. എച്ച്‌യുഎല്ലിന്റെ ഡയറക്റ്റർ ബോർഡിന്റെ അനുമതിയോടെ ജിഎസ്കെയിൽ നിന്ന് ഹോർലിക്സ് ബ്രാൻഡ് സ്വന്തമാക്കാൻ കമ്പനി 3,045 കോടി രൂപയും അധികമായി നൽകിയിട്ടുണ്ട്.

ജിഎസ്കെസിഎച്ചിന്റെ ബ്രാൻഡുകളായ ഹോർലിക്സ്, ബൂസ്റ്റ്, മാൾട്ടോവ എന്നിവ ഇനി മുതൽ പോഷകാഹാര വിഭാഗം ഉത്പന്നങ്ങൾ ഉൾപ്പെടുന്ന എച്ച്‌യുഎല്ലിന്റെ ഫുഡ് ആൻഡ് റിഫ്രഷ്മെന്റ് ബിസിനസിന്റെ ഭാഗമാകും. ലയനത്തിന്റെ ഭാഗമായി ജിഎസ്കെസിഎച്ചിന്റെ 3,500 ജീവനക്കാർ ഇപ്പോൾ ആംഗ്ലോ -ഡച്ച് ഭീമനായ യൂണിലിവറിന്റെ ഇന്ത്യൻ വിഭാഗത്തിന് കീഴിലായി.

ഈ ഇടപാട് അനുസരിച്ച്, ജിഎസ്കെയുടെ ബ്രാൻഡുകളായ എനോ, ക്രോസിൻ, സെൻസോഡൈൻ തുടങ്ങിയവ രാജ്യത്ത് എച്ച്‌യുഎൽ വിതരണം ചെയ്യും.

ഹോട്ടലുകൾ അടഞ്ഞു; ഭക്ഷ്യയെണ്ണയുടെ ഡിമാൻഡ് കുറഞ്ഞു

കൊച്ചി: രാജ്യവ്യാപകമായി ഹോട്ടലുകളും റസ്റ്റോറന്റുകളും അടച്ചിരിക്കുന്നതിനാൽ ഭക്ഷ്യ എണ്ണ ആവശ്യം മാർച്ച്-ഏപ്രിൽ മാസങ്ങളിൽ കുറയും. രാജ്യത്തെ മൊത്തം ഭക്ഷ്യ എണ്ണയുടെ 40 ശതമാനവും ഹോട്ടൽ, റസ്റ്റോറന്റുകൾ, കഫറ്റീരിയകൾ എന്നീ മേഖലയിലാണ് ഉപയോഗിക്കുന്നത്.

ആഭ്യന്തര ആവശ്യം നിറവേറ്റാൻ രാജ്യത്ത് ആവശ്യമായ സ്റ്റോക്കുണ്ടെന്ന് സോൾവന്റ് എക്സ്ട്രാക്റ്റേഴ്സ് അസോസിയേഷൻ ഒഫ് ഇന്ത്യ (എസ്ഇഎ) എക്സിക്യൂട്ടീവ് ഡയറക്റ്റർ ബി.വി. മേത്ത പറഞ്ഞു.

ഭക്ഷ്യ എണ്ണയുടെ പ്രതിമാസ ഉപഭോഗം പ്രതിമാസം 18-19 ലക്ഷം ടൺ ആണ്. ഹോട്ടലുകൾ, റസ്റ്റോറനുകൾ, ഭക്ഷണശാലകൾ എന്നിവ അടച്ചതിനാൽ ആവശ്യം കുറയും. ലോക്ക്ഡൗൺ കാലയളവിൽ ഗാർഹിക ഉപഭോഗം അൽപ്പം കൂടാനിടയുള്ളതിനാൽ ഇടിവിന്റെ വ്യാപ്തി കണക്കാക്കുന്നത് ബുദ്ധിമുട്ടാണെന്നാണ് നിലവിലെ വിലയിരുത്തൽ.

കടുക് എണ്ണയുടെ പ്രാദേശിക ഉത്പാദനം നടക്കുന്നുണ്ട്. രാജസ്ഥാനിലും മധ്യപ്രദേശിലും കടുക് വിളവെടുപ്പ് നടക്കുന്നുണ്ട്, അതിനാൽ എല്ലാ പ്രാദേശിക പ്രോസസിങ് മില്ലുകളും പ്രവർത്തിക്കുന്നുണ്ട്. ഭക്ഷ്യ എണ്ണയ്ക്കുള്ള ഇന്ത്യയുടെ മൊത്തം ആവശ്യം പ്രതിവർഷം 230 ലക്ഷം ടൺ ആണ്, ഇത് പ്രധാനമായും ഇറക്കുമതിയിലൂടെയാണ്. മലേഷ്യയിൽ നിന്നും ഇന്തോനേഷ്യയിൽ നിന്നും രാജ്യം പാം ഓയിൽ ഇറക്കുമതി ചെയ്യുന്നു. 2018-19 വിപണന വർഷത്തിൽ (നവംബർ-ഒക്റ്റോബർ) ഇന്ത്യയുടെ സസ്യ എണ്ണ ഇറക്കുമതി 3.5 ശതമാനം ഉയർന്ന് 155.5 ലക്ഷം ടണ്ണായിരുന്നു. മുൻവർഷത്തെ 145.16 ലക്ഷം ടണ്ണിൽ നിന്ന് 2018-19 വിപണന വർഷത്തിൽ ഭക്ഷ്യ എണ്ണയുടെ കയറ്റുമതി 149.13 ലക്ഷം ടണ്ണായി ഉയർന്നപ്പോൾ, ഭക്ഷ്യയോഗ്യമല്ലാത്ത എണ്ണയുടെ ഇറക്കുമതി 5,09,748 ടണ്ണിൽ നിന്ന് 6,36,159 ടണ്ണായി ഉയർന്നു. 2019 നവംബർ മുതൽ 2020 ഫെബ്രുവരി വരെയുള്ള കാലയളവിൽ ഇറക്കുമതി 6.1 ശതമാനം ഇടിഞ്ഞ് 45,63,791 ടണ്ണായി. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ഇത് 48,62,849 ടണ്ണായിരുന്നു.

ഇനി പഴയ സ്വർണത്തിൽ വിൽപ്പനക്കാലം



കൊച്ചി: സമ്പൂർണ അടച്ചിടലിന് ശേഷം വിപണികൾ തുറക്കുമ്പോൾ പഴയ സ്വർണം വിറ്റഴിക്കാൻ സാധ്യത കൂടുതലാണെന്ന് വിപണി വിദഗ്ധർ. മൂന്ന് ആഴ്ച്ചയായി തുടരുന്ന ലോക് ഡൗണിന് ശേഷമുള്ള സാമ്പത്തിക ദുരിതമോചനത്തിനു വേണ്ടി വ്യക്തികൾ പഴയ സ്വർണം വിറ്റ് പണമാക്കാൻ സാധ്യത കൂടുതലാണെന്നാണ് കണക്കാക്കുന്നത്.

കേരളത്തിലെ ഉപഭോക്താക്കളിൽ ഭൂരിപക്ഷവും സ്വർണം വാങ്ങുന്നത് അണിയുന്നതിനും, പണത്തിന്റെ ആവശ്യം വരുമ്പോൾ വിൽക്കാനോ പണയം വയ്ക്കാനോ ആണ്. കാർഷിക ഉത്പന്നങ്ങൾ വിൽക്കാൻ കഴിയാത്തതും വില കുറവായതുമായ സാഹചര്യമുള്ളതിനാൽ കർഷകർ കൈവശമുള്ള പഴയ സ്വർണം വിൽക്കാനോ പണയം വയ്ക്കാനോ തയാറായേക്കും. ഉടൻ പണം ലഭിക്കാൻ സ്വർണമല്ലാതെ മറ്റു മാർഗമില്ലാത്തതിനാൽ വിപണിയിൽ പഴയ സ്വർണ വിൽപ്പന കൂടാനാണ് സാധ്യത.

വിവാഹങ്ങൾ മാറ്റിവയ്ക്കുകയോ, ആഘോഷങ്ങൾ ഒഴിവാക്കി ലളിതമാക്കുകയോ ചെയ്യുമ്പോൾ സ്വർണ വിപണിയെ എങ്ങനെ ബാധിക്കുമെന്ന് പറയാൻ കഴിയില്ല. വില ഉയരുന്നതിനാൽ പഴയ സ്വർണ വിൽപ്പന കൂടാനാണ് സാധ്യത. സ്വർണ ഇറക്കുമതി ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. വിപണികൾ സജീവമാകുന്നതോടെ നിർമാണ മേഖലയിലുണ്ടാകുന്ന ഉണർവും സ്വർണത്തിനുള്ള ആവശ്യകത വർധിപ്പിച്ചേക്കാം.

2019 ജനുവരി, ഫെബ്രുവരി മാസങ്ങളെ അപേക്ഷിച്ച് 2020ൽ 45 ശതമാനത്തോളം മഞ്ഞലോഹ ഇറക്കുമതിയിൽ ഇടിവ് രേഖപ്പെടുത്തിയിട്ടുണ്ട്. ആഗോളതലത്തിൽ സ്വർണഖനികളും, റിഫൈനറികളും, ബാങ്കുകളും അടച്ചിട്ടിരിക്കുന്നതിനാൽ ലഭ്യത കുറയാനുള്ള സാധ്യതയുള്ളതിനാൽ വരും ദിവസങ്ങളിൽ വീണ്ടും സ്വർണ വില റെക്കോഡുകൾ ഭേദിച്ച് മുന്നേറാനാണ് സാധ്യത.

പുതിയ വായ്പകളുമായി കെഎഫ്സി

കൊച്ചി: ലോക്ക്ഡൗണിനെ തുടർന്ന് പ്രതിസന്ധിയിലായ സംരംഭകർക്ക് കൈത്താങ്ങുമായി കേരള ഫിനാൻസ് കോർപ്പറേഷൻ. സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കായി മൂന്നു തരത്തിലുള്ള വായ്പകളാണ് കെഎഫ്സി അവതരിപ്പിച്ചിരിക്കുന്നത്.

കൊവിഡ്-19 വ്യാപനം തടയാനും രോഗികൾക്ക് ആശ്വാസം നൽകാനും സഹായിക്കുന്ന ഉത്പന്നങ്ങൾ നിർമിക്കുന്ന കമ്പനികൾക്ക് ലളിതമായ വ്യവസ്ഥകളോടെ അഞ്ചു കോടി രൂപ വരെ വായ്പ നൽകുന്നതാണ് അതിൽ ആദ്യത്തേത്. ഉപകരണങ്ങൾ വാങ്ങുന്നതിനും അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനും മറ്റു സാമ്പത്തിക ആവശ്യങ്ങൾക്കും ഈ വായ്പ പ്രയോജനപ്പെടുത്താനാകും. രണ്ടാമത്തെ വായ്പ, നിലവിൽ വായ്പയെടുത്തിട്ടുള്ള സംരംഭങ്ങൾക്ക് ടോപ്പ് അപ്പ് എന്ന നിലയിൽ എടുക്കാവുന്നവയാണ്. ഇതിനായി പ്രത്യേകം ഈട് വയ്ക്കേണ്ട ആവശ്യമില്ല.

ഏതൊരു എംഎസ്എംഇ സംരംഭങ്ങൾക്കും 50 ലക്ഷം രൂപ വരെ വായ്പ നൽകുന്നതാണ് മൂന്നാമത്തെ പദ്ധതി. എംഎസ്എംഇ യൂണിറ്റുകൾക്ക് പുറമേ എംഎസ്എംഇ മേഖലയുമായി ബന്ധപ്പെട്ട സംരംഭങ്ങൾക്കും ആനുകൂല്യം ലഭിക്കും. വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് വായ്പാ തുക നിശ്ചയിക്കുക. തിരിച്ചടവിനായി 36 മാസത്തെ സാവകാശം ലഭിക്കും. ആദ്യത്തെ 12 മാസത്തിനു ശേഷമേ തിരിച്ചടവ് തുടങ്ങുകയുമുള്ളൂ. നിലവിൽ വായ്പ എടുത്തിട്ടുള്ളവർക്ക് പാക്കെജിന്റെ ഭാഗമായുള്ള മൊറട്ടോറിയവും കെഎഫ്സി നൽകി വരുന്നുണ്ട്. റിസർവ് ബാങ്ക് റിപ്പോ നിരക്ക് കുറച്ചതിന്റെ ഭാഗമായി നിരക്കിലുണ്ടാകുന്ന മാറ്റത്തിന്റെ ആനുകൂല്യം കൂടി മൊറട്ടോറിയം കാലാവധിക്ക് ശേഷം സംരംഭകർക്ക് ലഭ്യമാക്കുമെന്ന് കെഎഫ്സി അധികൃതർ പറഞ്ഞു.

ഭക്ഷ്യസാധനങ്ങൾ ഒരുക്കി ട്വന്റി-20

കൊച്ചി: മഹാമാരിക്ക് എതിരെ പോരാടാൻ കിഴക്കമ്പലത്തെ ട്വന്റി 20യും. ഏത് അടിയന്തര സാഹചര്യത്തിലും ട്വന്റി-20 യുടെ ഭക്ഷ്യ സുരക്ഷാ മാർക്കറ്റിൽ അവശ്യ സാധനങ്ങൾക്ക് യാതൊരു ക്ഷാമവും ഉണ്ടാകുകയില്ലെന്ന് ചീഫ് കോ-ഓർഡിനേറ്റർ സാബു എം. ജേക്കബ് പറഞ്ഞു. വിലക്കയറ്റത്തിന് വളരെയധികം സാധ്യതയേറിയിരിക്കുന്ന ഈ സമയത്ത് ഒരു രീതിയിലും അത് കിഴക്കമ്പലത്തെ ജനങ്ങളെ ബാധിക്കാത്ത രീതിയിൽ പകുതി വിലയ്ക്ക് സാധനങ്ങൾ ലഭിക്കാനുള്ള സൗകര്യം തുടരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ജനസുരക്ഷ മുൻനിർത്തി ഭക്ഷ്യ സുരക്ഷാ മാർക്കറ്റിലും ക്രമീകരണങ്ങൾ ഏർപ്പെടുത്തി. ഒരേസമയം 25 പേർക്ക് മാത്രമാണ് പ്രവേശനം അനുവദിക്കുക. പ്രായമായവരെയും കുട്ടികളെയും ഒഴിവാക്കും. ആഴ്ചയിൽ ഒരു കുടുംബത്തിലെ ഒരംഗത്തിനു മാത്രം പ്രവേശനം. ഭക്ഷ്യ സുരക്ഷാ മാർക്കറ്റിനു മുന്നിൽ കൂട്ടംകൂടി നിൽക്കുന്നതു പൂർണമായി ഒഴിവാക്കും. ഇനി മുതൽ കൂപ്പൺ നമ്പർ അനുസരിച്ചായിരിക്കും പ്രവേശനം അനുവദിക്കുകയെന്നും അദ്ദേഹം പറഞ്ഞു.

കൊവിഡ്-19: ടിവിഎസ് 25 കോടി നൽകും

കോഴിക്കോട്: പ്രധാനമന്ത്രിയുടെ കൊവിഡ് ദുരിതാശ്വാസ നിധിയിലേക്ക് 25 കോടി രൂപ നൽകുമെന്ന് ടിവിഎസ് ഗ്രൂപ്പ് അറിയിച്ചു. ടിവിഎസ് മോട്ടോർ കമ്പനി, ടിവിഎസ് ക്രെഡിറ്റ് സർവീസസ്, സുന്ദരം-ക്ലേടൺ തുടങ്ങിയവയാണ് ഈ തുക നൽകുക. ഗ്രൂപ്പിന്റെ സാമൂഹ്യ സേവന വിഭാഗമായ ശ്രീനിവാസൻ സർവീസസ് ട്രസ്റ്റ് മാസ്ക്, ഭക്ഷണം തുടങ്ങിയവ നൽകി മുൻനിര ആരോഗ്യ പ്രവർത്തകരെയും പൊലീസിനെയും സഹായിക്കുന്നുണ്ട്. അവശ്യ സേവന വിഭാഗങ്ങൾക്കായി 10 ലക്ഷം സംരക്ഷണ മാസ്ക്കുകളാണ് ട്രസ്റ്റ് നൽകിയത്. മെഡിക്കൽ ഉപകരണങ്ങൾ ഉത്പാദിപ്പിക്കുന്നതിൽ സഹായിക്കുകയും മുനിസിപാലിറ്റികൾക്ക് വാഹനങ്ങളും അണുനാശിനികളും നൽകുകയും ചെയ്തു. ആശുപത്രികളെ പിന്തുണയ്ക്കുന്നതിനായി വെന്റിലേറ്ററുകൾ നിർമിക്കുന്നതിനുള്ള മാർഗങ്ങളും കമ്പനി ആലോചിക്കുന്നുണ്ടെന്ന് ടിവിഎസ് മോട്ടോർ കമ്പനി ചെയർമാൻ വേണു ശ്രീനിവാസൻ പറഞ്ഞു.



കുഞ്ഞാപ്പുവും കുട്ടി ദിനോസറും

വല്യമ്മമ്മാച്ചിയുടെ അവസാന യാത്ര

"വല്യമ്മമ്മാച്ചി ഉണർന്നില്ല. മുറി വിട്ടു ഹാളിലേക്കെത്തിയപ്പോൾ ചോറിന്റെ പങ്കു പ്രതീക്ഷിച്ചിരിക്കുന്ന പല്ലിക്കൂട്ടം എന്നെയും കാത്തിരിക്കുകയായിരുന്നു".

ടോമയ്യയുടെ ശബ്ദം ഈ സമയം ഇടറുന്നുണ്ടായിരുന്നു. കുഞ്ഞാപ്പുവിന് സങ്കടം വന്നു. ദിനോസറുകൾക്ക് മനുഷ്യൻ മരിച്ചാൽ അറിയാൻ പറ്റുമോ? കുഞ്ഞാപ്പുവിന് സംശയമായി. വല്യമ്മമ്മാച്ചിയുടെ കാര്യം പിന്നെന്തായി?

ടോമയ്യ കഥ തുടർന്നു -

'എന്താവാൻ, വല്യമ്മമ്മാച്ചി ഉണർന്നതേയില്ല. ചുവരിൽ തൂങ്ങുന്ന ഏഴു മക്കളെയും ആരറിയിക്കും? അങ്ങനെ അന്നു രാത്രി വെളുത്തു. പിറ്റേന്ന് ഉച്ചയായപ്പോഴാണ് ചോറുമായി സ്ഥിരം വരുന്നയാൾ എത്തിയത്. തലേന്ന് വച്ച ചോറു പൊതി അതേപടിയിരിക്കുന്നു. അയാൾ ജനലിൽക്കൂടി അകത്തേക്ക് തലനീട്ടി വിളിച്ചു. ആരു കേൾക്കാൻ? അയാൾക്ക് സംശയം തോന്നിക്കാണും. പെട്ടെന്നു പുറത്തേക്ക് ഓടുന്നതുകണ്ടു. ബൈക്ക് വളരെ വേഗത്തിൽ പുറത്തേക്കു പോവുന്ന ശബ്ദം കേട്ടു .

അര മണിക്കൂർ കഴിഞ്ഞില്ല, രണ്ടു കാർ നിറയെ ആളെത്തി. അതിനു പിന്നാലെ പൊലീസ് ജീപ്പ്

എല്ലാവരും കൂടി വാതിൽ പൂട്ടുപൊളിച്ച് അകത്തു കയറി. ഞാനപ്പോഴേ വലിയൊരു അലമാരയ്ക്കു പിന്നിലൊളിച്ചു. എങ്കിലും അവിടെ നടക്കുന്നത് കാണാം.

ഏതാനും നിമിഷങ്ങൾക്കകം ആംബുലൻസ് വന്നു. വല്യമ്മമ്മാച്ചിയേയും ചുമന്നുകൊണ്ട് ആൾക്കൂട്ടവും പോലീസും പോയി.

ഒരു ദിവസം കഴിഞ്ഞാണ് വല്യമ്മമ്മാച്ചിയുടെ ബോഡി' തിരികെ കൊണ്ടുവന്നത്. ഒരു ശവപ്പെട്ടിക്കുള്ളിൽ നല്ല പോലെ ഒരുക്കിക്കിടത്തിയിരിക്കുന്നു. മുമ്പൊന്നും വല്യമ്മ മ്മാച്ചിയെ ഇത്ര സുന്ദരിയായിക്കണ്ടിട്ടില്ല. പല്ലിക്കൂട്ടം പലയിടത്തായി നിന്നു. എനിക്കു മാത്രം ആൾക്കൂട്ടത്തിനു മുന്നിൽ വരാൻ പറ്റില്ലല്ലോ. പിൻവശത്തെ പുകപ്പുരയ്ക്കുള്ളിൽ പോയി ഒളിച്ചു.

മക്കൾ ആരും വിദേശത്തു നിന്നു വന്നില്ല. വലിയ കുട വച്ച ഒരു വാൻ വന്നിരുന്നു. നടക്കുന്ന കാര്യങ്ങളെല്ലാം അതേപടി അപ്പാൾ തന്നെ വിദേശത്തു മക്കൾക്ക് കാണാമത്രെ! അവർ അവിടെയിരുന്നു കണ്ണീർ വാർത്തു.

ചടങ്ങുകൾ എല്ലാം തീർന്നപ്പോൾ വീട് പഴയ പോലെ ഏകാന്തത നിറഞ്ഞു. ആരും ഇനി വരാനില്ല. പഴയ ചോറുകാരൻ പോലും ഇനി വരില്ല. പല്ലിക്കൂട്ടം ഇര തേടി വേറെ പോയി. ഞാൻ എവിടെപ്പോവാൻ? ഇലകളും കപ്പങ്ങയും ഒക്കെ തിന്ന് കഴിഞ്ഞു കൂടി. ഒന്നുരണ്ടാഴ്ച്ച കഴിഞ്ഞപ്പോഴാണ് നാടിനെ നടുക്കിയ ആ വാർത്ത പരന്നത് .

(സംഭ്രമജനകമായ ആ ഭാഗം നാളെ)

ഇന്നലെത്തെ ചോദ്യത്തിന് ശരിയായ ഉത്തരം അയച്ചവരിൽ തെരെഞ്ഞെടുത്തത്:

Richa Thomas Wilson
6th std, Toc H public school
Vyttila, Kochi.

ചോദ്യം ഇതായിരുന്നു -

ദിനോസറുകൾ മാംസഭോജികളാണോ?

ഉത്തരം:

ദിനോസറുകളിൽ മൂന്നു വിഭാഗങ്ങൾ ഉണ്ടായിരുന്നു. സസ്യഭോജികൾ, മാംസഭോജികൾ, മിശ്രഭോജികൾ എന്നിങ്ങനെ.

ഇന്നത്തെ ചോദ്യം

ദിനോസറുകൾ എത്ര കാലം ജീവിച്ചിരിക്കും?

ഉത്തരം അയക്കേണ്ട വാട്ട്സ്ആപ് നമ്പർ:

7304041234

ടിക് ടോക്കിൽ നിറഞ്ഞ് സഹോദരങ്ങൾ

സ്വന്തം ലേഖകൻ

കാലടി: കൊറോണ പ്രതിരോധത്തിന്റെ ഭാഗമായുള്ള ലോക് ഡൗൺകാലത്ത് ടിക് ടോക്കിൽ അഭിനയ മുഹൂർത്തങ്ങളുമായി നിറയുകയാണ് സഹോദരങ്ങൾ. ശ്രീമൂലനഗരം സ്വദേശികളായ അഭിറാം എ.മോഹനും അദ്വൈത് എ.മോഹനുമാണ് ചെറു അഭിനയരംഗങ്ങളിലൂടെ ശ്രദ്ധ നേടുന്നത്. ഇരുവരും അവതരിപ്പിച്ച കോവിഡ് പ്രതിരോധ വിഡിയോകളും ഇതിനോടകം ശ്രദ്ധ നേടിക്കഴിഞ്ഞു.

വീടിനു പുറത്തിറങ്ങാതെ കൊറോണ വൈറസിനെ പ്രതിരോധിക്കണമെന്നും, ഈ മഹാമാരിയുടെ കാലത്ത് സാനിറ്റൈസർ ഉപയോഗിക്കണമെന്നും ടിക് ടോക് വിഡിയോകളിലൂടെ ഈ സഹോദരങ്ങൾ പറയുന്നു. ഹാസ്യാത്മകമായ അവതരണവും സംഭാഷണവുമാണ് ഈ വിഡിയോകളുടെ പ്രത്യേകത. നാടൊന്നാകെ കോവിഡ് പ്രതിരോധത്തിന് പ്രാധാന്യം നൽകുമ്പോൾ പൊതു സമൂഹത്തിന് അവബോധം പകരുന്നതാണ് ഈ വിഡിയോകൾ.

കാലടി ശ്രീ ശാരദ വിദ്യാലയത്തിലെ യുകെജി വിദ്യാർഥിയായ അഭിറാമും, അഞ്ചാം ക്ലാസ് വിദ്യാർഥിയായ അദ്വൈതും നേരത്തെ തന്നെ ടിക് ടോക്കിൽ നിറഞ്ഞു നിന്നിരുന്നു. അഭിറാമിന്റെ 'എക്സ് എൽകെജി ' ചിത്രം സാമൂഹ്യ മാധ്യമങ്ങളിൽ വൈറലായിരുന്നു. കേരള സംഗീത നാടക അക്കാദമിയുടെ മുൻ സെക്രട്ടറിയും നാടകകൃത്തുമായ ശ്രീമൂലനഗരം മോഹന്റെ ചെറുമക്കളായ അഭിറാമും അദ്വൈതും കാലടി ബ്രഹ്മാനന്ദോദയം സ്കൂളിലെ അധ്യാപികയായ അശ്വതി ബാലചന്ദ്രന്റെയും പത്രപ്രവർത്തകനായ അനൂപ് മോഹന്റേയും മക്കളാണ്.

അഭിറാമും അദ്വൈതും

റവ എഗ്ഗ് ബോൾ

ഹോം കുക്കിങ്

ബിനിത ദേവസീ

വേണ്ടത്

- മുളക്പൊടി - 1/2 ടീസ്പൂൺ
- കുരുമുളക് പൊടി - 1/2 ടീസ്പൂൺ
- മല്ലിപ്പൊടി - 1 ടീസ്പൂൺ
- ഗരം മസാല - 1/2 ടീസ്പൂൺ
- മഞ്ഞപ്പൊടി - 1/4 ടീസ്പൂൺ
- ഇഞ്ചി വെളുത്തുള്ളി പേസ്റ്റ് - 1/2 ടീസ്പൂൺ
- റവ - 1/2 കപ്പ്
- ഉരുളക്കിഴങ്ങ് - 2 എണ്ണം (പുഴുങ്ങിയത്)
- സവാള - ഒരെണ്ണത്തിന്റെ പകുതി (ചെറുതായി അരിഞ്ഞെടുത്തത്)
- മല്ലിയില - ആവശ്യത്തിന് അരിഞ്ഞെടുത്തത്
- ഉപ്പ് - ആവശ്യത്തിന്
- മുട്ട - 3 എണ്ണം (പുഴുങ്ങി രണ്ടായി മുറിച്ചത്)
- ബ്രെഡ് - 3 എണ്ണം (പൊടിച്ചെടുത്തത്)

തയാറാക്കുന്ന വിധം

ചീനച്ചട്ടിയിൽ ഒരു കപ്പ് വെള്ളം ഒഴിച്ചു തിളപ്പിക്കുക, അതിലേക്ക് 1/2 ടീസ്പൂൺ വീതം മുളക്പൊടിയും കുരുമുളക് പൊടിയും 1 ടീസ്പൂൺ മല്ലിപ്പൊടിയും 1/2 ടീസ്പൂൺ ഗരം മസാലയും 1/4 ടീസ്പൂൺ മഞ്ഞപ്പൊടിയും 1/2 ടീസ്പൂൺ ഇഞ്ചി വെളുത്തുള്ളി പേസ്റ്റും ചേർത്ത് നന്നായി തിളപ്പിക്കുക. അതിലേക്ക് 1/2 കപ്പ് റവ (വറുത്തതോ അല്ലാത്തതോ ഏതായാലും മതി) ഇട്ട് ഇളക്കിയെടുക്കുക. അതിലേക്ക് പുഴുങ്ങി ഉടച്ചെടുത്ത ഉരുളക്കിഴങ്ങും അരിഞ്ഞെടുത്ത സവാളയും കുറച്ച് മല്ലിയിലയും ആവശ്യത്തിന് ഉപ്പും ചേർത്ത് ഇളക്കിയെടുക്കുക. അവ ഓരോരോ ഉരുളകളാക്കി അതിലേക്ക് മുട്ട വച്ച് പൊതിഞ്ഞെടുത്ത് ബ്രെഡ് പൊടിയിൽ മുക്കി തിളച്ച എണ്ണയിലേക്ക് ഇട്ട് വറുത്തെടുക്കുക.

വീട്ടിലിരിക്കാമെന്ന കണക്കു കൂട്ടലില്ല

സൂരജ് സജി

കൊച്ചി: ലോക്ക്ഡൗൺ പിൻവലിച്ചാൽ കൊറോണ ഭീതിയൊഴിഞ്ഞ് വീട്ടിലിരിക്കാമെന്ന കണക്കു കൂട്ടലില്ല പറവൂർ എംഎൽഎ വി.ഡി.സതീശന്. പ്രതിസന്ധി ഘട്ടത്തെ അതിജീവിച്ച ആശ്വാസത്തിനിടയിൽ കൊറോണ സമൂഹ്യവ്യാപനമുണ്ടായാൽ പ്രതിരോധിക്കാനുള്ള മുന്നൊരുക്കത്തിലാണ് പറവൂരിന്റെ വി.ഡി. താലൂക്ക് ആശുപത്രിയിലും ഒഴിഞ്ഞു കിടക്കുന്ന ടിബിയിലും ഐസുലേഷൻ വാർഡുകൾ സജ്ജീകരിച്ച് സാമൂഹ്യവ്യാപനം ചെറുക്കാൻ മണ്ഡലത്തെ സന്നദ്ധമാക്കിയിട്ടുണ്ട് 'സർക്കാർ നിർദേശങ്ങൾക്ക് മുൻപേ' തന്നെ സഞ്ചരിക്കുന്ന വി.ഡി.സതീശൻ.

പറവൂർ താലൂക്ക് ആശുപത്രിയിലെ രോഗികൾക്കും ജീവനക്കാർക്കും ഭക്ഷണം നൽകുന്നതിനായി പുനർജ്ജനി പദ്ധതി പ്രകാരം കേരളത്തിലെ ആദ്യത്തെ കമ്യൂണിറ്റി കിച്ചൻ വി.ഡി. സതീശൻ എംഎൽഎ സന്ദർശിക്കുന്നു.

സർക്കാർ നിർദേശങ്ങൾക്ക് മുൻപേ സഞ്ചരിക്കുകയെന്നത് ആലങ്കരികമല്ല. മറിച്ച് സംസ്ഥാന സർക്കാർ കമ്യൂണിറ്റി കിച്ചൺ എന്ന ആശയം സംസ്ഥാനത്ത് പ്രഖ്യാപിക്കുന്നതിന് മുൻപ് തന്നെ അതു നടപ്പിലാക്കിയ എംഎൽഎയാണ് വി.ഡി.സതീശൻ. പ്രളയത്തിൽ തകർന്ന പറവൂർ മണ്ഡലത്തെ കൈപിടിച്ചു കയറ്റാൻ എംഎൽഎയുടെ നേതൃത്വത്തിൽ ആരംഭിച്ച പുനർജ്ജനിയെന്ന പദ്ധതിയുടെ ഭാഗമായാണ് കൊറോണകാലത്ത് പറവൂരിൽ കമ്യൂണിറ്റി കിച്ചൺ ആരംഭിക്കുന്നത്. താലൂക്ക് ആശുപത്രിയിലെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ജീവനക്കാർക്കും ആദ്യഘട്ടത്തിൽ തന്നെ ഈ കമ്യൂണിറ്റി കിച്ചണിലൂടെ സൗജന്യ ഭക്ഷണവും വിതരണം ചെയ്തു. ഇതിനു ശേഷമാണ് സർക്കാർ കമ്യൂണിറ്റി കിച്ചൺ ആരംഭിക്കണമെന്ന നിർദേശം മുന്നോട്ട് വെക്കുന്നത്. ഇതോടെ ഏഴു പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റിയിലും കൂടുതൽ കമ്യൂണിറ്റി കിച്ചണികളും ആരംഭിച്ചു.

കമ്യൂണിറ്റി കിച്ചണുകളുടെ നടത്തിപ്പിൽ മേൽനോട്ടം വഹിക്കുകന്നതിനുമപ്പുറം സഹായങ്ങൾ എത്തിക്കുന്നതിനും എംഎൽഎ എന്ന നിലയിൽ ശ്രദ്ധിക്കുന്നുണ്ട് വി.ഡി. പുനർജ്ജനി പദ്ധതിയുടെ ഭാഗമായി എല്ലാ കമ്യൂണിറ്റി കിച്ചണുകളിലേക്കും 250 കിലോ അരി വീതം നൽകിയിരുന്നു. കൂടാതെ മറ്റ് അവശ്യവസ്തുക്കളും ഉറപ്പാക്കുന്നുണ്ട്. കൂടാതെ ആശുപത്രികൾ കമ്യൂണിറ്റി കിച്ചൺ എന്നിവടങ്ങളിലുള്ളവർക്ക് സാനിറ്റൈസറും മാസ്കും ഉൾപ്പെടെ നൽകികൊണ്ട് പ്രതിരോധ പ്രവർത്തനങ്ങളും ഒരു വശത്ത് ശക്തിപ്പെടുത്തുന്നുണ്ട്.

ലോക്ക്ഡൗൺ പ്രഖ്യാപിച്ചതുമുതൽ പ്രതിസന്ധിയിലായ അനാഥമന്ദിരങ്ങളേയും അഗതിമന്ദിരങ്ങളേയും കൈവിടാനും എംഎൽഎ തയാറല്ല. ഇത്തരം സ്ഥാപനങ്ങളിലേക്ക് അവശ്യാനുസരണമുള്ള ഭക്ഷ്യവസ്തുക്കളും എത്തിച്ചു നൽകുന്നുണ്ട്. എസ്സി എസ്ടി കോളിനികൾ കേന്ദ്രീകരിച്ച് വരും ദിവസങ്ങളിൽ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്യാനുള്ള തയാറെടുപ്പിടാണ്. താലൂക്ക് ആശുപത്രി കേന്ദ്രീകരിച്ച് ഐസുലേഷൻ വാർഡുകൾ കൂടി പൂർണ സജ്ജീകരണത്തിലേക്ക് എത്തുന്നതോടെ 300 ബെഡുകളെങ്കിലും മണ്ഡലത്തിൽ ഉറപ്പാക്കാൻ കഴിയുമെന്ന പ്രതീക്ഷയിലാണ് വി.ഡി.സതീശൻ. ലോക്ക്ഡൗണിന് ശേഷം നടപ്പാക്കേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് എംഎൽഎയുടെ നേതൃത്വത്തിൽ പ്രത്യേക യോഗം ചേർന്ന് ഇന്നലെ ഇതുസംബന്ധിച്ച രൂപരേഖയും തയാറാക്കിയിരുന്നു.

ഡോക്റ്റർ എഴുത്തുകാരനായാൽ...

മരുന്നിനും മരണത്തിനുമൊപ്പം നിലവിളികളുടെ ലോകം കൂടിയാണ് പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ നോവൽ - മരുന്ന്. സമൂഹത്തിന്റെ കണ്ണിൽ ഡോക്റ്റർമാർ ദൈവത്തിന്റെ അവതാരങ്ങളാണ്. ഒരു ഡോക്റ്ററായി സമൂഹത്തെ സേവിക്കാൻ മുന്നോട്ടുവരുന്ന ദേവദാസും ചൂഷണങ്ങൾക്ക് വിധേയമാകുന്ന നഴ്സുമാരും രോഗശാന്തിക്കായി ആശുപത്രിയിൽ കയറിയിറങ്ങുന്ന രോഗികളും അതോടൊപ്പം തന്നെ വൈദ്യശാസ്ത്ര വൃത്തിയുടെ കാണാപ്പുറങ്ങളും വ്യക്തമാക്കുന്നു ഈ നോവലിൽ.



മരുന്ന് എന്ന നോവൽ ഒരു പ്രണയകഥയല്ല. ദേവദാസും ലക്ഷ്മിയും തമ്മിലുള്ള പ്രണയമല്ല നോവലിന്റെ കാതൽ. പക്ഷേ, അവരെ മാറ്റിനിർത്തിക്കൊണ്ട്, ഒഴിവാക്കിക്കൊണ്ട് മരുന്ന് പൂർണമാകുന്നുമില്ല. മരണം എത്തിക്കഴിഞ്ഞാൽപ്പിന്നെ മരുന്നിനു പ്രസക്തിയില്ല. എന്നാൽ മരണത്തിന് മരുന്നിനെ ഭയമാണോ? മരുന്നിന്റെ ലോകത്തിൽ ഒരു കഴുകനെപ്പോലെ മരണം വട്ടമിട്ടു പറന്നുകൊണ്ടേയിരിക്കും. എപ്പോഴെങ്കിലും അവൻ താഴേക്ക് ഊളിയിട്ടു റാഞ്ചിക്കൊണ്ടു പോകാതിരിക്കുകയില്ല - ഡോ.ക്വാജയുടെ വാക്കുകൾ.

അതേ, മരുന്ന് മരണത്തിന്റെ കഥയാണ്. മരണത്തെ ജയിക്കാൻ പരിശ്രമിക്കുന്ന മരുന്നിന്റെ കഥ. പക്ഷേ, എല്ലാവർക്കുമറിയാം അവസാനം മരണം തന്നെ ജയിക്കുന്നു. ദേവാസിന്റെയും ലക്ഷ്മിയുടെയും പ്രണയം പോലും അകാലമചരമമടയുന്നു.

മരണത്തെ സൗന്ദര്യതലത്തിൽ ഉദാത്തീകരിക്കുകയാണ് ഈ നോവൽ. മാനെജ്മെന്റുകളുടെ കച്ചവടതാത്പര്യങ്ങളും സ്വാർഥതയും പൊതുസമൂഹത്തിന്റെ വിമർശനത്തിന് എന്നും വിധേയമാകാറുണ്ട്. ആശുപത്രിയിലെ പ്രധാന ഡോക്റ്ററായ ഡോ. ക്വാജ, സൂപ്രണ്ടായ ബ്രിഗേഡിയർ താജുദ്ദീൻ എന്നീ രണ്ടു കഥാപാത്രങ്ങളെ മുൻനിർത്തി വൈദ്യശാസ്ത്രത്തിന്റെ രണ്ട് വിരുദ്ധ മേഖലകൾ എടുത്തു കാണിക്കുന്നതാണ് ഈ നോവൽ. സ്വന്തം പ്രവർത്തനമണ്ഡലത്തിൽ നിന്നും ഡോ. പുനത്തിൽ കുഞ്ഞബ്ദുള്ള ശ്രദ്ധാപൂർവം ഒപ്പിയെടുത്ത പുതിയ ജീവിത സ്പന്ദനങ്ങളാണുള്ളത്.

മലയാള സാഹിത്യത്തിൽ വൈദ്യ വൃത്തിയുമായി ബന്ധപ്പെട്ട നോവലുകൾ അപൂർവമായാണ് പുറത്തിറങ്ങിയിട്ടുള്ളത്. വൈദ്യശാസ്ത്രം നേരിടുള്ള വെല്ലുവിളികളും ആ രംഗത്തെ ചൂഷണവും നോവലിൽ ഉയർത്തിക്കാട്ടുന്നു. ആശുപത്രിമേഖല പലപ്പോഴും വിവാദങ്ങളുടെ കേന്ദ്രബിന്ദുവാണ്. സാഹിത്യകാരനും കർമം കൊണ്ട് ഡോക്റ്ററുമായിരുന്നു പുനത്തിൽ കുഞ്ഞബ്ദുള്ള അത് നന്നായി അവതരിപ്പിച്ചിട്ടുമുണ്ട്.

ഏറെക്കാലം അസുഖബാധിതനായി ചികിത്സയിലായിരുന്ന കുഞ്ഞബ്ദുള്ള 2017 ലാണ് മരുന്നുകൾ ഇല്ലാത്ത ലോകത്തേക്ക് പോയത്. സ്മാരകശിലകൾ ആണ് ഈ എഴുത്തുകാരന്റെ ഏറ്റവും പ്രശസ്തമായ കൃതി. ഇതിന് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിരുന്നു.